നം. കെ.എസ്.എ/കെ.എൻ.യു/യു.4/218/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ സർവ്വകലാശാല ഓഡിറ്റ് കാര്യാലയം,
കണ്ണൂർ-2
Email:kannuruty.ksad@kerala.gov.in
ഫോൺ: 04972715385
തീയ്യതി: 24-09-2020.

ജോയിന്റ് ഡയറക്ടർ.

രജിസ്ട്രാർ
കണ്ണൂർ സർവ്വകലാശാല.
താവക്കര, കണ്ണൂർ.

സർ,

വിഷയം:- കണ്ണൂർ സർവ്വകലാശാലയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കണ്ണൂർ സർവ്വകലാശാലയുടെ 2018-19 ലെ വാർഷിക കണക്കുകൾ.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് പ്രകാരവും 1996 ലെ കണ്ണൂർ സർവ്വകലാശാല നിയമം 55-ാം വകുപ്പ് പ്രകാരവും പുറപ്പെടുവിക്കുന്ന കണ്ണൂർ സർവ്വകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ/ക്രമക്കേടുകൾ പരിഹരിച്ച് ആയതു സംബന്ധിച്ച മറുപടി ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ് (1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1)-ാം നമ്പർ ചട്ടം കാണുക.)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം (ഉ.പ.സ)
3. lfadreport@yahoo.com (വെബ് പോർട്ടലിൽ പ്രസിദ്ധീകരണത്തിന്)
4. ഓഫീസ് കോപ്പി.
5. സ്പെയർ കോപ്പി.

നമ്പർ. കെ.എസ്.എ/കെ.എൻ.യു/യു.4/218/2020 തീയതി: 24-09-2020

# കണ്ണൂർ സർവകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 18, കണ്ണൂർ സർവകലാശാല നിയമത്തിലെ 55-ാം വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ

| പേര് | ഉദ്യോഗപ്പേര് | കാലഘട്ടം |
|---|---|---|
| ശ്രീ. വർഗ്ഗീസ് ജോസഫ് | ജോയിന്റ് ഡയറക്ടർ | 01.04.2019 മുതൽ 31.05.2019 വരെ |
| ശ്രീ. സതീഷ് കുമാർ.കെ.കെ. | ജോയിന്റ് ഡയറക്ടർ | 01.06.2019 മുതൽ 31.07.2019 വരെ |
| ശ്രീമതി ഷൈമകുമാരി എസ്.എൽ, ഓഡിറ്റ് ഓഫീസർ | ജോയിന്റ് ഡയറക്ടർ ഇൻ ചാർജ് | 01.08.2019 മുതൽ 19.08.2019 വരെ |
| ശ്രീ. രാജരാമ സി. | ജോയിന്റ് ഡയറക്ടർ | 20.08.2019 മുതൽ 28.12.2019 വരെ |
| ശ്രീ സുരേഷ് ബാബു കെ. വി, ഓഡിറ്റ് ഓഫീസർ | ജോയിന്റ് ഡയറക്ടർ ഇൻ ചാർജ് | 29.12.2019 മുതൽ 20.01.2020 വരെ |
| ശ്രീ. പി. മോഹനൻ | ജോയിന്റ് ഡയറക്ടർ | 21.01.2020 മുതൽ 04.03.2020 വരെ |
| ശ്രീ. രാജരാമ സി. | ജോയിന്റ് ഡയറക്ടർ | 05.03.2020 മുതൽ 20.03.2020 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | ഓഡിറ്റർമാരുടെ പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. സുരേഷ്ബാബു കെ.വി. | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി.ഷൈമകുമാരി എസ്.എൽ. | ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. ശശിധരൻ എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ. സുധീഷ് എം.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 5 | ശ്രീമതി. ഷിജില വി.ഡി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 6 | ശ്രീ. ഷൈജിത്ത് പി.സി. | സീനിയർഗ്രേഡ് ഓഡിറ്റർ |
| 7 | ശ്രീ. ഇല്യാസ് ടി. | ഓഡിറ്റർ |
| 8 | ശ്രീമതി. ശാലിനി പി.എം. | ഓഡിറ്റർ |

## ഓഡിറ്റ് നടത്തിയ തീയതി

01.04.2019 മുതൽ 20.03.2020 വരെ

ഓഡിറ്റ് കാലയളവിൽ ചുമതല വഹിച്ച സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ

| | | |
|---|---|---|
| വൈസ്ചാൻസലർ | പ്രൊഫ.ഗോപിനാഥ് രവീന്ദ്രൻ | 01.04.2018-31.03.2019 |
| പ്രൊ-വൈസ്ചാൻസലർ | പ്രൊഫ.പി. ടി. രവീന്ദ്രൻ | 01.04.2018 -31.03.2019 |
| രജിസ്ട്രാർ | ഡോ. ബാലചന്ദ്രൻ കീഴോത്ത് | 01.04.2018 -31.01.2019 AN |
| | ശ്രീ. ഷാജി ജോസ്, ഫിനാൻസ് ഓഫീസർ (അഡീഷണൽ ചാർജ്) | 31.01.2019 AN – 25.02.2019 AN |
| | ഡോ. ബാലചന്ദ്രൻ കീഴോത്ത് | 25.02.2019 AN-08.03.2019 FN |
| | ശ്രീ. ഡൊമിനിക് ജോർജ്, ജോയിന്റ് രജിസ്ട്രാർ (രജിസ്ട്രാർ ഇൻചാർജ്) | 08.03.2019 FN – 31.03.2019 |
| ഫിനാൻസ് ഓഫീസർ | ശ്രീ. ഷാജി ജോസ് | 01.04.2018 – 08.03.2019 FN |
| | ശ്രീ ശിവപ്പ പി, ജോയിന്റ് രജിസ്ട്രാർ (ഫിനാൻസ് ഓഫീസർ ഇൻചാർജ്) | 08.03.2019 FN – 31.03.2019 |
| പരീക്ഷാ കൺട്രോളർ | ഡോ, ബാബു ആന്റോ പി. | 01.04.2018 -31.03.2019 |

## ആമുഖം

1996 ലെ കണ്ണൂർ സർവകലാശാല നിയമം 55-ാം വകുപ്പ് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 3(1) എന്നിവ പ്രകാരം കണ്ണൂർ സർവകലാശാലയുടെ 2018-19വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

സർവകലാശാലയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, യു.ജി.സി, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്ന് ലഭിച്ച ധനസഹായം, തനത് വരുമാനം അക്കൗണ്ടുകളിൽ ഒടുക്കിയത്, അവയുടെ പിൻവലിക്കൽ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസക്ത ഓഡിറ്റ് നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമകാലിക ഓഡിറ്റിന്റെ ഭാഗമായുള്ള നിരീക്ഷണങ്ങൾക്കൊപ്പം സർവകലാശാലയുടെ വിവിധ പഠന-പഠനേതര വകുപ്പുകൾ എന്നിവ വാർഷികമായി ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് കുറിപ്പുകളിലെ സർവകലാശാല അധികൃതരുടെ സവിശേഷ ശ്രദ്ധ ആവശ്യമുള്ളതും പരിഹാര നടപടികൾ എടുക്കേണ്ടതുമായ നിരീക്ഷണങ്ങളും ഈ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് കുറിപ്പുകളിലെ മറ്റ് പരാമർശങ്ങളിന്മേലുള്ള തുടർ നടപടികൾ പ്രത്യേകമായി നിരീക്ഷിക്കുന്നതാണ്.

ഓഡിറ്റ് റിപ്പോർട്ട് താഴെപറയും പ്രകാരം നാല് ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു.


| ക്രമ നം. | ഭാഗം | വിഷയം | പേജ് നം. |
|---|---|---|---|
| 1 | 1 | പൊതു അവലോകനം | 10 |
| 2 | 2 | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 47 |
| 3 | 3 | ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 84 |
| 4 | 4 | ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനവും | 169 |

<u>ഉള്ളടക്കം</u>


| ഖണ്ഡിക | വിഷയം | പേജ് നമ്പർ |
|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | |
| 1-1 | പൊതുവിവരങ്ങൾ | 10 |
| 1-2 | ബജറ്റ് | 12 |
| 1-3 | വാർഷിക ധനകാര്യ പത്രിക | 14 |
| 1-4 | സർക്കാർ ധനസഹായം | 16 |
| 1-5 | വിനിയോഗ സാക്ഷ്യപത്രങ്ങൾ | 20 |
| 1-6 | തനത് വരുമാനം (Own Fund) | 20 |
| 1-7 | കണ്ണൂർ സർവ്വകലാശാലയുടെ വരവുചെലവുകൾ -അവലോകനം | 22 |
| 1-8 | എൻഡോവ്മെന്റുകൾ/ ചെയറുകൾ | 24 |
| 1-9 | വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കുന്നില്ല. കണ്ണൂർ സർവകലാശാലയിൽ സേവനാവകാശ നിയമം നടപ്പാക്കിയിട്ടില്ല. | 27 |
| 1-10 | അദ്ധ്യാപകവിഭാഗം ജീവനക്കാരുടെ സേവനപുസ്തകങ്ങൾ എഴുതി സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ. | 27 |
| 1-11 | സർവകലാശാലയിൽ സ്ഥിരം അദ്ധ്യാപകരില്ല. കോഴ്സുകൾ നിർത്തലാക്കേണ്ടിവരുന്ന സാഹചര്യം ഉടലെടുക്കുന്നു. പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും ഗണ്യമായ കുറവ്. | 30 |
| 1-12 | പെൻഷൻ ഫണ്ടിൽനിന്നും പെൻഷൻ ചെലവുകൾ നടത്തുന്നില്ല. | 35 |
| 1-13 | സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകളിലെ അപാകങ്ങൾ | 35 |
| 1-14 | സ്യൂട്ട് രജിസ്റ്റർ രേഖപ്പെടുത്തലുകളിലെ അപാകങ്ങൾ | 36 |
| 1-15 | മാങ്ങാട്ടുപറമ്പ കേംപസ് - സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷനിലെ ബി.പി.എഡ്, എം.പി.എഡ്. കോഴ്സുകളുടെയും സർവകലാശാല സെന്ററുകളിലെ ബി.എഡ്, എം.എഡ്. കോഴ്സുകളുടെയും NCTE അംഗീകാരം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് വ്യക്തതയില്ല. | 36 |
| 1-16 | വിദൂര വിദ്യാഭ്യാസം - യു.ജി.സി. അംഗീകാരം ലഭിക്കാതെ കോഴ്സുകൾ തുടങ്ങാൻ വിജ്ഞാപനം പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ല | 37 |

| | | |
|---|---|---|
| | | |
| 1-17 | സർവകലാശാല വകുപ്പുകളിൽ ദീർഘകാലമായി ബാക്കി നിൽക്കുന്ന തുകകൾ സർവകലാശാല ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്. | 38 |
| 1-18 | ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടറുടെ അക്കൗണ്ട് - ക്യാഷ് ബുക്ക് രേഖപ്പെടുത്തലുകളിലെ അപാകങ്ങൾ | 38 |
| 1-19 | ആഭ്യന്തരനിയന്ത്രണം | 39 |
| 1-20 | സർവകലാശാല പഠന വകുപ്പുകളിലും അനുബന്ധസ്ഥാപനങ്ങളിലും തീർപ്പാക്കാവനശേഷിക്കുന്ന 2018-19 വർഷത്തെ നിരീക്ഷണങ്ങൾ | 39 |
| 1-21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 47 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ഇ-ഗ്രാന്റ്സ് മുഖേന പരീക്ഷാഫീസിനത്തിൽ ലഭിക്കേണ്ട ഭീമമായ തുകയുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. | 47 |
| 2-2 | ആരോഗ്യസർവകലാശാലയിലേക്ക് മാറിയ 8 കോളേജുകളിൽ നിന്നും ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല. സർവകലാശാലക്കുണ്ടായ 28.50 ലക്ഷം രൂപയുടെ നഷ്ടം പലിശ സഹിതം ഈടാക്കേണ്ടതാണ്. | 48 |
| 2-3 | അഡ്മിനിസ്ട്രേഷൻ/അഫിലിയേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് -സർവ്വകലാശാല ഫണ്ടിന് നഷ്ടം - മറ്റ് അപാകങ്ങളും | 49 |
| 2-4 | അഫിലിയേറ്റഡ് കോളേജുകളുടെ ഫിനാൻഷ്യൽ ഗ്യാരന്റി - വിവിധ അപാകങ്ങൾ. | 51 |
| 2-5 | സർവകലാശാല കാഷ് കൗണ്ടർ -പ്രവർത്തനം സുതാര്യമാക്കേണ്ടതാണ്. | 52 |
| 2-6 | ഇ-ഗ്രാന്റ്സ് - വകുപ്പ് തലവന്റെ പേരിൽ അക്കൗണ്ട് ആരംഭിച്ച് ഇടപാടുകൾക്കുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. | 53 |
| 2-7 | സർവകലാശാല പഠന വകുപ്പുകളിലും അനുബന്ധ സ്ഥാപനങ്ങളിലും തീർപ്പാക്കാനവശേഷിക്കുന്ന വരവ് കണക്കുകളിൻമേലുള്ള 2018-19 വർഷത്തെ നിരീക്ഷണങ്ങൾ. | 54 |
| | ഭാഗം-3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 3-1 | ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ-നിയമനത്തിലും ശമ്പളനിർണ്ണയത്തിലും ക്രമക്കേടുകൾ. | 84 |
| 3-2 | അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നേരിട്ടുള്ള നിയമനം ലഭിച്ച തീയതിയിൽ തന്നെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയത് ക്രമപ്രകാരമല്ല. | 90 |
| 3-3 | ഡോ:ബൈജു കെ.വി, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് നാനോസയൻസ് നിയമനങ്ങളിലെയും ശമ്പളനിർണ്ണയത്തിലെയും അപാകങ്ങൾ. | 92 |
| 3-4 | ആറാമത് യു. ജി. സി. സ്കീം-യു. ജി. സി. സ്കെയിലിലുള്ള അദ്ധ്യാപകർക്ക് അനർഹമായി ഇൻക്രിമെന്റ് അനുവദിച്ചത് അംഗീകരിക്കുന്നില്ല. അധികം നൽകിയ ശമ്പളം ഈടാക്കേണ്ടതാണ്. | 93 |
| 3-5 | യു. ജി. സി. സ്കെയിലിലുള്ള അദ്ധ്യാപകർക്ക് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചതിലെ അപാകങ്ങൾ-ഓഡിറ്റ് തടസ്സവാദത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളനിർണ്ണയം ക്രമീകരിച്ചത്-അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. | 95 |
| 3-6 | സർക്കാർ അംഗീകാരം ഇല്ലാത്ത തസ്തികകളിൽ നിയമനം- വേതനം ഇനത്തിൽ ഭീമമായ തുക ചെവഴിച്ചു. | 96 |
| 3-7 | യാത്രാബത്ത പരിധി പാലിക്കാത്തത് സർക്കാർ ഉത്തരവിന് വിരുദ്ധം | 99 |
| 3-8 | ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിച്ച ജീവനക്കാരുടെ അന്തിമ പെൻഷൻ നിശ്ചയിച്ചിട്ടില്ല – അംഗീകാരമില്ലാതെ 6 മാസത്തിന് ശേഷവും ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിക്കുന്നു | 99 |
| 3-9 | ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കാതെ ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിക്കുക വഴി അർഹമായതിലും അധികം തുക പെൻഷൻ നൽകി. | 100 |
| 3-10 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ ചട്ടലംഘനങ്ങൾ - മരാമത്ത് ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല | 102 |
| 3-11 | കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് സ്ഥാപിച്ച പേപ്പർ വേസ്റ്റ് ഡിസ്പോസർ-മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിച്ചില്ല, കമ്മീഷനിങ്ങ് മുമ്പായി കരാറുകാരന് തുക അനുവദിച്ചു, നിലവിൽ ഡിസ്പോസർ പ്രവർത്തിപ്പിക്കുന്നില്ല. | 109 |
| 3-12 | സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ടെലിഫോൺ കാബ്ലിങ്ങ് പ്രവൃത്തി – നിർവ്വഹണത്തിലെ വിവിധ അപാകങ്ങൾ | 110 |

| | | |
|---|---|---|
| 3-13 | കണ്ണൂർ സർവ്വകലാശാല അക്കാദമിക് സ്റ്റാഫ് കോളജിൽ സ്ഥാപിച്ച പാസ്സഞ്ചർ എലിവേറ്റർ ലൈസൻസില്ലാതെ പ്രവർത്തിപ്പിക്കുന്നത് ഗുരുതരമായ കൃത്യ വിലോപം | 112 |
| 3-14 | കിഫ്ബിയുടെ വിശദ പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടൻസി ഫീസ് നിർണ്ണയിച്ചതിന് ആധികാരികതയില്ല, സർക്കാർ അനുമതിയില്ലാതെ പദ്ധതി വിഹിതത്തിൽ നിന്നും 19,50,000 രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. | 115 |
| 3-15 | ഹിസ്റ്ററി മ്യൂസിയം അലൂമിനിയം പാർട്ടീഷൻ പ്രവർത്തി - വിവിധ അപാകങ്ങൾ | 116 |
| 3-16 | പാലയാട് ക്യാമ്പസിലെ ചുറ്റമതിൽ പുനർ നിർമാണവും പാർക്കിങ്ങ് സ്ഥല സജ്ജീകരണവും - അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ നിരക്കിൽ തുക അനുവദിച്ചു,മരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല. | 120 |
| 3-17 | കണ്ണൂർ സർവ്വകലാശാല മഞ്ചേശ്വരം ക്യാമ്പസ്-കുഴൽ കിണർ നിർമ്മാണ പ്രവൃത്തി ഉപേക്ഷിച്ചു-കുഴൽ കിണർ നിർമ്മാണ പ്രവൃത്തിക്കായി ഭൂജല വകുപ്പിന് കൈമാറിയ 92,450/- രൂപ തിരികെ ഈടാക്കിയില്ല. | 123 |
| 3-18 | ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോസയൻസസ് (IUCB) പ്രവർത്തനങ്ങളിലെ അപാകങ്ങൾ | 124 |
| 3-19 | സിംഗിൾ വിൻഡോ അഡ്മിഷൻ -സോഫ്റ്റ്‌വെയർ രൂപകൽപ്പനയുമായി ബന്ധപ്പെട്ട വിവിധ അപാകങ്ങൾ | 126 |
| 3-20 | വിദൂര വിദ്യാഭ്യാസ കേന്ദ്രം-മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ-ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല – ചെലവ് തുക (₹1,23,008/-) തടസപ്പെടുത്തുന്നു. | 128 |
| 3-21 | ഇന്റർകാമ്പസ് കണക്ടിവിറ്റി - അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെ ബി എസ് എൻ എല്ലിന് 46,94,483/- രൂപ മുൻകൂറായി നൽകി. പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാഴ്ചെലവായി. ചെലവ് ₹46,94,483/-തടസ്സപ്പെടുത്തുന്നു. | 129 |
| 3-22 | മാങ്ങാട്ട്പറമ്പ്, പാലയാട് കാമ്പസുകളിലെ ഇന്റർകാമ്പസ് കണക്ടിവിറ്റി ലക്ഷ്യം കൈവരിച്ചിട്ടില്ല. 2,73,879/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 132 |
| 3-23 | സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചില്ല.1.38 കോടി രൂപ ചെലവഴിച്ച് 2016 വർഷത്തിൽ നിർമ്മാണം പൂർത്തീയാക്കിയ ലിഫ്റ്റ് പ്രവർത്തന രഹിതമായി കിടക്കുന്നു. പാഴ്ചെലവ്. | 133 |
| 3-24 | 251ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങൽ - കെൽട്രോണിൽ നിന്ന് വാങ്ങണമെന്ന സർക്കാർ ഉത്തരവ് മറികടന്ന് സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങി. 95,38,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 134 |

| | | |
|---|---|---|
| 3-25 | പരസ്യചാർജ് -സർക്കാർ ഉത്തരവു പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല. 3,50,699/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 136 |
| 3-26 | വൈദ്യുതി ചാർജിനൊപ്പം പവർ ഫാക്ടർ പെനാൾട്ടി ഒടുക്കിയത് - സർവകലാശാലയ്ക്ക് 23,511 രൂപ നഷ്ടം. | 136 |
| 3-27 | ബയോമെട്രിക് ഹാജർ സിസ്റ്റം സാലറിയുമായി ലിങ്ക് ചെയ്യൽ - സിണ്ടിക്കേറ്റ് തീരുമാനം നടപ്പായില്ല. | 137 |
| 3-28 | സർവകലാശാലയിൽ ഓഡിറ്റ് വിഭാഗമുണ്ടായിരിക്കെ എൻ.എസ്.എസ് ന്റെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ ചാർട്ടേഡ് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. | 138 |
| 3-29 | ജി.എസ്.ടി. റിട്ടേൺസ് ഫയൽ ചെയ്യൽ - സ്വകാര്യ സ്ഥാപനത്തിന് സർവീസ് ചാർജ് നൽകിയത് - അംഗീകരിക്കുന്നില്ല. | 139 |
| 3-30 | സർവകലാശാലയിലേക്കുള്ള കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ - അധിക തുക ജി.എസ്.ടി. ഈടാക്കി - സർവകലാശാല ഫണ്ടിന് നഷ്ടം. | 139 |
| 3-31 | കണ്ണൂർ സർവകലാശാല യൂണിയൻ കലോത്സവം നടത്തിപ്പ് - രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 140 |
| 3-32 | സിവിൽ സർവീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം - നിയമാവലി ഉണ്ടാക്കിയിട്ടില്ല. | 141 |
| 3-33 | സർവകലാശാല വാഹനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്. | 141 |
| 3-34 | സർവകലാശാല വാഹനങ്ങളുടെ ഇന്ധന ഉപയോഗത്തിലെ അധിക ചെലവ് – മറ്റ് അപാകങ്ങൾ. | 142 |
| 3-35 | ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂർ തുക 12,79,96,502/- രൂപ സമയബന്ധിതമായി ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 143 |
| 3-36 | പഠന വകുപ്പുകൾക്ക് അനുവദിച്ച മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. 15,79,174/- രൂപ തടസ്സപ്പെടുത്തുന്നു. | 145 |
| 3-37 | സർവകലാശാല ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് (KUEPF)- വാർഷിക ക്രഡിറ്റ് സ്ലിപ് വിതരണം ചെയ്തിട്ടില്ല. | 146 |
| 3-38 | എ.കെ.ജി റിസർച്ച് സെന്റർ ഫോർ കോ-ഓപ്പറേറ്റീവ് എൻറർപ്രൈസസ് ആന്റ് ട്രാൻസ്ഫോർമേറ്റീവ് പൊളിറ്റിക്സ് - ഗവേഷണ വിവരങ്ങൾ ലഭ്യമല്ല. | 148 |

| | | |
|---|---|---|
| 3-39 | സർവകലാശാല പഠന വകുപ്പുകളിലെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലെയും തീർപ്പാക്കാനവശേഷിക്കുന്ന ചെലവ് കണക്കുകളിൻമേലുള്ള 2018-19 വർഷത്തെ നിരീക്ഷണങ്ങൾ | 149 |
| | ഭാഗം 4<br>ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | ധനസ്ഥിതി | 167 |
| 4-2 | സ്ഥിരനിക്ഷേപങ്ങൾ | 168 |
| 4-3 | ഓഡിറ്റ് റിക്കവറി | 169 |
| 4-4 | ഓഡിറ്റ് ചാർജ് | 169 |
| 4-5 | ഓഡിറ്റ് പ്രത്യവലോകനം | 170 |
| 4-6 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 175 |
| | അനുബന്ധം-1<br>കണ്ണൂർ സർവ്വകലാശാലയുടെ പേരിൽ 31.03.2019 ന് നിലവിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ കാണിക്കുന്ന പത്രിക | 177 |
| | അനുബന്ധം-2<br>1998-99 മുതൽ 2018-19 വരെയുള്ള കാലയളവിൽ അനുവദിച്ച മുൻകൂറുകളിൽ ക്രമപ്പെടുത്താൻ ബാക്കിയുള്ളതിന്റെ വിവരങ്ങൾ കാണിക്കുന്ന പത്രിക | 181 |
| | അനുബന്ധം-3<br>കണ്ണൂർ സർവകലാശാലക്ക് കീഴിലുള്ള പഠന വകുപ്പുകളിലെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് വിവരങ്ങൾ | 196 |
| | അനുബന്ധം-4<br>യാത്രാബത്ത പരിധി പാലിക്കാത്തത് സംബന്ധിച്ച ജീവനക്കാരുടെ പേര് വിവരങ്ങൾ | 202 |
| | അനുബന്ധം-5<br>പത്രപരസ്യയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ | 205 |


ജോയിന്റ് ഡയറക്ടർ.
കണ്ണൂർ സർവ്വകലാശാല ഓഡിറ്റ് കാര്യാലയം.

# ഭാഗം -1
# പൊതു അവലോകനം

## 1-1 പൊതു വിവരങ്ങൾ

കേരള നിയമസഭയുടെ 1996 ലെ 22-ാം നിയമ നിർമ്മാണത്തിലൂടെ (കണ്ണൂർ സർവ്വകലാശാല നിയമം 1996) കേരളത്തിലെ ഏഴാമത്തെ സർവ്വകലാശാലയായി കണ്ണൂർ സർവ്വകലാശാല സ്ഥാപിതമായി. കണ്ണൂർ, കാസറഗോഡ്, വയനാട് എന്നീ ജില്ലകളിൽ വിവിധ ക്യാമ്പസ്സുകൾ സ്ഥാപിതമാക്കി മൾട്ടി ക്യാമ്പസ് എന്ന നൂതനമായ ആശയത്തിലധിഷ്ഠിതമായാണ് സർവ്വകലാശാലയുടെ പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. തലശ്ശേരി, മാങ്ങാട്ടുപറമ്പ്, പയ്യന്നൂർ, നീലേശ്വരം, കാസർഗോഡ്, മാനന്തവാടി എന്നിവിടങ്ങളിലായാണ് സർവ്വകലാശാലയുടെ ക്യാമ്പസുകൾ സ്ഥിതി ചെയ്യുന്നത്. സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരം കണ്ണൂർ കോർപ്പറേഷനിൽ ഉൾപ്പെടുന്ന താവക്കരയിലാണ്. സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ ഓഫീസുകളും ഭരണ വിഭാഗം, അക്കാദമിക് വിഭാഗം, പരീക്ഷാ വിഭാഗം, ധനകാര്യ വിഭാഗം, വിദൂര വിദ്യാഭ്യാസ വിഭാഗം, സെൻട്രൽ ലൈബ്രറി തുടങ്ങിയവയും ആസ്ഥാന മന്ദിരത്തിലാണ് പ്രവർത്തിക്കുന്നത്.

സർവ്വകലാശാല ആസ്ഥാനമായ താവക്കരയിലും തലശ്ശേരി, മാങ്ങാട്ടുപറമ്പ്, പയ്യന്നൂർ, നീലേശ്വരം, കാസർഗോഡ്, മാനന്തവാടി എന്നീ സർവ്വകലാശാല ക്യാമ്പസുകളിലുമായി ആകെ 28 പഠനവകുപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ 3 കമ്മ്യൂണിറ്റി കോളേജുകളും 7 സ്വാശ്രയ സ്ഥാപനങ്ങളും (MBA-2, MCA-2, Teacher Education-3) സർവ്വകലാശാല നേരിട്ട് നടത്തുന്നു. 10 സർക്കാർ കോളേജുകൾ, 13 എയിഡഡ് കോളേജുകൾ, 55 അൺ-എയിഡഡ് കോളേജുകൾ, 8 ഓറിയന്റൽ ടൈറ്റിൽ കോളേജുകൾ, 09 പ്രൊഫഷണൽ കോളേജുകൾ, 10 ടീച്ചർ ട്രെയിനിങ് കോളേജുകൾ, എന്നിവ ഉൾപ്പെടെ ആകെ 105 സ്ഥാപനങ്ങൾ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചുവരുന്നു.

1996 ലെ കണ്ണൂർ സർവ്വകലാശാല നിയമം, 1998 ലെ കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1999 ലെ കണ്ണൂർ സർവ്വകലാശാല ഓർഡിനൻസ്,സർവ്വകലാശാല റഗുലേഷൻസ് അനുബന്ധമായി പുറപ്പെടുവിച്ച ബൈലോകൾ, കാലാകാലങ്ങളിൽ ബാധകമായ സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് സർവ്വകലാശാല പ്രവർത്തിക്കുന്നത്.

സെനറ്റ്, സിണ്ടിക്കേറ്റ് എന്നീ ഭരണ സമിതികളും വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുമാണ് സർവ്വകലാശാലയുടെ ഭരണം നടത്തുന്നത്. സർവ്വകലാശാലയുടെ ചാൻസലർ ബഹു.കേരള ഗവർണ്ണർ ആണ്. ഭരണ നിർവ്വഹണത്തിന് സിണ്ടിക്കേറ്റിനെ സഹായിക്കുന്നതിനായി വിവിധ സിണ്ടിക്കേറ്റ് ഉപസമിതികളും ഫൈനാൻസ് കമ്മിറ്റി, പ്ലാനിങ് ബോർഡ് എന്നിവയും പ്രവർത്തിച്ചുവരുന്നു. അക്കാദമിക് വിഷയങ്ങളിൽ നയങ്ങൾ രൂപീകരിക്കുന്നതും മേൽനോട്ടം നടത്തുന്നതും അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നീ സമിതികളാണ്. അക്കാദമിക് കൗൺസിൽ വർഷത്തിൽ രണ്ടു തവണയെങ്കിലും യോഗം ചേരണമെന്നു നിഷ്കർഷിച്ചിട്ടുകിലും (കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1998, ചാപ്റ്റർ-V111) 2018-19 വർഷത്തിൽ അക്കാദമിക് കൗൺസിൽ യോഗം ചേർന്നിട്ടില്ല.

സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ്. സ്റ്റാറ്റ്യൂട്ട് 1998 ലും ഓർഡിനൻസ് 1999 ലും നിലവിൽ വന്നു. സ്റ്റാറ്റ്യൂട്ടിൽ ഭേദഗതികൾ വരുത്തുന്നതിന് സിണ്ടിക്കേറ്റിന് അധികാരമുണ്ടെങ്കിലും അത് നടപ്പിൽ വരുത്തുന്നതിന് ചാൻസലറുടെ അനുമതി ആവശ്യമാണ്. ഓർഡിനൻസിൽ ഭേദഗതി വരുത്തുന്നതിന് സിണ്ടിക്കേറ്റിന് അധികാരമുണ്ട്. എന്നാൽ സർവ്വകലാശാലക്ക് അധികച്ചെലവ് ഉണ്ടാക്കുന്ന

ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനോ റദ്ദാക്കുന്നതിനോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതാണ് (സെക്ഷൻ 40(2)- സർവ്വകലാശാല നിയമം).

## അവലോകനം

ഉന്നത വിദ്യാഭ്യാസ രംഗത്തെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും, കണ്ണൂർ, കാസറഗോഡ്, വയനാട് എന്നീ ഉത്തര മലബാർ ജില്ലകളിലെ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള കോളജ് വിദ്യാഭ്യാസം നൽകുന്നതിനുമായി സ്ഥാപിതമായ കണ്ണൂർ സർവ്വകലാശാല നിലവിൽ വളർച്ചയുടെ പാതയിലാണ്. 2018-19 വർഷത്തിൽ മൂന്ന് ബിരുദാനന്തര കോഴ്സുകളും (M.Sc.Chemistry, M.Com. Marketing, M.A. English) ഒരു ബിരുദ കോഴ്സും സർവ്വകലാശാലയ്ക്ക് കീഴിൽ പുതുതായി ആരംഭിച്ചിരുന്നു. 2018 വർഷത്തിൽ 62 പി.എച്ച്.ഡി. ബിരുദവും സർവ്വകലാശാല നൽകിയിരുന്നു. 2016 വർഷത്തിൽ NAAC B. Grade അക്രഡിറ്റേഷൻ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. NAAC അക്രഡിറ്റേഷൻ മെച്ചപ്പെടുത്തുന്നതിന്നായി സർവ്വകലാശാല പരിശ്രമം നടത്തിവരികയും ചെയ്യുന്നു.സർവ്വകലാശാലയുടെ പാഠ്യ,പാഠ്യേതര പ്രവർത്തനങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനുമായി Internal Quality Assurance Cell (IQAC) സർവ്വകലാശാലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സിന്തറ്റിക്ക് ട്രാക്ക്, അത്‌ലറ്റിക്ക് കോച്ചിങ്ങ് സെന്റർ, സിവിൽ സർവ്വീസ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ 2018 വർഷത്തിൽ ആരംഭിക്കുകയും സർവ്വകലാശാലയുടെ പ്രവർത്തനം എല്ലാ മേഖലയിലും പരിപോഷിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. എങ്കിലും യുജിസി നിഷ്കർഷിക്കുന്ന യോഗ്യതയില്ലാത്തവരെ താത്കാലിക അടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്നത് പാഠ്യ പ്രവർത്തനങ്ങളുടെ ഗുണ നിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്.

നാല് കോടിയിലധികം മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന സെമിനാർ കോംപ്ലക്സ്, രണ്ട് കോടിയോളം ചെലവ് പ്രതീക്ഷിക്കുന്ന എലിവേറ്റർ നിർമ്മാണം, 12 കോടിയിലധികം മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന സ്റ്റുഡന്റ് അമ്നിറ്റി സെന്റർ തുടങ്ങി കോടികണക്കിന് രൂപ ചെലവ് വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സർവ്വകലാശാല ആസ്ഥാനത്തും സർവ്വകലാശാല ക്യാമ്പസുകളിലുമായി പുരോഗമിച്ച് വരികയാണ്. എന്നാൽ പൂർണ്ണമായും സജ്ജമായ സർവ്വകലാശാല എഞ്ചിനീയറിങ്ങ് വിങ്ങിന്റെ അഭാവം നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തെയും ഗുണനിലവാരത്തെയും, ഏകോപനത്തെയും സാരമായി ബാധിക്കുന്നു.

നിരവധി വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും അന്വേഷണത്തിനുമായി സർവ്വകലാശാല ആസ്ഥാനത്ത് വന്നുപോയികൊണ്ടിരിക്കുന്നുണ്ട്. എന്നാൽ അവർക്ക് ആവശ്യമായ ശൗചാലയങ്ങളോ,കുടിവെള്ള സംവിധാനമോ സർവ്വകലാശാല ഒരുക്കിയിട്ടില്ല.

കണ്ണൂർ സർവ്വകലാശാല സെൻട്രൽ ലൈബ്രറി കെട്ടിട സമുച്ചയം അതിന്റെ വിസ്തൃതി കൊണ്ട് ഏഷ്യയിൽ തന്നെ ശ്രദ്ധിക്കപ്പെടുന്നതാണെങ്കിലും ലൈബ്രറി സൗകര്യം പ്രയോജനപ്പെടുത്തുന്ന വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും എണ്ണം വളരെ കുറവാണ്. റഫറൻസ് ഗ്രന്ഥങ്ങളുടെ കുറവും, ലൈബ്രറിയുടെ പ്രവർത്തന സമയം 10 മണിമുതൽ 5 മണിവരെയായി പരിമിതപ്പെടുത്തിയതും വിദ്യാർത്ഥികൾക്കും, പൊതു ജനങ്ങൾക്കും ലൈബ്രറി അപ്രിയമാവുന്നതിന് ചില കാരണങ്ങളാണ്.

2018-19 വാർഷിക കണക്കുകളെ അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളത്. സർവ്വകലാശാലയുടെ എല്ലാ വരവ്-ചെലവ് വിവരങ്ങളും പരിശോധനാ വിധേയമാക്കി.

## 1-2 ബജറ്റ്

കണ്ണൂർ സർവ്വകലാശാല നിയമം വകുപ്പ്-51, സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ VII ഖണ്ഡിക-10 എന്നിവ പ്രകാരമാണ് സർവ്വകലാശാല ബജറ്റ് തയ്യാറാക്കുന്നത്. മുൻ വർഷത്തെ യഥാർത്ഥ വരവ്-ചെലവ് കണക്കുകൾ, പുതുക്കിയ ബജറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സർവ്വകലാശാല വരും വർഷത്തെ ബജറ്റ് തയ്യാറാക്കി വരുന്നത്. ഇത് ധനകാര്യ കമ്മിറ്റി പരിശോധിച്ചതിനു ശേഷം സിൻഡിക്കേറ്റിന് സമർപ്പിക്കുകയും സിൻഡിക്കേറ്റ് വിശദീകരണ കുറിപ്പോടുകൂടിയ മെമ്മോറാണ്ടം സഹിതം ബഹു.ചാൻസലർക്ക് അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്യുന്നു.

കണ്ണൂർ സർവ്വകലാശാലയുടെ 2018-19 വാർഷിക ബജറ്റ് 28.12.2017 ലെ 2017.857 നമ്പർ തീരുമാന പ്രകാരം സിൻഡിക്കേറ്റ് പാസാക്കുകയും ബഹു.ചാൻസലർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (GS3-237/2018 തീയ്യതി: 19.05.2018). ആയതിന്റെ സംഗ്രഹം ചുവടെ കൊടുക്കുന്നു.

മുന്നിരിപ്പ്: 3,634.10 ലക്ഷം

<u>വരവ്</u>

| | |
|---|---|
| നോൺ-പ്ലാൻ | 8,023.68 ലക്ഷം |
| പ്ലാൻ | 3,600.00 ലക്ഷം |
| സ്പെഷൽ ഫണ്ട് | 367.43 ലക്ഷം |
| ഋണശീർഷക കണക്കുകൾ | 1,464.00 ലക്ഷം |
| ആകെ | 13,455.11 ലക്ഷം |
| മൊത്തം വരവ് | 17,089.21 ലക്ഷം |

<u>ചെലവ്</u>

| | |
|---|---|
| നോൺ-പ്ലാൻ | 8,783.96 ലക്ഷം |
| പ്ലാൻ | 6,415.00 ലക്ഷം |
| സ്പെഷൽ ഫണ്ട് | 366.43 ലക്ഷം |
| ഋണശീർഷക കണക്കുകൾ | 1,519.00 ലക്ഷം |
| ആകെ | 17,084.39 ലക്ഷം |
| നീക്കിയിരിപ്പ് | 4.82 ലക്ഷം |
| മൊത്തം ചെലവ് | 17,089.21 ലക്ഷം |

<u>പുതുക്കിയ ബജറ്റ്</u>

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 26.08.2019 ലെ 2019.543 നമ്പർ തീരുമാന പ്രകാരം സിൻഡിക്കേറ്റ് പാസാക്കുകയും ബഹു.ചാൻസലർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (GS3-255/2019 തീയ്യതി: 22.03.2019). ആയതിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്: 3,606.04 ലക്ഷം

വരവ്

| | |
|---|---|
| നോൺ-പ്ലാൻ | 8,229.08 ലക്ഷം |
| പ്ലാൻ | 2,518 ലക്ഷം |
| സ്പെഷൽ ഫണ്ട് | 407.43 ലക്ഷം |
| ഋണശീർഷക കണക്കുകൾ | 1,420.50ലക്ഷം |
| ആകെ | 12,575.01ലക്ഷം |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 16,181.05 ലക്ഷം |

ചെലവ്

| | |
|---|---|
| നോൺ-പ്ലാൻ | 8,008.16 ലക്ഷം |
| പ്ലാൻ | 4,666.76 ലക്ഷം |
| സ്പെഷൽ ഫണ്ട് | 406.43 ലക്ഷം |
| ഋണശീർഷക കണക്കുകൾ | 1,339 ലക്ഷം |
| ആകെ | 14,420.35 ലക്ഷം |
| നീക്കിയിരിപ്പ് | 1,760.70 ലക്ഷം |
| ആകെ ചെലവ് നീക്കിയിരിപ്പ് ഉൾപ്പെടെ | 16,181.05 ലക്ഷം |

എന്നാൽ 2018-19 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ്-ചെലവുകൾ യഥാക്രമം 12,103.24 ലക്ഷം രൂപയും (Excluded Opening Balance) 10,997.22 ലക്ഷം(Excluded Closing Balance) രൂപയുമാണ്. യഥാർത്ഥ വരവ് ബജറ്റിൽ ഉൾപ്പെടുത്തിയ വരവിനേക്കാൾ 3.75% വും യഥാർത്ഥ ചെലവ് ബജറ്റിൽ ഉൾപ്പെടുത്തിയ ചെലവിനേക്കാൾ 23.73 % വും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ബജറ്റിൽ ഉൾപ്പെടുത്തുകയും 2018-19 വർഷം ചെലവ് ഇല്ലാത്തതുമായ ബജറ്റ് ശീർഷകങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് കോഡ് | ഇനങ്ങൾ | വകയിരുത്തിയ തുക |
|---|---|---|
| 431-706 | സെൻട്രൽ ലൈബ്രറി ബിൽഡിങ്ങിലെ നിർമ്മാണം | 1,00,000,00 |
| 431-718 | പയ്യന്നൂർ ക്യാമ്പസിലെ നിർമ്മാണ പ്രവർത്തനം | 2,00,00,000 |
| 431-722 | നീലേശ്വരം ക്യാമ്പസിലെ നിർമ്മാണ പ്രവർത്തനം | 30,00,000 |
| 431-730 | മഞ്ചേശ്വരം ക്യാമ്പസിലെ നിർമ്മാണ പ്രവർത്തനം | 50,00,000 |
| 431-732 | മഴവെള്ളം സംഭരിക്കൽ | 2,40,00,000 |

ബജറ്റിൽ അധികരിച്ച് ചെലവ് ചെയ്തതിന്റെ വിവരങ്ങൾ

| ബജറ്റ് കോഡ് | ഇനങ്ങൾ | വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് | അധികം |
|---|---|---|---|---|
| 302-030 | കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം | 71,00,000 | 73,96,552 | 2,96,552 |
| 302-103 | യാത്രാ ബത്ത (Examiners &Setters) | 2,67,95,000 | 3,74,15,000 | 1,06,20,000 |
| 901-080 | റൂസ – പർച്ചേസ് (ബുക്ക്സ്, എക്വിപ്മെന്റ്സ്, ഐ.സി.ടി.) | 3,81,82,816 | 3,82,82,845 | 1,00,029 |
| 404-090 | ബുക്ക്സ് | 2,00,000 | 3,53,112 | 1,53,112 |
| 416-090 | ബുക്ക്സ് | 2,00,000 | 3,37,375 | 1,37,375 |
| 418-090 | ബുക്ക്സ് | 2,00,000 | 3,46,246 | 1,46,246 |
| 420-090 | ബുക്ക്സ് | 2,00,000 | 3,11,421 | 1,11,421 |

സർവ്വകലാശാല നിയമങ്ങളിലേയും കേരള ബജറ്റ് മാന്വലിലേയും വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് രൂപീകരിക്കുന്നത്. ബജറ്റ് രൂപീകരിച്ച് സാമ്പത്തിക നിയന്ത്രണം ഫലപ്രദമാക്കുന്നത് അതാത് സാമ്പത്തിക വർഷത്തെ ഡിസംബർ മാസം വരെയുള്ള യഥാർത്ഥ വരവ്-ചെലവ് കണക്കുകൾ ആധാരമാക്കിയാണ്. എന്നാൽ ശേഷിക്കുന്ന മൂന്ന് മാസങ്ങളിൽ ഫീസ് വർദ്ധനവ് മൂലവും മറ്റും വരവിനത്തിലും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ആകസ്മികമായി ചെലവിനത്തിലുമുണ്ടാകുന്ന വർദ്ധനവുകൾ ബജറ്റിൽ പ്രതിഫലിക്കാറില്ല. അത്തരത്തിലുള്ള ചെറിയ മാറ്റങ്ങളൊഴിച്ചാൽ തീർത്തും യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റാണ് രൂപീകരിച്ചത്.

## 1-3 വാർഷിക ധനകാര്യ പത്രിക

കണ്ണൂർ സർവ്വകലാശാലയിൽ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് പ്രത്യേക അക്കൗണ്ടിങ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായമാണ് സർവ്വകലാശാല പിന്തുടരുന്നത്. യഥാർത്ഥ സാമ്പത്തിക സ്ഥിതി മനസ്സിലാക്കുന്നതിനും കണക്കുകളിൽ പിഴവുകളുണ്ടാവുകയാണെങ്കിൽ ആയത് എളുപ്പം കണ്ടുപിടിക്കുന്നതിനുമായി Generally Accepted Accounting Principles (GAAP) അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം സർവ്വകലാശാല പിന്തുടരേണ്ടത് അത്യന്താപേക്ഷിതമാണ്.

സർവ്വകലാശാലയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഹാർഡ് കോപ്പി ഫിനാൻസ് ഓഫീസറുടെ 30-08-2019 തീയ്യതിയിലെ ഫിൻ/എ1/1532/അക്കൗണ്ട്സ്/2018-19 നമ്പർ കത്ത് മുഖേനയും സോഫ്റ്റ് കോപ്പി 06-09-2019 ലെ ഫിൻ/എ1/1532/അക്കൗണ്ട്സ്/2018-19 നമ്പർ കത്ത് പ്രകാരവും ഓഡിറ്റിനു ലഭ്യമാക്കി. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 9(i) വകുപ്പ് പ്രകാരം 2018-19 ലെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കേണ്ട സമയ പരിധി 31-07-2019 ആയിരുന്നുവെങ്കിലും ഒരു മാസം വൈകി 30-08-2019 നാണ് വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. 26.08.2019 ലെ 2019.543 നമ്പർ തീരുമാന പ്രകാരം ധനകാര്യ പത്രിക സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 2018-19 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കിയതിലെ അപാകങ്ങൾ

കണ്ണൂർ സർവകലാശാലയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) സർവകലാശാലയ്ക്ക് സ്വന്തമായി അക്കൗണ്ടിംഗ് ചട്ടങ്ങൾ നിലവിൽ ഇല്ല. വാർഷിക കണക്കുകളോടൊപ്പം ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ സമർപ്പിച്ചിട്ടില്ല.

2) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 15(1)(സി) പ്രകാരം സർവകലാശാലയുടെ വാർഷിക കണക്കുകളോടൊപ്പം താഴെ പറയുന്ന ഡി.സി.ബി. പത്രികകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

1. കൺട്രോളർ ഓഫ് എക്സാമിനേഷൻസ് തയ്യാറാക്കുന്ന പരീക്ഷാ ഫീസ് സംബന്ധിച്ച ഡി.സി.ബി. പത്രിക
2. സർവകലാശാല യൂണിയൻ ഫീസ്, സ്പോർട്സ് അഫിലിയേഷൻ ഫീസ് എന്നിവ സംബന്ധിച്ച ഡി.സി.ബി. പത്രിക.
3. സർവകലാശാല പഠന വകുപ്പുകൾ, സെന്ററുകൾ, മറ്റ് വിഭാഗങ്ങൾ വഴിയുള്ള വിവിധ വരവുകളുടെ ഡി.സി.ബി. പത്രിക.
4. സർവകലാശാല അഫിലിയേഷൻ, അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വരവുകളുടെ ഡി.സി.ബി. പത്രിക

എന്നാൽ മേൽ സൂചിപ്പിച്ച വാർഷിക കണക്കുകളൊടൊപ്പം ഡി.സി.ബി. പത്രികകൾ സമർപ്പിച്ചിട്ടില്ല.

3) കണ്ണൂർ സർവകലാശാലയിലെ വിവിധ വകുപ്പുകളിലെ ബേങ്ക് നീക്കിയിരിപ്പ് തുകയായ 2,89,99,801.33 രൂപ വാർഷിക ധനകാര്യ പത്രികയിൽ നീക്കിയിരിപ്പ് തുകയുടെ കൂടെ ചേർക്കാതെ പ്രത്യേകം ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

4) GST ഒടുക്കുന്നതിനായുള്ള സർവകലാശാലയിലെ ഫിനാൻസ് ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിൽ 9,16,573/- രൂപ നീക്കിബാക്കിയുണ്ട് (അക്കൗണ്ട് നം. 67135735173, S.BI, South Bazar, Kannur). ഇത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) വാർഷിക കണക്കുകളിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിലെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

| | സ്ഥാപനം | അക്കൗണ്ട് നം. |
|---|---|---|
| 1) | ഡയറക്ടർ, IQAC | 37463427523 എസ്.ബി.ഐ, സൗത്ത് ബസാർ, കണ്ണൂർ |
| 2) | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ | 57066508222 |
| 3) | ഡി.എസ്.എസ്. | 57015234033 |

6) വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ ഡി.സി.ബി. പത്രിക പ്രകാരമുള്ള ആകെ ഫീസ് വരവ് 5,44,07,790/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ആകെ ഫീസ് വരവ്

5,10,25,196/- രൂപയാണ്. വ്യത്യാസം വസ്തുനിഷ്ഠമായി വിശദീകരിക്കപ്പെട്ടില്ല.

## 1-4 സർക്കാർ ധനസഹായം

### I – പദ്ധതി ധനസഹായം

സർവ്വകലാശാലയ്ക്ക് സർക്കാരിൽ നിന്നും വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിച്ച ധനസഹായങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

### 1.4.1 സംസ്ഥാന സർക്കാർ

2018-19 സാമ്പത്തിക വർഷം പദ്ധതി ധനസഹായമായി 1,62,952,805/-* രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കാർ ഉത്തരവ് നം./ തീയതി | തുക | ചെലാൻ നം./ തീയതി അല്ലെങ്കിൽ വരവ് ചേർത്ത തീയതി | ട്രഷറി |
|---|---|---|---|---|
| 1. | സ.ഉ. (സാധാ) നം. 973/2018/ എച്ച്.ഇ. ഡി.എൻ. തീയതി : 17.05.2018 (2017-18 ൽ തിരിച്ചെടുത്ത തുക തിരികെ നൽകിയത്) | 3,34,00,000 | 11.06.2018 | ജില്ല ട്രഷറി, കണ്ണൂർ, പി.എസ്.ടി. എസ്.ബി അക്കൗണ്ട് നം. 799012700000296 |
| 2. | സ.ഉ. (സാധാ) നം. 1256/2018/എച്ച്.ഇ. ഡി.എൻ. തീയതി : 25.06.2018 (2017-18 ൽ തിരിച്ചെടുത്ത തുക തിരികെ നൽകിയത്) | 4,86,88,116 | 29.06.2018 | -ടി- |
| 3. | സ.ഉ. (സാധാ) നം. 1625/2018/എച്ച്.ഇ. ഡി.എൻ. തീയതി : 03.09.2018 (2018-19 ലെ ഗ്രാന്റ് - ഒന്നാം ഗഡു) | 5,20,00,000 | 18.09.2018 | -ടി- |
| 4. | സ.ഉ. (സാധാ) നം. 1970/2018/എച്ച്.ഇ. ഡി.എൻ, തീയതി : 30.10.2018 (2017-18 ൽ ഇ- ലാം സിലേക്ക മാറ്റിയ തുക തിരികെ നൽകിയത്) | 1,00,00,000 | 31.10.2018 | -ടി- |
| 5. | സ.ഉ. (സാധാ) നം. 1971/2018/എച്ച്.ഇ.ഡി.എൻ തീയതി : 30.10.2018 തീയതി : 30.10.2018 (2017-18 ൽ ഇ-ലാംസിലേക്ക് മാറ്റിയ തുക തിരികെ നൽകിയത്) | 4,00,00,000 | 31.10.2018 | -ടി- |

| | | | | |
|---|---|---|---|---|
| 6 | സ.ഉ. (സാധാ) നം. 2239/2018/ എച്ച്.ഇ.ഡി.എൻ തീയതി : 13.12.2018 | 25,00,000/- | 21.12.2018 | -ടി- |
| 7 | സ.ഉ. (സാധാ) നം. 1625/2018/ എച്ച്.ഇ. ഡി.എൻ തീയതി : 03.09.2018 (2018-19 ലെ ഗ്രാന്റ് - ഒന്നാം ഗഡു) | 5,20,00,000 | 27.03.2019 | ജില്ല ട്രഷറി, കണ്ണൂർ, പി.എസ്.ടി. എസ്.ബി അക്കൗണ്ട് നം. 719011400000099 |
| ആകെ | | 23,85,88,116 | | |

*വാർഷിക ധനകാര്യ പത്രികയിൽ 16,29,52,805/- രൂപ (23,60,88,116 + ഇന്റർ യൂനിവേഴ്സിറ്റി സെന്റർ ഫോർ ബയോ സയൻസസിനായി ലഭിച്ച 25,00,000 – സർക്കാർ തിരിച്ചെടുത്ത 7,56,35,311) കൂടാതെ പ്ലാൻ ചെക്ക് കാൻസൽഡ് ഇനത്തിൽ 65,338,938 രൂപയും വരവായി കാണിച്ചിട്ടുണ്ട്.

2018-19 ലെ കേരള ബജറ്റ് (ഡിമാന്റ് XVII) പ്രകാരം 20,80,00,000/- (ഇരുപത് കോടി എൺപത് ലക്ഷം രൂപ മാത്രം) പദ്ധതി സഹായമിനത്തിൽ വകയിരുത്തിയെങ്കിലും 2 തവണയായി 10,40,00,000/- (പത്ത് കോടി നാൽപത് ലക്ഷം രൂപ മാത്രം) മാത്രമാണ് സർവകലാശാലയ്ക്ക് 2018-19 ൽ ലഭിച്ചത്.

മൂലധനാസ്തി ഇനത്തിൽ വകയിരുത്തിയ 4,20,00,000/- (നാല് കോടി ഇരുപത് ലക്ഷം രൂപ മാത്രം) ലഭിച്ചിട്ടില്ല.

### 1.4.2. യൂനിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി.)

-ഇല്ല-

### 1.4.3. റൂസ (Rashtriya Uchchatar Shiksha Abhiyan (RUSA) ധനസഹായം

2018-19 ലെ വാർഷിക കണക്ക് പ്രകാരം റൂസ ഗ്രാന്റ് ഇനത്തിൽ 201-004 എന്ന ശീർഷകത്തിൽ പ്രതീക്ഷിത വരവ് 10,00,00,000 രൂപയും യഥാർത്ഥ വരവ് 18,21,263/- രൂപയുമാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 2018-19 ൽ വരവൊന്നും കാണിച്ചിട്ടില്ല. യൂട്ടിലൈസേഷൻ റെക്കോർഡ് എന്ന ഭാഗത്ത് 10,00,00,000/- രൂപ വരവായി കാണിച്ചിട്ടുമുണ്ട്. റൂസ ധനസഹായം സംബന്ധിച്ച് മറ്റ് വിവരങ്ങളൊന്നും സർവകലാശാല ലഭ്യമാക്കിയിട്ടില്ല.

## II. പദ്ധതിയിതര ധനസഹായം

### 1.4.4. സംസ്ഥാന സർക്കാർ

2018-19 സാമ്പത്തിക വർഷം പദ്ധതിയിതര ധനസഹായമായി 33,94,28,000 രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കാർ ഉത്തരവ് നം./തീയതി | തുക | വരവു ചേർത്ത തീയതി | ട്രഷറി/ബാങ്ക് |
|---|---|---|---|---|
| 1 | സ.ഉ.(സാധാ)നം. 848/2018/ എച്ച്.ഇ.ഡി.എൻ. തീയതി : 28.04.2018 | 2,82,85,600 | 30.04.2018 | ജില്ല ട്രഷറി, കണ്ണൂർ, എസ്.ടി.എസ്.ബി. അക്കൗണ്ട് നം. 719011400000099 |
| 2 | സ.ഉ.(സാധാ)നം.1021/2018/ എച്ച്.ഇ.ഡി.എൻ തീയതി : 26.05.2018 | 2,82,85,600 | 02.06.2018 | -ടി- |
| 3 | സ.ഉ. (സാധാ) നം. 1229/2018/ എച്ച്.ഇ.ഡി.എൻ തീയതി : 22.06.2018 | 2,82,85,600 | 28.06.2018 | -ടി- |
| 4 | സ.ഉ. (സാധാ) നം. 1395/2018/ എച്ച്.ഇ.ഡി.എൻ തീയതി : 18.07.2018 | 2,82,85,600 | 28.07.2018 | -ടി- |
| 5 | സ.ഉ. (സാധാ) നം. 1154/2018/ എച്ച്.ഇ.ഡി.എൻ തീയതി : 14.08.2018 | 2,82,85,600 | 23.08.2018 | -ടി- |
| 6 | സ.ഉ. (സാധാ) നം. 1771/2018/ എച്ച്.ഇ.ഡി.എൻ തീയതി : 25.09.2018 | 2,82,85,600 | 28.09.2018 | -ടി- |
| 7 | സ.ഉ. (സാധാ) നം. 1905/2018/ എച്ച്.ഇ.ഡി.എൻ തീയതി : 23.10.2018 | 2,82,85,600 | 30.10.2018 | -ടി- |
| 8 | സ.ഉ. (സാധാ) നം. 2111/2018/ എച്ച്.ഇ.ഡി.എൻ തീയതി : 23.11.2018 | 2,82,85,600 | 31.11.2018 | -ടി- |
| 9 | സ.ഉ. (സാധാ) നം. 2255/2018/ എച്ച്.ഇ.ഡി.എൻ. തീയതി : 15.12.2018 | 2,82,85,600 | 21.12.2018 | -ടി- |
| 10 | സ.ഉ. (സാധാ) നം. 116/2019/ എച്ച്.ഇ.ഡി.എൻ തീയതി : 23.01.2019 | 2,82,85,600 | 31.01.2019 | -ടി- |
| 11 | സ.ഉ. (സാധാ) നം. 309/2019/ എച്ച്.ഇ.ഡി.എൻ. തീയതി : 23.02.2019 | 2,82,85,600 | 02.03.2019 | -ടി- |

| | | | | |
|---|---|---|---|---|
| 12 | സ.ഉ. (സാധാ) നം. 404/2019/ എച്ച്.ഇ.ഡി.എൻ. തീയതി : 14.03.2019 | 2,82,86,400 | 02.06.2018 | -ടി- |
| ആകെ | | 33,94,28,000 | | |

III. ഇയർമാർക്ക്ഡ് (പ്രത്യേകാവശ്യങ്ങൾക്ക വേണ്ടിയുള്ളത്)

1.4.5 സംസ്ഥാന സർക്കാർ.

| ക്രമ നം. | തുക | പദ്ധതി/ പ്രത്യേക ഉദ്ദേശം |
|---|---|---|
| 1. | 15,74,224 | ഫെല്ലോഷിപ്പ് |
| 2. | 5,13,137 | സ്കീമുകൾ |

1.4.6 കേന്ദ്ര സർക്കാർ.

| ക്രമ നം. | തുക | പദ്ധതി/ പ്രത്യേക ഉദ്ദേശം |
|---|---|---|
| 1. | 369600 | ഫെല്ലോഷിപ്പ് |

1.4.7. യൂനിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി).

| ക്രമ നം. | ഉത്തരവ് നം./ തീയതി | തുക | വരവ് വന്ന തീയതി | ട്രഷറി / ബാങ്ക് | പദ്ധതി/ പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|
| 1. | ലഭ്യമല്ല | 40,00,000/- | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | മറ്റുള്ളവ |

1.4.8 നാഷണൽ സർവീസ് സ്കീം (എൻ എസ് എസ്).

| ക്രമ നം. | ഉത്തരവ് നം./ തീയതി | തുക | വരവ് വന്ന തീയതി | പദ്ധതി/ പ്രത്യേക ഉദ്ദേശ്യം |
|---|---|---|---|---|
| 1. | സംസ്ഥാന എൻ എസ് എസ് ഓഫീസറുടെ 08.03.2019 ലെ എ2.752/18/(2)/ എൻ.എസ്.എസ് നമ്പർ ഉത്തരവ് | 26,28,850/- | 08.03.19 | റഗലർ : 1380100/- |
| | | | | സ്പെഷൽ : 1248750 |

സംസ്ഥാന എൻ.എസ്.എസ് ഓഫീസറുടെ ഉത്തരവിൽ മേൽ തുക കൂടാതെ വളണ്ടിയർ ഇനത്തിൽ 7400/- രൂപയും വകയിരുത്തിയതായി കാണുന്നുണ്ട്. പക്ഷേ ആകെ തുകയിൽ ഉത്തരവിലോ രജിസ്റ്ററിലോ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഇത് 524-103 എന്ന ശീർഷകത്തിൽ വരവ് വെച്ചിട്ടുണ്ട്. 7814 രൂപ പലിശ ഇനത്തിലും (524-104 എന്ന ശീർഷകത്തിൽ) വരവ് വന്നിട്ടുണ്ട്.

1.4.9 മറ്റ് ഫണ്ടിംഗ് ഏജൻസികൾ.

| ക്രമ നം. | ഇനം/ ഫണ്ടിംഗ് ഏജൻസി | തുക | പദ്ധതി/ പ്രത്യേക ഉദ്ദേശം |
|---|---|---|---|
| 1. | ഗവേഷണ പദ്ധതികൾ (വകുപ്പുകൾ) | 60460/- | ഗവേഷണ |
| 2. | വ്യക്തിഗത ഗവേഷണ പദ്ധതികൾ | 75,10,882/- | ഗവേഷണ |
| 3. | ചെയറുകളും എന്റോവ്മെന്റുകളും* | 39266/- | സ്കോളർഷിപ്പ്/ ഗവേഷണ |

* രജിസ്റ്റർ പ്രകാരം 177553/- രൂപയാണ് വരവ്.

## 1-5 വിനിയോഗ സാക്ഷ്യപത്രങ്ങൾ

തൻവർഷം അനുവദിച്ച വിനിയോഗ സാക്ഷ്യപത്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിംഗ് ഏജൻസിയുടെ ഉത്തരവ് നം./ തീയതി | ലഭിച്ച ധന സഹായം | വിനിയോഗിച്ച/ ചെലവഴിച്ച തുക | ഉദ്ദേശ്യം | വിനിയോഗ സാക്ഷ്യ പത്രം നം./ തീയതി | പദ്ധതി/ പ്രത്യേക ഉദ്ദേശ്യം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | എഫ് 5/230/2014 (എച്ച്.ആർ.പി.) തീയതി 13.06.2017 | 2,82,540 (പലിശ ഉൾപ്പെടെ) | 3,43,000 | തുളുനാട് & തുളു ഭാഷ താരതമ്യ പഠനം | കെ.എസ്എ/ കെ.എൻ.യു./ യു4/ 305/2018 തീ 18.07.2018 | - | 2018-19 (വിനിയോഗിച്ച കാലയളവ്) |

## 1-6 തനത് വരുമാനം (Own Fund)

സർവ്വകലാശാലയുടെ തനത് വരുമാനം (നോൺ-പ്ലാൻ വരവ്) പ്രധാനമായും പരീക്ഷാ ഫീസ് വരവുകൾ, വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിന്നുള്ള വരവുകൾ, ജനറൽ അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസ് വരവുകൾ (കോഴ്സ് അഫിലിയേഷൻ, സ്റ്റുഡന്റ്സ് അഫിലിയേഷൻ, അപേക്ഷാ ഫീസുകൾ, സർട്ടിഫിക്കറ്റിനുള്ള ഫീസുകൾ മുതലായവ), ഫിക്സഡ് ഡെപ്പോസിറ്റ് പലിശയിനത്തിലുള്ള വരവ്, വിവിധ പഠന വകുപ്പുകൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വരവുകൾ, പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് വരവുകൾ തുടങ്ങിയവയാണ്. 2018-19 വർഷം ഈ ഇനത്തിൽ ആകെ 46,12,06,922 രൂപ ലഭിച്ചിട്ടുണ്ട്. ഇത് ആകെ നോൺ പ്ലാൻ വരവിന്റെ 57.6% വരുന്നു.

| ഇനം | വരവ് | ശതമാനം |
|---|---|---|
| പരീക്ഷാ ഫീസുകൾ | 16,95,69,329 | 21.17% |
| വിദൂര വിദ്യാഭ്യാസ വിഭാഗം | 5,10,25,196 | 6.37% |
| ജനറൽ അഡ്മിനിസ്ട്രേഷൻ ഫീസുകൾ | 6,40,07,801 | 7.99% |
| സ്ഥിര നിക്ഷേപം (പലിശ) | 7,18,66,415 | 8.97% |
| പഠനവകുപ്പുകൾ | 3,99,92,597 | 4.99% |
| സ്വാശ്രയ സ്ഥാപനങ്ങൾ | 2,29,36,805 | 2.86% |
| പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് ഫീസുകൾ | 1,82,71,091 | 2.28% |
| നോൺ അക്കാദമിക് വകുപ്പുകൾ | 1,47,28,093 | 1.83% |
| പലവക | 66,47,220 | 0.83% |
| കമ്മ്യൂണിറ്റ് കോളേജ്/ ഫാഷൻ ഡിസൈനിംഗ് | 21,62,375 | 0.27% |
| ആകെ | 46,12,06,922 | |




മുൻ വർഷങ്ങളിലെ തനത് വരുമാനത്തിന്റെ സ്ഥിതി വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 32,79,62,400 |
| 2016-17 | 36,43,72,858 |
| 2017-18 | 46,41,76,503 |
| 2018-19 | 46,12,06,922 |

മേൽ പറഞ്ഞ പ്രകാരം 2016-17 വർഷം 11% വും 2017-18 ൽ 27% വും തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും 2018-19 വർഷത്തിൽ 2017-18 നെ അപേക്ഷിച്ച് വരുമാനത്തിൽ 0.64 % ന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

തനത് വരുമാനവും സംസ്ഥാന സർക്കാർ നോൺ പ്ലാൻ ഗ്രാന്റും ഉൾപ്പെടുന്നതാണ് സർവ്വകലാശാലയുടെ ആകെ നോൺ-പ്ലാൻ വരവ്. ആയത് 2018-19 ൽ 80,06,34,922 രൂപയാണ്.

## 1-7 കണ്ണൂർ സർവ്വകലാശാലയുടെ വരവുചെലവുകൾ - അവലോകനം

കേന്ദ്ര/സംസ്ഥാന സർക്കാറുകളിൽനിന്നും, യു.ജി.സി. തുടങ്ങിയ മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളാണ് പ്രധാനമായും സർവ്വകലാശാലയുടെ അക്കാദമിക് ഗവേഷണ പ്രവർത്തനങ്ങൾക്കും മൂലധന ആസ്തികൾ ആർജിക്കുന്നതിനും വിനിയോഗിക്കുന്നത്. വിവിധതരം ഫീസുകളിലൂടെയും മറ്റും ലഭിക്കുന്ന തനത് വരുമാനം, സംസ്ഥാന സർക്കാറിന്റെ നോൺ-പ്ലാൻ ഗ്രാന്റ് എന്നിവ ഭരണ ചെലവുകൾക്കും വിനിയോഗിക്കുന്നു. കണ്ണൂർ സർവ്വകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവുകളുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th colspan="3">വരവ്</th><th colspan="3">ചെലവ്</th></tr>
<tr><td colspan="6">നോൺ-പ്ലാൻ</td></tr>
<tr><td>സർവ്വകലാശാലയുടെ തനത് വരുമാനം</td><td>46,12,06,922</td><td rowspan="2">80,06,34,922</td><td colspan="3" rowspan="2">66,19,20,414<br>(5 കോടി രൂപ പെൻഷൻ ഫണ്ടിൽ സ്ഥിരനിക്ഷേപം നടത്തിയത് കുറച്ച്)</td></tr>
<tr><td>സംസ്ഥാന സർക്കാർ ഗ്രാന്റ്</td><td>33,94,28,000</td></tr>
<tr><td colspan="6">പ്ലാൻ</td></tr>
<tr><td>സംസ്ഥാന സർക്കാർ ഗ്രാന്റ്</td><td>22,82,91,743</td><td rowspan="3">23,01,13,006</td><td>സംസ്ഥാന സർക്കാർഗ്രാന്റ്</td><td>16,67,80,962</td><td rowspan="3">26,83,20,164</td></tr>
<tr><td>യു.ജി.സി. ഗ്രാന്റ്</td><td>-</td><td>യു.ജി.സി.ഗ്രാന്റ്</td><td>-</td></tr>
<tr><td>മറ്റ് ഏജൻസികൾ (RUSA ഗ്രാന്റ്)</td><td>18,21,263</td><td>മറ്റ്ഏജൻ സികൾ</td><td>10,15,39,202</td></tr>
<tr><td colspan="6">ഇയർമാർക്ക്ഡ് (സ്പെഷ്യൽ ഫണ്ട്സ്)</td></tr>
<tr><td>സംസ്ഥാന സർക്കാർ ഗ്രാന്റ്</td><td>20,87,361</td><td rowspan="2">1,67,11,633</td><td>സംസ്ഥാന സർക്കാർഗ്രാന്റ്</td><td>12,99,150</td><td rowspan="2">1,40,69,126</td></tr>
<tr><td>കേന്ദ്ര സർക്കാർ ഗ്രാന്റ്</td><td>3,69,600</td><td>കേന്ദ്ര സർക്കാർ ഗ്രാന്റ്</td><td>9,61,960</td></tr>
</table>

| | | | |
|---|---|---|---|
| യു.ജി.സി ഗ്രാന്റ് | 40,00,000 | യു.ജി.സി.ഗ്രാന്റ് | 47,98,899 |
| മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് | 76,10,608 | മറ്റ്ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് | 65,15,340 |
| എൻ.എസ്. എസ്. ഗ്രാന്റ് | 26,44,064 | എൻ.എസ്.എസ്. ഗ്രാന്റ് | 4,93,777 |
| ഡെബ്റ്റ്സ്, ഡെപ്പോസിറ്റ്സ്, അഡ്വാൻസസ് | | | |
| ഡെബ്റ്റ്സ്, ഡെപ്പോസിറ്റ്സ്, അഡ്വാൻസസ് | 16,28,65,118 | ഡെബ്റ്റ്സ്, ഡെപ്പോസിറ്റ്സ്, അഡ്വാൻസസ് | 15,54,13,222 |
| ആകെ | 121,03,24,679 | ആകെ | 109,97,22,926 |

വരവ്




ചെലവ്



നോൺ-പ്ലാൻ ഇനത്തിൽ സർവ്വകലാശാലയുടെ തനതുവരുമാനമായി 2018-19 വർഷം 46,12,06,922 രൂപ ലഭിച്ചിട്ടുണ്ട്. വിവിധ ഇനങ്ങളിൽ പിരിച്ചെടുക്കുന്ന ഫീസുകളാണ് സർവ്വകലാശാലയുടെ തനതു വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നത്. സ്ഥിര നിക്ഷേപങ്ങളിലുള്ള പലിശയും സർവ്വകലാശാല സെന്ററുകളിൽനിന്നുള്ള വരവുകളുമാണ് തനതു വരുമാനത്തിലെ മറ്റ് പ്രധാന ഇനങ്ങൾ. 2018-19 വർഷത്തിൽ 2017-18 നെ അപേക്ഷിച്ച് തനത് (നോൺ പ്ലാൻ) വരുമാനത്തിൽ 0.64% ന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

സ്ഥിര ജീവനക്കാർക്കും കരാർ ജീവനക്കാർക്കുമുള്ള ശമ്പള വിതരണത്തിനായി തൻ വർഷം 31,78,45,149/- രൂപ ചെലവഴിച്ചിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി 8,31,25,659/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ നോൺ-പ്ലാൻ വരുമാനത്തിന്റെ 50% വരും ഈ ചെലവുകൾ.

പരീക്ഷാ ചെലവുകൾ, കറന്റ് ചാർജ്, സ്റ്റേഷനറി/പ്രിന്റിങ്, സിംഗിൾ വിന്റോ അഡ്മിഷൻ, കെമിക്കൽസ് & ഗ്ലാസ്‌വെയേഴ്സ് വാങ്ങൽ, യാത്രാ ബത്ത, വാഹന മെയിന്റനൻസ്, റിസേർച്ച് സ്കോളർഷിപ്പ് (നോൺ യു.ജി.സി.), ഒ.ഇ.&എം, ഓഡിറ്റ് ചാർജ് എന്നിവയാണ് നോൺ-പ്ലാൻ ഇനത്തിലുള്ള മറ്റ് പ്രധാന ചെലവുകൾ. ഇതിനു പുറമെ 05 കോടി രൂപ സർവ്വകലാശാല പെൻഷൻ ഫണ്ടിൽ തൻ വർഷം സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്.

ഭൂമി വാങ്ങുന്നതിനും മരാമത്ത് പണികൾക്കുമായാണ് പദ്ധതിയിനത്തിൽ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത്. ഇതിനായി 14,91,58,732/- രൂപ തൻ വർഷം പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിനത്തിലെ പ്രധാന ചെലവുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവ് (₹) |
| --- | --- |
| ഭൂമി വാങ്ങൽ | 1,11,03,351 |
| മരാമത്ത് പണികൾ | 13,80,55,381 |
| ബുക്ക് വാങ്ങൽ | 1,07,46,767 |
| പർച്ചേസ് | 5,75,12,237 |
| ഇ ഗവേർണൻസ് | 1,70,98,399 |
| റിസർച്ച് ഫെലോഷിപ്പ് | 88,66,520 |
| സെൻട്രൽ ലൈബ്രറി മോഡേണൈസേഷൻ | 9,00,000 |
| റിസർച്ച് പ്രൊജക്റ്റ്സ് ഫാക്കൽട്ടീസ് | 7,00,000 |
| മറ്റുള്ളവ | 2,33,37,509 |
| ആകെ | 26,83,20,164 |

## 1-8 എൻഡോവ്മെന്റുകൾ/ ചെയറുകൾ

കണ്ണൂർ സർവകലാശാലയിൽ നിലവിലുള്ള എൻഡോവ്മെന്റുകളുടെ/ ചെയറിന്റെ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | എൻഡോവ്മെന്റ് | നിക്ഷേപ നമ്പർ | നിക്ഷേപ തീയ്യതി | കാലാവധി തീയ്യതി | പലിശ നിരക്ക് (ശതമാനം) | തുക |
|---|---|---|---|---|---|---|
| 1 | ഹെർമൻ ഹെസെ യൂണിവേഴ്സിറ്റി എൻഡോവ്മെന്റ് | 36874609205 എസ്.ബി.ഐ, സൗത്ത് ബസാർ ബ്രാഞ്ച് | 09-05-2017 | 09-05-2022 | 6.25% | 2,78,366 |
| 2 | ബാരിസ്റ്റർ എം.കെ. നമ്പ്യാർ ചെയർ | 799010500253528 ജില്ലാട്രഷറി,കണ്ണൂർ. | 19-05-2017 | 18-05-2020 | 8.5% | 10,00,000 |
| 3 | -ടി- | 27803 ജില്ലാട്രഷറി,കണ്ണൂർ. | 30-10-2015 | 31-03-2019 | 9% | 5,00,000 |
| 4 | ഇ.കെ.നായനാർ ചെയർ ഫോർ പാർലമെന്ററി അഫയേഴ്സ് | 799010500510012 ജില്ലാട്രഷറി,കണ്ണൂർ. | 26-09-2018 | 26-09-2023 | 8.5% | 8,00,000 |
| 5 | പി.പി.ലക്ഷ്മണൻ എൻഡോവ്മെന്റ് | 38586846454 എസ്.ബി.ഐ, സൗത്ത് ബസാർ ബ്രാഞ്ച് | 02-07-2019 | 02-07-2020 | 7% | 1,08,775 |
| 6 | സുധാ കൃഷ്ണൻ എൻഡോവ്മെന്റ് | 27804 ജില്ലാട്രഷറി,കണ്ണൂർ. | 30-10-2015 | 06-10-2020 | 9% | 1,50,000 |
| 7 | -ടി- | 27770 ജില്ലാട്രഷറി,കണ്ണൂർ. | 21-10-2015 | | 9% | 1,50,000 |
| 8 | -ടി- | 28102 ജില്ലാട്രഷറി,കണ്ണൂർ. | 22-12-2015 | | 9% | 1,00,000 |
| ആകെ | | | | | | 30,87,141 |

എൻഡോവ്മെന്റ്/ചെയർ രജിസ്റ്റർ പരിശോധന – ശ്രദ്ധയിൽ പെട്ട അപാകങ്ങൾ

കണ്ണൂർ സർവകലാശാലയുടെ 1998ലെ ഒന്നാം സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ II ലെ 29 (1) (എഫ്) പ്രകാരം സമയാസമയങ്ങളിൽ സർവകലാശാല നിയമങ്ങൾ അനുശാസിക്കും വിധം എൻഡോവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടത് രജിസ്ട്രാറുടെ ചുമതലയാണ്. കണ്ണൂർ സർവകലാശാലയുടെ എൻഡോവ്മെന്റ് രജിസ്റ്റർ/ചെയർ രജിസ്റ്റർ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ നൽകുന്നു.

1. 2018-19 ലെ വാർഷിക കണക്ക് പ്രകാരം ചെയേഴ്സും എൻഡോവ്മെന്റും ഇനത്തിൽ 504-300 എന്ന ശീർഷകത്തിൽ പ്രതീക്ഷിത വരവ് 10,00,000 രൂപയും യഥാർത്ഥ വരവ് 39,266/- രൂപയുമാണ്. പ്രതീക്ഷിച്ചതിന്റെ .039% ശതമാനം മാത്രമാണ് വരവ്. എന്നാൽ വരവായി കാണിച്ച ഈ തുക രജിസ്റ്ററുമായി പൊരുത്തപ്പെട്ടു പോകുന്നില്ല. വിശദാംശം ചുവടെ നൽകുന്നു.

<table>
<tr><td colspan="3">2018-19 വർഷം വരവായി വന്നത്</td><td rowspan="2">ചെയറിന്റെ / എൻഡോവ്മെന്റിന്റെ പേര്</td></tr>
<tr><td>തീയതി</td><td>മൂലധനം</td><td>പലിശ</td></tr>
<tr><td>31.08.2018</td><td>--</td><td>1,58,053</td><td>ഇ. കെ. നായനാർ ചെയർ ഫോർ പാർലിമെന്ററി അഫയേഴ്സ്.</td></tr>
<tr><td>12.09.2018</td><td>---</td><td>19,500</td><td>സുധ കൃഷ്ണൻ എൻഡോവ്മെന്റ്</td></tr>
<tr><td>ആകെ</td><td></td><td>1,77,553</td><td></td></tr>
</table>

2. ബാരിസ്റ്റർ എം.കെ. നമ്പ്യാർ ചെയർ സംബന്ധിച്ച് 02.07.2014 ന ശേഷം പലിശയിനത്തിൽ വരവൊന്നും രേഖപ്പെടുത്തിയിട്ടില്ല. 26.11.2018 വരെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

3. ബാരിസ്റ്റർ എം.കെ. നമ്പ്യാർ ചെയർ സ്ഥാപിക്കുന്നതുമായ വ്യവസ്ഥകളിലെ നാലാമത് വ്യവസ്ഥ പ്രകാരം ചെയറിന ഹോണററി പ്രൊഫസറെ നിർദേശിച്ചിട്ടുണ്ട്. ഈ ചുമതല വഹിച്ചവരുടെ 2013-14 മുതലുള്ള കാലയളവിലെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

   i. ഫണ്ട് വരവ് സംബന്ധിച്ചും നീക്കിയിരിപ്പ് സംബന്ധിച്ചും കാലാനസൃതമായി രേഖപ്പെടുത്തൽ നടത്തുന്നില്ല.

   ii. ഓരോ സാമ്പത്തികവർഷവും ഓരോ നിക്ഷേപത്തിൻ മേലും വരവ് വന്ന പലിശ തുക സംബന്ധിയായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

   ii. കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ പുതുക്കിയോ ഇല്ലയോ എന്ന വിശദാംശങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല.

   iv. രജിസ്റ്ററിൽ ഉടക്കത്തിലെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് മുതൽ തുടർന്നുള്ള യാതൊരു രേഖപ്പെടുത്തലും മേലുദ്യോഗസ്ഥർ കാണുകയോ സാക്ഷ്യപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തതായി കാണുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ 21/15.01.2020 നം. റിക്വിസിഷൻ പ്രകാരം സർവകലാശാലയെ അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 1-9 വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കുന്നില്ല.കണ്ണൂർ സർവകലാശാലയിൽ സേവനാവകാശനിയമം നടപ്പിലാക്കിയിട്ടില്ല.

2012ൽ കേരള സംസ്ഥാന സേവനാവകാശനിയമം നിലവിൽ വരികയുണ്ടായി. സേവനങ്ങൾക്കായി സർവകലാശാലയെ സമീപിക്കുന്ന വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നിശ്ചിതസമയപരിധിക്കുള്ളിൽ സേവനങ്ങൾ നൽകേണ്ടതുണ്ട്.

നിലവിൽ ഒറിജിനൽ സർട്ടിഫിക്കറ്റിനുള്ള നിരവധി അപേക്ഷകൾ കുടിശ്ശികയുള്ളതായി കാണുന്നു. 2020 ഫിബ്രവരി വരെയുള്ള കണക്കുകൾ പ്രകാരം ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ലഭിച്ചതിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിരുദ വിഷയം | കുടിശ്ശികയുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | ബി.കോം. | 4900 |
| 2 | ബി.എസ്.സി. /ബി.സി.എ | 1456 |
| 3 | ബി.എ, / ബി.ബി.എ. | 2590 |

വിദ്യാർത്ഥികൾക്ക് സേവനം യഥാസമയം ലഭിക്കുന്നില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

സർവകലാശാലകൾ സേവനാവകാശനിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതിനാൽ കണ്ണൂർ സർവകലാശാലയിൽ നിന്ന് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നൽകേണ്ട സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ച് ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. എന്നാൽ സേവനാവകാശനിയമം കണ്ണൂർ സർവകലാശാലയിൽ നടപ്പിലാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടില്ല. സേവനാവകാശനിയമം സംസ്ഥാനത്ത് നടപ്പിലാക്കി 8 വർഷം പിന്നിട്ടിട്ടും കണ്ണൂർ സർവകലാശാലയിൽ നടപ്പിലാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് റിക്വസിഷന് (നം.02/01-11-2019) നൽകിയ മറുപടിയിൽ (നം.അഡ്മിൻ/ എഡി.ബി2/22328 /2019 തീയതി 20-12-2019) അമിത ജോലിഭാരവും ജീവനക്കാരുടെ കുറവും കാരണം സേവനാവകാശനിയമം കണ്ണൂർ സർവകലാശാലയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലെന്ന് അറിയിക്കുകയുണ്ടായി. പ്രസ്തുത മറുപടി തൃപ്തികരമല്ല. സേവനാവകാശനിയമം നടപ്പിലാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 അദ്ധ്യാപകവിഭാഗം ജീവനക്കാരുടെ സേവനപുസ്തകങ്ങൾ എഴുതി സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ.

കേരള സർവീസ് റൂൾ ഭാഗം-3, ചട്ടം-142 (അദ്ധ്യായം 10) പ്രകാരം ജീവനക്കാരന്റെ ഔദ്യോഗികജീവിതത്തിൽ സർവീസിനെയോ ശമ്പളത്തെയോ അനുകൂലമായോ പ്രതികൂലമായോ ബാധിക്കുന്ന എല്ലാ ഉത്തരവുകളും സംഭവങ്ങളും സർവീസ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതും രേഖപ്പെടുത്തിയ വിവരങ്ങൾ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമുണ്ട്. ഗസറ്റഡ് റാങ്കിലുള്ള ഓഫീസർമാരുടെ സേവനവിവരങ്ങൾ ഗസറ്റഡ് എൻടൈറ്റിൽമെന്റ് രജിസ്റ്ററിലാണ് (ജി.ഇ. രജിസ്റ്റർ) രേഖപ്പെടുത്തേണ്ടത്. കണ്ണൂർ സർവകലാശാല അദ്ധ്യാപകരുടെ സേവനവിവരങ്ങൾ ജി.ഇ രജിസ്റ്ററിലാണ് രേഖപ്പെടുത്തിവരുന്നത്.സർവകലാശാല അക്കാദമിക്ക് വിഭാഗത്തിലാണ് ഇവ സൂക്ഷിക്കുന്നത്. സർവകലാശാല അദ്ധ്യാപകവിഭാഗം ജീവനക്കാരുടെ ജി.ഇ. രജിസ്റ്റർ യഥാസമയം എഴുതി സൂക്ഷിക്കുന്നതിൽ സർവകലാശാല അക്കാദമിക്ക് വിഭാഗം ഗുരുതരമായ വിഴ്ച വരുത്തുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

1.അദ്ധ്യാപകരുടെ ജി.ഇ. രജിസ്റ്റർ ആരംഭിച്ചിട്ടില്ല.

സർവകലാശാല ജോലിയിൽ പ്രവേശിച്ച് 3 വർഷത്തോളം പിന്നിട്ടിട്ടും താഴെപ്പറയുന്ന അദ്ധ്യാപകരുടെ ജി.ഇ. രജിസ്റ്റർ ആരംഭിച്ചതായി കാണുന്നില്ല. സർവീസിൽ പ്രവേശിച്ച് ഒരാഴ്ചക്കകം തുറക്കേണ്ട സേവനപുസ്തകം നാളിതുവരെയായും തുറക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. വിശവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | ഐ.ഡി.നം. | വകുപ്പ് |
|---|---|---|---|
| 1 | സൗമ്യ.എൽ, അസിസ്റ്റന്റ്പ്രൊഫസർ | 559 | ബയോടെക്നോളജി &മൈക്രോബയോളജി |
| 2 | പ്രസന്നകുമാരി.ഇ.എസ്. | 560 | നിയമം |
| 3 | ആർ.കെ. സുനിൽകുമാർ | 776 | ഐ. ടി. |

2.സേവനപുസ്തകം വർഷങ്ങളായി അപ്ഡേറ്റ് ചെയ്യാതെ സൂക്ഷിക്കുന്നു.

കേരള സർവീസ് റൂൾ ഭാഗം-3, ചട്ടം-142 ജീവനക്കാരന്റെ ഔദ്യോഗിക ജീവിതത്തിൽ സർവീസിനെയോ ശമ്പളത്തെയോ അനുകൂലമായോ പ്രതികൂലമായോ ബാധിക്കുന്ന എല്ലാ ഉത്തരവുകളും സംഭവങ്ങളും സർവീസ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതും രേഖപ്പെടുത്തിയ വിവരങ്ങൾ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമുണ്ട്. എന്നാൽ അദ്ധ്യാപകവിഭാഗം ജീവനക്കാരുടെ സേവനപുസ്തകങ്ങളിൽ യഥാസമയങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ലെന്ന് മാത്രമല്ല, സർവീസിനെയോ ശമ്പളത്തെയോ ബാധിക്കുന്ന വിവരങ്ങൾ വർഷങ്ങൾ പിന്നിട്ടിട്ടും രേഖപ്പെടുത്തിയിട്ടില്ല. കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രൊമോഷൻ, ഇൻക്രിമെന്റ്, അധികയോഗ്യതക്കുള്ള (പി.എച്ച്.ഡി, എം.ഫിൽ. മുതലയാവ) അഡ്വാൻസ് ഇൻക്രിമെന്റ്, യു.ജി.സി. ശമ്പളപരിഷ്കരണം, വിവിധ അവധികൾ,ലീവ് സറണ്ടർ, വിരമിക്കൽ വിവരം തുടങ്ങി ഔദ്യോഗികജീവിതത്തിൽ സർവീസിനെയോ ശമ്പളത്തെയോ അനുകൂലമായോ പ്രതികൂലമായോ ബാധിക്കുന്ന ഉത്തരവുകൾ യഥാസമയം രേഖപ്പെടുത്താത്തത് ഗുരുതരമായ വിഴ്ചയാണ്. 2018-2019 ഓഡിറ്റ് വാല്യം പ്രകാരമുള്ള 60 ജീവനക്കാരുടെ ജി.ഇ. രജിസ്റ്ററുകളിൽ 10 എണ്ണത്തിൽ മാത്രമാണ് വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുള്ളത്. അദ്ധ്യാപകർ വിരമിക്കുന്ന സമയത്ത് മാത്രമാണ് സർവീസ് രജിസ്റ്ററിലെ എൻടികൾ പൂർത്തീയാക്കി പരിശോധനക്ക് ലഭ്യമാക്കുന്നത്. സർവകലാശാല ഉത്തരവുകൾ പ്രകാരം സർവീസിനെയോ ശമ്പളത്തെയോ ബാധിക്കുന്ന വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താതെ വർഷങ്ങൾ പിന്നിട്ട ശേഷം രേഖപ്പെടുത്തുമ്പോൾ നിരവധി വിവരങ്ങൾ രേഖപ്പെടുത്തുവാൻ വിട്ട് പോകുന്നതിനുള്ള സാധ്യതയാണുള്ളത്. മാത്രവുമല്ല, സ്ഥലം മാറ്റം ലഭിച്ച വരുന്ന പുതിയ ജീവനക്കാർക്ക് സർവീസ് ബുക്കിലെ എൻടി കുടിശ്ശിക സംബന്ധിച്ച് കൃത്യമായ ധാരണയുണ്ടാകാനും സാധ്യതയില്ല.

സേവനപുസ്തകങ്ങളിലെയും ജി.ഇ. ആറിലെയും രേഖപ്പെടുത്തലുകൾ പരിശോധിച്ചാണ് ജീവനക്കാരുടെ ശമ്പളനിർണ്ണയം, പെൻഷൻ പ്രൊപ്പോസൽ മുതലായവ ഈ ഓഫീസ് അംഗീകരിക്കുന്നത്. സർവീസ് ബുക്കിൽ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താതെ വർഷങ്ങൾ കഴിഞ്ഞ് രേഖപ്പെടുത്തുമ്പോൾ നിരവധി വിവരങ്ങൾ വിട്ട് പോകുവാനും അതു വഴി അനർഹമായ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് അനുവദിക്കുവാനും സാധ്യതയുണ്ട്.
ദീർഘകാലമായി രേഖപ്പെടുത്തലുകൾ വരുത്താത്ത സേവനപുസ്തകങ്ങൾക്ക് ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | റിമാർക്സ് |
|---|---|---|
| 1 | ഡോ:ബി.ബിന്ദു, അസോസിയേറ്റ് പ്രൊഫസർ, ആന്ത്രപ്പോളജി പഠനവകുപ്പ്. | 24-01-2003ന് ജോലിയിൽ പ്രവേശിച്ച സമയം നടത്തിയ രേഖപ്പെടുത്തലുകൾ മാത്രമാണുള്ളത്. 16 വർഷത്തെ സർവീസ് സംബന്ധിയായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ഡോ:സി. സദാശിവൻ, പ്രൊഫസർ, ബയോടെക്നോളജി & മൈക്രോബയോളജി വകുപ്പ്. | 01-07-2013 ന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 3 | ഡോ:സിനി.എം, അസിസ്റ്റന്റ് പ്രൊഫസർ, ആന്ത്രപ്പോളജി പഠനവകുപ്പ്. | 08-03-2011 ന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 4 | ഡോ: കെ.പി. സന്തോഷ്, അസോസിയേറ്റ് പ്രൊഫസർ, ഫിസിക്സ് പഠനവകുപ്പ്. | 20-01-2011 ന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 5 | ഡോ:മഞ്ജുളപൊയിൽ, അസിസ്റ്റന്റ്പ്രൊഫസർ, ഹിസ്റ്ററി & ഹെറിറ്റേജ് സയൻസ് പഠനവകുപ്പ് | 18-12-2015 ന് ജോലിയിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 6 | കാർത്തികേയൻ,പി, അസിസ്റ്റന്റ് പ്രൊഫസർ, മാനേജ്മെന്റ് സ്റ്റഡീസ്. | 09-12-2015 ന് ജോലിയിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 7 | കൃഷ്ണപ്രിയ, അസിസ്റ്റന്റ് പ്രൊഫസർ, മാനേജ്മെന്റ് സ്റ്റഡീസ്. | 17-12-2015 ന് ജോലിയിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 8 | സൂരജ്. എം. ബഷീർ, മോളിക്യലാർ ബയോളജി | 16-12-2015 ന് ജോലിയിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം രേഖപ്പെടുത്തലുകളില്ല. അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 9 | അനീഷ്കുമാർ കെ.പി, അസിസ്റ്റന്റ് പ്രൊഫസർ, മാനേജ്മെന്റ് സ്റ്റഡീസ്. | 11-12-2015 ന് ജോലിയിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 10 | മനോജ്.കെ, അസിസ്റ്റന്റ് പ്രൊഫസർ, എൻവയൺമെന്റൽ സയൻസ് | 23-03-2016 ന് ജോലിയിൽ പ്രവേശിച്ച ശേഷം രേഖപ്പെടുത്തലുകളില്ല. |

| | | |
|---|---|---|
| 11 | സീതകക്കോത്ത്, അസിസ്റ്റന്റ് പ്രൊഫസർ, റൂറൽ & ട്രൈബൽ സോഷ്യോളജി | 18-12-2015 ന് ജോലിയിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 12 | ഹരീന്ദ്രൻ.പി, അസിസ്റ്റന്റ് പ്രൊഫസർ, റൂറൽ & ട്രൈബൽ സോഷ്യോളജി | 29-03-2016 ന് ജോലിയിൽ പ്രവേശിച്ചതിന് ശേഷം രേഖപ്പെടുത്തലുകളില്ല. |
| 13 | അരുൺ.ബി, അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഹെൽത്ത് സയൻസസ് | 30-12-2015 ന് ജോലിയിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം രേഖപ്പെടുത്തലുകളില്ല. |

3. സേവനപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അക്കാദമിക്ക് വിഭാഗത്തിൽ അദ്ധ്യാപകജീവനക്കാരുടെ സേവനപുസ്തകങ്ങൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ജീവനക്കാരുടെ സേവനപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഉചിതമായ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

4. യോഗ്യത സംബന്ധിച്ച രേഖപ്പെടുത്തലുകൾ സമ്പൂർണ്ണമാക്കിയിട്ടില്ല.

പി.എച്ച്.ഡി, എം.ഫിൽ. തുടങ്ങിയ യോഗ്യത സർട്ടിഫിക്കറ്റുകളുടെ വിവരം സർട്ടിഫിക്കറ്റ് നമ്പർ, പാസായ തീയതി തുടങ്ങിയ വിവരങ്ങൾ സഹിതമാണ് സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടത്. ഇത്തരം യോഗ്യതയുടെ അടിസ്ഥാനത്തിൽ അഡ്വാൻസ് ഇൻക്രിമെന്റ്, കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രൊമോഷൻ, എന്നിവ അനുവദിക്കുമ്പോൾ യോഗ്യത നേടിയ തീയതി വളരെ പ്രാധാന്യമുള്ളതാണ്. എന്നാൽ യോഗ്യതയുടെ രേഖപ്പെടുത്തലുകൾ സേവനപുസ്തകങ്ങളിൽ ഭാഗികമാണ്. യോഗ്യത സംബന്ധിച്ച രേഖപ്പെടുത്തലുകൾ സമ്പൂർണ്ണമാക്കേണ്ടതും പി.എച്ച്.ഡി, എം.ഫിൽ. തുടങ്ങിയ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സൂക്ഷിക്കേണ്ടതുമാണ്.

അദ്ധ്യാപക ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിക്കുന്നതിലുണ്ടായ മേൽ സൂചിപ്പിച്ച ഗുരുതരമായ വീഴ്ചകൾ പരിഹരിക്കേണ്ടതും ജി ഇ രജിസ്റ്ററുകൾ സമ്പൂർണ്ണമാക്കി ലഭ്യമാക്കേണ്ടതുമാണ്.

## 1-11 സർവകലാശാലയിൽ സ്ഥിരം അദ്ധ്യാപകരില്ല.കോഴ്സുകൾ നിർത്തലാക്കേണ്ടിവരുന്ന സാഹചര്യം ഉടലെടുക്കുന്നു.പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും ഗണ്യമായ കുറവ്.

യു.ജി.സി. 2010 റഗുലേഷൻസ് സെക്ഷൻ 6.5.2 പ്രകാരം ബിരുദാനന്തരബിരുദപഠന വകുപ്പിൽ ഒരു പ്രൊഫസർ തസ്തികയെങ്കിലും ഉണ്ടാകേണ്ടതാണ്. അതുപോലെ സെക്ഷൻ 12.1 പ്രകാരം ഒരു പ്രൊഫസർക്ക് 2 അസോസിയേറ്റ് പ്രൊഫസറും 4 അസിസ്റ്റന്റ് പ്രൊഫസറും എന്ന പിരമിഡിൽ ഉള്ള അധ്യാപക തസ്തികകളാണ് ഒരു പഠനവകുപ്പിന് അഭികാമ്യമെന്നും പറയുന്നുണ്ട്. എന്നാൽ കണ്ണൂർ സർവകലാശാലയുടെ മിക്ക പഠനവകുപ്പുകളിലും പ്രൊഫസർ തസ്തിക ഉൾപ്പെടെയുള്ള അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. കരാർ അടിസ്ഥാനത്തിലെ അധ്യാപകരും ഗസ്റ്റ് അധ്യാപകരുമാണ് സർവകലാശാലയിലെ മിക്ക വകുപ്പുകളിലും അധ്യാപനം നടത്തുന്നത്.

2018–2019 വർഷത്തിൽ സർവകലാശാലയിൽ നിലവിലുള്ളതും കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുടെയും വിശദാംശങ്ങൾ.

| ക്രമ നം. | വകുപ്പ് / സെന്ററിന്റെ പേര് | സർക്കാർ അനുവദിച്ച തസ്തികകളുടെ എണ്ണം | നിലവിൽ സ്ഥിരം ജോലി ചെയ്യുന്ന വരുടെ എണ്ണം | സ്ഥിരം തസ്തികയിൽ നിലവിലുള്ള ഒഴിവ് | കരാർ / അതിഥി / ദിവസ വേതന നിയമനം | റിമാർക്സ് |
|---|---|---|---|---|---|---|
| | തലശ്ശേരി കാമ്പസ് | | | | | |
| 1 | ഇംഗ്ലീഷ് | 7 | 3 | 4 | 4 | |
| 2 | എക്കണോമിക്സ് | 4 | 2 | 2 | 2 | |
| 3 | ആന്ത്രപ്പോളജി | 6 | 3 | 3 | 3 | |
| 4 | ലൈഫ് സയൻസ്, ബയോടെക്നോളജി & മൈക്രോബയോജി | 8 | 6 | 2 | 2 | |
| 5 | മാനേജ്മെന്റ് സ്റ്റഡീസ് (ഡിപ്പാർട്ട്മെന്റ്) | 9 | 4 | 5 | 2 | |
| 6 | ലീഗൽ സ്റ്റഡീസ് | 4 | 3 | 1 | 8+2 (Hourly basis) | |
| 7 | ഹെൽത്ത് സയൻസ് | 3 | 1 | 2 | 11+1(Hourly basis) | |
| 8 | ലൈബ്രറി & ഇൻഫർമേഷൻ സയൻസ് | 2 | 1 | 1 | 3 | |
| 9 | ഐ. ടി. എഡ്യുക്കേഷൻ സെന്റർ | 0 | 0 | 0 | 5 | |
| | മാങ്ങാട്ട്പറമ്പ് കാമ്പസ് | | | | | |
| 10 | ഫിസിക്കൽ എഡ്യുക്കേഷൻ | 4 | 2 | 2 | 14 | |
| 11 | ഐ.ടി. വകുപ്പ് | 8 | 4 | 4 | 6 | |
| 12 | മാത്തമാറ്റിക്സ് | 2 | 1 | 1 | 3 | |
| 13 | സ്റ്റാറ്റിസ്റ്റിക്സ് | 2 | 1 | 1 | 3 | |

| | | | | | | |
|---|---|---|---|---|---|---|
| 14 | ബിഹേവിയറൽ സയൻസ് | 2 | 1 | 1 | 3 | |
| 15 | ഹിസ്റ്ററി & ഹെറിറ്റേജ് സ്റ്റഡീസ് | 2 | 1 | 1 | 3 | |
| 16 | എൻവയൺമെന്റൽ സയൻസ് | 2 | 1 | 1 | 3 | |
| 17 | പെഡഗോഗിക്കൽ സയൻസ് | 2 | 1 | 1 | 3 | |
| 18 | വുഡ് സയൻസ് & ടെക്നോളജി | 3 | 0 | 3 | 4 | |
| 19 | സെന്റർ ഫോർ മാസ് കമ്മ്യൂണിക്കേഷൻ & ജേർണലിസം | 1 | 0 | 1 | 4 | |
| 20 | സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ് | 0 | 0 | 0 | 5 | |
| 21 | ടീച്ചർ എഡ്യുക്കേഷൻ സെന്റർ, ധർമ്മശാല | 0 | 0 | 0 | 9+1 (Hourly basis) | |
| പയ്യന്നൂർ കാമ്പസ് | | | | | | |
| 22 | ഫിസിക്സ് | 3 | 3 | 0 | 1 | |
| 23 | കെമിസ്ട്രി | 3+1* | 3** | 0 | 1 | |
| 24 | ജിയോഗ്രഫി | 2 | 1 | 1 | 3 | |
| 25 | മ്യൂസിക് | 3 | 2 | 1 | 2 | |
| നീലേശ്വരം കാമ്പസ് | | | | | | |
| 26 | മലയാളം | 3 | 3 | 0 | 1+1 part time | |
| 27 | മോളിക്യൂലാർ ബയോളജി | 2 | 1 | 1 | 3 | |
| 28 | ഹിന്ദി | 2 | 0 | 2 | 4 | |
| 29 | എം.ബി.എ. സെന്റർ | 0 | 0 | 0 | 5 | |
| 30 | ഐ.ടി. എഡ്യുക്കേഷൻ സെന്റർ | 0 | 0 | 0 | 3 | |
| മാനന്തവാടി കാമ്പസ് | | | | | | |
| 31 | സുവോളജി | 3 | 1 | 2 | 3 | |

| | | | | | | |
|---|---|---|---|---|---|---|
| 32 | റൂറൽ & ട്രൈബൽ സോഷ്യോളജി | 2 | 2 | 0 | 2 | |
| 33 | ടീച്ചർ എഡ്യുക്കേഷൻ സെന്റർ | 0 | 0 | 0 | 7+2 (Hourly basis) | |
| കാസർഗോഡ് കാമ്പസ് | | | | | | |
| 34 | കന്നട | 0 | 0 | 0 | 1 | |
| 35 | ടീച്ചർ എഡ്യുക്കേഷൻ സെന്റർ | 0 | 0 | 0 | 8+2 (Hourly basis) | |
| | | 94 | 51 | 43 | 153 | |

*നാനോ സയൻസ് വകുപ്പിൽ സർക്കാർ അനുവദിച്ച ഒരു തസ്തികയടക്കം.

**നാനോ സയൻസ് വകുപ്പ് പ്രവർത്തനമാരംഭിക്കാത്തതിനാൽ നാനോ സയൻസിൽ നിയമിച്ച അദ്ധ്യാപകനെ രസതന്ത്രവകുപ്പിലേക്ക് മാറ്റി.

വിദ്യാർത്ഥി - അധ്യാപക അനുപാതം തൃപ്തികരമാകാത്ത, ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ മാത്രമേ കരാർ നിയമനം നടത്താവൂ എന്നും ഏത് അവസരത്തിലും കരാർ അധ്യാപകനിയമനം സർവകലാശാലയിലെ ആകെ അധ്യാപക തസ്തികകളുടെ 10%-ത്തിൽ അധികരിക്കാൻ പാടില്ലെന്നും 2010 യു.ജി.സി. റെഗുലേഷൻ സെക്ഷൻ 13.1 -ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കണ്ണൂർ സർവകലാശാലയിലെ പഠനവകുപ്പുകളിൽ കരാർ അധ്യാപകരുടെ എണ്ണം ആകെ അധ്യാപക തസ്തികകളുടെ പത്ത് ശതമാനത്തിലും വളരെ കൂടുതലാണെന്ന് മേൽ സൂചിപ്പിച്ച പട്ടികയിൽ നിന്ന് വ്യക്തമാണ്. മാത്രവുമല്ല, കണ്ണൂർ സർവാകലാശാലയുടെ തലശ്ശേരി കാമ്പസിലെ ഐ.ടി. എഡ്യുക്കേഷൻ സെന്റർ, മാങ്ങാട്ട് പറമ്പ കാമ്പസിലെ വുഡ് സയൻസ് & ടെക്നോളജി, സെന്റർ ഫോർ മാസ് കമ്മ്യൂണിക്കേഷൻ & ജേർണലിസം, സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ്, നീലേശ്വരം കാമ്പസിലെ ഹിന്ദി പഠനവകുപ്പ്, എം.ബി.എ. സെന്റർ, കാസർഗോഡ് കാമ്പസിലെ കന്നട പഠനവകുപ്പ്, സർവകലാശാലയുടെ മൂന്ന് ബി.എഡ്. സെന്ററുകൾ (കാസർഗോഡ്, ധർമ്മശാല, മാനന്തവാടി) എന്നീ സ്ഥാപനങ്ങളിലൊന്നും തന്നെ ഒരു സ്ഥിരം അദ്ധ്യാപകൻ പോലുമില്ല. കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ നിയമിക്കുന്ന അദ്ധ്യാപകരാണ് ഇവിടെ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന അധ്യാപകർക്ക് ട്രെയിനിംഗുകളോ റിഫ്രഷർ കോഴ്സുകളോ ലഭിക്കുന്നതിന് അവസരമില്ലാത്തതിനാൽ അധ്യാപനനിലവാരം ഉറപ്പുവരുത്താൻ ആകുന്നില്ല.

ഉന്നതവിദ്യാഭ്യാസ വികസനത്തിനും ഗവേഷണത്തിനും ഒരു സർവകലാശാലയ്ക്ക് അവശ്യം വേണ്ടത് സാങ്കേതികപരിജ്ഞാനവും അതാത് വിഷയമേഖലകളിൽ അഗാധ ജ്ഞാനവും പരിചയസമ്പത്തുമുള്ള ഒരു അധ്യാപക സമൂഹമാണ്. എന്നാൽ കണ്ണൂർ സർവകലാശാലയിലെ സെന്ററുകളിലും പഠനവകുപ്പുകളിലും നിരവധി അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്.

പ്രവേശനത്തിന് അപേക്ഷകരില്ലാത്തതിനാൽ സർവകലാശാലയുടെ താഴെപ്പറയുന്ന സെന്ററുകളിലെ കോഴ്സുകൾ സർവകലാശാലക്ക് നിർത്തലാക്കേണ്ടിവന്നു. താൽക്കാലിക അധ്യാപകരുടെ സേവനം മാത്രമാണ് നിർത്തലാക്കിയ കേന്ദ്രങ്ങളിൽ ഉണ്ടായിരുന്നത്. അതിനൂതന സാങ്കേതിക വിദ്യാപരിജ്ഞാനവും വിഷയ വൈദഗ്ധ്യവും വ്യക്തമായ കാഴ്ചപ്പാടുമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ/ ഭാവി തലമുറയെ വാർത്തെടുക്കുന്നതിന് പ്രാപ്തരായ പരിചയസമ്പന്നരായ അധ്യാപകരുടെ കുറവാണ്

സെന്ററുകൾ അടച്ച് പൂട്ടുന്നതിനും അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതിനും പ്രധാനകാരണമെന്ന് വ്യക്തമാണ്.

അടച്ച് പൂട്ടിയ സർവകലാശാല സെന്ററുകൾ / വകുപ്പുകൾ

| ക്രമ നം | സെന്ററിന്റെ പേര് | കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | ഐ.ടി. എഡ്യുക്കേഷൻ സെന്റർ, നീലേശ്വരം | എം.സി.എ. | 35, അപേക്ഷകരില്ലാത്തതിനാൽ 2016 വർഷം മുതൽ പ്രവേശനം നടത്തിയിട്ടില്ല. |
| 2 | ഐ.ടി. എഡ്യുക്കേഷൻ സെന്റർ, കാസർഗോഡ്. | എം.സി.എ | -ടി- |
| 3 | സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ്, കാസർഗോഡ് | എം.ബി.എ. | -ടി- |

| ക്രമ നം. | സെന്ററിന്റെ പേര് | കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | ഹെൽത്ത് സയൻസ്, തലശ്ശേരി കാമ്പസ് | 1. എം.എസ്.സി.മെഡിക്കൽ മൈക്രോബയോളജി (2 വർഷം) | 15 |
| | | 2. എം.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (3വർഷം). | 5 |
| | | 3. എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (2 വർഷം) | 15 |
| | | 4. എം.എസ്.സി .മെഡിക്കൽ ബയോകെമിസ്ട്രി (3 വർഷം) | 5 |

<u>പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വളരെയധികം കുറവുണ്ടായ സെന്ററുകൾ / വകുപ്പുകൾ</u>

| ക്രമ നം | സെന്ററിന്റെ പേര് | കോഴ്സ് | സീറ്റുകളുടെ എണ്ണം | 2018-19 ൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം |
|---|---|---|---|---|
| 1 | പെഡഗോഗിക്കൽ സയൻസ്, ധർമ്മശാല, മാങ്ങാട്ട്പറമ്പ കാമ്പസ് | എം.എഡ്. | 50 | 36 |
| 2 | ഹിന്ദി പഠനവകുപ്പ്, നീലേശ്വരം കാമ്പസ് | എം.എ, ഹിന്ദി | 25 | 2017-2019 ബാച്ച്- 9<br>2018-2020 ബാച്ച്- 17 |

പലപ്പോഴും കരാർ അധ്യാപകർ തന്നെയാണ് ഓഫീസ് ജോലികളും ചെയ്തുപോരുന്നത്. ഓഫീസ് ജോലികളിൽ പ്രാവീണ്യമില്ലാതെയുള്ള പ്രവർത്തനരീതി എല്ലാ സെന്ററുകളിലേയും ഭരണനിർവ്വഹണത്തേയും രജിസ്റ്ററുകളുടെ പരിപാലനത്തേയും സാരമായി ബാധിക്കുന്ന നിലയാണ്. പല സെന്ററുകളിലും താല്ക്കാലിക അടിസ്ഥാനത്തിലെ (ദിവസവേതന/ കരാർ) അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകളുടെ സേവനംപോലും ലഭ്യമാകുന്നില്ല. ഈ സാഹചര്യങ്ങളിൽ അധ്യാപകർ അഡ്മിനിസ്ട്രേറ്റീവ്

കാര്യങ്ങളും ശ്രദ്ധിക്കുന്നതിന് നിർബന്ധിതരായി തീരുന്നു. അധ്യാപനത്തിനൊപ്പം വിദ്യാർത്ഥികളുടെ വിവിധ ഫീസ് കളക്ഷനുകൾ, ഇ-ഗ്രാന്റ്സ്, ബന്ധപ്പെട്ട രജിസ്റ്ററുകളുടെ പരിപാലനം, പരീക്ഷാ നടത്തിപ്പ്, ദിവസവേതന/ കാഷ്വൽ ലേബറേഴ്സിന്റെ സേവന/ വേതന കാര്യങ്ങൾ തുടങ്ങിയ ഓഫീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പരിശീലനമോ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോ സർവകലാശാലയിൽ നിന്ന് ലഭ്യമാകുന്നില്ല. ഇത് പാഠ്യപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. സർവ്വകലാശാലയുടെ അക്കാഡമിക്ക് ഗുണനിലവാരം നിലനിർത്തുവാന് വിദഗ്ധരായ/പരിചയസമ്പന്നരായ അദ്ധ്യാപകരുടെ നിയമനം അത്യാവശ്യമാണ്.

## 1-12 പെൻഷൻ ഫണ്ടിൽനിന്നും പെൻഷൻ ചെലവുകൾ നടത്തുന്നില്ല

1996 ലെ കണ്ണൂർ സർവ്വകലാശാല നിയമത്തിലെ 82ാം വകുപ്പ് പ്രകാരം സർവ്വകലാശാലയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോട് കൂടി സർവകലാശാലയുടെ കീഴിലുള്ള ജീവനക്കാർക്കായി ഓർഡിനൻസിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ 07.12.2005 ലെ 33223/ബി2/2005/07 നമ്പർ കത്ത് പ്രകാരം അനുമതി ലഭിച്ചതിനെ തുടർന്ന് സിണ്ടിക്കേറ്റിന്റെ 21.02.2006ലെ 086--2006 തീരുമാന പ്രകാരം കണ്ണൂർ സർവകലാശാലയിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചു. (ഫിൻ/എ.എ,ആർ /എസ്.എ.എഫ് /2005—06 തീയ്യതി 27.03.2006)

31.03.2019 വരെ കണ്ണൂർ സർവകലാശാല 57,00,00,000 പെൻഷൻ ഫണ്ടിനത്തിൽ കണ്ണൂർ ജില്ലാ ട്രഷറിയിൽ സ്ഥിര നിക്ഷേപമായി നിക്ഷേപിച്ചിട്ടുണ്ട് . 2018-19 വർഷം നിക്ഷേപിച്ച 5,00,00,000 രൂപ ഉൾപ്പെടെയാണ് ഈ തുക. നിലവിൽ 130 ജീവനക്കാർ സർവകലാശാലയിൽനിന്നും പെൻഷൻ കൈപ്പറ്റുന്നുണ്ട്.

പെൻഷൻ ഫണ്ട് രൂപീകരച്ച് 14 വർഷം കഴിഞ്ഞിട്ടും പെൻഷൻ ഫണ്ടിനുള്ള ചട്ടങ്ങൾ രൂപീകരിക്കുകയോ പെൻഷൻ ഫണ്ടിൽ നിന്നും ചെലവ് നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ സർവകലാശാലയിൽ പെൻഷൻ ഫണ്ടിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ സർവകലാശാല ഫണ്ടിൽ നിന്ന് തന്നെയാണ് പെൻഷൻ ചെലവുകൾ വഹിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിലുൾപ്പെടുന്ന ജീവനക്കാർക്ക് വേണ്ടി അവരുടെ ശമ്പളം, ഡി.എ. ഉൾപ്പെടുന്ന തുകയുടെ നിശ്ചിതശതമാനം (മിനിമം 25% തുകയെങ്കിലും) പെൻഷൻ ഫണ്ടിലേക്ക് എല്ലാ മാസവും മാറ്റുന്നതിനും പെൻഷൻ ചെലവുകൾ പെൻഷൻ ഫണ്ടിൽ നിന്ന് മാത്രം വഹിക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകളിലെ അപാകങ്ങൾ.

കണ്ണൂർ സർവകലാശാലയിലുള്ള ഇലക്ട്രോണിക് സാധനങ്ങൾ, ഫർണ്ണിച്ചറുകൾ മുതലായവയുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ ക്രമീകരിച്ച് സൂക്ഷിക്കുന്നില്ല. ഓരോ വാങ്ങലുകളും സാധനം വാങ്ങിയ തീയതിയുടെ ക്രമത്തിൽ വ്യത്യസ്ത പേജുകളിലായി തുടർച്ചയായി ചേർക്കുകയാണ് ചെയ്യുന്നത്. ഇത് കാരണം ഒരേ ഇനത്തിൽ പെട്ട സാധനം തന്നെ വാങ്ങിയ തീയതിയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത പേജുകളിലായി ചേർക്കപ്പെടുന്നു.

മേൽ അപാകത മൂലം ഓരോ ഇനത്തിലും എത്ര സാധനങ്ങൾ ഗുഡ് കണ്ടീഷനിൽ ഉണ്ടെന്നും ഉപയോഗത്തിലുണ്ടെന്നും മനസിലാക്കാൻ കഴിയില്ല. ഉദാഹരണത്തിന് ആകെ എത്ര മേശ, കസേര, ഷെൽഫ് അല്ലെങ്കിൽ കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമായി ഉണ്ടെന്നത് ഈ സ്റ്റോക്ക് രജിസ്റ്ററിൽനിന്നും മനസിലാക്കുക ബുദ്ധിമുട്ടാണ്. അതുപോലെ തന്നെ വി.സി. യുടെ ഓഫീസിലേക്കുള്ള വാങ്ങലുകൾ പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇതിനായി ഒരു പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയാണ് ചെയ്യുന്നത്.

വാങ്ങുന്ന സാധനങ്ങൾ ഇനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്യേണ്ടിയിരുന്നത്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ട വിധം സംബന്ധിച്ച് കേരള ഫിനാൻഷ്യൽ കോഡിലെ 149 മുതൽ 162 വരെയുള്ള ആർട്ടിക്കിളുകളിൽ വിശദമായി പരാമർശിക്കുന്നുണ്ട്. ഇതിനനുസൃതമായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സർവകലാശാലയിലെ പ്രധാന ആസ്തികളിൽ ഉൾപ്പെടുന്നതാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇവയുടെ പരിപാലനത്തിനായി കേരള ധനകാര്യ വകുപ്പിന്റെ 24-09-2010 ലെ 86/2010/ധന. നമ്പർ സർക്കുലറിൽ നിർദ്ദേശിക്കുന്ന തരത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം സ്റ്റോക്ക് രജിസ്റ്റർ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി അക്കൗണ്ടിന്റെ കൂടെ ബാലൻസ് ഷീറ്റ് ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സ്യൂട്ട് രജിസ്റ്റർ രേഖപ്പെടുത്തലുകളിലെ അപാകങ്ങൾ.

കണ്ണൂർ സർവകലാശാല നടത്തുന്ന കേസുകളുടെയും സർവകലാശാലയ്ക്ക് എതിരെയുള്ള കേസുകളുടെയും ചുമതല രജിസ്ട്രാറിനാണ് (അധ്യായം-III നിയമം 14(3), കണ്ണൂർ സർവകലാശാല നിയമം 1996). ഇതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും വിവിധ വ്യവഹാരങ്ങളുടെ പുരോഗതി മനസിലാക്കുന്നതിനുമായി ഒരു ഏകീകൃത കേസ് രജിസ്റ്ററോ ഫയലോ രജിസ്ട്രാറുടെ സെക്ഷനിൽ സൂക്ഷിക്കുന്നില്ല. പകരം വിവിധ സെക്ഷനുകളിലായി വ്യത്യസ്ത വ്യവഹാര രജിസ്റ്റർ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. താഴെ പറയുന്ന സെക്ഷനുകളിൽ പ്രത്യേകം രജിസ്റ്ററുകളുണ്ട് (EP -I, EP -II, EP -III, EM, Acad D, Acad G, PLD A, Ad E, EC -I and II, Administration A, SDE-I, Admin C, EP -V, EP -I, PLD -B, Ad.B, Acad C, PLD E, Single window, Admission Cell -acad).

സർവകലാശാല നടത്തുന്നതും സർവകലാശാലയ്ക്ക് എതിരെയും ഉള്ള വിവിധ കേസുകളുടെ പുരോഗതിയും ഫീസ് വിവരങ്ങളും നിരീക്ഷിക്കുന്നതിനും തുടർനടപടികൾ സുഗമമാക്കുന്നതിനുമായി ഒരു ഏകീകരിച്ച സ്യൂട്ട് രജിസ്റ്റർ രജിസ്ട്രാർ സെക്ഷനിൽ സൂക്ഷിക്കേണ്ടതാണ്.

## 1-15 മാങ്ങാട്ടു പറമ്പ കാമ്പസ് - സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷനിലെ ബി.പി.എഡ്, എം.പി.എഡ് കോഴ്സുകളുടെയും സർവകലാശാല സെന്ററുകളിലെ ബി.എഡ്, എം.എഡ് കോഴ്സുകളുടെയും NCTE അംഗീകാരം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് വ്യക്തതയില്ല.

കണ്ണൂർ സർവ്വകലാശാലയുടെ മാങ്ങാട്ടുപറമ്പ ക്യാമ്പസിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ ബി.പി.എഡ്, എം.പി.എഡ്- കോഴ്സുകൾക്ക് 2018-19 വർഷത്തിൽ അംഗീകാരം ലഭിച്ചതായി NCTE വെബ് സൈറ്റിൽ കാണുന്നില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും 2017-18 അധ്യയന വർഷം NCTE തുടർ അംഗീകാരം ലഭ്യമാകുന്നതിനായി 31.05.2016 തീയതിയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയരക്ടർ അപേക്ഷ സമർപ്പിച്ചതായി കണ്ടു. NCTE റഗുലേഷൻ 2014 നിഷ്കർഷിക്കുന്ന സ്ഥിരം ജീവനക്കാർ വകുപ്പിൽ ഇല്ലെന്ന കാരണത്താൽ പ്രസ്തുത അപേക്ഷ NCTE

നിരസിച്ചിരുന്നു. തുടർ നടപടിയായി NCTE ആക്ട് 1993 പ്രകാരം ഡയരക്ടർ അപ്പീൽ സമർപ്പിച്ചിരുന്നു. NCTE റഗുലേഷൻസ് പ്രകാരമുള്ള സ്റ്റാഫ് സ്റ്റെങ്ങ്ത് നിലനിർത്തുന്നതിന് സർവകലാശാല നടപടികൾ സ്വീകരിക്കാത്തതിനാലാണ് അപേക്ഷ തള്ളിയതും അപ്പീൽ നൽകേണ്ടി വന്നതും. ഇതിനായി അപ്പീൽ ഫീസ് ഇനത്തിൽ ഒടുക്കിയ 50,250/- രൂപ (ബാങ്ക് ചാർജ് ഉൾപ്പെടെ) വൗച്ചർ നം.481/11-06-2018 പ്രകാരം ഫിസിക്കൽ എഡ്യുക്കേഷൻ ഡയരക്ടർക്ക് സർവകലാശാല റീഇംബേഴ്സ് ചെയ്തു നൽകുകയുണ്ടായി. എന്നാൽ NCTE യുടെ 24.08.2018 തീയതിയിലെ F.No.89-352/E-74361/2018 Appeal/69426 നമ്പർ കത്ത് പ്രകാരം അപ്പീൽ തള്ളുകയും അപ്പീൽ ഫീ തിരിച്ച് സർവകലാശാലക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സർവകലാശാല രജിസ്ട്രാറുടെ 25.03.2019 ലെ Acad/A1 /2051/NCTE-Recog/2015 നം. കത്ത് പ്രകാരം വീണ്ടും അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ചും സർവകലാശാല സെന്ററുകളിലെ ബി.എഡ്, എം.എഡ്. കോഴ്സുകളുടെ NCTE അംഗീകാരം സംബന്ധിച്ചും അറിയുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22.11.2019 ലെ റിക്വസിഷൻ നം.7) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. NCTE വെബ്സൈറ്റിലെ അംഗീകാരം ലഭിച്ച കോഴ്സുകളുടെ പട്ടിക പ്രകാരം ബി.എഡ്. കോഴ്സിന് 2015-16 വർഷം വരെ മാത്രമേ അംഗീകാരം ലഭ്യമായിട്ടുള്ളൂ. എം.എഡ്. കോഴ്സിന് അംഗീകാരം ലഭിച്ച വർഷം സൈറ്റിൽ ലഭ്യമല്ല. ഫയൽ പരിശോധനയിൽ ബി.എഡ്, എം.എഡ്. കോഴ്സുകൾക്ക് തുടർ അംഗീകാരം ലഭ്യമായതായി കാണുന്നില്ല. അംഗീകാരമില്ലാത്ത കോഴ്സുകൾ നടത്തുന്നത് വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന കാര്യമാണ്. പ്രസ്തുത വിഷയം ഗൗരവമായി എടുക്കേണ്ടതും എത്രയും പെട്ടെന്ന് കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-16 വിദൂര വിദ്യാഭ്യാസം - യു.ജി.സി അംഗീകാരം ലഭിക്കാതെ കോഴ്സുകൾ തുടങ്ങാൻ വിജ്ഞാപനം പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ല

No. SDE 1-1/101/15 തീയതി: 02-07-2015 പ്രകാരം മറ്റ് കോഴ്സുകളോടൊപ്പം എം.എ. മലയാളം, എം.എ. അറബിക്, എം.ബി.എ. കോഴ്സുകൾ വിദൂര വിദ്യാഭ്യാസം വഴി തുടങ്ങുന്നതിന് 2015-16 വർഷം സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ഇതു പ്രകാരം മേൽ കോഴ്സുകൾക്ക് ചേർന്ന വിദ്യാർത്ഥികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിഷയം | അപേക്ഷിച്ചവർ | ഫീസ് ഒടുക്കിയവർ | ഫീസ് തിരിച്ചുകൊടുത്തത് |
|---|---|---|---|---|
| 1 | എം.എ. മലയാളം | 138 | 137 | 132 |
| 2 | എം.എ. അറബിക് | 70 | 70 | 64 |
| 3 | എം.ബി.എ. | 36 | 34 | 34 |

മേൽ പ്രകാരം വിദ്യാർത്ഥികൾ ഫീസ് ഒടുക്കിയെങ്കിലും യു.ജി.സി. അംഗീകാരം ലഭിക്കാത്തതിനാൽ കോഴ്സുകൾ തുടങ്ങുകയുണ്ടായില്ല. യു.ജി.സി. അംഗീകാരം ലഭിക്കാതെ കോഴ്സുകൾ തുടങ്ങാൻ വിജ്ഞാപനം ചെയ്തതും വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കിയതും ശരിയായ നടപടിയല്ല. മുഴുവൻ വിദ്യാർത്ഥികൾക്കും ഫീസ് തിരിച്ചു കൊടുത്തിട്ടില്ലെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. സർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച ആയതിനാൽ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയ ഫീസ് എത്രയും വേഗം തിരിച്ചുകൊടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.6 തീയതി: 19-11-2019) ലഭ്യമാക്കിയ മറുപടിയിൽ (എസ്.ഡി.

ഇ1/1/1132/16 തീയതി: 02-12-2019) വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് തിരികെ കൊടുത്തത് സംബന്ധിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. യു.ജി.സി. അംഗീകാരം ലഭിക്കാത്ത കോഴ്സുകൾ തുടങ്ങുന്നതിന് വിജ്ഞാപനം ചെയ്ത്, വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ ശേഷം കോഴ്സുകൾ തുടങ്ങാതിരിക്കുന്നതും ഇതുവഴി വിദ്യാർത്ഥികളുടെ സമയം നഷ്ടപ്പെടുത്തുന്നതും ഗൗരവത്തോടെ കാണേണ്ടതാണ്.

## 1-17 സർവകലാശാല വകുപ്പുകളിൽ ദീർഘകാലമായി ബാക്കി നിൽക്കുന്ന തുകകൾ സർവകലാശാല ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

കണ്ണൂർ സർവകലാശാലയിലെ വിവിധ വകുപ്പുകളിലെ 71 ബേങ്ക് അക്കൗണ്ടുകളിലായി ആകെ 3,01,46,102/- രൂപ ബേങ്ക് നീക്കിയിരിപ്പ് തുകയായി ഉണ്ട്. പല പഠന വകുപ്പുകളിലും ഒന്നിൽ കൂടുതൽ ബേങ്ക് അക്കൗണ്ടുകളുണ്ട്. ഇ-ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുകകൾ, വിദ്യാർത്ഥികളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി പിരിച്ചെടുക്കുന്ന തുകകൾ, വ്യത്യസ്ത ആവശ്യങ്ങൾക്കായി ലഭിക്കുന്ന മുൻകൂർ തുകകൾ എന്നിവ കൈകാര്യം ചെയ്യുന്നത് ഈ അക്കൗണ്ടുകളിലാണ്. ബാങ്ക് അക്കൗണ്ടിൽ ബാക്കിയുള്ള നീക്കിയിരിപ്പ് തുകയുടെ ഘടകങ്ങൾ പരിശോധിക്കേണ്ടതും അത്യാവശ്യമല്ലാത്ത തുകകൾ സർവകലാശാല ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്. ബാങ്ക് അക്കൗണ്ടിൽ ബാക്കിയുള്ള നീക്കിയിരിപ്പ് തുകയുടെ വിവരങ്ങൾ അനുബന്ധമായി (അനുബന്ധം-3) ചേർത്തിട്ടുണ്ട്.

## 1-18 ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടറുടെ അക്കൗണ്ട് - ക്യാഷ് ബുക്ക് രേഖപ്പെടുത്തലുകളിലെ അപാകങ്ങൾ

ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടറുടെ പേരിൽ എസ്.ബി.ഐ മാങ്ങാട്ടുപറമ്പ് ശാഖയിൽ 2004 ൽ ആരംഭിച്ച 57066508222 നമ്പർ ബാങ്ക് അക്കൗണ്ട് (S.B.അക്കൗണ്ട്) വിവിധ കായിക പരിപാടികൾക്കും പരിശീലനങ്ങൾക്കുമായി സർവകലാശാലയിൽ നിന്നും ലഭിക്കുന്ന തുകകൾ കൈകാര്യം ചെയ്യുന്നതിനാണ് സൂക്ഷിച്ചു വരുന്നത്. ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. കാഷ് ബുക്കിൽ വരവും ചെലവും രേഖപ്പെടുത്തുന്നതല്ലാതെ ഓപ്പണിങ് ബാലൻസ് രേഖപ്പെടുത്തുകയോ അതതു ദിവസത്തെ വരവുകൾ ഓപ്പണിങ് ബാലൻസിനൊപ്പം ചേർക്കുകയോ ചെലവുകൾ കുറച്ച് ക്ലോസിങ് ബാലൻസ് എഴുതുകയോ ചെയ്യുന്നില്ല.
2. മാസാന്ത്യത്തിലും വർഷാന്ത്യത്തിലും ബാങ്ക് പാസ്ബുക്കുമായി അനുരഞ്ജനം നടത്തുന്നില്ല.
3. ക്യാഷ്ബുക്കിൽ ചില രേഖപ്പെടുത്തലുകൾ പെൻസിൽകൊണ്ട് നടത്തിയിട്ടുണ്ട്.
4. ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടറുടെ പേരിലുള്ള പ്രസ്തുത അക്കൗണ്ടിന്റെ വിവരം സർവകലാശാലയുടെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. പലിശ ഉൾപ്പെടെ 31.03.2019 ന് 10,98,665.55 രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഈ തുക സാമ്പത്തിക വർഷാവസാനം സർവകലാശാല ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകങ്ങൾ പരിഹരിച്ച് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 102, കേരള ട്രഷറി കോഡ് ആർട്ടിക്കിൾ 92(a) എന്നിവ അനുസരിച്ച് കാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ആഭ്യന്തര നിയന്ത്രണം

കണ്ണൂർ സർവകലാശാലയിൽ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ പൊതുവെ തൃപ്തികരമാണ്. വിവിധ സെക്ഷനുകളിൽ ചെയ്യേണ്ടതായ ജോലികൾ നിശ്ചയിച്ചുകൊണ്ടുള്ള ജോലി വിഭജനം സംബന്ധിച്ച് സർവ്വകലാശാല ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. എന്നാൽ ജോലിയിൽ വീഴ്ച ഉണ്ടാവുകയാണെങ്കിൽ ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ നിശ്ചയിക്കുന്ന കാര്യത്തിൽ സർവ്വകലാശാല തീരുമാനമെടുക്കുകയോ ഉത്തരവിറക്കുകയോ ചെയ്തിട്ടില്ല. സർവകലാശാല പഠനവകുപ്പുകളുടേയും സെന്ററുകളുടേയും ഇന്റേണൽ ഓഡിറ്റിനായി ഇന്റേണൽ ഓഡിറ്റ് സെക്ഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. 2017-18 വർഷത്തെ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് സർവ്വകലാശാല ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കാൻ ബാക്കിയുണ്ട്. എന്നാൽ സർവകലാശാല ഹെഡ്ക്വാർട്ടേഴ്സിലെ വരവ് ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള കേന്ദ്രീകൃത സംവിധാനം നിലവിലില്ല. വൗച്ചറുകൾ ധനകാര്യ വിഭാഗത്തിലെ വിവിധ സെക്ഷനുകളിൽ പ്രീ-ഓഡിറ്റ് ചെയ്യുകയും വരവ്/ചെലവുകൾ അക്കൗണ്ട് ചെയ്യുകയും മാത്രമാണ് ചെയ്യുന്നത്. സർവകലാശാലക്ക് ലഭിക്കേണ്ട വരവുകൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. പരീക്ഷാ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ കണക്കും സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലും, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാലക്ക് ലഭിക്കേണ്ട സ്പോർട്സ് അഫിലിയേഷൻ ഫീസ്, സ്റ്റുഡന്റ്സ് യൂണിയൻ ഫീസ്, സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ്, യൂണിവേഴ്സിറ്റി ഡവലപ്മെന്റ് ഫണ്ട് എന്നീ ഇനങ്ങളിൽ ലഭിക്കേണ്ട തുകയുടേയും, അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് സർവകലാശാലക്ക് ലഭിക്കേണ്ട കോഴ്സ് അഫിലിയേഷൻ ഫീസ് ഇനത്തിലുള്ള തുകയുടേയും വ്യക്തമായ കണക്ക് സർവകലാശാലയിലില്ല. കൃത്യമായ പരിശോധനാ സംവിധാനത്തിന്റെ അഭാവത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

അംഗീകരിച്ച ബജറ്റ് അനുശാസിക്കും പ്രകാരമാണ് കണ്ണൂർ സർവകലാശാലയിൽ ചെലവുകൾ ചെയ്യുന്നത്. അംഗീകരിച്ച ബജറ്റിൽ കൂടുതലായി ചെലവ് ചെയ്തതിന്റെ വിവരങ്ങൾ ഈ ഓഡിറ്റ് റിപ്പോർട്ടിലെ 1-2 ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്.വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനായി അക്കൗണ്ട് ചട്ടങ്ങൾ സർവ്വകലാശാലയിൽ രൂപീകരിച്ചിട്ടില്ല. സർവകലാശാലയിലെ കാഷ് കൗണ്ടർ സേവനം വിദ്യാർത്ഥികൾക്ക് പലപ്പോഴും ലഭ്യമാകുന്നില്ല. ചുമതലയുള്ള ജീവനക്കാരൻ അവധിയിലാകുമ്പോൾ കാഷ് കൗണ്ടർ പ്രവർത്തിക്കാതതാണ് ഇതിന് കാരണം .

എഞ്ചിനീയറിങ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവു മൂലം സർവ്വകലാശാലയിലെ മരാമത്ത് പ്രവർത്തികൾ മേൽനോട്ടം വഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സാധിക്കുന്നില്ല. പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തികൾ എല്ലാം തന്നെ സി.പി.ഡബ്ല്യു.ഡി, അക്രഡിറ്റഡ് ഏജൻസികൾ വഴിയാണ് നടത്തപ്പെടുന്നത്. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും പണികളുടെ മേൽനോട്ടം നടത്തുന്നതിനും അളവുകൾ രേഖപ്പെടുത്തുന്നതിനും സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗത്തിന് സാധിക്കുന്നില്ല. ഇത് മരാമത്ത് പ്രവർത്തികളുടെ ഗുണമേന്മയെ സാരമായി ബാധിക്കുന്നു. ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കേണ്ടതാണ്.

## 1-20 സർവകലാശാല പഠന വകുപ്പുകളിലും അനുബന്ധസ്ഥാപനങ്ങളിലും തീർപ്പാക്കാനവശേഷിക്കുന്ന 2018-19 വർഷത്തെ നിരീക്ഷണങ്ങൾ

1. ക്യാഷ് ബുക്ക് രേഖപ്പെടുത്തലുകളിലെ അപാകങ്ങൾ

2018-19 വർഷത്തെ ക്യാഷ് ബുക്ക് എല്ലാ പഠന വകുപ്പുകളും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ ക്യാഷ് ബുക്കും പാസ് ബുക്കും പൊരുത്തപ്പെടുന്നില്ല. പല പഠന വകുപ്പുകളും പാസ്ബുക്ക് എൻട്രികൾ പകർത്തി എഴുതുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ചില എൻട്രികൾ കാഷ്ബുക്കിൽ എഴുതാൻ വിട്ടുപോയിട്ടുമുണ്ട്. കേഷ്, ചെക്ക് ഇടപാടുകൾ നടക്കുന്ന ദിവസങ്ങളിൽ തന്നെ കേഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും മാസാവസാനം പാസ് ബുക്കിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തുകയും, ക്യാഷ് ബുക്ക് ഓഫീസ് തലവൻ സാക്ഷ്യപ്പെടുത്തി വെക്കേണ്ടതുമാണ്. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത പഠന വകുപ്പുകളുടെ പേരു വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

എ. IUCB, തലശ്ശേരി

ബി. ക്യാമ്പസ് ഡയരക്ടർ,തലശ്ശേരി

സി. മൈക്രോ ബയോളജി

ഡി. ഡിപ്പാർട്ട്മെന്റ് ഓഫ് ലോ

2. <u>ഉത്തരകടലാസുകൾ സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി വെക്കേണ്ടതാണ്</u>

താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ഉത്തരക്കടലാസുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഉത്തരക്കടലാസുകൾ സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുക്കുകയും വിതരണ വിവരം കാണിക്കുകയും ചെയ്തു വരുന്നുണ്ടെങ്കിലും ആകെയുള്ള സ്റ്റോക്കിൽ നിന്നും വിതരണം ചെയ്തതു കുറവു വരുത്തി ബാലൻസ് കാണിക്കുന്നില്ല. ആയതിനാൽ ഉത്തരക്കടലാസുകളുടെ ബാലൻസ് അറിയുന്നതിനും ഭൗതിക പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടില്ല. ഉത്തരക്കടലാസുകളുടെ വിനിയോഗ വിവരം സർവകലാശാല ആവശ്യപ്പെടുകയോ വകുപ്പ് മേധാവി അയച്ചു കൊടുക്കുകയോ ചെയ്തിട്ടില്ല. ഉത്തരകടലാസുകൾ കൈകാര്യം ചെയ്യുന്നതിലും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിലും അതീവ ജാഗ്രത പുലർത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്ത സ്ഥാപനങ്ങളുടെ പേരു വിവരങ്ങൾ ചുവടെ കൊടുക്കുന്നു

1. കെമിസ്ട്രി പഠന വകുപ്പ്
2. മ്യൂസിക് പഠന വകുപ്പ്
3. ഐ.ടി. പഠന വകുപ്പ്
4. ഹെൽത്ത് സയൻസ്
5. ആന്ത്രോപോളജി പഠന വകുപ്പ്
6. ഡിപ്പാർട്ട്മെന്റ് ഓഫ് ലൊ
7. മാനേജ്മെന്റ് സ്റ്റഡീസ് പഠന വകുപ്പ്
8. മൈക്രോ ബയോളജി പഠന വകുപ്പ്

3. <u>പരീക്ഷാ വിഭാഗം</u>

<u>i) പരീക്ഷാ വിഭാഗം തപാൽ സെക്ഷനിൽ നിന്ന് സർട്ടിഫിക്കറ്റ് പ്രൊസസ് ചെയ്യുന്ന സെക്ഷനിലേക്ക് അപേക്ഷകൾ കൈമാറുന്നതിലുള്ള കാലതാമസം പൂർണ്ണമായി പരിഹരിച്ചിട്ടില്ല.</u>

ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള സാധാരണ അപേക്ഷകൾ തപാൽ സെക്ഷനിൽ നിന്ന് സർട്ടിഫിക്കറ്റ് പ്രൊസസ് ചെയ്യുന്ന സെക്ഷന് കൈമാറുന്നതിൽ കാലതാമസം ഉണ്ടാകുന്നതു സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് നോട്ടിൽ പരാമർശിച്ചിരുന്നു. കാലതാമസം ഒരു പരിധി

വരെ കുറഞ്ഞിട്ടുണ്ടെങ്കിലും പൂർണമായി പരിഹരിച്ചിട്ടില്ല എന്നാണ് തപാൽ സെക്ഷനിലെ ട്രാൻസിറ്റ് രജിസ്റ്റർ പരിശോധനയിൽ മനസിലായത്. ബി.എഡ്. സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ തപാൽ സെക്ഷനിൽ നിന്ന് സർട്ടിഫിക്കറ്റ് സെക്ഷന് കൈമാറാൻ രണ്ടോ മൂന്നോ മാസം കാലതാമസം വരുന്നുണ്ട്.

| ക്രമ നം. | അപേക്ഷ തപാൽ സെക്ഷനിൽ ലഭിച്ച തീയതി | സർട്ടിഫിക്കറ്റ് സെക്ഷൻ കൈമാറിയ തീയതി |
|---|---|---|
| 1 | 02.05.2018 | 31.08.2018 |
| 2 | 23.06.2018 | 24.09.2018 |
| 3 | 25.07.2018 | 25.10.2018 |
| 4 | 04.08.2018 | 08.11.2018 |
| 5 | 03.11.2018 | 11.01.2019 |

തപാൽ സെക്ഷനിൽ നിന്ന് കാലതാമസം കൂടാതെ സർട്ടിഫിക്കറ്റ് അപേക്ഷകൾ കൈമാറുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ii) ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണത്തിലെ കാലതാമസം പരിഹരിക്കേണ്ടതാണ്.

സർവകലാശാല നടത്തുന്ന വിവിധ വിഷയങ്ങളിലുള്ള പരീക്ഷകളുമായി ബന്ധപ്പെട്ട ഒറിജനൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി പരിശോധനയിൽ കാണുകയുണ്ടായി. ജോലി, ഉപരിപഠനം തുടങ്ങിയ ആവശ്യങ്ങൾക്കായി ഒറിജിനൽ സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭിക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ സെക്ഷനിലും ഒരുപോലെ വേണ്ടത്ര വേഗത്തിൽ സർട്ടിഫിക്കറ്റ് പ്രൊസസിംഗ് നടക്കുന്നില്ല. ചില സെക്ഷനുകളിൽ സർട്ടിഫിക്കറ്റ് പ്രൊസസിംഗിലും വിതരണത്തിലും സംഭവിക്കുന്ന കാലതാമസം വ്യക്തമാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | രജിസ്റ്റർ നം. | അപേക്ഷ ലഭിച്ച തീയതി/ മാസം | സർട്ടിഫിക്കറ്റ് വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| 1 | (1) വിഷ്ണുമോഹൻ, വി. (ബി.കോം) | MA14BR0049 | 6/18 | 02-03-2019 |
| | (2) എബിൻ ജോർജ് (ബി.കോം) | NJ14BR0043 | 6/18 | 03-03-2019 |
| 2 | (1) അതുൽ അജിത്ത് കുമാർ (ബി.ടെക് - ഫാസ്റ്റ് ട്രാക്ക്) | B0ENEE5306 | 23.09.2017 | 25.09.2018 |
| | (2) നിതിൻ ജോസഫ് കുര്യൻ (ബി.ടെക് - ഫാസ്റ്റ് ട്രാക്ക്) | B3ENME5779 | 09.02.2018 | 05.11.2018 |
| 3 | (1)രഞ്ജിനി,വി.വി, (എം.എസ്.സി - ഫിസിക്സ്) | B4PSPH1208 | 13.12.2017 | 15.07.2019 |

| | | | | |
|---|---|---|---|---|
| | (2) അഖില, സി. (എം.എസ്.സി - ഫിസിക്സ്) | B4PSPH1801 | 12.12.2017 | 15.07.2019 |

എം.എസ്.സി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ ഒന്നര വർഷം വരെ സമയമെടുത്തതായി കാണാം. പ്രത്യേക സാഹചര്യങ്ങളിൽ സർട്ടിഫിക്കറ്റ് വേഗം ലഭ്യമാകുന്നതിന് അധികം തുക ഒടുക്കിയാണ് വിദ്യാർത്ഥികൾ ഫാസ്റ്റ്-ട്രാക്കിൽ അപേക്ഷിക്കുന്നത്. ഫാസ്റ്റ് ട്രാക്ക് അപേക്ഷകളിൽ രണ്ടാഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും ചിലപ്പോൾ ഫാസ്റ്റ്ട്രാക്കിലും വലിയ കാലതാമസം വരുന്നതായാണ് മേൽ ഉദാഹരണങ്ങൾ കാണിക്കുന്നത്. സർവകലാശാലയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യങ്ങളായ പരീക്ഷാ നടത്തിപ്പ്, സർട്ടിഫിക്കറ്റ് വിതരണം എന്നിവ താമസംവിനാ നിർവഹിക്കാൻ സാധിക്കാത്തത് പരീക്ഷാ വിഭാഗത്തിന്റെ വീഴ്ചയായി കാണുന്നു. ഇക്കാര്യം തുടർനടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

iii) പരീക്ഷകൾ സമയബന്ധിതമായി നടക്കുന്നില്ല

സർവകലാശാലയിലെ പരീക്ഷകൾ നടത്തുന്നതിന് എല്ലാ വർഷവും അക്കാദമിക്-കം-എക്സാമിനേഷൻ കലണ്ടർ സർവകലാശാല പുറത്തിറക്കുന്നുണ്ട്. എന്നാൽ ചില വിഷയങ്ങളുടെ പരീക്ഷ നടക്കുന്നത് പ്രസ്തുത കലണ്ടറിലെ തീയതിയിൽ നിന്ന് വലിയ തോതിൽ വ്യതിചലിച്ചാണ്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം/ സെമസ്റ്റർ | 2018-19 ലെ അക്കാദമിക്-കം എക്സാമിനേഷൻ കലണ്ടർ പ്രകാരം പരീക്ഷ തുടങ്ങാൻ നിശ്ചയിച്ച തീയതി | ഫലം പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ച തീയതി | യഥാർത്ഥത്തിൽ പരീക്ഷ നടന്ന തീയതി | ഫലം പ്രസിദ്ധീകരിച്ച തീയതി |
|---|---|---|---|---|
| പി.ജി. കോഴ്സുകൾ (വിദൂര വിദ്യാഭ്യാസം) | | | | |
| Iസെമസ്റ്റർ | 07-06-2019 | 31-07-2019 | 22-07-2019 | പ്രസിദ്ധീകരിച്ചിട്ടില്ല |
| IIസെമസ്റ്റർ | 13-05-2019 | 05-07-2019 | 01-07-2019 | പ്രസിദ്ധീകരിച്ചിട്ടില്ല |
| യു.ജി. കോഴ്സുകൾ (വിദൂര വിദ്യാഭ്യാസം) | | | | |
| Iസെമസ്റ്റർ | 02-05-2019 | 30-06-2019 | 08-05-2019 | 12-11-2019 |
| IIസെമസ്റ്റർ | 19-04-2019 | 30-06-2019 | 25-04-2019 | 30-08-2019 |
| IIIസെമസ്റ്റർ | 04-04-2019 | 22-05-2019 | 03-04-2019 | 07-06-2019 |
| ബി.എഡ്. | | | | |
| I വർഷം | 14-11-2018 | 03-01-2019 | 14-11-2018 | 02-05-2019 |
| II വർഷം | 10-04-2019 | 15-05-2019 | 25-04-2019 | 19-08-2019 |

വിദൂര വിദ്യാഭ്യാസം വഴി നടത്തുന്ന പി.ജി. കോഴ്സുകളുടെ ഒന്ന്, രണ്ട് വർഷ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കേണ്ടത് യഥാക്രമം 31-07-2019, 05-07-2019 എന്നീ തീയതികളിലാണെങ്കിലും നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് കാണാം. വിദൂര വിദ്യാഭ്യാസം വഴി നടത്തുന്ന യു.ജി. കോഴ്സുകളുടെയും സർവകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. കോഴ്സിന്റെയും ഫലപ്രഖ്യാപനം നടത്തുന്നത് നിശ്ചയിച്ച തീയതിയിൽ നിന്ന് വലിയ തോതിൽ വ്യതിചലിച്ചാണെന്ന് മുകളിൽ കൊടുത്ത പട്ടികയിൽനിന്ന് വ്യക്തമാണ്. സർവകലാശാലയുടെ പ്രാഥമിക ചുമതലയായ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും ഈ രീതിയിൽ വൈകുന്നത് അഭിലഷണീയമല്ല.

4. കാസറഗോഡ് ക്യാമ്പസ്

എ) കാസറഗോഡ് വനിതാ ഹോസ്റ്റൽ

i) ഹോസ്റ്റൽ അഡ്മിഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കാസറഗോഡ് വനിതാ ഹോസ്റ്റലിലെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ട അഡ്മിഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തി അഡ്മിഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ബി) കന്നഡ പഠന വകുപ്പ്

i) പഠനവകുപ്പിൽ സ്ഥിരം അദ്ധ്യാപകനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കന്നട പഠനവകുപ്പിൽ നിലവിൽ സ്ഥിരം അധ്യാപകതസ്തികയില്ല. സർവകലാശാല അനുവദിച്ച ഒരു തസ്തികയിൽ കരാറടിസ്ഥാനത്തിലാണ് അദ്ധ്യാപകനെ (കോഴ്സ് ഡയരക്ടർ) നിയമിച്ചിട്ടുള്ളത്. കാമ്പസ് ഡയരക്ടറുടെയും വനിത ഹോസ്റ്റൽ വാർഡന്റെയും ചുമതല കോഴ്സ് ഡയരക്ടറാണ് നിലവിൽ നിർവഹിച്ചുവരുന്നത്. രജിസ്റ്ററുകൾ, മറ്റ് രേഖകൾ എന്നിവ കോഴ്സ് ഡയരക്ടർ തന്നെയാണ് കൈകാര്യം ചെയ്തു വരുന്നത്. ഇവ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ കോഴ്സ് ഡയരക്ടറുടെ പ്രവർത്തനം ശ്ലാഘനീയമാണ്. എന്നിരുന്നാലും ഫീസുകൾ സർവകലാശാലയിൽ അടവ് വരുത്തുന്നതടക്കമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സർവകലാശാല സ്ഥിരം ജീവനക്കാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

5. നീലേശ്വരം ക്യാമ്പസ്

എ) മോളിക്യൂലാർ ബയോളജി, നീലേശ്വരം

i) എൻ.ആർ.ഐ. സീറ്റുകളിലേക്ക് അപേക്ഷകരില്ല.കോഴ്സ് ആരംഭിച്ച വർഷം മുതൽ 4 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു.

20 സീറ്റുകളുള്ള കോഴ്സിൽ 4 സീറ്റുകൾ എൻ.ആർ.ഐ. സീറ്റുകളാണ്. കോഴ്സ് പ്രവേശനം ആദ്യമായി ആരംഭിച്ച 2008 അദ്ധ്യയനവർഷം മുതൽ 2019 അദ്ധ്യയന വർഷം വരെ എൻ.ആർ.ഐ. സീറ്റുകളിലേക്ക് അപേക്ഷകരുണ്ടായിരുന്നില്ല. ആയതിനാൽ 4 എൻ.ആർ.ഐ. സീറ്റുകൾ എല്ലാ വർഷവും ഒഴിഞ്ഞുകിടക്കുകയാണ്. എൻ.ആർ.ഐ. സീറ്റുകളിലേക്ക് അപേക്ഷകരില്ലാത്തതിനാൽ പ്രസ്തുത സീറ്റുകൾ ജനറൽ /സംവരണ സീറ്റുകളാക്കി മാറ്റി പ്രവേശനം നടത്തുന്ന കാര്യം പരിശോധനവിധേയമാക്കി യുക്തമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി സർവ്വകലാശാലയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

6. മാങ്ങാട്ടുപറമ്പ ക്യാമ്പസ്

എ)ടീച്ചർ എഡ്യൂക്കേഷൻ, ധർമ്മശാല

i)പഠന കേന്ദ്രങ്ങളിലെ ലൈബ്രറികളെ സെൻട്രൽ ലൈബ്രറിയുമായി ബന്ധിപ്പിക്കേണ്ടതാണ്.

മാങ്ങാട്ടുപറമ്പ് പഠന കേന്ദ്രത്തിൽ വ്യത്യസ്ത പഠന വിഭാഗങ്ങളുടെ ലൈബ്രറികൾ ഒന്നിച്ച് പൂൾ ചെയ്താണ് പ്രവർത്തിക്കുന്നത് (ഫിസിക്കൽ എഡ്യൂക്കേഷൻ, ഐ.ടി. എഡ്യൂക്കേഷൻ, ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ് എന്നിവ ഒഴികെ). ധർമ്മശാല ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, പെഡഗോഗിക്കൽ സയൻസ് എന്നിവിടങ്ങളിൽ ഒരേ ഹാളിൽ വേർതിരിച്ച രണ്ട് ലൈബ്രറികളാണുള്ളത്. ഇവയെല്ലാം വേറിട്ട രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. ഇവയെ സർവ്വകലാശാല ആസ്ഥാനത്തുള്ള സെൻട്രൽ ലൈബ്രറിയുമായി ഓൺലൈൻ സംവിധാനം വഴി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ സെൻട്രൽ ലൈബ്രറിയിൽ സജ്ജമാക്കിയിട്ടുള്ള ഓൺലൈൻ റഫറൻസ് സംവിധാനം ക്യാമ്പസുകളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. ക്യാമ്പസുകളിലെ ലൈബ്രറികളെ കമ്പ്യൂട്ടറൈസ് ചെയ്ത് സെൻട്രൽ ലൈബ്രറിയുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കമ്പ്യൂട്ടർ നിയന്ത്രിത സംവിധാനം കൊണ്ടുവരുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
ധർമ്മശാല ക്യാമ്പസിലെ ലൈബ്രറികളിൽ ആവശ്യത്തിന് ഫർണ്ണിച്ചർ ഇല്ലാത്തതിനാൽ പുസ്തകങ്ങൾ മേശപ്പുറത്ത് അടുക്കിവച്ചിരിക്കുകയാണ്. ആവശ്യാനുസരണം ഫർണ്ണിച്ചർ വിതരണം ചെയ്ത് ലൈബ്രറികളുടെ പ്രവർത്തനം സുഗമമാക്കേണ്ടതാണ്.

ii)ഉപയോഗ യോഗ്യമല്ലാത്ത സാധനങ്ങൾ ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടില്ല.

05-04-2019 ന് സർവ്വകലാശാല നടത്തിയ സ്റ്റോക്കുകളുടെ വാർഷിക ഭൗതിക പരിശോധനാ റിപ്പോർട്ട് പ്രകാരം നിരവധി സാധന സാമഗ്രികൾ ഉപയോഗയോഗ്യമല്ലാത്തതായി കണക്കാക്കിയിട്ടുണ്ട്. ആയത് ഒഴിവാക്കുന്നതിനായി സർവ്വകലാശാല നടപടികളൊന്നും സ്വീകരിച്ചുകാണുന്നില്ല. വർഷം തോറും നടത്തുന്ന പരിശോധന പ്രകാരം ഇത്തരം സാധനങ്ങൾ വർധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. 16-08-2014 ലെ എഡി.സി.3/6281/11 നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

iii)നഷ്ടപ്പെട്ട പുസ്തകങ്ങൾ വീണ്ടെടുക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം

05-04-2019 ന് സർവ്വകലാശാല നടത്തിയ വാർഷിക പരിശോധനാ റിപ്പോർട്ട് പ്രകാരം ടീച്ചർ എഡ്യൂക്കേഷൻ സെന്റർ ലൈബ്രറിയിലെ 400 പുസ്തകങ്ങൾ ബൈൻഡ് ചെയ്ത് ഉപയോഗപ്രദമാക്കാൻ പറ്റുന്നവയും 765 പുസ്തകങ്ങൾ ഉപയോഗയോഗ്യമല്ലാത്തവയും 265 പുസ്തകങ്ങൾ നഷ്ടപ്പെട്ടവയുമാണ്. ബൈൻഡ് ചെയ്ത് ഉയോഗിക്കാൻ കഴിയുന്നവ ബൈൻഡ് ചെയ്യുന്നതിനും ഉപയോഗയോഗ്യമല്ലാത്തവ ഒഴിവാക്കുന്നതിനും നഷ്ടപ്പെട്ട പുസ്തകങ്ങൾ ഏത് കാലയളവിൽ നഷ്ടപ്പെട്ടവയാണെന്ന് തീർപ്പ് കല്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിനും നടപടി ആരംഭിക്കേണ്ടതാണ്.

ബി) ഡിപ്പാർട്ട്മെന്റ് ഓഫ് ഐ.ടി, മാങ്ങാട്ടുപറമ്പ്

i) വകുപ്പ് മേധാവിയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക സംബന്ധിച്ച് വ്യക്തത വരുത്തിയില്ല.തുക സർവകലാശാല ഫണ്ടിലേക്ക് അടവാക്കാതെ സൂക്ഷിക്കുന്നത് സംബന്ധിച്ച്.

ഐ. ടി. എഡ്യൂക്കേഷൻ പഠനവകുപ്പ് തലവന്റെ പേരിൽ എസ്.ബി.ഐ. മാങ്ങാട്ട്പറമ്പ് ശാഖയിലെ 67013911626 നമ്പർ അക്കൗണ്ടിൽ 31-03-2019 തീയതിയിൽ 6,22,864.00 രൂപയുടെ

നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പുള്ള തുകയിൽ സർവ്വകലാശാലക്ക് അടക്കുവാനുള്ളതും വിദ്യാർത്ഥികൾക്ക് തിരിച്ചുനൽകേണ്ടതുമായ തുക കണ്ടെത്തുന്നതിന് നാളിതുവരെയായും നടപടി സ്വീകരിച്ചിട്ടില്ല. 2017-2018 വർഷത്തെ ഓഡിറ്റ് നോട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും ഈ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

വിദ്യാർത്ഥികൾക്ക് തിരിച്ചുനൽകേണ്ട തുകയും സർവ്വകലാശാലക്ക് അടവാക്കാനുള്ള തുകയും എത്രയെന്ന് കണ്ടെത്തുന്നതിനും തുക ചെലവഴിക്കുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

സി) മാത്തമാറ്റിക്കൽ സയൻസസ്

i) താത്കാലിക അധ്യാപകരെ നിയമിക്കുന്നതിന് വ്യക്തമായ വ്യവസ്ഥകൾ രൂപീകരിക്കേണ്ടതാണ്.

ഗണിതശാസ്ത്ര വകുപ്പിൽ ഒരു അദ്ധ്യയന വർഷം 4 സെമസ്റ്ററുകളായിട്ടാണ് ക്ലാസുകൾ നടക്കുന്നത്. സർക്കാർ അംഗീകരിച്ച രണ്ട് അധ്യാപക തസ്തികകളാണ് ഇവിടെയുള്ളത്. സ്ഥിരം അദ്ധ്യാപകനായി നിലവിൽ വകുപ്പ് തലവൻ മാത്രമാണ് ഇവിടെയുള്ളത്. 2018-19 അദ്ധ്യയന വർഷം വകുപ്പിൽ ഒരേ സമയം 7 താത്കാലിക അദ്ധ്യാപകർ വരെ ജോലിചെയ്യുതായി കാണുന്നു. ഹാജർ പട്ടികയിൽനിന്നുള്ള വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | അദ്ധ്യാപകർ | നിയമന രീതി | നിയമിച്ച തീയ്യതി | വിടുതൽ തീയ്യതി |
|---|---|---|---|---|
| 1 | ദീപ എസ്. | അസി. പ്രൊഫസർ (കോൺട്രാക്ട്) | 04-04-2018 FN | 21-12-2018 AN |
| 2 | മാത്യുവർക്കി | -ടി- | 01-06-2018 FN | തുടരുന്നു. |
| 3 | മേഘ, പി. | -ടി- | 01-06-2018 FN | 30-07-2018 FN |
| 4 | വിദ്യ ജയപ്രകാശ് കെ. | ടീച്ചിംഗ് അസിസ്റ്റന്റ് | 19-09-2018 FN | 25-03-2019 AN |
| 5 | ആതിര, കെ. | -ടി- | 12-12-2018 FN | 25-03-2019 AN |
| 6 | അശ്വതി പി. | -ടി- | 12-12-2018 FN | 25-03-2019 AN |
| 7 | മനീഷ കെ.വി. | അസി. പ്രൊഫസർ (കോൺട്രാക്ട്) | 25-09-2019 FN | തുടരുന്നു. |
| 8 | സൂര്യ എൻ.പി | അസി. പ്രൊഫസർ (മണിക്കൂറടി സ്ഥാനത്തിൽ വേതനം) | 15-01-2019 FN | 26-04-2019 |

12-12-2018 മുതൽ 25-03-2019 വരെയുള്ള കാലയളവിൽ വകുപ്പിൽ 7 അദ്ധ്യാപകർ ജോലിചെയ്യുതായി കാണാം വകുപ്പധ്യക്ഷനു പുറമെയാണ് ഒരു അദ്ധ്യയന വർഷം ഇത്രയും അദ്ധ്യാപകർ ഒരേ സമയം ജോലിചെയ്യിട്ടുള്ളത്. ഏതെങ്കിലും ഒരു രീതിയിൽ നിയമിക്കുന്നതിന് പകരം മേൽ കാണിച്ച രീതിയിൽ വ്യത്യസ്ത തരത്തിലാണ് എല്ലാ വകുപ്പുകളിലും നിയമനങ്ങൾ നടത്തിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ അനുപാതത്തിനനുസരിച്ച് ആവശ്യകത അടിസ്ഥാനപ്പെടുത്തി സർവ്വകലാശാലയ്ക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ നിയമനം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

7. പാലയാട് ക്യാമ്പസ്

എ) ഹെൽത്ത് സയൻസസ്

i) സ്കൂൾ ഓഫ് ഹെൽത്ത്സയൻസസിന്റെ പ്രവർത്തനം നിർത്തിവെക്കാനുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കേണ്ടതാണ്.

ഹെൽത്ത് & ഫാമിലി വെൽഫേർ വകുപ്പിന്റെ 22/10/2016 ലെ 846428/ബി1/2016/എച്ച് & എഫ്.ഡബ്ല്യ.ഡി. കത്ത് പ്രകാരം 2010-11 മുതൽ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് നിലവിൽ വന്ന സാഹചര്യത്തിൽ ഹെൽത്ത് സയൻസ് സംബന്ധിച്ച മറ്റ് യൂണിവേഴ്സിറ്റികളുടെ കോഴ്സുകൾ നിർത്തലാക്കുവാൻ നിർദേശിച്ചിരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ഹെൽത്ത് സയൻസസ് പഠന വകുപ്പിന്റെ പ്രവർത്തനം നിർത്തിവെക്കാനായി കണ്ണൂർ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് 22/9/2017 ലെ തീരുമാന പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 അക്കാദമിക് വർഷം മുതൽ അഡ്മിഷൻ നിർത്തി വച്ചിരിക്കുകയാണ്. 2017 അഡ്മിഷൻ കോഴ്സ് പൂർത്തിയാവുന്ന മുറയ്ക്ക് വകുപ്പ് അടച്ചുപൂട്ടാനാണ് ഉദ്ദേശിക്കുന്നത്. 2017 വർഷത്തെ അഡ്മിഷൻ കോഴ്സുകൾ സാധാരണഗതിയിൽ 2019 ഓടെ പൂർത്തീകരിക്കാവുന്നതാണ്. എന്നാൽ 2019 ജൂൺ മാസത്തിലും തുടർനടപടികൾ ഇഴഞ്ഞു നീങ്ങുകയാണ്. സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കേണ്ടതാണ്. കൂടാതെ 09-02-2018 ലെ സിൻഡിക്കേറ്റ് മീറ്റിംഗ് തീരുമാനം നമ്പർ 2018.015 പ്രകാരം ഹെൽത്ത് സയൻസസിലെ സ്ഥിരം അധ്യാപകനായ ഡോ.അരുൺ, ബി. (അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്) യെ 2018-19 അക്കാദമിക് വർഷം മുതൽ ബയോടെക്നോളജി & മൈക്രോബയോളജി വകുപ്പിലേക്ക് മാറ്റാൻ തീരുമാനിക്കുകയും 06-03-2018 ലെ സർവ്വകലാശാല ഉത്തരവ് നം.Acad. B1/304/2016 പ്രകാരം ആയത് ഉത്തരവാകുകയും ചെയ്തിരുന്നു. ആയത് പ്രകാരം ഡോ.അരുൺ, ബി., 2018-19 വർഷത്തിൽ ബയോടെക്നോളജി &മൈക്രോബയോളജി വകുപ്പിൽ അസി.പ്രോഫസറായി ജോലിചെയ്യുകയും, സ്കൂൾ ഓഫ് ഹെൽത്ത് സയൻസസിൽ ഇടക്കാല HOD ആയി സേവനം തുടരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഡോ.അരുൺ, ബി, അസി.പ്രൊഫസറുടെ അക്കാദമിക് ക്വാളിഫിക്കേഷൻ ബയോടെക്നോളജി വകുപ്പിലെ അസി.പ്രൊഫസർ തസ്തികയ്ക്ക് തത്തുല്യമായ യോഗ്യതയായി പരിഗണിക്കാനാവുമോ എന്നത് സംബന്ധിച്ചും സ്കൂൾ ഓഫ് ഹെൽത്ത് സയൻസസിലെ തസ്തികയിൽ നിയമിതനാകുകയും പ്രൊബേഷൻ പൂർത്തിയാക്കുകയും ചെയ്ത അധ്യാപകനെ ബയോടെക്നോളജി വകുപ്പിലേക്ക് മാറ്റുന്നത് സംബന്ധിച്ചും അവ്യക്തത നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സ്കൂൾ ഓഫ് ഹെൽത്ത് സയൻസസ് നിർത്തലാക്കുമ്പോൾ സ്ഥിരം തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച് സർക്കാരിൽനിന്നും സാധൂകരണം ലഭ്യമാക്കേണ്ടതുണ്ട്.

ബി) ഡിപ്പാർട്ട്മെന്റ് ഓഫ് ലൊ

i) ലൈബ്രറി പുസ്തകങ്ങളുടെ ക്ലാസിഫിക്കേഷനും കംപ്യൂട്ടറൈസേഷനും പൂർത്തീകരിക്കേണ്ടതാണ്.

സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ പ്രവർത്തിക്കുന്ന ലൈബ്രറിയിൽ 24/3/2019 വരെ ആകെ 7130 പുസ്തകങ്ങൾ ലഭ്യമാണ്. ഇത് Accession Register ൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. എന്നാൽ പുസ്തകങ്ങളുടെ ക്ലാസിഫിക്കേഷൻ നടത്തി കംപ്യൂട്ടറൈസേഷൻ ചെയ്യുന്ന പ്രവർത്തി പൂർത്തിയായിട്ടില്ല. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്.

ii) ഓഫീസിൽ സ്ഥിരം ജീവനക്കാരെ നിയമിക്കേണ്ടതാണ്

സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ ഏകദേശം ഇരുന്നൂറിലധികം വിദ്യാർത്ഥികൾ ഒരേസമയം പഠനം നടത്തുന്നുണ്ട്. ഓഫീസ് വിഭാഗം കൈകാര്യം ചെയ്യുന്ന അനദ്ധ്യാപക ജീവനക്കാരിൽ പ്രോഫഷണൽ

അസിസ്റ്റന്റ് ഒഴികെ മറ്റ് ജീവനക്കാർ മുഴുവനും താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരാണ്. വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് സ്ഥിരം ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പെടുത്തുന്നു.

സി) IUCB

i) IUCB ലെ ഉപകരണങ്ങൾ മുഴുവൻ ഗവേഷക വിദ്യാർത്ഥികൾക്കും പഠന വകുപ്പുകൾക്കും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2015 മുതൽ ഭീമമായ തുകയുടെ ഉപകരണങ്ങൾ IUCB-യ്ക്കു വേണ്ടി യൂണിവേഴ്സിറ്റി വാങ്ങിയിട്ടുണ്ട്. (ഉദാ:-M/s.Water India, Pvt.Ltd. ൽ നിന്നും വാങ്ങിയ 2,40,00,000/- രൂപയുടെ മാസ് സ്പെക്ട്രോമീറ്റർ) എന്നാൽ പ്രസ്തുത ഉപകരണങ്ങൾ നിലവിൽ പാലയാട് കാമ്പസിലെ ബയോടെക്നോളജി വിദ്യാർത്ഥികൾ മാത്രമാണ് ഉപയോഗപ്പെടുത്തിവരുന്നത്.

IUCB-യിലെ ഉപകരണങ്ങൾ ബന്ധപ്പെട്ട മുഴുവൻ ശാസ്ത്ര ഗവേഷക വിദ്യാർത്ഥികൾക്കും പഠന വകുപ്പുകൾക്കും ഉപയോഗ യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് നടന്ന തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | അക്കൗണ്ടന്റ് ജനറൽ | 18.02.2019 മുതൽ 01.04.2019 വരെ | 2017-18 | SG S II(HQ) III/II/ 8-3852/2019-20/61 dated 03.05.2019 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ഇ-ഗ്രാന്റ്സ് മുഖേന പരീക്ഷാഫീസിനത്തിൽ ലഭിക്കേണ്ട ഭീമമായ തുകയുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല.

സർവകലാശാലയുടെ പ്രധാന തനതുവരുമാന സ്രോതസ്സ് പരീക്ഷാഫീസിനത്തിൽ ലഭിക്കുന്ന തുകയാണ്. 2018-2019 വർഷത്തിൽ 16.96 കോടി രൂപയാണ് പരീക്ഷാഫീസിനത്തിലെ വരവ് തുക. ഇ-ഗ്രാന്റിന് അർഹരായ വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് ഫീസടക്കേണ്ടതില്ല. അതാത് കോളേജ് പ്രിൻസിപ്പൽ/ മേധാവി വഴി ഇ-ഗ്രാന്റിനുള്ള അപേക്ഷ സമർപ്പിക്കുകയും ഫീസിനത്തിലുള്ള തുക ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും പട്ടികജാതി പട്ടികവർഗ്ഗവകുപ്പ്, മറ്റ് വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്ന് അർഹരായവർക്കുള്ള തുക പ്രിൻസിപ്പൽ/മേധാവിയുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുവരുന്ന സംവിധാനമാണ് നിലവിലുള്ളത്. പ്രിൻസിപ്പാൾമാരുടെ അക്കൗണ്ടിൽ വരുന്ന തുക സർവകലാശാലക്ക് ചലാൻ വഴി അതാത് സമയം അടവാക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് സംവിധാനം വഴി ഫീസിളവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന അതാത് കോളേജ് പ്രിൻസിപ്പാൾമാരുടെ പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ പരീക്ഷയെഴുതുവാൻ അനുവദിക്കുകയും പരീക്ഷഫലം പ്രഖ്യാപിക്കുകയും സർട്ടിഫിക്കറ്റ് സാധാരണരീതീയിൽ ഫീസടച്ച വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ രീതിയിൽ തന്നെ അനുവദിക്കുകയും ചെയ്യുന്നു.

വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് സംവിധാനം വഴി ഫീസിളവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന അതാത് കോളേജ് പ്രിൻസിപ്പാൾമാരുടെ സാക്ഷ്യപത്രം ലഭിക്കുമ്പോൾ തന്നെ ഇ-ഗ്രാന്റ്സ് വഴി അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് ലഭിക്കേണ്ട ഫീസിനത്തിലുള്ള തുക ഡിമാന്റായി രേഖപ്പെടുത്തി വയ്ക്കേണ്ടതും തുക കോളേജ് പ്രിൻസിപ്പാൾമാരിൽനിന്ന് ലഭിക്കുന്ന മുറക്ക് പ്രസ്തുതഡിമാന്റിന് നേരെ വരവ് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം ഇ-ഗ്രാന്റ്സ് വഴി ലഭിക്കുവാൻ ബാക്കിയുള്ള തുകയെത്രയാണെന്ന് കണക്കാക്കേണ്ടതുമാണ്. സർവകലാശാലയിലെ പരീക്ഷാവിഭാഗത്തിലെ അഫിലിയേറ്റഡ് കോളേജുകളുടെ ചുമതലയിലുള്ള വിവിധ സെക്ഷനുകളാണ് ഇതു സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കേണ്ടതും അവ ക്രോഡീകരിച്ച് സർവകലാശാല അക്കൗണ്ട്സ് സെക്ഷന് കൈമാറേണ്ടതും.

ഓഡിറ്റ് നിർദ്ദേശപ്രകാരം 2019-2020 വർഷം മുതൽ ഈയിനത്തിൽ ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് പ്രൊഫോർമ വഴി സർവകലാശാല വാങ്ങി സൂക്ഷിക്കുന്നുണ്ട് (എന്നാൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല). 2019-2020 വർഷത്തെ കണക്കുകൾ മാത്രമാണ് ഇപ്രകാരം ക്രോഡീകരിച്ച് തയ്യാറാക്കിയാൽ ലഭിക്കുക. 2018-2019 വരെയുള്ള കുടിശ്ശികയുടെ വിവരം ലഭിക്കുന്നതിന് ഇ-ഗ്രാന്റ്സ് സംവിധാനം ആരംഭിച്ചത് മുതലുള്ള കണക്കുകൾ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും നിശ്ചിത പ്രോഫോർമയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും സർവകലാശാല കമ്പ്യൂട്ടർ സെല്ലിന്റെ സേവനം പ്രയോജനപ്പെടുത്തി ക്രോഡീകരിച്ച് 2019-2020 വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്. കോടിക്കണക്കിന് രൂപ ഈയിനത്തിൽ കുടിശ്ശികയുണ്ടെങ്കിലും സർവകലാശാലയുടെ പക്കൽ കണക്കുകളില്ലാത്തതിനാൽ കോളേജുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുവാനും പിരിച്ചെടുക്കുവാനും സാധ്യമല്ലാതെ വന്നിരിക്കുകയാണ്. (2017-2018 ഓഡിറ്റ് റിപ്പോർട്ട് ഭാഗം -2 ഖണ്ഡിക 2-1 കൂടി കാണുക).

## 2-2 ആരോഗ്യസർവകലാശാലയിലേക്ക് മാറിയ എട്ട് കോളേജുകളിൽ നിന്നും ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല.സർവകലാശാലക്കുണ്ടായ 28.50 ലക്ഷം രൂപയുടെ നഷ്ടം പലിശ സഹിതം ഈടാക്കേണ്ടതാണ്.

സർവകലാശാലയ്ക്ക് കീഴിലുള്ള സ്വാശ്രയ അൺഎയ്ഡഡ് കോളേജുകൾ സർവകലാശാല നിശ്ചയിച്ച നിരക്കിൽ ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് എല്ലാവർഷവും ഒടുക്കേണ്ടതാണ്. ആരോഗ്യ സർവകലാശാല രൂപീകരിച്ചപ്പോൾ കണ്ണൂർ സർവകലാശാലയിൽ നിന്നും ആരോഗ്യ സർവകലാശാലയിലേക്ക് മാറ്റിയ നഴ്സിംഗ്, പാരാമെഡിക്കൽ, ഫാർമസി, മെഡിക്കൽ വിഭാഗത്തിലുൾപ്പെടുന്ന കോളേജുകളിൽ നിന്നും കണ്ണൂർ സർവകലാശാലയിലെ അവസാനബാച്ച് പാസ് ഔട്ട് ആകുന്നത് വരെയുള്ള കാലയളവിലെ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഇനത്തിൽ നിലവിലുള്ള ഫീസിന്റെ 50 ശതമാനം ഈടാക്കുന്നതിന് സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി (സർവകലാശാല ഉത്തരവ് നം.Acad.A1/NC&C/2010-2011(Vol.2) തീയതി: 12-01-2012). എന്നാൽ ആരോഗ്യ സർവകലാശാലയിലേക്ക് മാറിയ 8 കോളേജുകളിൽ നിന്നും 2012-2013, 2013-2014 വർഷങ്ങളിലെ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഇതുവരെയായി ഈടാക്കിയിട്ടില്ല. കണ്ണൂർ സർവകലാശാല രജിസ്ട്രാർ ആരോഗ്യ സർവകലാശാല രജിസ്ട്രാർക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയെങ്കിലും (നം.Acad.A1/Fee-due-KUHS/2012(2) തീയതി 22/02/2018) ആരോഗ്യ സർവകലാശാല ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് യഥാസമയം പിരിച്ചെടുക്കുന്നതിലും അവസാനബാച്ച് പാസ് ഔട്ട് ആകുന്നതിന് മുൻപെങ്കിലും ഇക്കാര്യത്തിൽ സർവകലാശാല നടപടി സ്വീകരിക്കാത്തതിനാലുമാണ് 28.50 ലക്ഷം രൂപ സർവകലാശാലക്ക് കുടിശ്ശികയായത്. ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് കുടിശ്ശിക വരുത്തിയ കോളേജുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക തുക | കുടിശ്ശിക വർഷം |
|---|---|---|---|
| 1 | ക്രസന്റ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, മാടായിപ്പാറ, കണ്ണൂർ. | 1,00,000 | 2012-2013 |
| 2 | മാലിക്ക് ദിനാർ കോളേജ് ഓഫ് നഴ്സിംഗ് , സീതാംഗോലി, കാസർകോഡ്. | 2,50,000 | 2012-2013 |
| 3 | ക്രസന്റ് കോളേജ് ഓഫ് നഴ്സിംഗ്, മൊട്ടാമ്പ്രം, കണ്ണൂർ | 2,50,000 | 2012-2013 |
| 4 | കോളേജ് ഓഫ് നഴ്സിംഗ്, നെട്ടൂർ, തലശ്ശേരി | 2,50,000 | 2012-2013 |
| 5 | അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | 5,00,000 | 2013-2014 |
| 6 | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി | 5,00,000 | 2013-2014 |
| 7 | കണ്ണൂർ ഡെന്റൽ കോളേജ്, അഞ്ചരക്കണ്ടി | 5,00,000 | 2013-2014 |
| 8 | സെഞ്ചുറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് & റിസർച്ച്, പൊയിനാച്ചി, കാസർഗോഡ് | 5,00,000 | 2013-2014 |
| | ആകെ | 28,50,000 | |

സർവകലാശാലക്കുണ്ടായ 28.50 ലക്ഷം രൂപയുടെ നഷ്ടം പലിശ സഹിതം ഈടാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 അഡ്മിനിസ്ട്രേഷൻ/അഫിലിയേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് -സർവ്വകലാശാല ഫണ്ടിന് നഷ്ടം - മറ്റ് അപാകങ്ങളും

കണ്ണൂർ സർവകലാശാലയുടെ അധികാര പരിധിയിലുൾപ്പെടുന്ന കോളേജുകൾ വിവിധ കോഴ്സുകളുടെ നടത്തിപ്പിനായി അനുമതി ലഭിക്കുന്നതിന് സർവകലാശാലയിൽ ഒടുക്കേണ്ട തുകയായ അഫിലിയേഷൻ/ അഡ്മിനിസ്ട്രേഷൻ ഫീസ് ഒടുക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ) തുക ഈടാക്കിയതിൽ കുറവ്

2018-19 വർഷത്തിൽ അഡ്മിനിസ്ട്രേഷൻ/ അഫിലിയേഷൻ ഫീസ് ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കോളേജിന്റെ പേര്/ കോഴ്സുകളുടെ എണ്ണം | ഇനം | അടവാക്കേണ്ട തുക | അടച്ച തുക | ലഭിക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | നളന്ദ കോളേജ് ഓഫ് ആർട്സ് & സയൻസ്, പെർല (6) | താൽക്കാലിക അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 1,57,500 | 1,31,250 | 26,250 | |
| 2 | സെന്റ് ജൂഡ്സ് ആർട്സ് & | -ടി- | 1,57,500 | 1,48,500 | 9,000 | |

| | | | | | | |
|---|---|---|---|---|---|---|
| | സയൻസ് കോളേജ്, വെള്ളരിക്കുണ്ട്. (6) | | | | | |
| 3 | സെന്റ് മേരീസ് ആർട്സ് & സയൻസ് കോളേജ്, ചെറുപനത്തടി (4) | -ടി- | 1,05,000 | 98,500 | 6,500 | |
| 4 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമാനിറ്റിക്സ് & ബേസിക് സയൻസ്, കരിവെള്ളൂർ. (5) | -ടി- | 1,31,250 | 1,05,000 | 26,250 | |
| | | പലവക | 17,850 | 17,000 | 750 | |
| 5 | ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി. | താൽക്കാലിക അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 42,000 | 34,125 | 7,875 | |
| 6 | എസ്.ഇ.എസ്. കോളേജ്, ശ്രീകണ്ഠാപുരം (അൺ എയ്ഡഡ് കോഴ്സുകൾ) | അഡ്മിനിസ്ട്രേഷൻ | 1,05,000 | - | 1,05,000 | |
| 7 | അൽ-മക്വർ അറബിക് കോളേജ്, നാട്ടുകാണി. | അഡ്മിനിസ്ട്രേഷൻ | 15,750 | - | 15,750 | |
| | | താൽക്കാലിക അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 52,500 | - | 52,500 | |
| 8 | ഡോ. അംബേദ്കർ കോളേജ് ഓഫ് എഡ്യൂക്കേഷൻ, പെരിയ | മിസലേനിയസ് | 15,750 | 15,000 | 750 | |
| 9 | ബജാ മോഡൽ കോളേജ് ഓഫ് ആർട്സ് & സയൻസ് | താൽക്കാലിക അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 47,250 | 45,000 | 2,250 | |
| 10 | മാലിക്ദിനാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് | അഡ്മിനിസ്ട്രേഷൻ | 3,15,000 | - | 3,15,000 | |

| | | | | | | |
|---|---|---|---|---|---|---|
| | മേനേജ്മെന്റ് സ്റ്റഡീസ്. | | | | | |
| | ആകെ | | - | - | 5,67,875 | |

ഇക്കാര്യം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (റിക്വിസിഷൻ നം.25/15.02.2020) ലഭ്യമാക്കിയ മറുപടി തൃപതികരമല്ല. സർവകലാശാലയ്ക്ക് ലഭിക്കാനുള്ള ഫീസ് തുക എത്രയും പെട്ടെന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ബി) 2017-18 വരെയുള്ള ഫീസ് കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

അഡ്മിനിസ്ട്രേഷൻ ഫീസ്, കോഴ്സ് അഫിലിയേഷൻ ഫീസ്, മറ്റ് ഫീസുകൾ എന്നിവ സംബന്ധിച്ച് ലഭ്യമാക്കിയ 2018-19 വർഷത്തെ ഡി.സി.ബി പത്രികയിൽ (സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതും അക്കാദമിക് സെക്ഷനിൽനിന്നും ലഭിച്ചതുമായ) 2018-19 വർഷത്തെ മാത്രം ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2017-18 വരെയുള്ള മുൻ വർഷങ്ങളിൽ ഈ ഇനത്തിലെ ഫീസ് കുടിശ്ശികയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2017-18 വരെയുള്ള ഫീസ് കുടിശ്ശിക വിവരങ്ങൾ സഹിതം 2018-19 വർഷത്തെ ഡി.സി.ബി. പത്രിക തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് റിക്വിസിഷനുള്ള (നം.25/15.02.2020) സർവകലാശാലയുടെ മറുപടിയിൽ (No.Acad.A2/Affi-fee-2015-16) പറഞ്ഞിരിക്കുന്നത് കാലാകാലങ്ങളായി ഡി.സി.ബി, പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഇതുവരെയുള്ള ഡി.സി.ബി. പത്രിക തയ്യാറാക്കുന്നത് പ്രാവർത്തികമല്ല എന്നാണ്. കുടിശ്ശിക ഉൾപ്പെടെ ഡി.സി.ബി, പത്രിക തയ്യാറാക്കിയാൽ മാത്രമേ 2018-19 വർഷം മുതൽ ഫീസ് കുടിശ്ശിക ഉൾപ്പെടെയുള്ള ഡി.സി.ബി, പത്രിക തയ്യാറാക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സി) അഡ്മിനിസ്ട്രേഷൻ ഫീസ്, കോഴ്സ് അഫിലിയേഷൻ ഫീസ്, മറ്റ് ഫീസുകൾ - രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

അഡ്മിനിസ്ട്രേഷൻ ഫീസ്, കോഴ്സ് അഫിലിയേഷൻ ഫീസ്, മറ്റ് ഫീസുകൾ തുടങ്ങിയവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് അക്കാദമിക് വിഭാഗത്തിൽ രജിസ്റ്റർ (ഡി.സി.ബി, രജിസ്റ്റർ) സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററിൽ അഫിലിയേഷൻ കോളേജുകളിൽ നിന്ന് പിരിച്ചെടുക്കുന്ന അഫിലിയേഷൻ ഫീസ്, ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ്, മറ്റ് ഫീസുകൾ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും എൻട്രികൾ ഉദ്യോഗസ്ഥർ (അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ തുടങ്ങിയവർ) ആരും തന്നെ സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ 2017-18 വരെയുള്ള കുടിശ്ശികയുടെ കൃത്യമായ കണക്ക് രജിസ്റ്ററിൽ നിന്നും ലഭിക്കുന്നില്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (റിക്വിസിഷൻ നം.25/15.02.2020) ലഭ്യമാക്കിയ മറുപടി പ്രകാരം രജിസ്റ്ററുകൾ മേലിൽ സാക്ഷ്യപ്പെടുത്തുന്നതാണ് എന്നാണ്. ഈയിനത്തിലെ വരുമാന ചോർച്ച തടയുന്നതിന് രജിസ്റ്ററുകളും രേഖകളും ശരിയായി സൂക്ഷിക്കുന്നതിന് സർവ്വകലാശാല അധികൃതർ ജാഗ്രത പുലർത്തേണ്ടതാണ്.

## 2-4 അഫിലിയേറ്റഡ് കോളേജുകളുടെ ഫിനാൻഷൽ ഗ്യാരന്റി - വിവിധ അപാകങ്ങൾ

കണ്ണൂർ സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1998 അദ്ധ്യായം-5 ഖണ്ഡിക-23 പ്രകാരം കണ്ണൂർ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നിന്നും താഴെ പറയും പ്രകാരം ഫിനാൻഷ്യൽ ഗ്യാരന്റി വാങ്ങേണ്ടതുണ്ട്.

1. വനിതാ കോളേജുകൾ- 1.5 ലക്ഷം
2. മറ്റ് കോളേജുകൾ- 3 ലക്ഷം
3. ഓറിയന്റൽ ടൈറ്റിൽ കോളേജുകൾ- 30,000

ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. കോളേജുകൾ നൽകുന്ന ഫിനാൻഷ്യൽ ഗ്യാരന്റികൾ 7,500(വനിതാകോളേജുകൾ), 15,000(മറ്റ് കോളേജുകൾ), 1,500 (ഓറിയന്റൽ ടൈറ്റിൽ കോളേജുകൾ) രൂപയെങ്കിലും വാർഷിക വരുമാനം ലഭിക്കുന്ന തരത്തിലായിരിക്കണം എന്ന് സ്റ്റാറ്റ്യൂട്ടിൽ പറയുന്നുണ്ട്. ഫിനാൻഷ്യൽ ഗ്യാരന്റിയായി കാഷ് ഡെപ്പോസിറ്റ് നൽകുകയാണെങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും ഒരു ഭാഗം വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മിക്കാനോ, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കാനോ സർവകലാശാലയക്ക് അനുവദിക്കാവുന്നതാണെന്നും ആയതിൽനിന്നും നിർദ്ദിഷ്ട വരുമാനം ആർജിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫിനാൻഷ്യൽ ഗ്യാരന്റിയായി ലഭിച്ച ഫിക്സഡ് ഡെപ്പോസിറ്റിൽ നിന്നും ആർജിക്കുന്ന പലിശയും, ഫിനാൻഷ്യൽ ഗ്യാരന്റിയായി സമർപ്പിച്ച (ലാന്റ് ഡോക്യുമെന്റ്) വസ്തുവകകളിൽ നിന്നുള്ള ആദായവും സർവകലാശാലക്ക് ലഭിക്കുന്നില്ല. ഇത് പ്രസ്തുത കോളേജുകൾക്ക് തന്നെയാണ് ലഭിക്കുന്നത്. സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ പറഞ്ഞ പ്രകാരം ഇതിൽ നിന്നുള്ള വരുമാനം സർവകലാശാല ഫണ്ടിലേക്ക് ലഭ്യമാവുന്നില്ല.
2. കണ്ണൂർ സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്ത 94 കോളേജുകളാണ് ഫിനാൻഷ്യൽ ഗ്യാരന്റി നൽകേണ്ടതായിട്ടുള്ളത് (എയിഡഡ്-17, അൺ-എയ്ഡഡ്-77). ഇതിൽ 6 കോളേജുകൾ ലാന്റ് ഡോക്യുമെന്റും 81 കോളേജുകൾ ഫിക്സഡ് ഡെപ്പോസിറ്റും ഫിനാൻഷ്യൽ ഗ്യാരന്റിയായി നൽകിയിട്ടുണ്ട്. 7 കോളജുകൾ ഫിനാൻഷ്യൽ ഗ്യാരന്റിയായി നൽകിയ രേഖകൾ ഹാജരാക്കിയിട്ടില്ല. 66 കോളേജുകൾ ഫിനാൻഷ്യൽ ഗ്യാരന്റിയായി നൽകിയ ഫിക്സഡ് ഡെപ്പോസിറ്റുകൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞ കോളേജുകളുടെ ഫിനാൻഷ്യൽ ഗ്യാരന്റിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യല്ലാത്തതിനാൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ കോളേജുകളോട് ആവശ്യപ്പെടുന്നതാണെന്നാണ് ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (Requisition Number: 25 തീയതി:15/02/2020)ക്ക് സർവകലാശാല മറുപടി നൽകിയത്.

സർവകലാശാലയ്ക്ക് തനത് ഫണ്ടിലേക്ക് ലഭ്യമാവേണ്ട വരുമാനങ്ങളിൽ ഒന്നാണ് ഫിനാൻഷ്യൽ ഗ്യാരന്റി വഴിയുള്ള വരുമാനം. എല്ലാ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ഫിനാൻഷ്യൽ ഗ്യാരന്റി വാങ്ങുന്നതിനും അതു വഴി തനത് വരുമാനചോർച്ച ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സർവകലാശാല സ്വീകരിക്കേണ്ടതാണ്.

## 2-5 സർവകലാശാല കാഷ് കൗണ്ടർ – പ്രവർത്തനം സുതാര്യമാക്കേണ്ടതാണ്.

കണ്ണൂർ സർവകലാശാല കാഷ് കൗണ്ടറിൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തുകയുണ്ടായി. കാഷ് കൗണ്ടറുകളിൽ (നിലവിൽ രണ്ട് കൗണ്ടറുകളാണ് പ്രവർത്തിക്കുന്നത്) വിവിധ തരത്തിലുള്ള ആവശ്യങ്ങൾക്കായി ഫീസുകൾ ഒടുക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഓരോ ഇടപാടിലും 10/- രൂപ വീതം ഈടാക്കി വരുന്നുണ്ട്. ഇതിന് എ 4 പേപ്പറിലാണ് രശീതി

പ്രിന്റ് ചെയ്ത് നൽകുന്നത്. ഈ പേപ്പറിൽ സർവകലാശാലയുടെ മുദ്രയോ, ക്രമ നമ്പറോ, അച്ചടിച്ച ഓഫീസ് മുദ്രയോ പതിക്കുന്നില്ല. ഇത് ശരിയായ നടപടിക്രമമല്ല. ഇത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിമാറാനുള്ള സാധ്യതയുണ്ട്. തെറ്റായി രേഖപ്പെടുത്തിയ രശീതികൾ ക്യാൻസൽ ചെയ്യാനും പകരം പുതിയ രശീതികൾ നൽകുവാനുമുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. രശീതിയിൽ തെറ്റുകൾ സംഭവിച്ചാൽ ഇത് പ്രിന്റ് ചെയ്ത് നൽകിയ കമ്പ്യൂട്ടറിൽ മാത്രമാണ് എഡിറ്റ് നടത്തി, തുക ക്രമപ്പെടുത്തുന്നത്. ഇതും ശരിയായ രീതിയല്ല. രശീതികൾ തെറ്റായി രേഖപ്പെടുത്തുകയോ മറ്റ് തെറ്റുകൾ സംഭവിക്കുകയോ ചെയ്താൽ അത്തരം രശീതികൾ ക്യാൻസൽ ചെയ്യുകയും അവയെ മേലധികാരികളുടെ അറിവിലേക്ക് കൊണ്ടുവരേണ്ടതും അവരുടെ അറിവോടെ ഭദ്രമായി സൂക്ഷിക്കേണ്ടതും പകരം ഫീസ് ഒടുക്കിയ ആൾക്ക് പുതിയ രശീതി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക നം. 3-2-2) പരാമർശിച്ചിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ സർവകലാശാലയ്ക്ക് കത്തും നൽകിയിട്ടുണ്ട് (30.09.2019 ലെ കെ.എസ്.എ./കെ.എൻ.യു./യു.3/439/2019 നമ്പർ കത്ത്). എന്നാൽ നാളിതുവരെയായി നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. കണ്ണൂർ സർവകലാശാലയുടെ ഔദ്യോഗിക മുദ്രയുള്ള ക്രമ നമ്പർ രേഖപ്പെടുത്തി പ്രിന്റ് ചെയ്ത സ്റ്റേഷനറിയാണ് രശീതായി ഉപയോഗിക്കേണ്ടത്. സ്റ്റേഷനറിക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, സ്റ്റേഷനറികൾ കൗണ്ടറിലേക്ക് നൽകുന്ന സമയത്ത് എണ്ണം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത അപാകം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുകയും ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-6 ഇ-ഗ്രാന്റ്സ് - വകുപ്പ് തലവന്റെ പേരിൽ അക്കൗണ്ട് ആരംഭിച്ച് ഇടപാടുകൾക്കുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

ഫീസിളവിനും മറ്റും അർഹതയുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി-പട്ടികവർഗ വകുപ്പ് ഇ-ഗ്രാന്റ്സ് മുഖേന അനുവദിക്കുന്ന ഫീ കൺസഷൻ തുക വകുപ്പ് തലവന്റെ പേരിലുള്ള ഇ-ഗ്രാന്റ്സ് അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. എന്നാൽ ചില പഠന വകുപ്പുകളിൽ നാളിതുവരെ ഇങ്ങനെയൊരു അക്കൗണ്ട് തുടങ്ങിയിട്ടില്ല. ഈ പഠന വകുപ്പുകളിലെ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ക്ലെയിമിനുള്ള അപേക്ഷ നൽകുമ്പോൾ സർവകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ട് നമ്പർ നൽകുകയും അർഹതപ്പെട്ട തുക ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു. ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ വരുന്ന ഇ-ഗ്രാന്റ്സ് തുക ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് തിരികെ നൽകുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു (ഉദാ:- ലൈബ്രറി & ഇൻഫർമേഷൻ സയൻസ് വിദ്യാർത്ഥികളുടെ 24-03-2019ന് ലഭ്യമായ ഇ-ഗ്രാന്റ്സ് 92,215/-രൂപ ജനുവരി 2020 വരെ വിദ്യാർത്ഥികൾക്ക് തിരികെ നൽകിയിട്ടില്ല). ഇ-ഗ്രാന്റ്സിന് അർഹരായ എല്ലാ വിദ്യാർത്ഥികളുടെയും ക്ലെയിം തുക ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് ക്ലെയിമിനുള്ള അപേക്ഷ നൽകിയ വകുപ്പ്/സെന്റർ മേധാവിക്ക് പരിശോധിച്ച് ഉറപ്പുവരുത്താനാവുന്നില്ല. ട്യൂഷൻ ഫീസ്/ പരീക്ഷാ ഫീസ് ഇനങ്ങളിൽ ഇ-ഗ്രാന്റ്സ് മുഖേന സർവകലാശാലക്ക് ലഭിക്കേണ്ട തുകകൾ മുഴുവനും വരവ് വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പ് തുകയും തിരിച്ചുനൽകേണ്ടതായ മറ്റ് തുകകളും താമസം വിനാ നൽകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

ഇ-ഗ്രാന്റ്സ് അക്കൗണ്ടില്ലാത്ത പഠന വകുപ്പുകളുടെ പേര് താഴെ കൊടുക്കുന്നു.

1. കായിക പഠന വകുപ്പ്

2. ലൈബ്രറി സയൻസ് പഠന വകുപ്പ്
3. പ്രബോധന ശാസ്ത്ര പഠന വകുപ്പ് (Pedagogical Science)
4. സ്റ്റാറ്റിസ്റ്റിക്കൽ സയൻസ് പഠന വകുപ്പ്
5. ചരിത്ര പഠന വകുപ്പ്
6. ഗണിതശാസ്ത്ര പഠന വകുപ്പ്
7. മേനേജ്മെന്റ് പഠന വകുപ്പ്
8. ഭൗതിക ശാസ്ത്ര പഠന വകുപ്പ്
9. ബി.എഡ് സെന്റർ, ധർമശാല

## 2-7 സർവകലാശാല പഠന വകുപ്പുകളിലും അനുബന്ധസ്ഥാപനങ്ങളിലും തീർപ്പാക്കാനവശേഷിക്കുന്ന 2018-19 വർഷത്തെ നിരീക്ഷണങ്ങൾ

1- വിദൂര വിദ്യാഭ്യാസവിഭാഗം.

i) ഡി.സി.ബി. പത്രിക പ്രകാരമുള്ള വരവ് സർവ്വകലാശാല സമർപ്പിച്ച വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റിന് സമർപ്പിച്ച വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ 2018-19 വർഷത്തെ ഡി.സി.ബി. പത്രിക പ്രകാരം ഫീസിനത്തിൽ ആകെ 5,44,07,790/- രൂപ വരവ് വന്നിട്ടുണ്ട്. കൂടാതെ ഡി.സി.ബി. പത്രികയിൽ ഉൾപ്പെടാത്ത 2,78,710/- രൂപയുടെ (ബി.കോം ഫീസ് രജിസ്റ്റർ പ്രകാരം) മറ്റിനങ്ങളിലെ ഫീസും വരവായി വന്നിട്ടുണ്ട്. എന്നാൽ കണ്ണൂർ സർവകലാശാലയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 5,10,25,196/- രൂപയാണ് (ബജറ്റ് കോഡ്-109-010) വരവ് കാണിച്ചിരിക്കുന്നത്. വാർഷിക ധനകാര്യ പത്രികയിലെ വരവ് തുകയും ഡി.സി.ബി. പത്രിക പ്രകാരമുള്ള വരവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി. പത്രിക പ്രകാരമുള്ള വരവ് തുകയെക്കാളും 33,82,594/- രൂപയുടെ കുറവ് വാർഷിക കണക്കുകളിൽ ഉണ്ട്. വാർഷിക ധനകാര്യ പത്രികയിലെ വരവ് തുകയും ഡി.സി.ബി. പത്രിക പ്രകാരമുള്ള വരവ് തുകയും പൊരുത്തപ്പെടാത്തതിനുള്ള കാരണം സർവകലാശാല വസ്തുനിഷ്ഠമായി വ്യക്തമാക്കിയിട്ടില്ല.

2 പരീക്ഷാ വിഭാഗം

i) ഡി.സി.ബി പത്രിക തയ്യാറാക്കിയിട്ടില്ല

കണ്ണൂർ സർവ്വകലാശാലയുടെ 2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം വിവിധ കോഴ്സുകളുടെ പരീക്ഷാ ഫീസിനത്തിൽ 16,95,69,329/- രൂപ വരവ് വന്നിട്ടുണ്ട്. വിവിധ കോഴ്സുകളിൽ പരീക്ഷാ ഫീസിനത്തിൽ തൻവർഷം വരവ് വരേണ്ട തുക, ലഭ്യമായ തുക, ലഭിക്കാൻ ബാക്കിയുള്ള തുക (ഡി.സി.ബി. പത്രിക) എന്നിവയുടെ വിവരങ്ങളും ഇ-ഗ്രാന്റ്സ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ (നം.4/31-12-2019) നൽകിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പരീക്ഷാ ഫീസിനത്തിൽ ലഭിക്കാനുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി ഡി.സി.ബി പത്രിക തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3 താവക്കര കാമ്പസ്

എ) ലൈബ്രറി & ഇൻഫർമേഷൻ സയൻസ്.

1. ഇ-ഗ്രാന്റ്സ് ലഭ്യമായിട്ടില്ല
(എ) 2017 ൽ പ്രവേശനം നേടിയ (2017-19 ബാച്ച് M.Li.Sc. III, IV Sem) താഴെ പറയുന്ന വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് നാളിതുവരെ ലഭ്യമായിട്ടില്ല.

| ക്രമ നം. | വിദ്യാർത്ഥികളുടെ പേര് | ക്ലെയിം ചെയ്ത തുക |
|---|---|---|
| 1 | അശ്വിനി വി.വി. | 13,810 |
| 2 | അതുല്യ പി. | 13,810 |
| 3 | ജിബിഷ കെ.ജെ. | 13,810 |
| 4 | സജിന എം. | 13,810 |
| 5 | സ്വരൂപ പി. | 13,810 |
| 6 | നികിത നിക്സൻ (ഫിഷറീസ് ഇ-ഗ്രാന്റ്സ്) | 13,810 |
| | ആകെ | 82,860 |

2. 2018 ൽ പ്രവേശനം നേടിയ (2018-20 ബാച്ച് M.Li.Sc. I, II, Sem) താഴെ പറയുന്ന വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് നാളിതുവരെ ലഭ്യമായിട്ടില്ല.

| ക്രമ നം. | വിദ്യാർത്ഥികളുടെ പേര് | ക്ലെയിം ചെയ്ത തുക |
|---|---|---|
| 1 | ജോസ്ന എം. | 14,175 |
| 2 | രാധിക പി. | 14,175 |
| 3 | രഞ്ജിത് ജോസ്. | 14,175 |
| 4 | വിദ്യ വിനോദ്. | 14,175 |
| 5 | അനുഷ കെ. | 14,175 |
| | ആകെ | 70,875 |

ഇ-ഗ്രാന്റ്സ് ഇനത്തിൽ ലഭ്യമാകാൻ ബാക്കിയുള്ള തുക 1,53,735/- രൂപ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ലഭിക്കുന്ന മുറയ്ക്ക് സർവകലാശാല ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം തെറ്റായ തുകയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. ഡി.സി.ബി. യിൽ ശരിയായ കണക്കുകൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഇ-ഗ്രാന്റ്സ് അനുവദിച്ചതിൽ കുറവ്

2018 ൽ പ്രവേശനം നേടിയ ഫാത്തിമ റഫിയത്ത്, പി. എന്ന വിദ്യാർത്ഥിനിക്ക് ഒന്നാം വർഷം അർഹതപ്പെട്ട ഇ-ഗ്രാന്റ്സ് തുക 14,175/- രൂപയാണ്. എന്നാൽ വിദ്യാർത്ഥിനിക്ക് ലഭിച്ചത് 13,100/- രൂപ മാത്രമാണ്. കുറവു വന്ന 1,075/- രൂപ പട്ടികജാതി/ പട്ടികവർഗ വകുപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. 2018 ൽ പ്രവേശനം നേടിയ ശരണ്യ, സി.ജെ. എന്ന വിദ്യാർത്ഥിനിക്ക് ഒന്നാം വർഷം ഇ-ഗ്രാന്റ്സ് ഇനത്തിൽ ലഭിക്കേണ്ടത് 14,175/- രൂപയാണ്. എന്നാൽ ലഭിച്ചത് 13,335/- രൂപ മാത്രമാണ്. കുറവ് വന്ന തുക 840/- രൂപ ലഭ്യമാക്കുന്നതിന് പട്ടികജാതി/ പട്ടികവർഗ വകുപ്പുമായി ബന്ധപ്പെട്ട്

നടപടി സ്വീകരിക്കേണ്ടതാണ്. ഇ-ഗ്രാന്റ്സ് ക്ലെയിം സമർപ്പിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട തുകയാണ് ക്ലെയിം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4- കാസർഗോഡ് കാമ്പസ്

എ) കന്നഡ പഠന വകുപ്പ്

1. ഇ-ഗ്രാന്റ്സ്-സർവകലാശാലക്ക് വിവിധ ഫീസിനങ്ങളിൽ ലഭിക്കാനുള്ളത് 99,800 രൂപ

കണ്ണൂർ സർവ്വകലാശാലയുടെ കാസർഗോഡ് ക്യാമ്പസിലെ സ്കൂൾ ഓഫ് ഇൻഡ്യൻ ലാഗ്വേജസ്, കന്നട പഠനവകുപ്പിലെ 2016 ബാച്ചിലെ ഒരു വിദ്യാർത്ഥിയുടെയും, 2018 ബാച്ചിലെ മൂന്ന് വിദ്യാർത്ഥികളുടെയും ഉൾപ്പെടെ വിവിധ ഫീസിനങ്ങളിൽ (പരീക്ഷാ ഫീസ് ഉൾപ്പെടെ) ഇ-ഗ്രാന്റ്സ് മുഖേന 31-03-2019 വരെയുള്ള കാലയളവിൽ സർവകലാശാലക്ക് 99,800രൂപ ലഭിക്കുവാനുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കോഴ്സ്, അഡ്മിഷൻ വർഷം | സാമ്പത്തിക വർഷം | ഇ-ഗ്രാന്റ്സിന് അർഹരായ കുട്ടികളുടെ എണ്ണം | ഫീസിനത്തിൽ സർവകലാ ശാലക്ക് ലഭിക്കേണ്ട തുക | സർവകലാ ശാല ഫണ്ടിൽ ലഭിച്ച തുക | ലഭിക്കുവാൻ ബാക്കിയുള്ള തുക (31-03-2019 വരെയുള്ളത്) |
|---|---|---|---|---|---|
| എം.ഫിൽ, കന്നട 2016-2017 | 2017-2018 | 1 | 32,705 | 0 | 32,705 |
| എം.ഫിൽ, കന്നട 2017-2018 | 2018-2019 | 3 | 1,00,260 | 33,165 | 67,099 |
| ആകെ | | 4 | 1,32,965 | 0 | 99,800 |

റിമാർക്സ് : എം.ഫിൽ, കന്നട 2017-2018ബാച്ചിലെ ഒരു വിദ്യാർത്ഥിയുടെ ഫീസ് തുകയിനത്തിൽ 33,165/- രൂപ 01-04-2019 ന് ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ ലഭിക്കുകയും 29-04-2019 ന് സർവകലാശാലയിലേക്ക് അടവാക്കിയിട്ടുമുണ്ട്. 33,420 രൂപ ലഭിക്കേണ്ടിയിരുന്നതിൽ 33,165/- രൂപ മാത്രമാണ് ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നു ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 255/-രൂപ കുറവായി ക്രെഡിറ്റ് ചെയ്യാനുള്ള സാഹചര്യം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

സർവ്വകലാശാലക്ക് ഫീസിനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള 99,800/- രൂപ പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിൽനിന്ന് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണ്ടതാണ്.

ബി) വനിതാ ഹോസ്റ്റൽ,കാസറഗോഡ്

1. വാടക ഈടാക്കുന്നതിൽ കാലതാമസം-കുടിശ്ശിക വരുത്തിയതിന് പിഴ ഈടാക്കുന്നില്ല.

കണ്ണൂർ സർവകലാശാല ഹോസ്റ്റൽ റൂൾസ് പ്രകാരം വിദ്യാർത്ഥികൾ എല്ലാ മാസവും അഞ്ചാം തീയതിക്കകം വാടക ഒടുക്കേണ്ടതാണ്. സമയപരിധിക്കകം വാടക ഒടുക്കാത്തവരിൽ നിന്നും സർവകലാശാല നിശ്ചയിച്ച നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. സർവ്വകലാശാല ഹോസ്റ്റൽ റൂൾസ് ഭാഗം-II പ്രകാരം സമയപരിധിക്കകം വാടക നൽകിയില്ലെങ്കിൽ ആദ്യത്തെ 10 ദിവസത്തേക്ക് 10 രൂപയും തുടർന്ന് പരമാവധി ഒരു മാസം വരെ 50 രൂപയുമാണ് പിഴ. ഒരു മാസം കഴിഞ്ഞാൽ

ഹോസ്റ്റലിൽ നിന്നും നീക്കം ചെയ്യേണ്ടതും അതാത് വകുപ്പ് തലവൻമാരെ വിവരം അറിയിക്കേണ്ടതുമാണ്. കാസർഗോഡ് കാമ്പസ് വനിത ഹോസ്റ്റലിലെ വിദ്യാർത്ഥികളിൽ നിന്നും വാടക ഈടാക്കുന്നതിലെ സമയപരിധി പാലിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയതായി കാണുന്നു. നിശ്ചയിച്ച തീയതിക്കുള്ളിൽ വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയവരിൽ നിന്നും സർവകലാശാല നിശ്ചയിച്ച നിരക്കിലുള്ള പിഴ ഈടാക്കുകയോ നീക്കംചെയ്യുകയോ മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| മാസം | ഹോസ്റ്റലിൽ താമസിച്ച വരുടെ എണ്ണം. | വാടക ഒടുക്കേണ്ട തീയതി | ഒടുക്കിയ തീയതി |
|---|---|---|---|
| 07/2018 | 18 | 05-07-2018 | 15 പേർ 30-10-2018 ന്<br>03 പേർ 17-01-2019 ന് |
| 08/2018 | 19 | 05-08-2018 | 15 പേർ 29-11-2018 ന്<br>03 പേർ 17-01-2019 ന് |
| 09/2018 | 19 | 05-09-2018 | 15 പേർ 29-11-2018 ന്<br>03 പേർ 17-01-2019 ന് |
| 10/2018 | 20 | 05-10-2018 | 20 പേർ 10-01-2019 ന് |

വാടക ഒടുക്കുന്നതിൽ 6 മാസം വരെ കാലതാമസം വരുത്തിയ വിദ്യാർത്ഥികൾ ഉണ്ടായിട്ടും തുടർനടപടികൾ സ്വീകരിക്കാതിരുന്നത് ശരിയായ നടപടിയല്ല. വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും സർവകലാശാല നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 5- നീലേശ്വരം കാമ്പസ്

### എ) ക്യാമ്പസ് ഡയരക്ടർ നീലേശ്വരം

1. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ.

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പെർമനന്റ് അക്കൗണ്ടിൽ നിന്നും ചെലവ് നടത്തി സാധനങ്ങൾ സമാഹരിക്കുമ്പോൾ സാധനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ക്യാമ്പസ് ഭരണ വിഭാഗത്തിൽ സൂക്ഷിച്ചിരിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കാണിക്കുകയോ ഓരോ ഇനങ്ങളും വെവ്വേറെ ഭാഗങ്ങളിലായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആകെയുള്ള സ്റ്റോക്കിൽ നിന്നും വിതരണം ചെയ്തതു കുറവു വരുത്തി ബാലൻസ് കാണിക്കുന്നുമില്ല. ആയതിനാൽ സാധനങ്ങളുടെ നീക്കിയിരിപ്പ് അറിയുന്നതിനും ഭൗതിക പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 149, 150 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### ബി) എം.ബി.എ. നീലേശ്വരം

1. സർവകലാശാലക്ക് വിവിധ ഫീസിനങ്ങളിൽ ഇ-ഗ്രാന്റ്സ് മുഖേനയുള്ള 5,62,805/- രൂപ ലഭിച്ചിട്ടില്ല.

കണ്ണൂർ സർവ്വകലാശാലയുടെ നീലേശ്വരം ക്യാമ്പസിലെ സെന്റർ ഫോർ എം.ബി.എ. യിൽ വിവിധ

ഫീസിനങ്ങളിൽ (പരീക്ഷാ ഫീസ് ഉൾപ്പെടെ) ഇ-ഗ്രാന്റ്സ് മുഖേന 2018-2019 സാമ്പത്തിക വർഷത്തിൽ സർവകലാശാലക്ക് 5,62,805/- രൂപ ലഭിക്കുവാനുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കോഴ്സ്, അഡ്മിഷൻ വർഷം | വർഷം/ സെമസ്റ്റർ | ഫീസ് നിരക്ക് | ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ എണ്ണം | ഇ-ഗ്രാന്റ്സ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം | ഇ- ഗ്രാന്റ്സ് മുഖേന ഫീസ് ലഭിക്കുവാൻ ബാക്കിയുള്ള വിദ്യാർത്ഥികളുടെ എണ്ണം | ലഭിക്കുവാൻ ബാക്കിയുള്ള തുക (31-03-2019 വരെയുള്ളത്) |
|---|---|---|---|---|---|---|
| എം.ബി.എ. 2017 | രണ്ടാം വർഷം (3,4 സെമസ്റ്റർ) | 63,000(ട്യൂഷൻ ഫീസ്) +3,945(സ്പെഷൽ ഫീസ്) +3,270(എക്സാം ഫീസ്) =70,215 | 10 | 3 | 7 | 4,91,505 |
| എം.ബി.എ. 2017 | ഒന്നാം വർഷം (1, 2 സെമസ്റ്റർ) | 63,000 (ട്യൂഷൻ ഫീസ്) +4,840(സ്പെഷൽ ഫീസ്) +3,460 (എക്സാം ഫീസ്) =71,300 | 20 | 19 | 1 | 71,300 |
| | | | | | ആകെ | 5,62,805 |

ഇ-ഗ്രാന്റ്സ് മുഖേന ലഭ്യമാകാനുള്ള 5,62,805/- രൂപ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കി സർവ്വകലാശാലയിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇ-ഗ്രാന്റ്സ് ക്ലെയിം ചെയ്തിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറക്ക് സർവ്വകലാശാല ഫണ്ടിൽ ഒടുക്കുന്നതാണെന്നുമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (01/05-09-2019) മറുപടി ലഭ്യമാക്കിയത്.

2. <u>സെമസ്റ്റർ ഫീസ് ഈടാക്കിയില്ല</u>

എം.ബി.എ. 2018 അഡ്മിഷൻ രണ്ടാം സെമസ്റ്ററിലെ രണ്ട് വിദ്യാർത്ഥികളുടെ സെമസ്റ്റർ ഫീസ് (2x33,040=66,080) നാളിതുവരെയായും സർവ്വകലാശാല ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (02/05.09.2019) വിദ്യാർഥികൾക്ക് പലതവണയായി അറിയിപ്പ് നൽകിയിട്ടും ഫീസ് ഒടുക്കുവാൻ തയ്യാറായില്ലെന്നും, വിദ്യാർത്ഥികളിൽനിന്നും പ്രസ്തുത തുകയുടെ ഡി.ഡി. ലഭ്യമാകുന്ന മുറക്ക് സർവ്വകലാശാലയിൽ ഒടുക്കുമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഈ വിവരം സർവ്വകലാശാലയെ അറിയിക്കുകയും തുടർ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.

സി) <u>ഐ. ടി. സെന്റർ നീലേശ്വരം</u>

1. <u>സെമസ്റ്റർ ഫീസ് ഒടുക്കിയതിൽ കുറവ്</u>

കണ്ണൂർ സർവ്വകലാശാലയുടെ നീലേശ്വരം ക്യാമ്പസിലെ ഐ.ടി. എഡ്യൂക്കേഷൻ സെന്ററിൽ 2016 അഡ്മിഷൻ വിദ്യാർത്ഥികളുടെ 5, 6 സെമസ്റ്റർ ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| സെമസ്റ്റർ | വിദ്യാർത്ഥികളുടെ എണ്ണം | ഒടുക്കേണ്ടിയിരുന്ന ഫീസ് | ഒടുക്കിയ ഫീസ് | ഒടുക്കാൻ ബാക്കിയുള്ള തുക | ഒടുക്കാൻ ബാക്കിയുള്ള 7 വിദ്യാർത്ഥികളുടെ ആകെ തുക |
|---|---|---|---|---|---|
| അഞ്ച് | 7 | 23,105 | 21,670 | 1,435 | 10,045 |
| ആറ് | 7 | 22,185 | 21,125 | 1,060 | 7,420 |
| | | | | ആകെ | 17,465 |

ഒടുക്കാനവശേഷിക്കുന്ന തുക 17,465 ഉടൻ തന്നെ സർവ്വകലാശാല ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 03/06-09-2019) കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്.

2. ഇ –ഗ്രാന്റ്സ് ക്ലെയിം ചെയ്തതിൽ കുറവ്

കണ്ണൂർ സർവ്വകലാശാലയുടെ നീലേശ്വരം ക്യാമ്പസിലെ ഐ.ടി. എഡ്യുക്കേഷൻ സെന്ററിൽ 2016 അഡ്മിഷൻ വിദ്യാർത്ഥികളുടെ 5, 6 സെമസ്റ്റർ ഫീസ് ഇ-ഗ്രാന്റ്സ് ക്ലെയിം ചെയ്തതിൽ കുറവ് കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| സെമസ്റ്റർ | വിദ്യാർത്ഥികളുടെ എണ്ണം | ക്ലെയിം ചെയ്യേണ്ട തുക | ക്ലെയിം ചെയ്ത തുക | ശേഷിക്കുന്ന തുക | ക്ലെയിം ചെയ്യാൻ ശേഷിക്കുന്ന തുക (9 വിദ്യാർത്ഥികളുടെ) |
|---|---|---|---|---|---|
| അഞ്ച് | 9 | 23,105 | 18,805 | 4,300 | 38,700 |
| ആറ് | 9 | 22,185 | 17,885 | 4,300 | 38,700 |
| | | | | ആകെ | 77,400 |

കുറവ് വന്ന തുക 77,400 ബന്ധപ്പെട്ട വകുപ്പിൽ നിന്നും എത്രയും പെട്ടെന്ന് ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 02/06.09.2019) ലഭിച്ച മറുപടി തൃപ്തികരമല്ല.

3. എം.സി.എ. കോഴ്സ് പുനരാരംഭിക്കാത്ത പക്ഷം ഐ.ടി. എഡ്യുക്കേഷൻ സെന്ററിലെ ആസ്തികൾ സർവകലാശാലയിലെ മറ്റ് പഠനവകുപ്പുകൾക്ക് പ്രയോജനപ്പെടുത്തുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

നീലേശ്വരം ഐ.ടി. എഡ്യുക്കേഷൻ സെന്ററിൽ 2016 അദ്ധ്യയന വർഷത്തിന് ശേഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടില്ല. 2016 അദ്ധ്യയനവർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ 2018 വർഷത്തിൽ കോഴ്സ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഐ.ടി. എഡ്യുക്കേഷൻ സെന്ററിൽ അദ്ധ്യാപകരോ വിദ്യാർത്ഥികളോ ആരും തന്നെയില്ല. ക്യാമ്പസ് ഡയറക്ടർക്കാണ് അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല നൽകിയിരിക്കുന്നത്. വിപുലമായ കമ്പ്യൂട്ടർ ലാബ്, 66 കമ്പ്യൂട്ടറുകൾ, ഫർണ്ണിച്ചറുകൾ, 1,429 ലൈബ്രറി പുസ്തകങ്ങൾ ഉൾപ്പെടെ ലക്ഷക്കണക്കിന് രൂപയുടെ ആസ്തികൾ സെന്ററിലുണ്ട്. വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ നിലവിൽ പ്രസ്തുത ആസ്തികൾ സെന്ററിൽ വെറുതെ കിടക്കുകയാണ്. കോഴ്സ് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സർവകലാശാല സ്വീകരിക്കുകയോ, ഐ.ടി. എഡ്യുക്കേഷൻ സെന്ററിലെ ആസ്തികൾ സർവകലാശാലയിലെ മറ്റ് പഠന വകുപ്പുകൾക്ക് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി കൈമാറുകയോ ചെയ്യേണ്ടതാണ്.

6 മാങ്ങാട്ട്പറമ്പ കാമ്പസ്

എ) ഹിസ്റ്ററി പഠന വകുപ്പ്

1. ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ ഫീസ് തുകകൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും സർവ്വകലാശാലക്ക് ലഭ്യമായില്ല.

M.A.(History&Heritage Studies) 2017-19 അഡ്മിഷൻ - 6 വിദ്യാർത്ഥികളുടെ 3 ഉം 4 ഉം സെമസ്റ്റർ ഫീസ് ((4,055+3,135) x6 =43,140) ആകെ തുകയായ 43,140/- രൂപ (ഇ-ഗ്രാന്റ്സ്) ബന്ധപ്പെട്ട വകുപ്പിൽ നിന്നും സർവ്വകലാശാലാ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. ആയതിനാൽ ഫീസിനത്തിൽ സർവകലാശാലയ്ക്ക് ലഭ്യമാവേണ്ട 43,140/-രൂപ ഇതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഇ-ഗ്രാന്റ്സായി ലഭ്യമായ തുകകൾ സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല.

ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ കോഴ്സ് ഫീ/പരീക്ഷ ഫീസ് തുകകൾ സർവ്വകലാശാല ഫണ്ടിലേക്ക് നേരിട്ടാണ് ക്രെഡിറ്റ് ചെയ്യുന്നത്. എന്നാൽ സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സർവ്വകലാശാല ഫണ്ടിൽ തുക വരവായതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബാച്ച് | ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികൾ | ഫീസ് | | | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | കോഴ്സ് ഫീ (1st Semester) | കോഴ്സ് ഫീ (2nd Semester) | കോഴ്സ് ഫീ (3rd Semester) | കോഴ്സ് ഫീ (4th Semester) | പരീക്ഷാ ഫീസ് | ആകെ | |
| 2017-19 | 16 | - | - | 64,880 (4,055 x16) | 50,160 (3,135 x16) | 35,440 (2,215 x16) 3rd &4th Semester | 1,50,480 | |
| 2018-20 | 20 | 97,900 (4,895x20) | 62,700 (3,135x20) | - | - | 32,400 (1,620x20) 1st &2nd Semester | 1,93,000 | |

കോഴ്സ് ഫീ/പരീക്ഷ ഫീസ് തുകകൾ സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തത് സംബന്ധിച്ച് സർവ്വകലാശാല ധനകാര്യ വിഭാഗം ഉറപ്പ് വരുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. മുൻകൂറായി വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുത്ത കോഴ്സ് ഫീ/പരീക്ഷ ഫീസ് ഇഗ്രാന്റ്സ് അനുവദിച്ച ശേഷവും തിരിച്ച് നൽകിയില്ല.

കോഴ്സ് ഫീ/പരീക്ഷ ഫീസിനത്തിൽ വിദ്യാർത്ഥികൾ മുൻകൂർ ഒടുക്കിയ തുക പിന്നീട് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഇ-ഗ്രാന്റ്സായി സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് അനുവദിച്ചെങ്കിലും ഈ തുക കുട്ടികൾക്ക് തിരിച്ച് നൽകിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ബാച്ച് | ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികൾ | കോഴ്സ് ഫീ ആയി അനുവദിച്ച തുക (Per Head) | പരീക്ഷാ ഫീസിനത്തിൽ ഇ-ഗ്രാന്റ് സായി അനുവദിച്ച തുക (Per Head) | ആകെ അനുവദിച്ച തുക | റീഇംബേഴ്സ് ചെയ്യാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 2017-19 (3&4 Semester) | 16 | - | 2,215 | 35,440 (2,215 x16) | 35,440 | |
| 2018-20 | 20 | 83,215 (4,895 x17) 1st Semester | 32,400 (1,620 x20) 1st &2nd Semester) | 1,15,615 (83,215 +32,400) | 1,15,615 | |

ആയത് വിദ്യാർത്ഥികൾക്ക് തിരിച്ച് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) മാസ് കമ്യൂണിക്കേഷൻ & ജേണലിസം

1. ഇ-ഗ്രാന്റ്സ് - ബന്ധപ്പെട്ട വകുപ്പിൽനിന്ന് തുക ലഭ്യമാക്കിയിട്ടില്ല.

MCJ 2017-19 അഡ്മിഷൻ - 4 വിദ്യാർത്ഥികളുടെ IIIrd, IVth സെമസ്റ്റർ ഫീസ് തുകയായ 79,600/- രൂപ (ഇ-ഗ്രാന്റ്സ് ) ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. MCJ 2018-20 അഡ്മിഷൻ – അഞ്ചു വിദ്യാർത്ഥികളുടെ 2nd സെമസ്റ്റർ ഫീസ് തുകയായ 47,450/- രൂപ (ഇ-ഗ്രാന്റ്സ്) ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫീസിനത്തിൽ സർവകലാശാല ഫണ്ടിലേക്ക് ഒടുക്കേണ്ട 1,27,050/- (79,600+47,450) രൂപ ഇതുവരെ അടച്ചിട്ടില്ല. ഫീസിനത്തിൽ (ഇ-ഗ്രാന്റ്സ് ) കുടിശ്ശികയായ 1,27,050/- രൂപ ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമാക്കി സർവകലാശാല ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

സി) ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസ്, മാങ്ങാട്ടുപറമ്പ്

1. ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

കണ്ണൂർ സർവ്വകലാശാലയുടെ 28.07.2018 ലെ Acad.D2/6323/Fee/2017 നമ്പർ ഉത്തരവ് പ്രകാരം 01.06.2018 പ്രാബല്യത്തിൽ വിവിധ കോഴ്സുകളുടെ ഫീസ് നിരക്ക് വർധിപ്പിച്ചിരുന്നു. സർവ്വകലാശാലയുടെ മാങ്ങാട്ട്പറമ്പ് ക്യാമ്പസിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ്

സ്പോർട്സ് സയൻസസ് പഠനവകുപ്പിൽ 2018-2019 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട വിവിധ ഫീസിനങ്ങളിൽ (ഇ- ഗ്രാന്റ്സ്/നേരിട്ട് അടയ്ക്കുന്നത്) തുകകൾ കുടിശ്ശികയായിട്ടുണ്ട്.

2. ഇ- ഗ്രാന്റ്സ് ലഭിച്ചതിൽ കുറവ്.

താഴെ പറയുന്ന കോഴ്സുകളുടെ ഫീസുകൾ ഇ-ഗ്രാന്റ് മുഖേന തിരിച്ചുലഭിച്ച സമയത്ത് സ്പെഷൽ ഫീ ഇനത്തിൽ കുറവ് വന്നതായി കാണുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| കോഴ്സ്, അഡ്മിഷൻ വർഷം | വർഷം/ സെമസ്റ്റർ | ഫീസ് നിരക്ക് | | ഇ-ഗ്രാന്റ്സ് മുഖേന ലഭിച്ച തുക | കുറവ് വന്ന തുക | ഇ-ഗ്രാന്റ്സ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം | ഇ-ഗ്രാന്റ് സിൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| ബി.പി.എഡ്. | 2017-19 രണ്ടാം വർഷം | സ്പെഷൽ ഫീസ് | 1,740 | 1,430 | 310 | 22 | 6,820 |
| ബി.പി.എഡ്. | 2018-20 ഒന്നാം വർഷം | സ്പെഷൽ ഫീസ് | 2,790 | 2,480 | 310 | 26 | 8,060 |
| ആകെ | | | | | | | 14,880 |

ഇതു സംബന്ധിച്ച് വകുപ്പ് മേധാവി നൽകിയ മറുപടി പ്രകാരം (No. SPESS/General /2019,തീയതി.19.07.2019) ഇ-ഗ്രാന്റ്സ് ക്ലെയിം ചെയ്ത ശേഷം സർവ്വകലാശാല ഉത്തരവിൽ വന്ന മാറ്റമാണ് 310/-രൂപ കുറവ് വരാൻ കാരണമെന്നും പ്രസ്തുത വിദ്യാർത്ഥികളിൽ നിന്നും ഫീസ് നേരിട്ട് ഈടാക്കിയിട്ടുള്ളതിനാൽ ഗ്രാന്റ് റീ ഇംമ്പേഴ്സ് ചെയ്യുമ്പോൾ മേൽ തുക കുറവു വരുത്തി നൽകുമെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയിൽ അറിയിച്ച പ്രകാരം ഇ-ഗ്രാന്റ്സ് തുക റീ ഇംമ്പേഴ്സ് ചെയ്യുമ്പോൾ കുറവ് വന്ന തുകയായ 310/- രൂപ ഈടാക്കി സർവ്വകലാശാല ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3. നേരിട്ട് ഫീസ് അടച്ചതിൽ കുറവ്

സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ ഇ-ഗ്രാന്റിനർഹതയില്ലാത്ത, നേരിട്ട് ഫീസടക്കുന്ന വിദ്യാർഥികളിൽ നിന്നും ഫീസീടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| കോഴ്സ്, അഡ്മിഷൻ വർഷം | വർഷം/ സെമസ്റ്റർ | സെമസ്റ്റർ ഫീസ് നിരക്ക് | | ഇ-ഗ്രാന്റിനർഹത യില്ലാത്തവർ | അടച്ച തുക | കുറവ് വന്ന തുക | ആകെ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| ബി.പി.എഡ്. | 2017-19 രണ്ടാം വർഷം മൂന്നാം സെമസ്റ്റർ | ട്യൂഷൻ | 7,560 | 6 | 7,200 | 360 | 2,160 |
| | | ലൈബ്രറി ഫീ | 410 | | 390 | 20 | 120 |
| | | സ്പെഷൽ ഫീ | 275 | | 260 | 15 | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സ്പോർട്സ് അഫിലി യേഷൻ ഫീ | 210 | | 150 | 60 | 360 |
| | | യൂനിവേഴ്സിറ്റി യൂനിയൻ ഫീ | 105 | | 100 | 5 | 30 |
| | | സ്റ്റുഡന്റ് വെൽഫയർ ഫീ | 275 | | 260 | 15 | 90 |
| | | യൂനിവേഴ്സിറ്റി ഡവലപ്മെന്റ് ഫീ | 55 | | 0 | 55 | 330 |
| ആകെ | | | 8,890 | 6 | 8,360 | 530 | 3,180 |
| എം.പി.എഡ്. | 2017-19 രണ്ടാം വർഷം മൂന്നാം സെമസ്റ്റർ | ട്യൂഷൻ | 10,500 | 4 | 10,000 | 500 | 2,000 |
| | | ലൈബ്രറി ഫീ | 255 | | 240 | 15 | 60 |
| | | സ്പെഷൽ ഫീ | 275 | | 260 | 15 | 60 |
| | | സ്പോർട്സ് അഫിലി യേഷൻ ഫീ | 210 | | 150 | 60 | 240 |
| | | യൂനിവേഴ്സിറ്റി യൂനിയൻ ഫീ | 105 | | 100 | 5 | 20 |
| | | സ്റ്റുഡന്റ് വെൽഫയർ ഫീ | 275 | | 260 | 15 | 60 |
| | | യൂനിവേഴ്സിറ്റി ഡവലപ്മെന്റ് ഫീ | 55 | | 0 | 55 | 220 |
| ആകെ | | | 11,675 | | 11,010 | 665 | 2,660 |
| ആകെ | | | | | | | 5,840 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/17.07.2019), ഇതു സംബന്ധിച്ച് വിദ്യാർത്ഥികളെ അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. രൂപ 5,840/- എത്രയും പെട്ടെന്ന് ഈടാക്കി സർവകലാശാലയിൽ ഒടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. <u>ഇ- ഗ്രാന്റ്സ് ലഭിച്ചില്ല.</u>

വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| കോഴ്സ്, അഡ്മിഷൻ വർഷം | വിദ്യാർഥികളുടെ എണ്ണം | ഫീസടച്ച രീതി | കുറിപ്പ് |
|---|---|---|---|
| ബി.പി.എഡ്. മൂന്നാം സെമസ്റ്റർ (2017-19) | 7 | ആദ്യം നേരിട്ട് ഇ-ഗ്രാന്റ് ലഭിച്ച ശേഷം വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. | ഇ- ഗ്രാന്റിനു അർഹതയുള്ള എന്നാൽ നേരിട്ട് ഫീസടച്ച 7 വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ് തുക നാളിതുവരെ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല നേരിട്ട് അടച്ചതിൽ കുറവ് വന്ന 310/- രൂപ ഈടാക്കാൻ സാധിച്ചിട്ടില്ല. ഈയിനത്തിൽ 2,170/- രൂപ കുറവ് വന്നിട്ടുണ്ട്. |
| എം.പി.എഡ്. മൂന്നാം സെമസ്റ്റർ (2017-19) | 9 | | ഈ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ട, നേരിട്ട് അടച്ചതിൽ കുറവ് വന്ന, 665/- രൂപ ഈടാക്കാൻ സാധിച്ചിട്ടില്ല. ഈയിനത്തിൽ 5,320/- (665x8) രൂപ കുറവ് വന്നിട്ടുണ്ട്. (ഒരു വിദ്യാർത്ഥിയുടെ കുറവ് വന്ന തുക 665/- രൂപ18.07.2019 ലെ ചലാൻ നം. 5 പ്രകാരം അടച്ചിട്ടുണ്ട്.) |
| എം. ഫിൽ. (ഒന്നാം വർഷം) | | | ഇ-ഗ്രാന്റ്സിന് അർഹതയുള്ള എന്നാൽ നേരിട്ട് ട്യൂഷൻ ഫീസടക്കാത്ത 1 വിദ്യാർഥിയുടെ ഇ-ഗ്രാന്റ്സ് നാളിതു വരെ ലഭിച്ചില്ല.<br>ഇ-ഗ്രാന്റ്സിന് അർഹതയുള്ള 7 പേരുടെ ഗ്രാന്റ്സ് ലഭിക്കുകയോ 2 പേരൊഴികെ രണ്ടാം സെമസ്റ്റർ ഫീസ് നേരിട്ടടക്കുകയോ ചെയ്തിട്ടില്ല. |

ബന്ധപ്പെട്ട വകുപ്പിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് ഇ-ഗ്രാന്റ്സ് ലഭിക്കാൻ താമസം നേരിടുന്നതെന്ന് വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ്സ് ലഭിക്കുന്ന മുറയ്ക്ക് സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് ലഭ്യമാക്കേണ്ടതും നേരിട്ട് ഫീസ് ഒടുക്കിയ വിദ്യാർത്ഥികളുടെ കുറവു വന്ന ഫീസ് തുക എത്രയും വേഗം സർവ്വകലാശാല ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

ഡി - <u>ഡിപ്പാർട്ട്മെന്റ് ഓഫ് ഐ.ടി, മാങ്ങാട്ടുപറമ്പ്</u>

1. <u>കോഴ്സ് പൂർത്തിയാക്കിയിട്ടും സർവകലാശാലക്ക് ലഭിക്കേണ്ട ഫീസ് ₹6,14,385 /- ലഭ്യമായിട്ടില്ല.</u>

എം.സി.എ. 2016 അഡ്മിഷൻ ഇ-ഗ്രാന്റിന് അർഹരായ മൂന്നാം വർഷ വിദ്യാർത്ഥികളുടെ അഞ്ച്, ആറ് സെമസ്റ്റർ ഫീസ് ഇ-ഗ്രാന്റ്സ് മുഖേന ക്ലെയിം ചെയ്തതായോ സർവ്വകലാശാല ഫണ്ടിൽ അടവാക്കിയതായോ കാണുന്നില്ല. 2019 ജൂൺ മാസത്തിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ സർവകലാശാല പൂർത്തിയാക്കിയിട്ടും മേൽ പറഞ്ഞ വിദ്യാർത്ഥികളുടെ ഫീസ് സർവ്വകലാശാലയ്ക്ക് ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| സെമസ്റ്റർ | വിദ്യാർത്ഥികളുടെ എണ്ണം | സർവ്വകലാശാലയിൽ ഒടുക്കേണ്ട ഫീസ് | | |
|---|---|---|---|---|
| | | സെമസ്റ്റർ ഫീസ് | പരീക്ഷാ ഫീസ് | ആകെ |
| അഞ്ച് | 27 | 10,290 | 1,685 | 3,23,325<br>{27 (10,290 +1,685)} |
| ആറ് | 27 | 9,370 | 1,410 | 2,91,060<br>{27 (9,370 +1,410)} |
| ആകെ | | | | 6,14,385 |

ഇത സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/10.07.2019) വെബ്സൈറ്റിലെ തകരാറുമൂലമാണ് തുക ക്ലെയിം ചെയ്യാൻ കഴിയാത്തതെന്നും പ്രസ്തുത വിവരം പട്ടികജാതി വകുപ്പിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എസ്.സി./എസ്.ടി. വകുപ്പുമായി ബന്ധപ്പെട്ട് ഇ-ഗ്രാന്റ്സ് ക്ലെയിം ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക (6,14,385/-രൂപ) എത്രയും പെട്ടന്ന് ലഭ്യമാക്കേണ്ടതുമാണ്.

2. <u>ഇ-ഗ്രാന്റ്സ്-സർവകലാശാലക്ക് വിവിധ ഫീസിനങ്ങളിൽ ലഭിക്കാനുള്ളത് 11,08,095 രൂപ</u>

കണ്ണൂർ സർവ്വകലാശാലയുടെ മാങ്ങാട്ട്പറമ്പ് ക്യാമ്പസിലെ ഐ.ടി. പഠനവകുപ്പിൽ 2018-2019 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട വിവിധ ഫീസിനങ്ങളിൽ (പരീക്ഷാ ഫീസ് ഉൾപ്പെടെ) ഇ-ഗ്രാന്റ്സ് മുഖേന 31-03-2019 വരെയുള്ള കാലയളവിൽ സർവകലാശാലക്ക് 11,08,095 രൂപ ലഭിക്കുവാനുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കോഴ്സ്, അഡ്മിഷൻ വർഷം | വർഷം/സെമസ്റ്റർ | ഫീസ് നിരക്ക് | ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ എണ്ണം | ഇ-ഗ്രാന്റ്സ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം | ഇ-ഗ്രാന്റ്സ് മുഖേന ഫീസ് ലഭിക്കുവാൻ ബാക്കിയുള്ള വിദ്യാർത്ഥികളുടെ എണ്ണം | ലഭിക്കുവാൻ ബാക്കിയുള്ള തുക (31-03-2019 വരെയുള്ളത്) |
|---|---|---|---|---|---|---|
| എം.സി.എ. ലാറ്ററൽ എൻട്രി 2017 | രണ്ടാം വർഷം (5,6 സെമസ്റ്റർ) | 8,400(ട്യൂഷൻ ഫീസ്) +12,100(സ്പെഷൽ ഫീസ്) +3,010 (എക്സാം ഫീസ്) =23,510 | 24 | 20 | 4 | 94,040 |
| എം.സി.എ. ലാറ്ററൽ എൻട്രി 2017 | ഒന്നാം വർഷം (3,4 സെമസ്റ്റർ) | ---ടി--- | 23 | 18 | 5 | 1,17,550 |

| | | | | | | |
|---|---|---|---|---|---|---|
| എം.സി.എ. 2016 | മൂന്നാം വർഷം (5, 6 സെമസ്റ്റർ) | 8,400 (ട്യൂഷൻ ഫീസ്) +11,260 (സ്പെഷൽ ഫീസ്) +3,095 (എക്സാം ഫീസ്) =22,755 | 27 | 0 | 27 | 6,14,385 |
| എം.സി.എ. 2017 | രണ്ടാം വർഷം (3,4 സെമസ്റ്റർ) | 8,400 (ട്യൂഷൻ ഫീസ്) +12,100 (സ്പെഷൽ ഫീസ്) +3,010 (എക്സാം ഫീസ്) =23,510 | 26 | 22 | 4 | 94,040 |
| എം.സി.എ. 2018 | ഒന്നാം വർഷം (1, 2 സെമസ്റ്റർ) | ---ടി-- | 25 | 17 | 8 | 1,88,080 |
| ആകെ | | | | | | 11,08,095 |

സർവ്വകലാശാലക്ക് ഫീസിനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള 11,08,095/- രൂപ പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. <u>ഇ-ഗ്രാന്റ്സ് ലഭ്യമായതിൽ കുറവ്</u>

എം.സി.എ. 2018 ലാറ്ററൽ എൻട്രി ഒന്നാം വർഷ വിദ്യാർത്ഥിയായ ആതിര,എൻ.വി. യുടെ ഒന്നാം വർഷത്തെ ഫീസായി ഇ-ഗ്രാന്റ്സ് വഴി ലഭിച്ച തുക 22,575/- രൂപയാണ്. എന്നാൽ സർവകലാശാലക്ക് ലഭിക്കേണ്ടത് 23,510/- [8,400 (ട്യൂഷൻ ഫീസ്) +12,100 (സ്പെഷൽ ഫീസ്) +3,010 (എക്സാം ഫീസ്)] രൂപയാണ്. 935/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

പട്ടികജാതി വകുപ്പിൽ നിന്നും അർഹമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/11.07.2019) മറുപടി ലഭിച്ചത്.

ഇ-ഗ്രാന്റ്സ് ലഭ്യമായതിലെ കുറവ് വന്ന 935/- രൂപ ഈടാക്കുന്നതിനുമുള്ള സത്വരനടപടികൾ സ്വീകരിക്കണ്ടതാണ്.

4. <u>2017-18 വർഷത്തിലെ ഇ-ഗ്രാന്റ്സ് കുടിശ്ശിക - 6,18,410/- രൂപ സർവ്വകലാശാലയിൽ വരവ് വന്നിട്ടില്ല.</u>

ഐ.ടി. പഠനവകുപ്പിലെ ഫീസ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഇ-ഗ്രാന്റ്സ് വഴി സർവ്വകലാശാലയ്ക്ക് ലഭിക്കാനവശേഷിക്കുന്ന ഫീസ് കുടിശ്ശികയുള്ളതായി കാണുന്നു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കോഴ്സ്/വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ഫീസ് തുക | സർവ്വകലാശാലയിൽ ഒടുക്കാനവശേഷിക്കുന്ന ആകെ തുക |
|---|---|---|---|
| 2015 അഡ്മിഷൻ എം.സി.എ. മൂന്നാം വർഷം | 5 | 21,050 | 1,05,250 |
| 2016 അഡ്മിഷൻ എം.സി.എ. രണ്ടാം വർഷം | 7 | 20,760 | 1,45,320 |
| 2016 അഡ്മിഷൻ എം.സി.എ. (എൽ.ഇ.) രണ്ടാം വർഷം | 11 | 19,720 | 2,16,920 |
| 2017 അഡ്മിഷൻ എം.സി.എ. ഒന്നാം വർഷം | 2 | 21,560 | 43,120 |
| 2017 അഡ്മിഷൻ എം.സി.എ. (എൽ.ഇ.) ഒന്നാം വർഷം | 5 | 21,560 | 1,07,800 |
| ആകെ | | | 6,18,410 |

2017 ന മുമ്പുള്ള വർഷങ്ങളിലും ഫീസ് കുടിശ്ശികയുള്ളതായി ഫീസ് രജിസ്റ്റർ പരിശോധനയിൽ കാണുന്നു. മുൻ വർഷങ്ങളിലെ ഫീസ് കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/11.07.2019) കുടിശ്ശിക വർഷം തിരിച്ച് കണക്കാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തയ്യാറാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. മുൻ വർഷങ്ങളിലെ ഇ-ഗ്രാന്റ്സ് കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. <u>എം.സി.എ. 2016,2017,എം.സി.എ. ലാറ്ററൽ എൻട്രി 2017 അഡ്മിഷൻ - ഫീസ് ഈടാക്കിയതിൽ കുറവ് ₹6,600</u>

എം.സി.എ. 2016, 2017, എം.സി.എ. ലാറ്ററൽ എൻട്രി 2017 അഡ്മിഷൻ വിദ്യാർത്ഥികളിൽ നിന്നും സെമസ്റ്റർ ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| അഡ്മിഷൻ/ സെമസ്റ്റർ | വിദ്യാർത്ഥികളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ഫീസ് നിരക്ക് | ഈടാക്കിയത് | കുറവ് | ആകെ കുറവ് വന്ന തുക |
|---|---|---|---|---|---|
| 2016/5 സെമസ്റ്റർ | 3 | 10,290 | 9,740 | 550 | 1,650 |
| 2017/3സെമസ്റ്റർ | 6 | 10,290 | 9,740 | 550 | 3,300 |
| 2017LE/5സെമസ്റ്റർ | 3 | 10,290 | 9,740 | 550 | 1,650 |
| ആകെ | | | | | 6,600 |

തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/10.07.2019) മറുപടി ലഭിച്ചത്. കുറവ് വന്ന ഫീസ് തുക (6,600/-) രൂപ എത്രയും പെട്ടെന്ന് സർവ്വകലാശാല ഫണ്ടിൽ ഒടുക്കേണ്ടതാണ്.

6. ഇ-ഗ്രാന്റ്സ്- തുക സർവകലാശാല ഫണ്ടിൽ ക്രെഡിറ്റായത് ഉറപ്പുവരുത്തുന്നില്ല.

ഐ.ടി പഠനവകുപ്പ് മേധാവിയുടെ പേരിൽ ഇ-ഗ്രാന്റ്സിന് പ്രത്യേക അക്കൗണ്ട് നിലവിലില്ല. ഇ-ഗ്രാന്റ്സ് ക്ലെയിമിനുള്ള അപേക്ഷ നൽകുമ്പോൾ സർവകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ട് നമ്പർ നൽകുകയും ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ്/ പരീക്ഷ ഫീസിനത്തിലെ തുക സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെടുകയുമാണ് ചെയ്യുന്നത്. ഇ-ഗ്രാന്റ്സിന് അർഹരായ എല്ലാ വിദ്യാർത്ഥികളുടെയും ക്ലെയിം തുക ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ വരവ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഡി.സി.ബി. പത്രിക പ്രകാരമുള്ള ഫീസിനത്തിലെ കുടിശ്ശികയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2018-2019 വരെയുള്ള കാലയളവിലെ ട്യൂഷൻ ഫീസ് /പരീക്ഷ ഫീസിനത്തിൽ ഇ-ഗ്രാന്റ്സായി ലഭിക്കേണ്ട തുകകൾ ക്രെഡിറ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തിക്കൊണ്ടുള്ള സർവ്വകലാശാല ഫിനാൻസ് വിഭാഗത്തിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി- സ്റ്റാറ്റിസ്റ്റിക്കൽ സയൻസ്

1. *ഇഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ ഫീസ് തുകകൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും സർവ്വകലാശാലക്ക് ലഭ്യമായിട്ടില്ല.സർവകലാശാല ഫണ്ടിൽ 1,01,425/- രൂപയുടെ കുറവ്*

MSc 2017-19 അഡ്മിഷൻ നേടിയ 5 വിദ്യാർത്ഥികളുടെ 3&4 സെമസ്റ്റർ ഫീസ് ((7375+6455)x5 =69150) തുകയായ 69150/- രൂപയും (ഇ-ഗ്രാന്റ്സ്), MSc 2018-20 അഡ്മിഷൻ നേടിയ 5 വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ഫീസ് തുകയായ 32,275/- (6,455x5=32,275) രൂപയും(ഇ-ഗ്രാന്റ്സ്) ബന്ധപ്പെട്ട വകുപ്പിൽനിന്നും സർവ്വകലാശാലാ ഫണ്ടിലേക്ക് വരവ് ചെയ്തിട്ടില്ല. ആയതിനാൽ ഫീസിനത്തിൽ സർവകലാശാലയ്ക്ക് ലഭ്യമാവേണ്ട 1,01,425/- (69150+ 32275) രൂപ ഇതുവരെ ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. *ഇഗ്രാന്റ്സായി ലഭ്യമായ തുകകൾ സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല.*

ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ കോഴ്സ് ഫീ/പരീക്ഷ ഫീസ് തുകകൾ സർവ്വകലാശാല ഫണ്ടിലേക്ക് നേരിട്ടാണ് ക്രെഡിറ്റ് ചെയ്യുന്നത്. എന്നാൽ സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുക വരവ് ചെയ്യപ്പെട്ടതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2018-19 വർഷത്തിൽ ഇത്തരത്തിൽ ഫീസിനത്തിൽ വരവ് വന്ന തുകയുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബാച്ച് | ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികൾ | ഫീസ് | | |
|---|---|---|---|---|
| | | കോഴ്സ് ഫീ | പരീക്ഷാ ഫീസ് | ആകെ |
| 2017-19 (3rd Semester) | 18 | 95,875 (7,375x13) | 12,870 (990x13) | 1,08,745 |
| 2017-19 (4th Semester) | 18 | 83,915 (6,455x13) | 19,240 (1,480x13) | 1,03,155 |

| | | | | |
|---|---|---|---|---|
| 2018-19 (1st Semester | 20 | 1,23,225 (8,215x15) | 13,050 (870x15) | 1,36,275 |
| 2018-20 (2nd Semester | 19 | 96,825 (6,455x15) | 15,900 (1,060x15) | 1,12,725 |
| | ആകെ | 3,99,840 | 61,060 | 4,60,900 |

മേൽ കാണിച്ച പ്രകാരം കോഴ്സ് ഫീ/പരീക്ഷാ ഫീസിനത്തിൽ ഇ-ഗ്രാന്റ്സായി ലഭ്യമായ 4,60,900/- രൂപ സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതത് സംബന്ധിച്ച് സർവ്വകലാശാല ധനകാര്യ വിഭാഗം ഉറപ്പ് വരുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. ***മുൻകൂറായി വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുത്ത കോഴ്സ് ഫീ/പരീക്ഷ ഫീസ് ഇഗ്രാന്റ്സ് അനുവദിച്ച ശേഷവും തിരിച്ച് നൽകിയില്ല.***

കോഴ്സ് ഫീ/പരീക്ഷ ഫീസിനത്തിൽ വിദ്യാർത്ഥികൾ ഒടുക്കിയ തുക പിന്നീട് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഇഗ്രാന്റ്സായി അനുവദിച്ചെങ്കിലും ഈ തുക കുട്ടികൾക്ക് തിരിച്ച് നൽകിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ബാച്ച് | ഇ ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥി കൾ | കോഴ്സ് ഫീ ആയി അനുവദിച്ച തുക (Per Head) | പരീക്ഷാ ഫീസി നത്തിൽ ഇഗ്രാന്റ് സായി അനുവദിച്ച തുക (Per Head) | ആകെ അനുവദിച്ച തുക | റീ ഇംബേഴ്സ് ചെയ്യാൻ ബാക്കി യുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 2017-19 (1 Semester) | 18 | 7765 | 800 | 1,28,475 (8,565 x15) | 1,28,475 | |
| 2018-20 (1 Semester) | 20 | 8215 | 870 | 1,36,275 (9,085 x15) | 1,18,105 (9,085 x13) | 2 വിദ്യാർ ത്ഥികൾ മുൻകൂറായി തുക ഒടുക്കിയില്ല |

ആയത് വിദ്യാർത്ഥികൾക്ക് തിരിച്ച് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ- മാത്തമാറ്റിക്കൽ സയൻസസ്

1. ***ഇഗ്രാന്റ്സായി സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത കോഴ്സ് ഫീ/പരീക്ഷ ഫീസ് തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല.***

ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ കോഴ്സ് ഫീ/പരീക്ഷ ഫീസ് തുകകൾ സർവ്വകലാശാല ഫണ്ടിലേക്ക് നേരിട്ടാണ് ക്രെഡിറ്റ് ചെയ്യുന്നത്. എന്നാൽ സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെയും ആയത് സർവ്വകലാശാല ധനകാര്യ വിഭാഗം ഉറപ്പ് വരുത്തിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുക വരവ് ചെയ്യപ്പെട്ടതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല . വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബാച്ച് | ഇഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികൾ | ഫീസ് | | | റിമാർക്സ് |
|---|---|---|---|---|---|
| | | കോഴ്സ് ഫീ | പരീക്ഷാ ഫീസ് | ആകെ | |
| 2017-19 (3rd Semester) | 18 | 1,15,560 (6,420x18) | 15,660 (870x18) | 1,31,220 | |
| 2017-19 (4th Semester) | 18 | 99,000 (5,500x18) | 24,750 (1,375x18) | 1,23,750 | |
| 2018-19 (1st Semester | 13 | 94,380 (7,260x13) | 12,870 (990x13) | 1,07,250 | |
| 2018-19 (2nd Semester | 12 | 66,000 (5,500x12) | 11,880 (990x12) | 77,880 | One student discontinued during 2nd Semester) |
| ആകെ | | | | 4,40,100 | |

കോഴ്സ് ഫീ/പരീക്ഷ ഫീസ് തുകകൾ സർവ്വകലാശാല ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതത് സംബന്ധിച്ച് സർവ്വകലാശാല ധനകാര്യ വിഭാഗം ഉറപ്പ് വരുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എഫ്) <u>എം.ബി.എ, മാങ്ങാട്ടുപറമ്പ്</u>

1. *<u>ഇ-ഗ്രാന്റ്സ്- തുക ക്രെഡിറ്റായത് ഉറപ്പുവരുത്തുന്നില്ല.</u>*

സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിലെ അസിസ്റ്റന്റ് ഡയരക്ടറുടെ പേരിൽ ഇ-ഗ്രാന്റ്സിന് പ്രത്യേക അക്കൗണ്ട് നിലവിലില്ല. ഇ-ഗ്രാന്റ്സ് ക്ലെയിമിനുള്ള അപേക്ഷ നൽകുമ്പോൾ സർവകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ട് നമ്പർ നൽകുകയും ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ്/പരീക്ഷ ഫീസിനത്തിലെ തുക സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെടുകയുമാണ് ചെയ്യുന്നത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം (Credit to Institutions details) 2018-2019 വർഷത്തിൽ ലഭിക്കേണ്ട തുകകൾ ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതായി കാണുന്നു. എന്നാൽ ഇ-ഗ്രാന്റ്സിന് അർഹരായ എല്ലാ വിദ്യാർത്ഥികളുടെയും ക്ലെയിം തുക ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ വരവ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. ഇക്കാരണത്താൽ ഡി.സി.ബി. പത്രിക പ്രകാരം ഫീസിനത്തിൽ കുടിശ്ശിക ഇല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ 2018-2019 വരെയുള്ള കാലയളവിലെ ട്യൂഷൻ ഫീസ് /പരീക്ഷ ഫീസിനത്തിൽ ഇ-ഗ്രാന്റ്സായി ലഭിക്കേണ്ട തുകകൾ മുഴുവനും യഥാസമയം ക്രെഡിറ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തിക്കൊണ്ടുള്ള സർവ്വകലാശാല ഫിനാൻസ് വിഭാഗത്തിന്റെ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി) <u>എൻവയോൺമെന്റൽ സയൻസസ്</u>

1. *<u>സർവ്വകലാശാല ഉത്തരവിന് വിരുദ്ധമായി യൂണിവേഴ്സിറ്റി ഡവലപ്പ്മെന്റ് ഫീ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയത് ക്രമപ്രകാരമല്ല.</u>*

28.07.2018 ലെ No. Acad.D2/6323/Fee/2017 ഉത്തരവു പ്രകാരം M.Sc. (എൻവയൺമെന്റൽ സയൻസ്) യൂണിവേർസിറ്റി ഡവലപ്പ്മെന്റ് ഫീ 55/- രൂപയായി നിശ്ചയിക്കുകയും ആയത് വാർഷിക

ഫീസായി (1st & 3rd Semester) ഈടാക്കാനമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ M.Sc. 2017-19 ബാച്ചിലെ 4th സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും M.Sc. 2018-20 ബാച്ചിലെ 2nd സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും യൂണിവേഴ്സിറ്റി ഡവലപ്പ്മെന്റ് ഫീയായി 55/- രൂപ വീതം ഈടാക്കിയതായി കാണുന്നു. സർവ്വകലാശാല ഉത്തരവിന് വിരുദ്ധമായി യൂണിവേഴ്സിറ്റി ഡവലപ്പ്മെന്റ് ഫീ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയത് ക്രമപ്രകാരമല്ല.

2. *ഇഗ്രാന്റ്സ് അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് - നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമാക്കിയില്ല.*

ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ (A/c No. 32851057698) 28.03.2019 ന് 11,59,615/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നുണ്ട്. ഭീമമായ തുക ഇത്തരത്തിൽ നീക്കിയിരിപ്പ് വരാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം1/11.06.2019) മറുപടി ലഭ്യമാക്കിയില്ല. നീക്കിയിരിപ്പ് വിവരങ്ങൾ ഇനം തിരിച്ച് വരവ് വന്ന തീയ്യതി ഉൾപ്പെടെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. *ഇ-ഗ്രാന്റ്സായി ലഭിക്കേണ്ട ഫീസ് തുകകൾ കൈപ്പറ്റിയതിന്റെയും സർവ്വകലാശാലാ ഫണ്ടിലേക്ക് കൈമാറിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.*

M.Sc. 2016-18 ബാച്ചിലെ ഇ-ഗ്രാന്റ്സിന് അർഹരായ 4 വിദ്യാർത്ഥികളുടെ ഫീസ് തുകയായ 1,50,600/- രൂപയും (1st & 2nd Year), MSc 2017-19 ബാച്ചിലെ ഇഗ്രാന്റ്സിന് അർഹരായ 7 വിദ്യാർത്ഥികളുടെ ഫീസ് തുകയായ 1,34,400/- രൂപയും (1st Year) ബന്ധപ്പെട്ട വകുപ്പിൽ നിന്നും കൈപ്പറ്റിയതിന്റെയും സർവ്വകലാശാലാ ഫണ്ടിലേക്ക് കൈമാറിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത ഫീസ് തുകകൾ സർവ്വകലാശാല ഫണ്ടിലേക്ക് ലഭ്യമായോ എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. തുക സർവ്വകലാശാല ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

എച്ച്) വനിതാ ഹോസ്റ്റൽ, മാങ്ങാട്ടുപറമ്പ്

1. വാടക ഈടാക്കുന്നതിൽ കാലതാമസം-കുടിശ്ശിക വരുത്തിയതിന് പിഴയും റീ അഡ്മിഷൻ ഫീസും ഈടാക്കുന്നില്ല.

കണ്ണൂർ സർവ്വകലാശാല രജിസ്ട്രാറുടെ പി.എൽ.ഡി./ബി.2/1253/ഡി.പി.ഇ.-ഹോസ്റ്റൽ/05 നം. ഉത്തരവിലാണ് സർവ്വകലാശാലക്കു കീഴിലെ ഹോസ്റ്റലുകൾ നടത്തുന്നതിന്റെ ചട്ടങ്ങൾ പ്രതിപാദിക്കുന്നത്. ഈ ഉത്തരവിലെ ക്രമ നം. II പ്രകാരം വിദ്യാർത്ഥികൾ എല്ലാ മാസവും അഞ്ചാം തീയതിക്കകം വാടക ഒടുക്കേണ്ടതാണ്. തുടർന്ന് 10 ദിവസം വരെയുള്ള വൈകലിന് 10 രൂപയും ശേഷം 1 മാസം വരെയുള്ള വൈകലിന് 50 രൂപയുമാണ് പിഴ. ശേഷം വിദ്യാർഥിയെ ഹോസ്റ്റലിൽ നിന്നും പുറത്താക്കലുമാണ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ വനിത ഹോസ്റ്റലിലെ വിദ്യാർത്ഥികളിൽ നിന്നും വാടക ഈടാക്കുന്നതിലെ സമയപരിധി പാലിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും നിശ്ചയിച്ച നിരക്കിലുള്ള പിഴ ഈടാക്കുന്നില്ല. കാലതാമസം വരുത്തിയവരെ പുറത്താക്കാത്തത് കാരണം സർവകലാശാല രജിസ്ട്രാറുടെ 12.01.2017 ലെ പി.എൽ.ഡി./ബി3/1253/ഡി.പി.ഇ-ഹോസ്റ്റൽ/05 നം. ഉത്തരവിലും 18.11.2017 ലെ പി.എൽ.ഡി./ബി3/1253/ഡി.പി.ഇ-ഹോസ്റ്റൽ/05/വോള്യം2 നം. ഉത്തരവിലും നിഷ്കർഷിച്ച നിരക്കിലെ റീ അഡ്മിഷൻ ചാർജ്ജും ഈടാക്കുന്നില്ല. വാടക ഒടുക്കാൻ വൈകിയിട്ടും ചട്ടപ്രകാരം നടപടി സ്വീകരിക്കപ്പെടാത്തവരുടെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫീ ഫണ്ട് രജിസ്റ്ററിലെ ക്രമ നം. | പേരും വകുപ്പും | മാസം | വാടക ഒടുക്കേണ്ട തീയതി | ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 40. | രാജിമ,പി. വി, ഫിസിക്കൽ എജ്യൂക്കേഷൻ | 01/2017 | 05.02.2017 | 1,000/- (5x200) ചലാൻ നം. 89/16.07.2018 | റീ അഡ്മിഷൻ ഫീസും വാങ്ങിയില്ല. |
| | | 02/2017 | 05.03.2017 | | |
| | | 03/2017 | 05.04.2017 | | |
| | | 04/2017 | 05.05.2017 | | |
| | | 05/2017 | 05.06.2017 | | |
| 58 | ജസ്ന, കെ , ഇൻഫർമേഷൻ ടെക്നോളജി | 04/17 | 05.05.2017 | 1,800/- (9x200) ചലാൻ നം. 63/05.06.2018 | |
| | | 05/17 | 05.06.2017 | | |
| | | 06/17 | 05.07.2017 | | |
| | | 07/17 | 05.08.2017 | | |
| | | 08/17 | 05.09.2017 | | |
| | | 09/17 | 05.10.2017 | | |
| | | 10/17 | 05.11.2017 | | |
| | | 11/17 | 05.12.2017 | | |
| | | 12/17 | 05.01.2018 | | |

വാടക ഒടുക്കുന്നതിൽ ദീർഘമായ കാലതാമസം വരുത്തിയ വിദ്യാർത്ഥികൾ ഉണ്ടായിട്ടും പിഴ ഈടാക്കാതിരുന്നത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിനു (01/22.07.2019) ലഭിച്ച മറുപടി തൃപ്തികരമല്ല. മേൽ സൂചിപ്പിച്ച പ്രകാരമുള്ള സമാന കേസുകൾ പരിശോധിച്ച് നഷ്ടം കണക്കാക്കി തുക തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഐ) പെഡഗോഗിക്കൽ സയൻസസ്

1. *ഇ-ഗ്രാന്റ്സ്- തുക ക്രെഡിറ്റായത് ഉറപ്പുവരുത്തുന്നില്ല*

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ വകുപ്പ് മേധാവിയുടെ പേരിൽ ഇ-ഗ്രാന്റ്സിന് പ്രത്യേക അക്കൗണ്ട് നിലവിലില്ല. ഇ-ഗ്രാന്റ്സ് ക്ലെയിമിനുള്ള അപേക്ഷ നൽകുമ്പോൾ സർവകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ട് നമ്പർ നൽകുകയും ഇ-ഗ്രാന്റ്സിന് അർഹരായ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ്/പരീക്ഷ ഫീസിനത്തിലെ തുക സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെടുകയുമാണ് ചെയ്യുന്നത്. ഇ-ഗ്രാന്റ്സിന് അർഹരായ എല്ലാ വിദ്യാർത്ഥികളുടെയും ക്ലെയിം തുക ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ വരവ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വകുപ്പ് മേധാവി പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഡി.സി.ബി. പത്രിക പ്രകാരം ഫീസിനത്തിൽ കുടിശ്ശിക ഇല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2018-2019 വരെയുള്ള കാലയളവിലെ ട്യൂഷൻ ഫീസ്/പരീക്ഷ ഫീസിനത്തിൽ ഇ-ഗ്രാന്റ്സായി ലഭിക്കേണ്ട തുകകൾ മുഴുവനും യഥാസമയം ക്രെഡിറ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തിക്കൊണ്ടുള്ള സർവ്വകലാശാല ഫിനാൻസ് വിഭാഗത്തിന്റെ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>ഇ-ഗ്രാന്റ്സ് -സർവകലാശാലക്ക് ലഭിക്കേണ്ട തുകയുടെ ക്ലെയിം വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല.</u>

2018-2020 എം.എഡ്. ബാച്ചിലെ താഴെപ്പറയുന്ന വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് - ക്ലെയിം വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായതായി കാണുന്നില്ല. എന്നാൽ വകുപ്പ് മേധാവി ലഭ്യമാക്കിയ ഡി.സി.ബി. പത്രിക പ്രകാരം മുഴവൻ തുകയും ലഭിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | സർവകലാശാലക്ക് ലഭിക്കേണ്ട തുക | റിമാർക്സ് |
|---|---|---|
| വീണ.കെ പി | 24,000 (ഒന്നാം വർഷ കോഴ്സ് ഫീസ്) | ക്ലെയിം അംഗീകരിച്ചതായി കാണുന്നില്ല. |
| തീർത്ഥവിനയൻ.വി.പി | ക്ലെയിം അംഗീകരിച്ചിട്ടുണ്ട്. ഒന്നാം വർഷ കോഴ്സ് ഫീസ് തുക (24,000) ക്രെഡിറ്റായിട്ടില്ല. | ഒന്നാം വർഷ കോഴ്സ് ഫീസ് തുക സർവകലാശാലയിൽ വിദ്യാർത്ഥി നേരിട്ട് അടവാക്കിയിട്ടുണ്ട്. (ചലാൻ 9/03-08-2018) |

ഇ-ഗ്രാന്റ്സ് തുക ലഭിക്കാൻ ബാക്കിയിരിക്കെ ഡി.സി.ബി. പത്രികയിൽ മുഴവൻ തുകയും ലഭിച്ചതായി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം അറിയിക്കേണ്ടതാണ്.

ജെ) <u>ടീച്ചർ എഡ്യൂക്കേഷൻ, ധർമ്മശാല</u>

1. <u>*സർവ്വകലാശാല നിശ്ചയിച്ച ഫീസിലും കുറഞ്ഞ നിരക്കിൽ ഇ-ഗ്രാന്റ്സ് മുഖേന കോഴ്സ് ഫീസ് ലഭിച്ചത് - പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*</u>

കണ്ണൂർ സർവ്വകലാശാലയുടെ 30.07.2015 ലെ നം. അക്കാദ്/ഡി2/1055/RF 2005/VOL2 ഉത്തരവു പ്രകാരം ബി. എഡ്. കോഴ്സിന്റെ വാർഷിക ഫീസ് 35,000/- രൂപയായി നിശ്ചയിച്ചിരുന്നു. എന്നാൽ 2017-19 വർഷത്തിൽ ബി. എഡ്. കോഴ്സിന് അഡ്മിഷൻ നൽകിയ 48 വിദ്യാർത്ഥികളിൽ 29 വിദ്യാർതഥികളിൽ നിന്നും 35,000/- രൂപ വീതവും ഇ-ഗ്രാന്റ്സിന് അർഹരായ 19 വിദ്യാർത്ഥികളുടെ കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും 29,000/- രൂപ വീതവുമാണ് രണ്ടാം വർഷത്തെ ഫീസായി സർവ്വകലാശാല ഫണ്ടിലേക്ക് വരവ് വന്നതായി കാണുന്നത്. ആയതിനാൽ ഫീസിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാല ഫണ്ടിന് 1,14,000/- (6,000x19=1,14,000) രൂപയുടെ കുറവു വന്നിട്ടുണ്ട്. ആയതിനാൽ കുറവ് വന്ന തുക ലഭിക്കുന്നതിനാവശ്യമായ നടപടികൾ സർവ്വകലാശാല സ്വീകരിക്കേണ്ടതാണ്.

2. <u>*ട്യൂഷൻ ഫീസ്/പരീക്ഷ ഫീസിനത്തിൽ ഇഗ്രാന്റ്സായി ലഭിച്ച തുക സർവ്വകലാശാല ഫണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നു- തുക വരവ് ചെയ്യപ്പെട്ടതിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല*</u>

ട്യൂഷൻ ഫീസ്/പരീക്ഷ ഫീസിനത്തിൽ ഇഗ്രാന്റ്സായി ലഭിച്ച തുക കോഴ്സ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറാതെ സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനാൽ തുക വരവ് ചെയ്യപ്പെട്ടതിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല. പതിനാറ് ലക്ഷത്തോളം രൂപ 2018-19 വർഷത്തിൽ ഇ-ഗ്രാന്റ്സായി അനുവദിച്ചിട്ടുണ്ടെങ്കിലും തുക ക്രെഡിറ്റ് ചെയ്തത് സമ്പന്ധിച്ച് യാതൊരു വിവരങ്ങളും സെന്ററിൽ ലഭ്യമല്ല. ആയതിനാൽ ട്യൂഷൻ ഫീസ് /പരീക്ഷ ഫീസിനത്തിൽ ഇ-ഗ്രാന്റ്സായി ലഭിച്ച തുകകൾ യഥാസമയം ക്രെഡിറ്റ് ചെയ്യുവെന്ന് ഉറപ്പുവരുത്തിക്കൊണ്ടുള്ള സർവ്വകലാശാല ഫിനാൻസ്

വിഭാഗത്തിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഇ-ഗ്രാന്റ്സ് കോഴ്സ് ഫീസിനത്തിലെ കുടിശ്ശിക സർവ്വകലാശാല ഫണ്ടിൽ ക്രഡിറ്റായിട്ടില്ല.

ഇ-ഗ്രാന്റ്സ് മുഖേന 2018-19 സാമ്പത്തിക വർഷത്തിന് മുൻപുള്ള കോഴ്സ് ഫീസിനത്തിലെ കുടിശ്ശിക നാളിതുവരെയായും സർവ്വകലാശാല ഫണ്ടിൽ ക്രഡിറ്റായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അഡ്മിഷൻ വർഷം | കാറ്റഗറി | ആകെ കുട്ടികളുടെ എണ്ണം | കുടിശ്ശിക (Per Head) | ആകെ കുടിശ്ശിക |
|---|---|---|---|---|
| 2017 (1st Year) | OEC/OBC | 9 | 6,000 | 54,000 |
| 2016 (2nd Year) | OEC/OBC | 9 | 6,000 | 54,000 |
| | SC | 6 | 6,000 | 36,000 |
| 2016 (1 Year) | OEC/OBC | 9 | 6,000 | 54,000 |
| 2015 (2nd Year) | OEC/OBC | 6 | 6,000 | 36,000 |
| | SC | 6 | 6,000 | 36,000 |
| TOTAL | | | | 2,70,000 |

കുടിശ്ശികത്തുകയായ 2,70,000/- രൂപ ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 7- പാലയാട് കാമ്പസ്

എ) ഇംഗ്ലീഷ് പഠന വകുപ്പ്

1. *ഇ-ഗ്രാന്റ്സ്-സർവ്വകലാശാലയ്ക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക ലഭ്യമായിട്ടില്ല.*

കണ്ണൂർ സർവ്വകലാശാലയ്ക്ക് ഫീസിനത്തിൽ ഇ-ഗ്രാൻസായി ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കേണ്ട കുടിശിക തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | കോഴ്സ് /സെമസ്റ്റർ | പരീക്ഷ ഫീസിനത്തിൽ ലഭിക്കേണ്ട തുക | കോഴ്സ് ഫീസ് ഉൾപ്പെടെ മറ്റു ഫീസിനത്തിൽ ലഭിക്കേണ്ട തുക | ആകെ |
|---|---|---|---|---|
| 2018-19 | എം.എ.ഇംഗ്ലീഷ് 2018-20 ഒന്നാം സെമസ്റ്റർ | -- | 4,205 | 4,205 |
| | രണ്ടാം സെമസ്റ്റർ | -- | 16,650 | 16,650 |
| | എം.എ.ഇംഗ്ലീഷ് 2017-19 മൂന്നാം സെമസ്റ്റർ | 705 | 3,200 | 3,905 |

| | | | | |
|---|---|---|---|---|
| | നാലാം സെമസ്റ്റർ | -- | 2,640 | 2,640 |
| | എം.ഫിൽ 2018 ഒന്നാംസെമസ്റ്റർ | 1,905 | -- | 1,905 |
| 2017-18 | എം.എ.ഇംഗ്ളീഷ് 2017-19 ഒന്നാം സെമസ്റ്റർ | 760 | -- | 760 |
| | രണ്ടാം സെമസ്റ്റർ | 760 | 2,640 | 3,400 |
| | എം.എ.ഇംഗ്ളീഷ് 2016-18മൂന്നാം സെമസ്റ്റർ | 3,240 | 19,200 | 22,440 |
| | നാലാം സെമസ്റ്റർ | 5,460 | 15,840 | 21,300 |
| 2016-17 | എം.എ.ഇംഗ്ളീഷ് 2016-18 ഒന്നാം സെമസ്റ്റർ | 1,260 | -- | 1,260 |
| | രണ്ടാം സെമസ്റ്റർ | 1,260 | 5,280 | 6,540 |
| ആകെ | | 15,350 | 69,655 | 85,005 |

തുക ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ***എം.എഫിൽ ഇംഗ്ളീഷ് രണ്ടാം സെമസ്റ്റർ തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും സെമസ്റ്റർ ഫീസ് നിർണ്ണയിച്ചിട്ടില്ല.***

എം.ഫിൽ. ഇംഗ്ളീഷ് 2018 അഡ്മിഷൻ ഒന്നാം സെമസ്റ്റർ പരീക്ഷകൾ 2019 മാർച്ചിൽ പൂർത്തിയാകുകയും രണ്ടാം സെമസ്റ്റർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സർവ്വകലാശാല രണ്ടാം സെമസ്റ്റർ ഫീസ് നിർണ്ണയിക്കാത്തതിനാൽ വിദ്യാർത്ഥികളിൽ നിന്നും ഇതു വരെ ഫീസ് ഈടാക്കിയിട്ടില്ല. ഫീസ് നിർണ്ണയിക്കുന്നതിനുള്ള അടിയന്തര നടപടികൾ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

ബി) ഐ.ടി. പാലയാട്

1. ***വർദ്ധിപ്പിച്ച നിരക്കിൽ സെമസ്റ്റർ ഫീസ് ഈടാക്കാത്തതു സംബന്ധിച്ച്***

28.07.2018 തീയ്യതിയിലെ Acad.D2/6323/Fee/2017 നം. സർവ്വകലാശാല ഉത്തരവു പ്രകാരം ഫീസ് വർദ്ധനവിന്റെ പ്രാബല്യം 01.06.2018 മുതലാണ്. എന്നാൽ 2016 അഡ്മിഷൻ മൂന്നാം വർഷ വിദ്യാർത്ഥികളിൽ നിന്നും 2017 അഡ്മിഷൻ രണ്ടാം വർഷ വിദ്യാർത്ഥികളിൽ നിന്നും പഴയ നിരക്കിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഫീസ് വർദ്ധന 2018 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾക്ക് മാത്രമാക്കികൊണ്ട് തങ്ങളെ ഒഴിവാക്കുന്നത് സംബന്ധിച്ച് 2016, 17 അഡ്മിഷൻ വിദ്യാർത്ഥികൾ രജിസ്ട്രാർക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ അപേക്ഷ സർവ്വകലാശാല പരിഗണിച്ചിട്ടില്ല (സർവ്വകലാശാല രജിസ്ട്രാരുടെ 24.05.2019 തീയ്യതിയിലെ Acad.D2/1715/Fee നമ്പർ കത്ത്). വർദ്ധിപ്പിച്ച ഫീസ് ഘടന പ്രകാരമുള്ള ബാക്കി തുക വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്നതിനും സർവ്വകലാശാല ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെയായും ബാക്കി തുക വിദ്യാർത്ഥികൾ സർവ്വകലാശാല ഫണ്ടിൽ ഒടുക്കിയിട്ടില്ല.

| അഡ്മിഷൻ | കോഴ്സ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | വിദ്യാർത്ഥികളുടെ എണ്ണം | ഈടാക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 2017 | എം.സി.എ മൂന്നാം സെമസ്റ്റർ | 22,830 | 21,700 | 17 | 19,210 (17x1130) |
| 2017 | എം.സി.എ നാലാം സെമസ്റ്റർ | 22,185 | 21,125 | 17 | 18,020 (1,060x17) |
| ആകെ തുക | | | | | 37,230 |

2. <u>സെമസ്റ്റർ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കിയതു സംബന്ധിച്ച്</u>

28.07.2018 തീയ്യതിയിലെ Acad.D2/6323/Fee/2017 നം. സർവ്വകലാശാല ഉത്തരവു പ്രകാരം 2018 അഡ്മിഷൻ എം.സി.എ. ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും 45,305/- രൂപയും രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും 22,185/- രൂപയുമാണ് സെമസ്റ്റർ ഫീസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും 41,280/- രൂപയും രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും 17,885/- രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | കോഴ്സ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | ഈടാക്കാൻ കുറവ് വന്ന ഫീസ് തുക | വിദ്യാർത്ഥികളുടെ എണ്ണം | ബാക്കി ഈടാക്കേണ്ട ആകെ ഫീസ് തുക |
|---|---|---|---|---|---|---|
| 2018 | എം.സി.എ. ഒന്നാം സെമസ്ററർ | 45,580 | 41,555 | 4,025 | 15 | 60,375 (4,025 x 15) |
| 2018 | എം.സി.എ. രണ്ടാം സെമസ്ററർ | 22,185 | 17,885 | 4,300 | 15 | 64,500 (4,300 x 15) |
| | ബാക്കി ഈടാക്കേണ്ട ആകെ ഫീസ് തുക | | | | | 1,24,875/- രൂപ |

കുറവു വന്ന തുക 1,24,875/- രൂപ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി സർവ്വകലാശാല ഫണ്ടിൽ ഒടുക്കേണ്ടതാണ്.

സി) <u>ആന്ത്രോപോളജി വകുപ്പ്</u>

1. <u>*മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.*</u>

2018-19 വർഷത്തെ കേഷ്ബുക്ക് പരിശോധനയിൽ സർവ്വകലാശാലയിൽ നിന്നും താഴെകാണിച്ച വിധം മുൻകൂർ തുകകൾ വരവ് വന്നിട്ടുണ്ട്.

| വരവ് വന്ന തീയ്യതി | തുക | വിഷയം | ക്രമീകരിച്ച വിവരം |
|---|---|---|---|
| 4/10/2018 | 6,000 | ഓറിയന്റേഷൻ പ്രോഗ്രാം | ക്രമീകരിച്ചിട്ടില്ല. |
| 5/11/2018 | 50,000 | ഫീൽഡ് വർക്കിനു വേണ്ടി ലഭിച്ച മുൻകൂർ തുക | ക്രമീകരിച്ചിട്ടില്ല. |
| 14/2/2019 | 45,000 | ഐ.ക്യു.എ.സി. | ഫയൽ പരിശോധനയിൽ ക്രമീകരിച്ചതായി കണ്ടു. |
| 1/3/2019പ | 1,00,000 | കുടിൽ നിർമാണം | അധികസമയം അനുവദിച്ചിട്ടുണ്ട് |
| 19/3/2019 | 22,500 | ഐ.ക്യു.എ.സി | ക്രമീകരിച്ചിട്ടില്ല. |

എന്നാൽ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തത് കാരണം തുക ക്രമീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുവാൻ സാധിക്കുന്നില്ല. 2018-19 വർഷത്തെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2. *ഇ-ഗ്രാന്റ് ഇനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് ലഭ്യമാകാത്തതു സംബന്ധിച്ച്*

കണ്ണൂർ സർവ്വകലാശാലയ്ക്ക് വിവിധ ഫീസിനങ്ങളിൽ ഇ-ഗ്രാന്റ്സായി ലഭിക്കാൻ കുടിശ്ശികയുള്ള തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | കോഴ്സ്/ സെമസ്റ്റർ | പരീക്ഷാ ഫീസിനത്തിൽ ലഭിക്കേണ്ട തുക | മറ്റു ഫീസിനത്തിൽ ലഭിക്കേണ്ട തുക | ആകെ |
|---|---|---|---|---|
| 2017-18 | എം.എ. ആന്ത്രപോളജി 1 & 2 സെമസ്റ്റർ (2017 അഡ്മിഷൻ) | 1,520 | 2,640 | 4,160 |

മേൽ പരാമർശിച്ച തുക 4,160/- (1,520 +2,640) സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) ഡിപ്പാർട്ട്മെന്റ് ഓഫ് ലൊ

1. *മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.*

2018-19 വർഷത്തെ കേഷ്ബുക്ക് പ്രകാരം യൂണിവേഴ്സിറ്റി ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും താഴെകാണിച്ച വിധം മുൻകൂർ തുകകൾ വരവ് വന്നിട്ടുണ്ട്.

| വരവ് വന്ന തീയ്യതി | തുക | വിഷയം |
|---|---|---|
| 22/05/2018 | 15,000 | എൻട്രൻസ് പ്രോഗ്രാം |
| 1/3/2019 | 25,000 | N.H.R.C സെമിനാർ |
| 8/2/2019 | 49,000 | ബുക്ക് ബാങ്ക് സ്കീം |
| 7/12/2018 | 75,000 | നാഷണൽ സെമിനാർ |

എന്നാൽ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തത് കാരണം തുക ക്രമീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുവാൻ സാധിക്കുന്നില്ല. 2018-19 വർഷത്തെ മുൻകൂർ രജിസ്റ്റർ എഴുതി

സൂക്ഷിക്കേണ്ടതും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

2. <u>ഫീസിനത്തിൽ വരവ് വന്ന തുകകൾ സർവകലാശാലാ ഫണ്ടിൽ ഒടുക്കുവാൻ ദീർഘമായ കാലതാമസം വരുത്തുന്നത് സംബന്ധിച്ച്</u>

<u>1) ഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്നും ടി.ആർ. 5 രശീതു പ്രകാരം ഈടാക്കുന്ന തുകകൾ സർവകലാശാലാ ഫണ്ടിൽ ഒടുക്കുവാൻ ദീർഘമായ കാലതാമസം വരുത്തുന്നതായി കാണുന്നു.</u>

ഉദാ:-2017 അഡ്മിഷൻ വിദ്യാർത്ഥികളിൽ നിന്നും 2017 ജൂൺ/ജൂലൈ മാസങ്ങളിൽ ഈടാക്കിയ തുക 4,92,740 /-രൂപ 22-02-2019 ന് മാത്രമാണ് (ചലാൻ നം.1,2,5,6) സർവകലാശാലാ ഫണ്ടിൽ ഒടുക്കിയിരിക്കുന്നത്.

2) 2015, 2016 എന്നീ വർഷങ്ങളിലെ എൽ.എൽ.എം. അഡ്മിഷൻ വിദ്യാർത്ഥികളിൽനിന്നും അഡ്മിഷൻ സമയത്ത് ഈടാക്കിയ സെമസ്റ്റർ ഫീസ് 1,23,680/-രൂപ 15-03-2019 ന് (ചലാൻ നം 1,2,3,4,5) മാത്രമാണ് സർവകലാശാലാ ഫണ്ടിൽ ഒടുക്കിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം കാലതാമസം ഒഴിവാക്കേണ്ടതാണ്.

1) ഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്നും ടി.ആർ. 5 രശീതു പ്രകാരം ഈടാക്കുന്ന തുകകൾ സർവകലാശാലാ ഫണ്ടിൽ ഒടുക്കുവാൻ ദീർഘമായ കാലതാമസം വരുത്തുന്നതായി കാണുന്നു.

ഉദാ:-2017 അഡ്മിഷൻ വിദ്യാർത്ഥികളിൽ നിന്നും 2017 ജൂൺ/ജൂലൈ മാസങ്ങളിൽ ഈടാക്കിയ തുക 4,92,740 /-രൂപ 22/2/2019 ന് മാത്രമാണ് (ചലാൻ നം.1,2,5,6) സർവകലാശാലാ ഫണ്ടിൽ ഒടുക്കിയിരിക്കുന്നത്.

2) 2015, 2016 എന്നീ വർഷങ്ങളിലെ എൽ.എൽ.എം അഡ്മിഷൻ വിദ്യാർത്ഥികളിൽനിന്നും അഡ്മിഷൻ സമയത്ത് ഈടാക്കിയ സെമസ്റ്റർ ഫീസ് 1,23,680/-രൂപ 15/03/2019 ന് (ചലാൻ നം 1,2,3,4,5) മാത്രമാണ് സർവകലാശാലാ ഫണ്ടിൽ ഒടുക്കിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം കാലതാമസം ഒഴിവാക്കേണ്ടതാണ്.

3. <u>*ഇ-ഗ്രാന്റ് അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് -വിദ്യാർത്ഥികളുടെ ഫീസ് തുക സർവകലാശാല ഫണ്ടിലേക്ക് കൈമാറാത്തത് ഗുരുതരമായ വീഴ്ച.*</u>

നിയമ പഠന വകുപ്പിൽ ഇ-ഗ്രാന്റ്സ് സംബന്ധിച്ച് സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ടിൽ (നമ്പർ 30857675964)01/04/2018 ന് മുന്നിരിപ്പായി 29,24,665.50 രൂപയും 2018-19 വർഷം വരവായി വന്ന 45,42,940/- രൂപയും ഉൾപ്പെടെ ആകെ 74,67,605.5 രൂപയിൽ നിന്നും 2018-19 വർഷം ആകെ 13,10,249/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 31/03/2019 ന് ആകെ 61,57,356.50 രൂപ നീക്കിയിരിപ്പുണ്ട്. 2013-2014 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികളുടെ സെമസ്റ്റർ ഫീസ്, എക്സാം ഫീസ് തുകയാണ് ഇത്. ആയത് നാളിതുവരെയായും സർവകലാശാല ഫണ്ടിലേക്ക് കൈമാറാത്തത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. നീക്കിയിരിപ്പ് തുകയിൽ വ്യക്തത വരുത്തി എത്രയും പെട്ടെന്ന് സർവ്വകലാശാല ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. ഇ-ഗ്രാന്റ് അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് ഉണ്ടാകാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

4. <u>*കോഷൻ ഡെപോസിറ്റ് തുക യൂനിവേഴ്സിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്*</u>

സർവ്വകലാശാല ഉത്തരവ് നം. അക്കാദ്-D1.5392/CD/2010 തീയ്യതി: 06-06-2013 പ്രകാരം അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന കോഷൻ ഡെപോസിറ്റ് തുക കോഴ്സ് പൂർത്തിയാക്കി ഒരു വർഷത്തിനകം തിരിച്ചു നല്കേണ്ടതുണ്ട്. കോഷൻ ഡെപോസിറ്റ് റജിസ്റ്റർ വോള്യം 2 പ്രകാരം 2011 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾ കൈപ്പറ്റാതെ കാലഹരണപ്പെട്ട തുകയായ

17,250/- രൂപ 02/08/2018 ന് യൂണിവേഴ്സിറ്റി ഫണ്ടിലേയ്ക്ക് വക മാറ്റിയിട്ടുണ്ട്. എന്നാൽ 2012 അഡ്മിഷൻ L.L.M. വിദ്യാർത്ഥികളുടെ 1500 രൂപ കൂടി വകമാറ്റാനുണ്ട്. 1,500 രൂപ യൂണിവേഴ്സിറ്റി ഫണ്ടിലേയ്ക്ക് വരവ് വെക്കേണ്ടതാണ്.

5. ***സെമസ്റ്റർ ഫീസ് സർവ്വകലാശാല ഫണ്ടിൽ വരവ് വരാത്തത് സംബന്ധിച്ച്***

കണ്ണൂർ സർവ്വകലാശാലയുടെ തലശ്ശേരി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ ഫീസ് കളക്ഷൻ രജിസ്റ്റർ പരിശോധിച്ചത് പ്രകാരമുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അഡ്മിഷൻ/ കോഴ്സ് | സെമസ്റ്റർ | വിദ്യാർത്ഥികളുടെ എണ്ണം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് (സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് ഉൾപ്പെടെ) |
|---|---|---|---|---|---|
| 2014 എൽ.എൽ.ബി | 9 | 38 | 2,89,370 | 37,335 | 2,52,035 |
| | 10 | 38 | 2,54,410 | - | 2,54,410 |
| 2015 എൽ.എൽ.ബി | 7 | 42 | 3,19,830 | 44,675 | 2,75,155 |
| | 8 | 42 | 2,81,190 | 6,695 | 2,74,495 |
| 2016 എൽ.എൽ.ബി. | 5 | 48 | 3,65,520 | 31,285 | 3,34,235 |
| | 6 | 48 | 3,21,360 | - | 3,21,360 |
| 2017 എൽ.എൽ.ബി. | 3 | 55 | 4,18,825 | 55,480 | 3,63,345 |
| | 4 | 55 | 3,68,225 | 20,085 | 3,48,140 |
| 2018 എൽ.എൽ.ബി. | 1 | 59 | 5,14,480 | 4,23,020 | 91,460 |
| | 2 | 59 | 3,95,005 | 80,340 | 3,14,665 |
| 2017 എൽ.എൽ.എം. | 3 | 14 | 1,06,610 | 22,845 | 83,765 |
| | 4 | 14 | 93,730 | - | 93,730 |
| 2018 എൽ.എൽ.എം. | 1 | 6 | 50,730 | 50,730 | - |
| | 2 | 6 | 40,170 | 26,780 | 13,390 |
| ആകെ | | | 38,19,455 | 7,99,270 | 30,20,185 |

മേൽ പരാമർശിച്ച ബാലൻസ് തുകയായ 30,20,185 രൂപയിൽ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് ഇനത്തിലെ 24,860/- രൂപ ഒഴികെ ബാക്കി 29,95,325/- രൂപ സെമസ്റ്റർ ഫീസിനത്തിൽ സർവ്വകലാശാല ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

റിമാർക്സ്:- ₹29,95,325/- ൽ 2018 അഡ്മിഷൻ രണ്ടാം സെമസ്റ്ററിലെ ഒരു വിദ്യാർത്ഥിയുടെയും (7,150), 2017 അഡ്മിഷൻ മൂന്നാം സെമസ്റ്ററിലെ ആറു വിദ്യാർത്ഥികളുടെയും സെമസ്റ്റർ ഫീസ് (6,695 x6) ഒഴികെയുള്ള തുക സർവ്വകലാശാലയ്ക്ക് ഇ-ഗ്രാന്റ്സായി ലഭ്യമാകാനുള്ളതാണ്.

ഇ) അപ്ലൈഡ് ഇക്കണോമിക്സ്

1. *ഇ -ഗ്രാന്റ്സ് ഇനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് ലഭ്യമാകാത്തതു സംബന്ധിച്ച്*

ഇക്കണോമിക്സ് പഠന വകുപ്പിൽ നിന്നും ഇ-ഗ്രാന്റ്സ് ഇനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് കുടിശ്ശിക താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | കോഴ്സ്/ സെമസ്റ്റർ | പരീക്ഷ ഫീസിനത്തിൽ ലഭിക്കേണ്ട തുക | കോഴ്സ് ഫീസിനത്തിൽ ലഭിക്കേണ്ട തുക | ആകെ |
|---|---|---|---|---|
| 2018-19 | 2018 അഡ്മിഷൻ 1&2 സെമസ്റ്റർ | -- | 20,490 | 20,490 |
| | 2017 അഡ്മിഷൻ 3&4 സെമസ്റ്റർ | 4,125 | 37,550 | 41,675 |
| 2017-18 | 2017 അഡ്മിഷൻ 1&2 സെമസ്റ്റർ | 6,900 | 16,250 | 23,150 |
| | 2016 അഡ്മിഷൻ 3&4 സെമസ്റ്റർ | 11,340 | 42,840 | 54,180 |
| ആകെ | | 22,365 | 1,17,130 | 1,39,495 |

മേൽ പരാമർശിച്ച തുക (1,39,495/-) സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2. *ഇ-ഗ്രാന്റ്സിൽ യൂണിവേഴ്സിറ്റി ഡെവലപ്മെന്റ് ഫണ്ട് ക്ലെയിം ചെയ്യുന്നില്ല – വിദ്യാർഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാകുന്നില്ല.*

എം.എ. ഇക്കണോമിക്സ് 2017 അഡ്മിഷൻ മൂന്നാം സെമസ്റ്റർ, 2018 അഡ്മിഷൻ ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ക്ലെയിം ചെയ്യുമ്പോൾ യൂണിവേഴ്സിറ്റി ഡെവലപ്മെന്റ് ഫണ്ട് ക്ലെയിം ചെയ്തിട്ടില്ല. മേൽ തുക വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി അടക്കുകയാണ് ചെയ്തത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.കെ.എസ്.എ./ കെ.എൻ.യു./ ഇക്കണോമിക്സ്/ 4/2019, തീയ്യതി: 13.06.2019) ഒരു അധ്യയന വർഷത്തിൽ ഇ-ഗ്രാന്റ്സ് അപേക്ഷിച്ച വിദ്യാർത്ഥികളിൽ എല്ലാവർക്കും ഒരേ ഫീസ് ഘടന പ്രകാരമുള്ള തുക മാത്രമേ ക്ലെയിം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും എസ്.സി/എസ്.ടി വിദ്യാർത്ഥികളിൽ നിന്നും യൂണിവേഴ്സിറ്റി ഡെവലപ്മെന്റ് ഫണ്ട് ഈടാക്കാത്തതിനാൽ ഒരേ ഫീസ് ഘടന പ്രകാരമുള്ള തുക മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലെയിം ചെയ്യാൻ സാധിക്കുന്നില്ല എന്ന സാങ്കേതിക തടസ്സം ഉണ്ടെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. എന്നാൽ ഇതു വഴി മറ്റു വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യം നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. മുഴുവൻ

വിദ്യാർത്ഥികൾക്കും യൂണിവേഴ്സിറ്റി ഡെവലപ്മെന്റ് ഫണ്ട് ക്ലെയിം ചെയ്ത് എസ്.സി/എസ്.ടി വിദ്യാർത്ഥികളുടെ ഫീസ് എസ്.സി/എസ്.ടി വകുപ്പിൽ തിരിച്ചടക്കാവുന്നതാണ്. മറ്റ് വകുപ്പുകളിൽ ഇതേ രീതിയിൽ മുഴുവൻ തുകയും ക്ലെയിം ചെയ്തുവരുന്ന വിവരം ശ്രദ്ധയിൽപെടുത്തുന്നു.

എഫ്) മൈക്രോ ബയോളജി

1. *RUSA ഫണ്ട് വരവ് - മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.*

കണ്ണൂർ സർവകലാശാലയുടെ ബയോടെക്നോളജി & മൈക്രോബയോളജി പഠന വിഭാഗത്തിൽ വിവിധയിനം പർച്ചേസുകൾക്ക് RUSA ഫണ്ട് ഇനത്തിൽ ഭീമമായ സംഖ്യകൾ വരവ് വരുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് മുൻകൂർ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ വരവ് വന്ന തുക, ചെലവഴിച്ച തുക, ബാക്കി തിരിച്ചടച്ച തുക എന്നിവ നിരീക്ഷിക്കുവാൻ സാധിച്ചിട്ടില്ല. RUSA ഫണ്ട് ഇനത്തിൽ 2018-19 വർഷത്തെ വരവ് ചെലവ് വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് ലഭ്യമാക്കേണ്ടതാണ്.

2. *കോഷൻ ഡെപോസിറ്റ് തുക സർവ്വകലാശാല ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്*

അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന കോഷൻ ഡെപോസിറ്റ് തുക കോഴ്സ് പൂർത്തിയാക്കി ഒരു വർഷത്തിനകം തിരിച്ചു നല്കേണ്ടതുണ്ട്. കോഷൻ ഡെപോസിറ്റ് രജിസ്റ്റർ പരിശോധനയിൽ കാലഹരണപ്പെട്ട തുകകൾ സർവ്വകലാശാല ഫണ്ടിലേയ്ക്ക് മാറ്റാനുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കോഴ്സ് | വർഷം | തുക |
|---|---|---|
| എം.എസ്.സി. | 2010-12 | 750 |
| | 2011-13 | 1,500 |
| | 2012-14 | 1,750 |
| | 2013-15 | 1,000 |
| | 2014-16 | 750 |
| | 2015-17 | 2,000 |
| | 2016-18 | 6,500 |
| | ആകെ തുക | 14,250/- |

കാലഹരണപ്പെട്ട മേൽ തുക 14,250/- രൂപ സർവ്വകലാശാല ഫണ്ടിലേയ്ക്ക് മാറ്റി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. *ഇ-ഗ്രാൻസ് തുക ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല*

2018-19 വർഷം ഫീസിനത്തിൽ ഇ-ഗ്രാൻസായി ലഭിക്കേണ്ട താഴെ പറയുന്ന തുകകൾ ഇതുവരെയും ലഭിച്ചിട്ടില്ല.

| കോഴ്സ്/ സെമസ്റ്റർ | കോഴ്സ് ഫീസിനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുക | പരീക്ഷാ ഫീസിനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 2017-19 ബാച്ച് 3 സെമസ്റ്റർ | 2,09,800 | 42,655 |
| 2017-19 ബാച്ച് 4 സെമസ്റ്റർ | 1,99,310 | 20,710 |

| | | |
|---|---|---|
| 2018-20 ബാച്ച് 1 സെമസ്റ്റർ | 74,755 | 0 |
| 2018-20 ബാച്ച് 2 സെമസ്റ്റർ | 1,87,340 | 0 |
| ആകെ | 6,71,205 | 63,365 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7 തീയ്യതി 28.05.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹7,34,570/- (6,71,205+63,365) ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. *<u>ലക്ഷദ്വീപിൽനിന്നുള്ള വിദ്യാർത്ഥിയുടെ വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമായിട്ടില്ല</u>*

എം.എസ്.സി. മൈക്രോബയോളജി 2016-18 ബാച്ചിലെ ലക്ഷദ്വീപിൽനിന്നുള്ള വിദ്യാർത്ഥിയായ മൊഹമ്മദ് മഷൂദ്, ബി, കോഴ്സ് പൂർത്തിയാക്കുകയും ടിയാന്റെ ടിസി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാന്റ 2, 3 സെമസ്റ്ററുകളുടെ ഫീസ്, പരീക്ഷ ഫീസ് എന്നിവ ഉൾപ്പെടെ 24,610/- രൂപ ഇതുവരെ സർവ്വകലാശാലയ്ക്ക് ലഭിച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| സെമസ്റ്റർ | അടക്കേണ്ട ഫീസ് | | അടച്ച ഫീസ് | | ഇനി ലഭിക്കേണ്ട തുക | | ആകെ ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|---|
| | ഫീസ് | പരീക്ഷ ഫീസ് | ഫീസ് | പരീക്ഷ ഫീസ് | ഫീസ് | പരീക്ഷ ഫീസ് | |
| 3 | 11,310 | 2,150 | 260 | 230 | 11,050 | 1,920 | 12,970 |
| 4 | 10,490 | 1,265 | 0 | 115 | 10,490 | 1,150 | 11,640 |
| ആകെ | | | | | 21,540 | 3,070 | 24,610 |

വിദ്യാഭ്യാസ ആനുകൂല്യമായി ലഭിക്കേണ്ട തുക 24,610/- രൂപ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 8- <u>മാനന്തവാടി കാമ്പസ്</u>

എ) <u>റൂറൽ & ട്രൈബൽ സോഷ്യോളജി</u>

1. *<u>കോഴ്സ് ഫീ/പരീക്ഷാ ഫീസ് കേരള പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിൽ നിന്നും(ഇ-ഗ്രാന്റ്സ്) ലഭ്യമായില്ല. ഫീസിനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട വരവിൽ കുറവ്.</u>*

M.A.(Tribal & Rural Studies) 2017-18 ൽ അഡ്മിഷൻ നേടിയ നമിത, കെ.ബി, എന്ന വിദ്യാർത്ഥിയുടെ 3&4 സെമസ്റ്റർ ഫീസ് തുകയായ 6,470/- രൂപയും (3,695+2,775= 6,470), 3&4 സെമസ്റ്റർ പരീക്ഷ ഫീസിനത്തിലെ 2,215/- രൂപയും (870 +1,345 =2,215) ഉൾപ്പെടെ ആകെ 8,685/- രൂപ ഇ-ഗ്രാന്റ്സായി കേരള പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഫീസിനത്തിൽ സർവകലാശാലയ്ക്ക് ലഭ്യമാവേണ്ട 8,685/-രൂപ ഇതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) <u>ഡിപ്പാർട്ട്മെന്റ് ഓഫ് സുവോളജി</u>

1. *<u>സെമസ്റ്റർ ഫീസ് സർവ്വകലാശാല ഫണ്ടിലേക്ക് ഒടുക്കിയതിൽ കുറവ്</u>*

എ. M.Sc.(Applied Zoology)) 2017-18 ൽ അഡ്മിഷൻ നേടിയ 19 വിദ്യാർത്ഥികളുടെ 3$^{rd}$ സെമസ്റ്റർ ഫീസിനത്തിൽ 11,050/- രൂപ വീതം ആകെ 2,09,950/- (11,050x19 =2,09,950) രൂപയും 4$^{th}$ സെമസ്റ്റർ ഫീസിനത്തിൽ 10,490/- രൂപ വീതം ആകെ 1,99,310/- (10,490x19=1,99,310) രൂപയുമാണ് സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ചലാൻ മുഖാന്തരം ഒടുക്കിയിട്ടുള്ളത്. എന്നാൽ കണ്ണൂർ സർവ്വകലാശാലയുടെ 28.07.2018 ലെ Acad.D2/6323/Fee/2017 നമ്പർ ഉത്തരവു പ്രകാരം സർവ്വകലാശാല ഡിപ്പാർട്ട്മെന്റ്/സെന്ററുകളിൽ നടത്തി വരുന്ന കോഴ്സുകളുടെ ഫീസ് 01.06.2018 പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിരുന്നു. ഇതു പ്രകാരം 3rd സെമസ്റ്റർ ഫീസിനത്തിൽ 11,665/- രൂപ വീതം ആകെ 2,21,635/- (11,665x19 =2,21,635) രൂപയും 4$^{th}$ സെമസ്റ്റർ ഫീസിനത്തിൽ 11,020/- രൂപ വീതം ആകെ 2,09,380/- (11,020x19 =2,09,380) രൂപയുമാണ് സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ഒടുക്കേണ്ടിയിരുന്നത്. സുവോളജി പഠന വകുപ്പിൽ നിന്നും പഴയ നിരക്കിൽ ഫീസ് ഒടുക്കിയതിനാൽ സർവ്വകലാശാല ഫണ്ടിന് 21,755/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

ബി. M.Sc.(Applied Zoology)) 2017-18 ൽ എൻ.ആർ.ഐ. ക്വാട്ടയിൽ അഡ്മിഷൻ നേടിയ 03 വിദ്യാർത്ഥികളുടെ 3rd സെമസ്റ്റർ എൻ.ആർ.ഐ. ഫീസിനത്തിൽ 1,95,000/- (65,000x3 =1,95,000) രൂപയാണ് സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കിയിട്ടുള്ളത്. എന്നാൽ കണ്ണൂർ സർവ്വകലാശാലയുടെ 28.07.2018 ലെ Acad.D2/6323/Fee/2017 നമ്പർ ഉത്തരവു പ്രകാരം സർവ്വകലാശാല ഡിപ്പാർട്ട്മെന്റ്/ സെന്ററുകളിൽ നടത്തി വരുന്ന കോഴ്സുകളുടെ ഫീസ് 01.06.2018 പ്രാബല്യത്തിൽ വർദ്ധിപ്പിച്ചത് പ്രകാരം 2,04,750/- (68,250x3 =2,04,750) രൂപയാണ് ഈയിനത്തിൽ സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ഒടുക്കേണ്ടിയിരുന്നത്. ആയതിനാൽ എൻ.ആർ.ഐ ഫീസിനത്തിൽ സർവ്വകലാശാല ഫണ്ടിന് 9,750/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

ഫീസൊടുക്കിയതിൽ കുറവ് വന്ന 31,505/- രൂപ (21,755 +9,750) വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി സർവകലാശാല ഫണ്ടിലേക്ക് ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

സി) <u>ടീച്ചർ എഡ്യുക്കേഷൻ സെന്റർ, മാനന്തവാടി</u>

1. *<u>സർവകലാശാല നിശ്ചയിച്ച ഫീസിനനുസൃതമായ നിരക്കിൽ ഇ. ഗ്രാന്റ് ലഭിച്ചില്ല.</u>*

30.07.2015 ലെ അക്കാദ്/ഡി. 2/1055/RF 2005/VOL 2 നം. സർവകലാശാല ഉത്തരവ് പ്രകാരം, ബി.എഡ്. കോഴ്സിന്റെ വാർഷികഫീസ് 29,000 രൂപയിൽ നിന്നും 35,000 രൂപയായി വർധിപ്പിക്കുകയും, പിന്നീട് 2018 വർഷത്തെ അഡ്മിഷൻ മുതലുള്ളവർക്ക് 29,000 രൂപയായി പുനർനിശ്ചയിക്കുകയും ചെയ്തു. എന്നാൽ 2018-19 വർഷത്തിൽ 2017-19 അഡ്മിഷനിലെ താഴെ പറയുന്ന രണ്ടാം വർഷ വിദ്യാർഥികൾക്ക് സർവകലാശാല നിശ്ചയിച്ച ഫീസ് നിരക്കിലും 6,000/-രൂപ കുറച്ച് 29,000 രൂപ നിരക്കിലാണ് പട്ടികജാതി പട്ടികവർഗവികസനവകുപ്പ് ഇ-ഗ്രാന്റായി അനുവദിച്ചത്. ഇതു മൂലം സർവകലാശാലക്ക് ഫീസ് ഇനത്തിൽ 36,000 രൂപയുടെ (6x6,000) നഷ്ടം വന്നിട്ടുണ്ട്.

| ക്രമ നം. | പേര് |
|---|---|
| 1. | ആതിര കെ.വി |
| 2. | ദിവ്യ എം. |
| 3. | മനീഷ സി.എച്ച്. |
| 4. | അഞ്ജന ബി. |
| 5. | പത്മനാഭ ടി. |
| 6. | ഗീതു ഡി.ബി. |

പട്ടികജാതി പട്ടികവർഗവികസനവകുപ്പുമായി ബന്ധപ്പെട്ട് കുടിശ്ശിക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഇ-ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക.

വിദ്യാർത്ഥികളുടെ വിവിധ ഫീസിനങ്ങളിൽ ഇ-ഗ്രാന്റ്സ് മുഖേന 2018-19 കാലയളവിൽ സർവകലാശാലക്ക് 1,86,000/-രൂപ ലഭിക്കുവാനുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കോഴ്സ് | വർഷം | പ്രതിവർഷ ഫീസ് | കുട്ടികളുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1. | ബി.എഡ്. 2017-19 | രണ്ടാം വർഷം | 35,000/- | 2 | 70,000 |
| 2. | ബി.എഡ്. 2018-20 | ഒന്നാം വർഷം | 29,000/- | 4 | 1,16,000 |
| ആകെ | | | | 6 | 1,86,000 |

സർവകലാശാലക്ക് ഫീസിനത്തിൽ ലഭിക്കുവാനുള്ള 1,86,000/-രൂപ പട്ടികജാതി പട്ടിക വർഗ്ഗവികസന വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ-നിയമനത്തിലും ശമ്പളനിർണ്ണയത്തിലും ക്രമക്കേടുകൾ.

കണ്ണൂർ സർവകലാശാല ഫിസിക്കൽ എഡ്യുക്കേഷൻ ഡയരക്ടറായി 31-03-2019 ൽ വിരമിച്ച ശ്രീ പി.ടി. ജോസഫ് എന്നവരുടെ നിയമനത്തിലും തുടർന്നുള്ള ശമ്പളനിർണ്ണയത്തിലും നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

എ) നോൺ ടീച്ചിംഗ് തസ്തിക ടീച്ചിംഗ് തസ്തികയാക്കി മാറ്റിയതിന് ചാൻസലറുടെ അനുമതിയില്ല.

കണ്ണൂർ സർവകലാശാല ഓർഡിനൻസ് പ്രകാരം ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക നോൺ ടീച്ചിംഗ് തസ്തികയാണ്. നോൺ ടീച്ചിംഗ് തസ്തികയിലുള്ള ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സും ടീച്ചിംഗ് തസ്തികയിലുള്ളവരുടെ വിരമിക്കൽ പ്രായം 60 വയസ്സുമാണ്. ടീച്ചിംഗ് തസ്തികയിലുള്ളവരുടെ വിരമിക്കൽ തീയതി അക്കാദമിക്ക് വർഷത്തിനിടയിലാണെങ്കിൽ അക്കാദമിക്ക് വർഷാവസാനം വരെ സർവീസിൽ തുടരാവുന്നതുമാണ്. സർക്കാരിന്റെ 26-12-2014 തീയതിയിലെ ജി.ഒ.(എം.എസ്.) 965/2014/H Edn. ഉത്തരവ് പ്രകാരം കണ്ണൂർ സർവകലാശാലയിലെ ഡയരക്ടർ

ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക നോൺ ടീച്ചിംഗ് വിഭാഗത്തിൽ നിന്നും ടീച്ചിംഗ് വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള പ്രാരംഭനടപടിയായി സർവകലാശാല ഓർഡിനൻസിൽ ഭേദഗതി വരുത്തുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ യടിസ്ഥാനത്തിൽ ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക ടീച്ചിംഗ് തസ്തികയാക്കി ഓർഡിനൻസിൽ മാറ്റം വരുത്തുന്നതിന് സർവകലാശാല ബഹു. ഗവർണറുടെ അനുമതി തേടിയെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. സർവകലാശാല ഓർഡിനൻസ് ഭേദഗതിക്ക് ചാൻസലറുടെ അംഗീകാരം ലഭിക്കാതെ 29-01-2015 തീയതിയിലെ സർവകലാശാല ഉത്തരവ് നം.Ad.A2.12487/2008 പ്രകാരം ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക നോൺ ടീച്ചിംഗ് വിഭാഗത്തിൽ നിന്നും ടീച്ചിംഗ് വിഭാഗത്തിലേക്ക് മാറ്റി സർവകലാശാല താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സർവകലാശാലക്ക് സാമ്പത്തിക ബാധ്യത വരുന്ന വിഷയമായതിനാൽ അനുമതി സംബന്ധിച്ച ബഹു.ചാൻസലറുടെ തീർപ്പാക്കലിന് വിധേയമായി ഇക്കാര്യത്തിൽ സർവകലാശാല അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും മേൽ സൂചിപ്പിച്ച സർവകലാശാല ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ എന്ന നോൺ ടീച്ചിംഗ് തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന ശ്രീ പി.ടി. ജോസഫ് 31-01-2015 ന് സർവീസിൽ നിന്ന് (ജനനത്തീയതി-28-01-1959) വിരമിക്കേണ്ടതായിരുന്നു. എന്നാൽ ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക ടീച്ചിംഗ് തസ്തികയാക്കി പുറപ്പെടുവിച്ച താൽക്കാലിക സർവകലാശാല ഉത്തരവിന്റെ പിൻബലത്തിൽ മാത്രം ശ്രീ. പി.ടി. ജോസഫിനെ 31-01-2015 ന് ശേഷവും ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ (ടീച്ചിംഗ്) തസ്തികയിൽ സർവീസിൽ തുടരുവാൻ സർവകലാശാല അനുവദിക്കുകയും ടീച്ചിംഗ് തസ്തികയിൽ നിന്ന് 31-03-2019 തീയതിയിൽ വിരമിക്കുകയുമായിരുന്നു.

<u>ബി) ബഹു.ചാൻസലറുടെ അനുമതി ലഭിക്കാതെ ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക ടീച്ചിംഗ് തസ്തികയാക്കി. ശമ്പളം, ഇൻക്രിമെന്റുകൾ അനുവദിച്ചത് അംഗീകരിക്കുന്നില്ല.</u>

29-01-2015 തീയതിയിലെ സർവകലാശാല ഉത്തരവ് നം.Ad.A2.12487/2008 പ്രകാരം ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ എന്ന നോൺ ടീച്ചിംഗ് തസ്തിക ടീച്ചിംഗ് തസ്തികയാക്കി മാറ്റുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.ടി.ജോസഫിനെ ഫിസിക്കൽ എഡ്യുക്കേഷൻ ഡയരക്ടരായി തുടരുവാൻ സർവകലാശാല അനുവദിക്കുകയുമുണ്ടായി. സാമ്പത്തികബാധ്യത വരുന്ന വിഷയമായതിനാൽ ബഹു.ചാൻസലറുടെ അനുമതിക്ക് വിധേയമായി സർവകലാശാല പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു ഇദ്ദേഹത്തിന് സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ നോൺ ടീച്ചിംഗ് തസ്തിക ടീച്ചിംഗ് തസ്തികയാക്കി മാറ്റിയതിന് ചാൻസലറുടെ അനുമതി ലഭിക്കാതെ തന്നെ ശ്രീ. പി. ടി. ജോസഫിന് നോൺ ടീച്ചിംഗ് തസ്തികയിലെ സൂപ്പർ ആന്വേഷൻ തീയതിയായ 31-01-2015ന് (56 വയസ്സ് പൂർത്തിയാകുന്ന തീയതി)ശേഷം 31-03-2019 വരെ ശമ്പളം, ഇൻക്രിമെന്റ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിച്ചത് അംഗീകരിക്കുന്നില്ല. (31-01-2019 ന് 60 വയസ്സ് പൂർത്തീയായി അക്കാദമിക്ക് വർഷാവസാനം വരെ ടീച്ചിംഗ് തസ്തികയിൽ തുടർന്ന് 31-03-2019 ൽ വിരമിച്ചു) നോൺ ടീച്ചിംഗ് തസ്തിക ടീച്ചിംഗ് തസ്തികയാക്കിയതിനുള്ള സർവകലാശാല ഓർഡിനൻസ് ഭേദഗതിക്ക് ചാൻസലറുടെ അനുമതി ലഭിക്കാത്തതിനാൽ 01-02-2015 മുതൽ വിരമിച്ച തീയതിയായ 31-03-2019 വരെയുള്ള കാലയളവിൽ ശ്രീ.പി.ടി. ജോസഫിന് അനുവദിച്ച ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്. 2018-2019 വർഷത്തിൽ ശമ്പളം, അലവൻസുകൾ നൽകിയ ഇനത്തിലെ ചെലവ് ₹20,38,096/- അംഗീകരിക്കുന്നില്ല.

സി) <u>നോൺ ടീച്ചിംഗ് തസ്തികയിൽ യു. ജി. സി. നിഷ്കർഷിക്കുന്ന യോഗ്യതയില്ലാത്തത് സംബന്ധിച്ച് നടപടി സ്വീകരിക്കാതെ ടീച്ചിംഗ് തസ്തിക അനുവദിച്ച് ആനുകൂല്യങ്ങൾ നൽകിയത് ക്രമപ്രകാരമല്ല.</u>

ശ്രീ. പി.ടി. ജോസഫ് എന്നവരുടെ നിയമനം സംബന്ധിച്ച് 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക-13) പരാമർശിച്ച താഴെപ്പറയുന്ന ന്യൂനതകൾ പരിഹരിക്കാതെയാണ് പ്രസ്തുത തസ്തിക ടീച്ചിംഗ് തസ്തികയാക്കി മാറ്റി 56വയസ്സിൽ വിരമിക്കേണ്ടിയിരുന്ന ശ്രീ. പി. ടി. ജോസഫിനെ 60 വയസ്സുവരെ സർവീസിൽ തുടരാനനുവദിച്ചത്.

1.) നോട്ടിഫിക്കേഷൻ പ്രകാരം പരമാവധി 45 വയസ്സ് നിശ്ചയിച്ച തസ്തികക്ക് 46 വയസ്സുണ്ടായിരുന്ന ശ്രീ.പി. ടി. ജോസഫിന്റെ അപേക്ഷ സ്വീകരിക്കുകയും വയസ്സിളവ് അനുവദിക്കുകയും ചെയ്തത് ക്രമപ്രകാരമല്ല.

2.) യു.ജി.സി. നിഷ്കർഷിച്ച യോഗ്യതയില്ലാതെ ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികയിൽ നിയമനം നൽകി.സർവകലാശാല ഡെപ്യൂട്ടി ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികയിൽ 10 വർഷത്തെ പരിചയം അല്ലെങ്കിൽ സർവകലാശാല അസിസ്റ്റന്റ് ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ / കോളേജ് ഡി.പി.ഇ. (സെലക്ഷൻ ഗ്രേഡ് ) തസ്തികയിൽ 15 വർഷത്തെ പരിചയം യോഗ്യതയായി നിശ്ചയിച്ച തസ്തികയിൽ കേവലം 3 വർഷത്തെ പരിചയം സർവകലാശാല ഡെപ്യൂട്ടി ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികയിൽ ഉണ്ടായിരുന്ന ശ്രീ.പി.ടി. ജോസഫിന് നിയമനം നൽകിയത് ക്രമപ്രകാരമല്ല.

<u>ഡി) യു.ജി.സി.സ്കീം ശമ്പളനിർണ്ണയം നടത്തിയതിലെ അപാകങ്ങൾ-അധികം വാങ്ങിയ ശമ്പളം ₹11,49,209/- ഈടാക്കേണ്ടതാണ്.</u>

ഫിസിക്കൽ എഡ്യുക്കേഷൻ ഡെപ്യൂട്ടി ഡയരക്ടർ തസ്തികയിൽ ശ്രീ. പി.ടി. ജോസഫ് 16-04-2004 തീയതിയിൽ 12,000-420-18,300 ശമ്പളസ്കെയിലിൽ കണ്ണൂർ സർവകലാശാലയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. 16-04-2004 ന് ₹12,000/-, 16-04-2005 ന് ₹12,420, 01-04-2006 ന് ₹12,840 എന്നീ നിരക്കിൽ ശമ്പളം അനുവദിക്കുകയുണ്ടായി. പ്രസ്തുത തസ്തികയിൽ 16-04-2005 തീയതിയിൽ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുകയുമുണ്ടായി.

തുടർന്ന് ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികയിൽ നേരിട്ടുള്ള നിയമനം ലഭിക്കുകയും 28-03-2007 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ടിയാന്റെ ശമ്പളം ₹16,400-450-20,900-500-22,400 ശമ്പളസ്കെയിലിൽ ₹16,400/-ആയി നിർണ്ണയിക്കുകയുണ്ടായി. പ്രസ്തുത തസ്തികയിൽ 28-03-2008 തീയതിയിൽ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുകയുമുണ്ടായി. തുടർന്ന് 28-03-2008ന് ₹16,850, 01-03-2009 ന് ₹17,300, 01-03-2010 ന് 17,750 എന്നീ നിരക്കിൽ പ്രസ്തുതസ്കെയിലിൽ ശമ്പളം അനുവദിക്കുകയുണ്ടായി.

ആറാമത് യു.ജി.സി. സ്കീം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 27-03-2010 ലെ സർക്കാർ ഉത്തരവ് (പി.) 58/2010/H.Edn. കണ്ണൂർ സർവകലാശാലയിൽ നടപ്പാക്കുകയും യു.ജി. സി. സ്കെയിലിൽ ശമ്പളത്തിന് അർഹരായവരുടെ ശമ്പളം 01-01-2006 മുതൽ പ്രാബല്യത്തിൽ പരിഷ്കരിക്കുകയുമുണ്ടായി.ശമ്പള പരിഷ്കരണഉത്തരവിലെ ഖണ്ഡിക-1(ജി) പ്രകാരം 01-01-2006 ന് വിവിധ തസ്തികകളിൽ സേവനത്തിലിരിക്കുന്നവർക്ക് അനുബന്ധം 1,2 എന്നിവ പ്രകാരമുള്ള ശമ്പളനിർണ്ണയത്തിന് അർഹതയുണ്ട്.ശ്രീ. പി. ടി. ജോസഫ് 01-01-2006 ന് ഡെപ്യൂട്ടി ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികയിലാണ് ജോലി ചെയ്തിരുന്നത്.ഇതു പ്രകാരം 01-01-2006 ൽ 15,600-39,100 + AGP 8,000 എന്ന പേ ബാന്റിൽ 01-01-2006 ന് 23,110 +AGP 8,000 രൂപ,

01-07-2006 ന് 24,050 + AGP 8,000 രൂപ നിരക്കിൽ ശമ്പളത്തിന് അർഹതയുണ്ട്. പിന്നീട് ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികയിൽ അദ്ദേഹത്തിന് നേരിട്ടുള്ള നിയമനം ലഭിക്കുകയുണ്ടായി.28-03-2007 ന് ഈ തസ്തികയിൽ ചുമതലയേറ്റ അദ്ദേഹത്തിന്റെ ശമ്പളം 37,400-67,000 +AGP 10,000 എന്ന പേ ബാന്റിൽ സ്കെയിലിന്റെ മിനിമം ആയ 37,400 + AGP 10,000 ആയിട്ടാണ് നിർണ്ണയിക്കേണ്ടിയിരുന്നത്.എന്നാൽ ശ്രീ. പി.ടി. ജോസഫിന്റെ ശമ്പളം പ്രീ റിവൈസ്ഡ് സ്കെയിലിലെ ശമ്പളം അടിസ്ഥാനമാക്കി 27-03-2010 ലെ സർക്കാർ ഉത്തരവ് (പി.)58/2010/H.Edn. അനുബന്ധം-2 ലെ പട്ടിക 5 പ്രകാരമാണ് നിർണ്ണയിച്ചിട്ടുള്ളത്.ഇതു പ്രകാരം ശ്രീ.പി.ടി. ജോസഫിന് 28-03-2007 ന് ₹16,400 ന്റെ കറസ്പോണ്ടിംഗ് ശമ്പളമായ ₹40,890 + AGP 10,000 എന്ന നിരക്കിലാണ് പുതുക്കിയ ശമ്പളം അനുവദിച്ചത് (യു.ഒ.നം.എഡിഎ2.4607/2010 തീയതി 17-09-2010) അംഗീകരിക്കുന്നില്ല.

01-01-2006 ൽ അദ്ദേഹം ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികയിൽ അല്ലാതിരുന്നതിനാൽ സൂചിത സർക്കാർ ഉത്തരവിലെ ഖണ്ഡിക 1(ജി) പ്രകാരം ശമ്പളനിർണ്ണയത്തിന് അർഹത ഇല്ലാത്തതാണ്. അദ്ദേഹത്തിന്റെ മുൻകാല സർവീസുകൾ പരിഗണിച്ചാൽ തന്നെയും ഈ തസ്തികയിൽ ലഭിക്കാവുന്ന പരമാവധി അടിസ്ഥാനശമ്പളം ₹37,400 +10,000 AGP മാത്രമാണ്. തെറ്റായ രീതിയിൽ ശമ്പളം നിർണ്ണയിച്ചത് അംഗീകരിക്കുന്നില്ല. ആയതിനാൽ ശ്രീ. പി.ടി. ജോസഫിന്റെ ശമ്പളം 28-03-2007 മുതൽ പുനർനിർണ്ണയിക്കേണ്ടതും വിരമിക്കുന്നത് വരെ അധികം വാങ്ങിയ തുക ₹11,49,209/- ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| തീയതി | അനുവദിച്ച ശമ്പളം | | അനുവദിക്കേണ്ട ശമ്പളം | | അധിക ശമ്പളം (പ്രതി മാസം) | കാലയളവ് | അധികം വാങ്ങിയ ശമ്പളം (ലീവ് സാലറി ഉൾപ്പെടെ) |
|---|---|---|---|---|---|---|---|
| | ശമ്പളം | എ.ജി.പി. | ശമ്പളം | എ.ജി.പി. | | | |
| 28-03-2007 | 40,890 | 10,000 | 37,400 | 10,000 | 3,490 +ഡിഎ | 28.03.2007 30.06-2007 | 11,574 |
| | | | | | | 01.07.2007 31.12.2007 | 22,824 |
| | | | | | | SEL2007-08 | 3,699 |
| | | | | | | 01.01.2008 30.06.2008 | 23,454 |
| 01-07-2008 | 42,420 | 10,000 | 38,830 | 10,000 | 3,590 +ഡിഎ | 01.07.2008 31.12.2008 | 24,984 |
| | | | | | | SEL2008-09 | 4,164 |
| | | | | | | 01.01.2009 30.06.2009 | 26,280 |

| | | | | | | | |
|---|---|---|---|---|---|---|---|
| 01-07-2009 | 44,000 | 10,000 | 40,300 | 10,000 | 3,700 +ഡിഎ | 01.07.2009 31.12.2009 | 28,194 |
| | | | | | | SEL2009-10 | 4,380 |
| | | | | | | 01.01.2010 30.06.2010 | 29,970 |
| 01-07-2010 | 45,620 | 10,000 | 41,810 | 10,000 | 3,810 +ഡിഎ | 01.07.2010 31.12.2010 | 33,150 |
| | | | | | | 01.01.2011 30.06.2011 | 34,518 |
| 01-07-2011 | 47,290 | 10,000 | 43,370 | 10,000 | 3,920 +ഡിഎ | 01.07.2011 31.12.2011 | 37,164 |
| | | | | | | 01.01.2012 30.06.2012 | 38,808 |
| | | | | | | SEL2012-13 | 6,468 |
| 01-07-2012 | 49,010 | 10,000 | 44,980 | 10,000 | 4,030 +ഡിഎ | 01.07.2012 31.12.2012 | 39,900 |
| | | | | | | 01.01.2013 30.06.2013 | 43524 |
| | | | | | | SEL2013-14 | 7254 |
| 01-07-2013 | 50,780 | 10,000 | 46,630 | 10,000 | 4,150 +ഡിഎ | 01.07.2013 31.12.2013 | 47,310 |
| | | | | | | 01.01.2014 30.06.2014 | 49,800 |
| | | | | | | SEL2014-15 | 8,300 |
| 01-07-2014 | 52,610 | 10,000 | 48,330 | 10,000 | 4,280 +ഡിഎ | 01.07.2014 31.12.2014 | 53,160 |
| | | | | | | 01.01.2015 30.06.2015 | 54,696 |
| | | | | | | SEL2014-15 | 9,116 |

| | | | | | | | |
|---|---|---|---|---|---|---|---|
| 01-07-2015 | 50,080 | 10,000 | 54,480 | 10,000 | 4,400 +ഡിഎ | 01.07.2015 31.12.2015 | 57,816 |
| | | | | | | 01.01.2016 30.06.2016 | 59,400 |
| | | | | | | SEL2015-16 | 9,900 |
| 01-07-2016 | 51,890 | 10,000 | 56,420 | 10,000 | 4,530 +ഡിഎ | 01.07.2016 31.12.2016 | 63,060 |
| | | | | | | 01.01.2017 30.06.2017 | 64,146 |
| | | | | | | SEL2016-17 | 10,691 |
| 01-07-2017 | 53,750 | 10,000 | 58,420 | 10,000 | 4,670 +ഡിഎ | 01.07.2017 31.12.2017 | 66,966 |
| | | | | | | 01.01.2017 30.06.2017 | 67,806 |
| | | | | | | SEL2016-17 | 11,301 |
| 01-07-2018 | 55,670 | 10,000 | 60,480 | 10,000 | 4,810 +ഡിഎ | 01.07.2018 31.12.2018 | 71,574 |
| | | | | | | 01.01.2019 31.03.2019 | 23,858 |
| ആകെ | | | | | | | 11,49,209 |

(ഇ)ആർജ്ജിതാവധി കണക്കുകളിലെ അപാകങ്ങൾ-ക്രെഡിറ്റിൽ 150 ലധികം ആർജ്ജിതാവധി അധികം.

ആർജ്ജിതാവധി സംബന്ധിച്ച കണക്കുകൾ പരിശോധിച്ചതിൽ 16-04-2004 മുതൽ 08-10-2012 വരെയുള്ള കാലയളവിലെ ആർജ്ജിതാവധി കണക്കാക്കിയപ്പോൾ 2004-2005 മുതൽ 2011-2012 വരെ സറണ്ടർ ചെയ്ത അവധി കുറവ് ചെയ്തിട്ടില്ലെന്ന് കാണുന്നു. തൻമൂലം ആർജ്ജിതാവധി അക്കൗണ്ടിൽ 150 ലധികം അവധി അധികമായി ചേർത്തിട്ടുണ്ട്. 16-04-2004 മുതലുള്ള അവധി അക്കൗണ്ട് പുന:പരിശോധിച്ച് അധികം രേഖപ്പെടുത്തിയ ആർജ്ജിതാവധി ക്രമീകരിക്കേണ്ടതാണ്.

(എഫ്)സേവനരേഖകൾ ഹാജരാക്കിയില്ല.

കണ്ണൂർ സർവകലാശാലയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപുള്ള ശ്രീ.പി.ടി. ജോസഫിന്റെ സേവനപുസ്തകം (എം.ജി. സർവകലാശാല സർവീസ്) പരിശോധനക്ക് ഇതുവരെയായും ഹാജരാക്കിയിട്ടില്ല. സേവനപുസ്തകം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ശ്രീ.പി.ടി. ജോസഫിന്റെ നിയമനം, സർവീസ്, ശമ്പളനിർണ്ണയം, അവധികണക്കുകൾ തുടങ്ങിയവ

സംബന്ധിച്ച ക്രമക്കേടുകൾ പരിഹരിക്കേണ്ടതും അധികം വാങ്ങിയ ശമ്പളം ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ 21-02-2019 തീയതിയിലെ കെ.എസ്.എ./കെ.എൻ.യു./യു.6/78/2019 നമ്പർ കത്തിന് നൽകിയ മറുപടിയിൽ (നം.Acad. B4/3958/16 തീയതി:18-09-2019) നോൺ ടീച്ചിംഗ് തസ്തിക ടീച്ചിംഗ് തസ്തികയാക്കിയതിന് ബഹു.ചാൻസലറുടെ അനുമതിയില്ലെന്നും ശ്രീ.പി.ടി. ജോസഫിന് യു.ജി.സി. നിഷ്കർഷിച്ച യോഗ്യതയില്ലെന്നും നോട്ടിഫിക്കേഷൻ പ്രകാരം അനുവദനീയമല്ലാത്ത വയസ്സിളവ് അനുവദിച്ചതിന് സർക്കാർ അനുമതിയില്ലെന്നും അറിയിക്കുകയുണ്ടായി. മേൽ സൂചിപ്പിച്ച ക്രമക്കേടുകൾ ഉള്ളതിനാൽ ശ്രീ.പി.ടി. ജോസഫിന് 01-02-2015 മുതൽ നൽകിയ ശമ്പള ചെലവുകൾ അംഗീകരിക്കുന്നില്ല.

2018-2019 വർഷത്തിൽ ശമ്പളം ഇനത്തിൽ നൽകിയ ചെലവ് ₹20,38,096/- നിരാകരിക്കുന്നു. 6-ാമത് യു. ജി. സി. സ്കീം പ്രകാരം ഡയരക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികയിൽ തെറ്റായി ശമ്പളനിർണ്ണയം നടത്തിയതിനാൽ അധികം നൽകിയ ₹11,49,209/- യും ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

വിരമിക്കൽ ആനുകൂല്യങ്ങളും മറ്റ് ടെർമിനൽ ബെനിഫിറ്റുകളും മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ചതിന് ശേഷം മാത്രം അനുവദിക്കേണ്ടതാണെന്നും അറിയിക്കുന്നു.

## 3-2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നേരിട്ടുള്ള നിയമനം ലഭിച്ച തീയതിയിൽ തന്നെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയത് ക്രമപ്രകാരമല്ല.

| | |
|---|---|
| വൗച്ചർ നമ്പർ | : 1589 |
| ചെക്ക് നമ്പർ | : 643729, തീയതി 26-09-2018 |
| ഗ്രോസ് തുക | : ₹6,84,255 (അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ ശമ്പളസംരക്ഷണം, തുടർന്നുള്ള ഇൻക്രിമെന്റ് കുടിശ്ശിക, 16-12-2015 മുതൽ 31-07-2018 വരെ), |
| പ്രൊവിഡണ്ട് ഫണ്ട് | : ₹8,788 |
| ആദായനികുതി | : ₹1,36,000 |
| അറ്റതുക | : ₹5,39,467 |
| സർവകലാശാല ഉത്തരവ് നം. | Acad B1/7532/2017 തീയതി 16-08-2018 |

എ) ശമ്പളസംരക്ഷണം അനുവദിച്ചത് ക്രമപ്രകാരമല്ല.

കോഴിക്കോട് സർവകലാശാലക്ക് കീഴിലുള്ള ദേവഗിരി സെന്റ് ജോസഫ് കോളേജിൽ 24-01-2001തീയതിയിൽ ലെക്ചറർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും 24-01-2011 പ്രാബല്യത്തിൽ CAS വഴി സ്റ്റേജ്-3 പ്രൊമോഷൻ ലഭിക്കുകയും ചെയ്തതിന് ശേഷം 30,580 + 8,000 AGP എന്ന നിരക്കിൽ 01-07-2015 തീയതി മുതൽ ശമ്പളം വാങ്ങിവരവെയാണ് നേരിട്ടുള്ള നിയമനം വഴി 15,600-39,100 +6,000 AGP ശമ്പളസ്കെയിലിൽ 16-12-2015 തീയതിയിൽ ശ്രീ. ജോബി.കെ.ജോസ്, കണ്ണൂർ സർവകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നേരിട്ട് നിയമിക്കപ്പെടുന്നത്. ഹയർ ടൈം സ്കെയിലിൽ നിന്നും ലോവർ ടൈം സ്കെയിലിലേക്ക് നിയമനം ലഭിച്ചുവരുന്ന അധ്യാപകരുടെ ശമ്പളം ഒരു കാരണവശാലും സംരക്ഷിച്ച് നൽകുകയില്ലെന്ന്

16-03-2016 തീയതിയിലെ Acad.B3/CTP/UGC/09 Vol.3 (25) നമ്പർ നിയമന ഉത്തരവിൽതന്നെ വ്യക്തമാക്കിയിട്ടും 05-08-2017ലെ സിണ്ടിക്കേറ്റ് (തീരുമാനം.നം.2017-413) ശമ്പളസംരക്ഷണത്തിന് അനുമതി നൽകിയത് (സർവകലാശാല ഉത്തരവ് നം.Acad.B1/7532/2017 തീയതി 22-09-2017) ക്രമപ്രകാരമല്ല. 16-12-2015 തീയതിയിൽ ശമ്പളസംരക്ഷണത്തോടൊപ്പം അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ്-3 തസ്തികയിലെ എ.ജി.പി. (₹8,000) കൂടി സംരക്ഷിച്ച് നൽകിയ നടപടിയും ക്രമപ്രകാരമല്ല.

ബി) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തീയാക്കിയ തീയതിക്ക് മുൻപ് അസോസിയേറ്റ് പ്രൊഫസറായി (ജോലിയിൽ പ്രവേശിച്ച തീയതിയിൽ തന്നെ)പ്രൊമോഷൻ നൽകിയത് ക്രമപ്രകാരമല്ല.

കണ്ണൂർ സർവകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് ഒരു വർഷമാണ്. സർവകലാശാല സർവീസിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച തീയതിയിൽ മാത്രമേ ടിയാന്റെ പൂർവകാല റെഗുലർ സേവനം കൂടി കണക്കിലെടുത്ത് പ്രൊമോഷൻ അനുവദിക്കാവൂ. യു. ജി.സി. റെഗുലേഷൻസ് 2010 ഖണ്ഡിക 10.1 പ്രകാരം സർവകലാശാല,കോളേജ്, നാഷണൽ ലാബററ്ററീസ്, വിവിധ സയന്റിഫിക്ക്/പ്രൊഫഷണൽ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ,പ്രൊഫസർ തസ്തികയിലെയോ സമാനമായി പരിഗണിക്കുന്ന തസ്തികയിലെയോ സേവനകാലയളവ് വ്യവസ്ഥകൾക്ക് വിധേയമായി അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിലേക്കുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് പരിഗണിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിച്ചതിന് ശേഷം മാത്രമാണ് മുൻകാല റെഗുലർ സർവീസ് കൂടി പരിഗണിച്ച് ശ്രീ ജോബി കെ ജോസിന് സ്റ്റേജ്-2, സ്റ്റേജ്-3, അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് സർവകലാശാല പ്രൊമോഷൻ നൽകേണ്ടിയിരുന്നത്. എയ്ഡഡ് കോളേജ് സർവീസും സർവകലാശാല സർവീസും വ്യത്യസ്ത സർവീസുകളാണ്. ആയതിനാൽ എയ്ഡഡ് കോളേജിൽ നിന്ന് അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ്-3 തസ്തികയിൽ വിടുതൽ ചെയ്ത് സർവകലാശാല സർവീസിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ (എൻട്രി ലവൽ) സേവനത്തിൽ പ്രവേശിക്കുന്നവർക്കും ഒരു വർഷത്തെ പ്രൊബേഷൻ നിർബന്ധമാണ്. എൻട്രി ലെവൽ തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തീയാക്കിയതായി പ്രഖ്യാപിച്ച ശേഷം മാത്രമാണ് എയ്ഡഡ് കോളേജിലെ മുൻകാല റെഗുലർ സർവീസ് കൂടി പരിഗണിച്ച് ശ്രീ. ജോബി.കെ.ജോസിന് സ്റ്റേജ്-2, സ്റ്റേജ്-3, അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകാവുന്നത്. അസിസ്റ്റന്റ് പ്രൊഫസർ (എൻട്രി ലെവൽ) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് മുൻകാല സേവനം കൂടി കണക്കിലെടുത്ത് CAS അനുവദിക്കുന്നത് രണ്ട് വർഷത്തെ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചതിന് ശേഷം മാത്രമാണ്. എന്നാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്റ്റേജ്-2, സ്റ്റേജ്-3 പ്രൊമോഷൻ നൽകാതെ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ തന്നെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയത് ക്രമപ്രകാരമല്ല.

സി) സേവനപുസ്തകം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ശ്രീ.ജോബി.കെ.ജോസിന്റെ മുൻകാലസർവീസുകൾ സംബന്ധിച്ച സേവനപുസ്തകം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ നിന്നുള്ള സേവനപുസ്തകം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) ജി. ഇ. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സമ്പൂർണ്ണമാക്കിയിട്ടില്ല.

അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് ലഭിച്ച പ്രൊമോഷൻ, ഇൻക്രിമെന്റുകൾ, അവധി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ജി.ഇ. രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഒബ്ജക്ഷൻ നം -15) സർവകലാശാല നൽകിയ മറുപടി (നം.അക്കാദ് ബി 1/24506/2019 തീയതി 29-02-2020) അംഗീകാരമർഹമല്ല. 6,84,255 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഡോ:ബൈജു.കെ.വി,അസിസ്റ്റന്റ് പ്രൊഫസർ,ഡിപ്പാർട്ട്മെന്റ് ഓഫ് നാനോസയൻസ് നിയമനത്തിലെയും ശമ്പളനിർണ്ണയത്തിലെയും അപാകങ്ങൾ.

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് നാനോസയൻസിൽ നേരിട്ടുള്ള നിയമനം ലഭിച്ച ഡോ:ബൈജു കെ.വി. എന്നവരുടെ നിയമനത്തിലും തുടർന്നുള്ള ശമ്പളനിർണ്ണയത്തിലും ഉള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(വൗച്ചർ നം.1589, ചെക്ക് നം.643729 തീയതി 26-09-2018, ഗ്രോസ് തുക (ശമ്പളസംരക്ഷണം, തുടർന്നുള്ള ഇൻക്രിമെന്റ് കുടിശ്ശിക)- ₹3,05,517, അറ്റതുക- ₹2,40,217)

സർവകലാശാല ഉത്തരവ് നം.Acad B1/778/2016 തീയതി 30-06-2018

<u>രാജിവെച്ച തസ്തികയിൽ ശമ്പളസംരക്ഷണം അനുവദിച്ചത് ക്രമപ്രകാരമല്ല.</u>

സെന്റർ ഫോർ മെറ്റീരിയൽ ഫോർ ഇലക്ട്രോണിക്സ് (C-MET) തൃശ്ശൂർ എന്ന സ്ഥാപനത്തിൽ 15,600-39,100 +6,600 AGPഎന്ന ശമ്പളസ്കെയിലിൽ എക്സിക്യൂട്ടീവ് ടെക്നിക്കൽ -3 തസ്തികയിൽ ജോലി ചെയ്തിരുന്ന ഡോ: ബൈജു,കെ.വി. 28-04-2016 തീയതിയിൽ പ്രസ്തുത തസ്തികയിൽ നിന്നും നിന്നും രാജി വെച്ചാണ് 29-04-2016 തീയതിയിൽ കണ്ണൂർ സർവകലാശാലയിൽ 15,600-39,100+6,000 AGPഎന്ന ശമ്പളസ്കെയിലിൽ അസിസ്റ്റന്റ് പ്രൊഫസറായി സേവനത്തിൽ പ്രവേശിക്കുന്നത്. ഹയർ ടൈം സ്കെയിലിൽ നിന്നും ലോവർ ടൈം സ്കെയിലിലേക്ക് നിയമനം ലഭിച്ചുവരുന്ന അദ്ധ്യാപകരുടെ ശമ്പളം ഒരു കാരണവശാലും സംരക്ഷിച്ച് നൽകുകയില്ലെന്ന് 16-03-2016 തീയതിയിലെ Acad.B3/CTP/UGC/09 Vol.3 (3) നമ്പർ നിയമന ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടും 08-02-2018 തീയതിയിലെ സ്റ്റാൻഡിംഗ് കമ്മറ്റി ഓൺ ജനറൽ അഫയേഴ്സ്, ഓഫീസ് &സ്റ്റാഫ് ശുപാർശ പരിഗണിച്ച് 12-03-2018 ലെ സിണ്ടിക്കേറ്റ് ശമ്പളസംരക്ഷണത്തിന് അനുമതി നൽകിയത് (സർവകലാശാല ഉത്തരവ് നം.Acad.B1/778/2016(1) തീയതി 07-04-2018) ക്രമപ്രകാരമല്ല. മാത്രവുമല്ല, മുൻ സർവീസ് രാജി വെച്ചാണ് ടിയാൻ കണ്ണൂർ സർവകലാശാലയിൽ ജോലിയിൽ പ്രവേശിക്കുന്നത്. സർവീസിൽ നിന്നും രാജി വെച്ച് സേവനത്തിൽ പ്രവേശിക്കുന്നവരുടെ മുൻ സർവീസ് പരിഗണിച്ച് ശമ്പളം സംരക്ഷിച്ച് നൽകിയതും ക്രമപ്രകാരമല്ല. C-MET എന്ന സ്ഥാപനത്തിലെ സർവീസ് പെൻഷന് പരിഗണിക്കുന്ന സർവീസാണോ എന്നും വ്യക്തമല്ല.

ക്രമപ്രകാരമല്ലാതെ ശമ്പളസംരക്ഷണം അനുവദിച്ചതിന്റെയടിസ്ഥാനത്തിൽ ശമ്പളകുടിശ്ശികയിനത്തിൽ നൽകിയ 3,05,517/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-4 ആറാമത് യു.ജി.സി. സ്കീം-യു. ജി. സി. സ്കെയിലിലുള്ള അദ്ധ്യാപകർക്ക് അനർഹമായി ഇൻക്രിമെന്റ് അനുവദിച്ചത് അംഗീകരിക്കുന്നില്ല.അധികം നൽകിയ ശമ്പളം ഈടാക്കേണ്ടതാണ്.

സർക്കാരിന്റെ ജി.ഒ(പി) നം.58/2010/ഉന്നതവിദ്യാഭ്യാസവകുപ്പ് തീയതി27-03-2010, ജി.ഒ(പി) നം.234/2012/ ഉന്നതവിദ്യാഭ്യാസവകുപ്പ് തീയതി 28-06-2012 ഉത്തരവുകൾ പ്രകാരം പ്രൊമോഷൻ തീയതി ഓപ്റ്റ് ചെയ്ത് ശമ്പളനിർണ്ണയം നടത്തിയ അദ്ധ്യാപകരിൽ ജൂലായ് രണ്ടിനും ജനവരി ഒന്നിനും ഇടയിൽ പ്രൊമോഷൻ ലഭിച്ചവർക്ക് അടുത്ത ജൂലായ് ഒന്നിനും ജനവരി രണ്ടിനും ജൂൺ 30 നം ഇടയിൽ പ്രൊമോഷൻ ലഭിച്ചവർക്ക് അടുത്ത വർഷം ജൂലായ് ഒന്നിനും ആണ് ഇൻക്രിമെന്റിന് അർഹതയുള്ളത്. എന്നാൽ ജനവരി രണ്ടിനും ജൂൺ 30 നം ഇടയിൽ പ്രൊമോഷൻ ലഭിച്ചവർക്ക് തൻവർഷം ജൂലായിൽ തന്നെ ഇൻക്രിമെന്റ് അനുവദിച്ചതായി കാണുന്നു.ആയത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | ഇൻക്രിമെന്റ് അനുവദിച്ചതിലെ അപാകങ്ങളുടെ വിവരം | തീയതി | അർഹമായ തുക(ശമ്പളം + എജിപി) | അനുവദിച്ച തുക (ശമ്പളം + എജിപി) |
|---|---|---|---|---|---|
| 1 | ഡോ:ബി.ബിന്ദു, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആന്ത്രപ്പോളജി | 24-01-2015 ന് അസോസിയേറ്റ് പ്രൊഫസറായി (37400+9000AGP) പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനെ തുടർന്നുള്ള അടുത്ത ഇൻക്രിമെന്റ് 01-07-2016 ന് അനുവദിക്കേണ്ടതിന് പകരം 01-07-2015 ന് തന്നെ നൽകിയത് ക്രമപ്രകാരമല്ല. | 24-01-2015 മുതൽ | 46400 | 46400 |
| | | | 01-07-2015മുതൽ | 46400 | 47800 |
| | | | 01-07-2016 മുതൽ | 47800 | 49240 |
| | | | 01-07-2017 മുതൽ | 49240 | 50720 |
| | | | 01-07-2018 മുതൽ | 50720 | 52250 |
| 2 | ഡോ : റീജ വി അസിസ്റ്റന്റ് പ്രൊസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം. | 30-03-2016 ന് അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് -3 (15600 – 39100 +8000AGP) ലേക്ക് പ്രൊമോഷൻ | 30-03-2016 മുതൽ | 31990 | 31990 |

| | | | | | |
|---|---|---|---|---|---|
| | | ലഭിച്ചു.പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനെ തുടർന്നുള്ള അടുത്ത ഇൻക്രിമെന്റ് 01-07-2017 ന് അനുവദിക്കേണ്ടതിന് പകരം 01-07-2016 ന് തന്നെ നൽകിയത് ക്രമപ്രകാരമല്ല. | 01-07-2016 മുതൽ | 31990 | 32950 |
| | | | 01-07-2017 മുതൽ | 32950 | 33940 |
| | | | 01-07-2018 മുതൽ | 33940 | 34960 |
| 3 | ഡോ: മിനി എൻ, ഡിപ്പാർട്ട്മെന്റ് ഓഫ് മ്യൂസിക് | 29-03-2013 ന് പ്രൊഫസർ തസ്തികയിൽ (37400+10000AGP) പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനെ തുടർന്നുള്ള അടുത്ത ഇൻക്രിമെന്റ് 01-07-2014 ന് അനുവദിക്കേണ്ടതിന് പകരം 01-07-2013 ന് തന്നെ നൽകിയത് ക്രമപ്രകാരമല്ല. | 29-03-2013 മുതൽ | 51720 | 51720 |
| | | | 01-07-2013 മുതൽ | 51720 | 53280 |
| | | | 01-07-2014 മുതൽ | 53280 | 54880 |
| | | | 01-07-2015 മുതൽ | 54880 | 56530 |
| | | | 01-07-2016 മുതൽ | 56530 | 58230 |
| | | | 01-07-2017 മുതൽ | 58230 | 59980 |
| | | | 01-07-2018 മുതൽ | 59980 | 61780 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇൻക്രിമെന്റ് അനുവദിച്ചത് ക്രമപ്രകാരമല്ല.ആയതിനാൽ മേൽ സൂചിപ്പിച്ച അദ്ധ്യാപകരുടെ ഉൾപ്പെടെ ഇപ്രകാരം തെറ്റായി ഇൻക്രിമെന്റ് അനുവദിക്കപ്പെട്ട മുഴുവൻ അദ്ധ്യാപകരുടെയും ശമ്പളം പുനർനിർണ്ണയിക്കേണ്ടതും അധികം വാങ്ങിയ തുക കണക്കാക്കി തിരികെ

ഈടാക്കേ ണ്ടതുമാണ്.അദ്ധ്യാപകരുടെ ജി ഇ ആറിൽ രേഖപ്പെടുത്തലുകൾ സമ്പൂർണ്ണമാക്കി മുഴുവൻ അദ്ധ്യാപകരുടെയും ജി ഇ ആർ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.ഇതു സംബന്ധിച്ച് നൽകിയ 13-03-2019 തീയതിയിലെ കെ.എസ്.എ /കെ.എൻ.യു /യു.6/111/2019 നമ്പർ കത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 യു.ജി.സി.സ്കെയിലിലുള്ള അദ്ധ്യാപകർക്ക് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചതിലെ അപാകങ്ങൾ-ഓഡിറ്റ് തടസ്സവാദത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളനിർണ്ണയം ക്രമീകരിച്ചത്-അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ആറാമത് യു.ജി.സി. സ്കീം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ട് പുറപ്പെടുവിച്ച ജി.ഒ.(പി) നം.58/2010 /ഉന്നതവിദ്യാഭ്യാസവകുപ്പ് തീയതി 27-03-2010 സർക്കാർ ഉത്തരവ് പ്രകാരം പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകർക്ക് ആകെ നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളും എം.ഫിൽ യോഗ്യതയുള്ളവർക്ക് രണ്ട് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളുമാണ് അനുവദിക്കാവുന്നത്. സർക്കാരിന്റെ 03-09-2013 തീയതിയിലെ ജി.ഒ.(എം.എസ്.) നം. 597/2013 ഉന്നതവിദ്യാഭ്യാസവകുപ്പ് ഉത്തരവ് പ്രകാരം 01-01-2006 നും 31-08-2008 നും ഇടയിൽ സർവീസിൽ പ്രവേശിച്ച പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകർക്ക് നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റും എം.ഫിൽ. യോഗ്യതയുള്ളവർക്ക് രണ്ട് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റും 01-01-2006 മുതൽ 31-08-2008 വരെ പഴയനിരക്കിൽ പുതുക്കിയ സ്കെയിലിലെ ശമ്പളത്തോടൊപ്പം ചേർത്തും 01-09-2008 മുതൽ പുതുക്കിയ നിരക്കിൽ അനുവദിക്കാനാണ് വ്യവസ്ഥയുള്ളത്. ആറാമത് യു. ജി. സി. സ്കീം പ്രകാരമുള്ള പുതുക്കിയ ഇൻക്രിമെന്റ് നിരക്കിന് (പേ+എ.ജി.പി. യുടെ 3% നിരക്കിൽ) 01-09-2008 മുതലാണ് പ്രാബല്യമെന്ന് ജി.ഒ.(പി) നം.58/2010 /ഉന്നതവിദ്യാഭ്യാസവകുപ്പ് തീയതി 27-03-2010 സർക്കാർ ഉത്തരവിലെ ഖണ്ഡിക 4.1 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇൻക്രിമെന്റ് നിരക്കുകളിലെ വ്യത്യാസം മൂലമാണ് 31-08-2008 വരെ പഴയ നിരക്കിലും 01-09-2008 മുതൽ പുതുക്കിയ നിരക്കിലും അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ ഇതിനുവിരുദ്ധമായി സർവകലാശാല ഉത്തരവ് നം.Acad.B1/15210/2013 തീയതി 13-01-2017ഉത്തരവ് പ്രകാരം പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകർക്ക് പഴയ നിരക്കിൽ നാലും പുതുക്കിയ നിരക്കിൽ നാലും ഉൾപ്പെടെ ആകെ എട്ട് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളും എം.ഫിൽ. യോഗ്യതയുള്ളവർക്ക് പഴയ നിരക്കിൽ രണ്ടും പുതുക്കിയ നിരക്കിൽ രണ്ടും ഉൾപ്പെടെ ആകെ നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളും അനുവദിക്കുകയുണ്ടായി. 01-09-2008 ലെ അടിസ്ഥാനശമ്പളം നോഷണലായി കണക്കാക്കിയാണ് പുതുക്കിയ നിരക്കിൽ നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതെ പഴയ നിരക്കിൽ അനുവദിച്ച നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളും ചേർത്താണ് 01-09-2008 ലെ ശമ്പളം കണക്കാക്കിയത്. 2017-2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 03-01-2014 ൽ അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയതിലെ അപാകങ്ങൾ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ തെറ്റായ ശമ്പളനിർണ്ണയം ക്രമീകരിച്ച് സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | സർവകലാശാല ഉത്തരവ് നം./തീയതി |
|---|---|---|
| 1 | ഡോ:എൻ.കെ. ദീപക്, അസിസ്റ്റന്റ് പ്രൊഫസർ | നം.Acad.B1/Audit Enquiry/2012 തീയതി 01-01-2020 |
| 2 | ഡോ:ജയപാൽ.ജി, അസിസ്റ്റന്റ് പ്രൊഫസർ | ----ടി---- |
| 3 | ഡോ:എസ്. സുധീഷ്, അസിസ്റ്റന്റ് പ്രൊഫസർ. | ----ടി---- |
| 4 | ഡോ:സരളാദേവി,കെ.എൽ, അസിസ്റ്റന്റ് പ്രൊഫസർ. | ----ടി---- |
| 5 | ഡോ: വി. എ. വിൽസൺ, അസിസ്റ്റന്റ് പ്രൊഫസർ | നം.Acad.B1/Audit Enquiry/2012(1) തീയതി:01-01-2020 |

തെറ്റായ ശമ്പളനിർണ്ണയം ക്രമീകരിച്ച് സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അധികം നൽകിയ ശമ്പളം തിരിച്ചുപിടിച്ചിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച അദ്ധ്യാപകരുടെ അധികം വാങ്ങിയ ശമ്പളം കണക്കാക്കി ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 സർക്കാർ അംഗീകാരം ഇല്ലാത്ത തസ്തികകളിൽ നിയമനം- വേതനം ഇനത്തിൽ ഭീമമായ തുക ചെലവഴിച്ചു.

കണ്ണൂർ സർവകലാശാലയിൽ 2018-19 വർഷത്തിൽ അനധ്യാപക തസ്തികയിൽ സ്ഥിരം/ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 18/11/2019 ലെ ഓഡിറ്റ് റിക്വിസിഷന മറുപടിയായി കണ്ണൂർ സർവകലാശാലയിൽ 2018-19 വർഷത്തിൽ സ്ഥിരം/ താത്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരായി ജോലി ചെയ്തുവരുന്ന അനധ്യാപക ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം ആകെ 155 തസ്തികകൾ സർക്കാർ അംഗീകരിക്കാത്ത തസ്തികകളാണ്. സർക്കാർ അംഗീകരിക്കാത്ത തസ്തികകളിൽ നിയമനം നടത്തിയതും ശംബളം നൽകിയതും ശരിയായ നടപടിയല്ല. 2018-2019 വർഷത്തിൽ സർക്കാർ അംഗീകരിക്കാത്ത തസ്തികയിൽ നിയമനം നേടിയ അനധ്യാപക ജീവനക്കാർക്ക് നൽകിയ ശമ്പള വിവരങ്ങൾ അറിയിക്കുവാനായി ഓഡിറ്റ് റിക്വസിഷൻ നംപർ 23 തീയതി:28/2/2020 പ്രകാരം ആവശ്യപ്പെട്ടിരുന്നതിന് 16/3/2020 ലെ നംപർ അഡ്മിൻ/എഡി സി3/2944/2020 പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ചതും അല്ലാത്തതുമായ തസ്തികകളിൽ നിയമിക്കപ്പെടുന്നവർ ആരെല്ലാമാണെന്ന് വേർതിരിച്ച് അറിയുവാൻ സാധിക്കില്ല എന്നും ആയതിനാൽ അനധികൃത തസ്തികയിൽ ജോലി ചെയ്തുവന്ന ജീവനക്കാരുടെ പേരു വിവരങ്ങളോ അവർക്ക് ശംബളം ഇനത്തിൽ അനുവദിച്ച തുകകളുടെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. അധിക ജീവനക്കാരുടെ എണ്ണം മാത്രമാണ് സർവകലാശാല ലഭ്യമാക്കിയത്. വിശദവിവരംവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തസ്തിക | സർക്കാർ അനുവദിച്ച തസ്തികകളുടെ എണ്ണം | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | സ്ഥിരം ജീവനക്കാർ | താത്കാലിക ജീവനക്കാർ | അധിക ജീവനക്കാർ | നിയമന വിവരം | പ്രതി മാസ ശംബളം | 2018-19 ൽ ശമ്പളമിനത്തിൽ ആകെ അനുവദിച്ചത് | ആകെ തുക (വർഷത്തിൽ) |
|---|---|---|---|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് | 239 | 229+51 | 229 | 51 | 41 | വിവരം ലഭ്യമല്ല | 16,000 | 16,000 x41x12 | 78,72,000 |
| 2 | ടെക്നിക്കൽ അസിസ്റ്റന്റ് | - | 3 | - | 3 | 3 | | 18,000 | 18,000 x3x12 | 6,48,000 |
| 3 | കംപ്യൂട്ടർ ഓപ്പറേറ്റർ | 7 | 9 | 6 | 3 | 2 | കരാർ നിയമനം | 17,500 | 17,500 x2x12 | 4,20,000 |
| 4 | ലാബ് അസിസ്റ്റന്റ് | - | 5 | - | 5 | 5 | 3 കരാർ 2 ദിവസ വേതനം | 16,000 | 16,000 x5x12 | 9,60,000 |
| 5 | ഡാറ്റാ എൻട്രി അസിസ്റ്റന്റ് | 2 | 6 | 2 | 4 | 4 | കരാർ നിയമനം | 16,000 | 16,000 x4x12 | 7,68,000 |
| 6 | ഇലക്ട്രീഷൻ | 1 | 4 | - | 4 | 3 | കരാർ നിയമനം | 16,000 | 16,000 x3x12 | 5,76,000 |
| 7 | പ്രഫഷണൽ അസിസ്റ്റന്റ് | 22 | 23 | 21 | 2 | 1 | കരാർ നിയമനം | 15,200 | 15,200 x1x12 | 1,82,400 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 8 | ഓഫീസ് അറ്റന്റന്റ് | 36 | 57 | 21 | 36 | 21 | വിവരം ലഭ്യമല്ല | 15,200 | 15,200 x21x12 | 38,30,400 |
| 9 | പാർട്ട് ടൈം സ്വീപർ | 10 | 64 | 8 | 56 | 54 | ദിവസ വേതനം | 6,000 | 6,000 x54x12 | 38,88,000 |
| 10 | സെക്യൂരിറ്റി ഗാർഡ് | 7 | 24 | - | 24 | 17 | കരാർ | 16,000 | 16,000 x17x12 | 32,64,000 |
| 11 | മേട്രൺ | - | 5 | - | 5 | 5 | കരാർ | 15,200 | 15,200 x8x12 | 14,59,200 |
| 12 | ഗ്രൗണ്ട്സ് മേൻ | - | 2 | - | 2 | 2 | | | | |
| 13 | ലേഡി ഹൗസ് കീപ്പർ | - | 1 | - | 1 | 1 | | | | |
| 14 | സ്പെഷൽ ഓഫീസർ, ലാന്റ് അക്വിസിഷൻ | - | 1 | - | 1 | 1 | ദിവസ വേതനം | 1,500 | 1,500 x30x12 | 5,40,000 |
| ആകെ | | | | | | 155 | | | | 2,44,08,000 |

സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പളമിനത്തിൽ ഏകദേശം രണ്ട് കോടിയിൽ അധികം തുക സർവകലാശാല ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. സർക്കാർ അനുമതി ലഭ്യമല്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതും ശമ്പളമിനത്തിൽ തുക നോൺപ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതും സർവകലാശാല ഫണ്ട് ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ഇക്കാര്യം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-7 യാത്രാബത്ത പരിധി പാലിക്കാത്തത് സർക്കാർ ഉത്തരവിന് വിരുദ്ധം

9/9/2016 ലെ സർക്കാർ ഉത്തരവ് (പി.)137/2016/ധന. പ്രകാരം വിവിധ അധികാര പരിധിയിലുള്ള ഉദ്യോഗസ്ഥരുടെ യാത്രകൾക്ക് പ്രതിമാസ യാത്രാബത്ത പരിധി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം രണ്ടു ജില്ലയിലധികം അധികാരപരിധിയിൽ ഉൾപ്പെട്ട കണ്ണൂർ സർവകലാശാലയുടെ പ്രതിമാസ യാത്രാബത്ത പരിധി താഴെ കാണിച്ച പ്രകാരമാണ്

| അധികാര പരിധി | ഗ്രേഡ് 1 | ഗ്രേഡ് 2എ | ഗ്രേഡ് 2ബി ഗ്രേഡ്3 ഗ്രേഡ് 4 |
|---|---|---|---|
| രണ്ട് ജില്ലയിലധികം | 3,530 | 2,940 | 2,360 |
| സംസ്ഥാനതല യാത്രകൾക്ക് | 4,900 | 3,430 | 2,550 |

പ്രതിമാസ പരിധിയുടെ 20% വരെ തുക ഒരു മാസം അധികം അനുവദിക്കാവുന്നതാണ്. സംസ്ഥാന തലത്തിനുള്ളിലെ യാത്രകൾക്ക് യാത്രാബത്ത പരിധി അതാത് തലത്തിലുള്ള സംസ്ഥാനതല ഉദ്യോഗസ്ഥന്റേതിനു സമമായിരിക്കും. ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ യാത്രാബത്ത പരിധി പ്രതിമാസ/ത്രൈമാസ യാത്രാബത്ത പരിധിയുടെ 50% കവിയാൻ പാടില്ല. കണ്ണൂർ സർവകലാശാലയിലെ യാത്രാബിൽ പരിശോധിച്ചതിൽ യാത്രാബത്ത പരിധിയിൽ നിജപ്പെടുത്താതെ യാത്രപ്പടി അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം-4) ഉൾപ്പെടുത്തിയിട്ടുണ്ട്.

യാത്രപ്പടി ഇനത്തിൽ തുക അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള യാത്രാബത്ത പരിധി പാലിക്കാത്തത് സംബന്ധിച്ച് മറുപടി അറിയിക്കേണ്ടതാണ്. മറുപടി അറിയിക്കാനായി 13-02-2020 ലെ ഒബ്ജക്ഷൻ നമ്പർ-22 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. യാത്രാബത്ത ഇനത്തിൽ യത്രാബത്ത പരിധിയിൽ നിജപ്പെടുത്താതെ അനുവദിച്ച അധിക തുക 22486/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-8 ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിച്ച ജീവനക്കാരുടെ അന്തിമ പെൻഷൻ നിശ്ചയിച്ചിട്ടില്ല – അംഗീകാരമില്ലാതെ 6 മാസത്തിന് ശേഷവും ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിക്കുന്നു

സാങ്കേതിക കാരണങ്ങളാൽ അന്തിമ പെൻഷൻ നൽകുന്നതിന് തടസ്സം ഉണ്ടാവുകയാണെങ്കിൽ താൽകാലിക നടപടിയായിട്ടാണ് ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിക്കുന്നത് (കെ.എസ്.ആർ. ഭാഗം-iii, റൂൾ 116). ഇത് പ്രകാരം സേവനത്തിൽ നിന്നും വിരമിച്ച് തൊട്ടടുത്ത മാസം മുതൽ 6 മാസം വരെയാണ് ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിക്കാവുന്നത്. 6 മാസത്തിനു ശേഷവും ഇത് തുടരുന്നുവെങ്കിൽ പ്രത്യേക അനുമതി ഉത്തരവ് ആവശ്യമാണ്. 2018-19 വർഷത്തിൽ 3 ജീവനക്കാർക്കാണ് ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിച്ച 3 പേർക്കും 6 മാസം കഴിഞ്ഞിട്ടും അന്തിമ പെൻഷൻ അനുവദിച്ചിട്ടില്ല. തുടർന്ന് ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിക്കുമ്പോൾ പ്രത്യേക അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് 16.12.2019 ന് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ.3) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ഉദ്യോഗപ്പേര് | വിരമിച്ച തീയ്യതി | ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിച്ച ഉത്തരവ് നമ്പർ/തീയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ശ്രീമതി.സുഗതകുമാരി കെ.പി, ഡെപ്യൂട്ടി ലൈബ്രേറിയൻ | 30.06.2017 | അഡ്മിൻ എ ഡി ബി3/24561/2018 തീയ്യതി: 17.03.2019 | 7/2017 മുതൽ അനുവദിച്ചു വരുന്നു |

| | | | | |
|---|---|---|---|---|
| 2 | ശ്രീമതി.സുജാത അണിയേരി, അസിസ്റ്റന്റ് ലൈബ്രേറിയൻ | 31.01.2017 | അഡ്മിൻ എ ഡി ബി3/24561/2018 തീയ്യതി: 17.03.2019 | 2/2017 മുതൽ അനുവദിച്ചു വരുന്നു |
| 3 | ഡോ. ടി അശോകൻ, പ്രൊ. വൈസ് ചാൻസലർ | 31.03.2018 | അക്കാദ് ബി3/2331/2006 തീയ്യതി: 31.12.2018 | 4/2018 മുതൽ അനുവദിച്ചു വരുന്നു |

മേൽ വിവരിച്ച പെൻഷൻകാർക്ക് എത്രയും പെട്ടെന്ന് അന്തിമ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേതാണ്.

## 3-9 ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കാതെ ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിക്കുക വഴി അർഹമായതിലും അധികം തുക പെൻഷൻ നൽകി

കണ്ണൂർ സർവകലാശാല സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി സുജാത അണിയേരി - അസിസ്റ്റന്റ് ലൈബ്രേറിയൻ, നോൺ യു.ജി.സി. (31.01.2017), ശ്രീമതി സുഗതകുമാരി കെ.പി, ഡെപ്യൂട്ടി ലൈബ്രേറിയൻ (30.06.2017) എന്നിവരുടെ പ്രമോഷൻ അനധികൃതമാണെന്നും പ്രമോഷൻ സംബന്ധിച്ച അപാകങ്ങൾ പരിഹരിക്കണമെന്നും ഈ ഓഫീസിൽ നിന്നും സർവകലാശാലയെ 27.02.2017 ലെ നം. കെ.എസ്.എ/കെ.എൻ.യു/യു2/42/17, 20.03.2017 ലെ നം. കെ.എസ്.എ/കെ.എൻ.യു/യു.2/484/2016(1) എന്നീ കത്തുകൾ പ്രകാരം അറിയിച്ചിരുന്നു. ശ്രീമതി. സുജാത അണിയേരിക്ക്, 01.04.2011ലും, ശ്രീമതി.സുഗത കുമാരി,കെ.പിക്ക് 28.11.2008 ലുമാണ് അസിസ്റ്റന്റ് ലൈബ്രേറിയൻ (നോൺ യു.ജി.സി),തസ്തികയിലേക്ക് പ്രമോഷൻ നല്കിയത്. അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തിക യു.ജി.സി. ശമ്പള സ്കെയിലിൽ വരുന്ന തസ്തികയാണ്. യു.ജി.സി ശമ്പള സ്കെയിലിലോ സംസ്ഥാന സർക്കാരിന്റെ ശമ്പള പരിഷ്കരണ ഉത്തരവിലോ അസിസ്റ്റന്റ് ലൈബ്രേറിയൻ (നോൺ യു.ജി.സി.)എന്ന തസ്തിക ഇല്ല. അസിസ്റ്റന്റ് ലൈബ്രേറിയൻ ആകാൻ യു.ജി.സി. നിശ്ചയിച്ച യോഗ്യത പ്രമോഷൻ സമയത്ത് ഇവർ നേടിയിട്ടില്ലാത്തതിനാലും ഇവരുടെ ശമ്പള നിർണ്ണയങ്ങൾ ഈ ഓഫീസിൽ നിന്നും അംഗീകരിച്ചിരുന്നില്ല. അനധികൃതമായി പ്രമോഷൻ നൽകുക വഴി അർഹമായതിലും അധികം തുക 01.04.2011മുതൽ ശ്രീമതി. സുജാത അണിയേരിക്കും, 28.11.2008 മുതൽ ശ്രീമതി. സുഗതകുമാരിക്കും അനുവദിച്ചിട്ടുണ്ട്. ജൂനിയർ ലൈബ്രേറിയൻമാർക്ക് സർവകലാശാലയിൽ നിലവിലില്ലാത്ത തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽതിയതുമായി ബന്ധപ്പെട്ട് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5-1 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽ പരാമർശങ്ങൾ പരിഗണിക്കാതെ അവർക്ക് നൽകിയ അനധികൃത പ്രമോഷന്റെ അടിസ്ഥാനത്തിലുള്ള ഉയർന്ന ശമ്പളം കണക്കാക്കിയാണ് ആന്റിസിപ്പേറ്ററി പെൻഷൻ അനുവദിച്ചുനൽകിയിട്ടുള്ളത്.

അന്തിമ പെൻഷൻ കണക്കാക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ ജീവനക്കാരന് താൽക്കാലികമായി അനുവദിക്കുന്നതാണ് ആന്റിസിപ്പേറ്ററി പെൻഷൻ. പെൻഷനായി ലഭിക്കാൻ സാധ്യതയുള്ള തുകയാണ് പരമാവധി അനുവദിക്കാവുന്നത് (Part-III KSR ചട്ടം-116). ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ ഒഴിവാക്കിയശേഷമാണ് പെൻഷനായി ലഭിക്കാവുന്ന തുക കണക്കാക്കേണ്ടത്. ഇത് കണക്കാക്കാതെ ഉയർന്ന തുക അനുവദിക്കുക വഴി പ്രസ്തുത വ്യക്തികൾക്ക് അധിക പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വൗച്ചർ നമ്പർ/ തീയ്യതി ; 3714/26.03.2019

തുക ; 1,06,24,242

1.ശ്രീമതി.സുജാത അണിയേരി, അസിസ്റ്റന്റ് ലൈബ്രേറിയൻ (നോൺ യു.ജി.സി.)

| ഇനം | ആകെ അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| പെൻഷൻ DR rate " allowance | 8,20,860<br>8,340X25=7,08,500<br>(3,968X5 =19,840(14%)<br>4,251X2 = 85,020 (15%)<br>300X25 = 7,500<br>8,20,860 ) | 7,83,550<br>27,040X25=6,76,000<br>(3,786x5=18,930<br>4,056x20=81,120<br>300x25 =7,500<br>7,83,550) | 37,310 | 2/17 മുതൽ2/2019 വരെ (25 മാസം) |
| ഡി.സി.ആർ.ജി | 7,26,921 | 6,93,576 (75%) | 33,345 | |
| കമ്മ്യൂട്ടേഷൻ | 15,09,956 | 1,44,0691 | 69,265 | |
| ആകെ | | | 1,39,920 | |

2.ശ്രീമതി .സുഗതകുമാരി, കെ. പി, ഡെപ്യൂട്ടി ലൈബ്രേറിയൻ (നോൺ യു.ജി.സി.)

| ഇനം | ആകെ അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| പെൻഷൻ DR rate allowance | 9,17,600<br>(39,634x20=7,92,680<br>5,945x20=1,18,900<br>300x20=6,000<br>9,17,580+20) | 8,76,440<br>37,845x20=7,56,900<br>5,677x20=1,13,540<br>300x20=6,000<br>8,76,440 | 41,160 | 20മാസം(7/2017 മുതൽ 2/2019 വരെ) |
| ഡി.സി.ആർ.ജി. | 10,38,019 | 9,81,882 | 56,137 | |
| കമ്മ്യൂട്ടേഷൻ | 21,11,620 | 20,16,382 | 95,238 | |
| ആകെ | | | 1,92,535 | |

മേൽ പറഞ്ഞു പ്രകാരം അധിക തുക ആന്റിസിപ്പേറ്ററി പെൻഷനായി അനുവദിച്ച (1,39,920+ 19,235) 3,32,455 രൂപ അംഗീകരിക്കുന്നില്ല. ക്രമവിരുദ്ധമായി അനുവദിച്ച തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ ചട്ടലംഘനങ്ങൾ -മരാമത്ത് ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല

എ) മൊബിലൈസേഷൻ അഡ്വാൻസ് അധികമായി അനുവദിച്ചു

കണ്ണൂർ സർവ്വകലാശാല ക്യാമ്പസുകളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ചുമതല ലഭിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് (അക്രഡിറ്റഡ് ഏജൻസി) കരാർ തുകയുടെ 50% മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. 30.07.2014 ലെ G.O.(P)No.311/74/Fin. നമ്പർ സർക്കാർ ഉത്തരവു പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി എസ്റ്റിമേറ്റ് തുകയുടെ 20% വരെയുള്ള തുക മാത്രമേ, പ്രവർത്തി ഏറ്റെടുക്കുന്ന അക്രഡിറ്റഡ് ഏജൻസിക്ക് മൊബിലൈസേഷൻ അഡ്വാൻസായി അനുവദിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി കരാർ തുകയുടെ 50 % മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഫയൽ നം. | എസ്റ്റിമേറ്റ് തുക | കരാർ തുക | മൊബിലൈസേഷൻ അഡ്വാൻസ് | | |
|---|---|---|---|---|---|---|
| | | | | അനുവദിച്ച മുൻകൂർ തുക, വൗച്ചർ നം./ തീയതി | അനുവദി ക്കാവുന്നത് | അധിക മായി അനുവദി ച്ചത് |
| വിവിധ കാമ്പസുകളിലെ ടോയിലറ്റ് നവീകരണ പ്രവൃത്തി | Pl.D/C3/75/ RUSA/Ren/ TEC/18 | 34,03,496 (Without CP and With Centage Charge @7.5%) | 24,76,258 (Without CP and With Centage Charge @7.5%) | 12,38,000<br>1) 35/ 06.08.2018 (4,95,000)<br>2) 1278/ 18.08.2018 (7,43,000/-)<br>ആകെ- 12,38,000<br>(2% ഇൻകം ടാക്സ് ഉൾപ്പെടെ) | 4,95,251/- | 7,42,749 |
| വിവിധ ക്യാമ്പസുകളിലെ സൗന്ദര്യ വൽക്കരണ പ്രവൃത്തി | Pl.D/C3/16213/ RUSA/Beauty/ Tly&Tkra/18 | 90,00,000 (Without CP and With Centage Charge @7.5%) | 85,58,315 (Without CP and With Centage Charge @7.5% | 42,79,000<br>1417/ 07.09.2018<br>(2% ഇൻകം ടാക്സ് ഉൾപ്പെടെ) | 17,11,663/- | 25,67,337 |

| | | | | | | |
|---|---|---|---|---|---|---|
| വിവിധ കാമ്പസു കളിലെ റാമ്പ് നിർമ്മാണം | Pl.D/C3/16157/ RUSA/RAM/18 | 9,00,000 (Without CP and With Centage Charge @7.5%) | 8,57,122 (Without CP and With Centage Charge @7.5%) | 4,28,500 1416/ 07.09.2018 (2% ഇൻകം ടാക്സ് ഉൾപ്പെടെ) | 1,71,424 | 2,57,076 |
| മാങ്ങാട്ടു പറമ്പ ക്യാമ്പ സിലെ ഹോസ്റ്റൽ (Gents& Ladies) റിപ്പയർ പ്രവൃത്തി | PLD/E1/184/ RUSA-REN of L&G Hostels/ Mgba/2018 | 15,91,367 (Without CP and With Centage Charge @7.5%) | 15,91,367 (Without CP and With Centage Charge @7.5%) | 7,80,080 1397/ 05.09.2018 (2% ഇൻകം ടാക്സ് ഉൾപ്പെടെ) | 3,18,273 | 4,61,807 |
| സയൻസ് പഠന വകുപ്പിലെ ലാബറട്ടറി നവീകരണ പ്രവൃത്തി | Pl.D/C3/ 1622/RUSA/ Ren.Lab/18 | 84,00,000 (Without CP and With Centage Charge @7.5%) | 48,05,604 (Without CP and With Centage Charge @7.5%) | 24,00,000 1490/ 15.09.2018 (2% ഇൻകം ടാക്സ് ഉൾപ്പെടെ) | 9,61,120 | 14,38,880 |
| വിവിധ ക്യാമ്പസു കളിലെ ടോയിലറ്റ് (20 എണ്ണം) നവീകരണ പ്രവൃത്തി | Pl.D/C3/21/ Toilets/Pwd/ RUSA | 8,97,011 (Without CP and With Centage Charge @7.5%) | 8,97,011 (Without CP and With Centage Charge @7.5%) | 4,48,402 1)1094/ 2.08.2018 (1,79,402) 2)1341/ 29.08.2018 (2,69,000) ആകെ - 4,48,402 (2% ഇൻകം ടാക്സ് ഉൾപ്പെടെ) | 1,79,402 | 2,69,000 |

| | | | | | | |
|---|---|---|---|---|---|---|
| വിവിധ ക്യാമ്പസു കളിലെ എലിവേറ്റർ നിർമ്മാണം | Pl.D/C3/16158 /RUSA/ ELE/2018 | 1,70,00,000 (Without CP and With Centage Charge @7.5%) | 1,69,36,084 (Without CP and With Centage Charge @7.5%) | 84,68,000 1418/ 07.09.2018 (2% ഇൻകം ടാക്സ് ഉൾപ്പെടെ) | 33,87,216 | 50,80,784 |
| കാർ ഷെഡ് & ഡ്രൈവർ റെസ്റ്റ് റൂം നിർമ്മാണം | PLD/C1/18405/ RUSA/ CSR&DRR/ Tkra/18 | 42,00,000 (Without CP and With Centage Charge @7.5%) | 40,41,221 (Without CP and With Centage Charge @7.5%) | 20,20,000 1493/ 15.09.2018 (2% ഇൻകം ടാക്സ് ഉൾപ്പെടെ) | 8,08,244 | 12,11,756 |
| മാങ്ങാട്ടു പറമ്പ ക്യാമ്പസ് പുനരു ദ്ധാരണ പ്രവൃത്തി | Pl.D/E3/ 17097/2018 | 65,00,000 (Without CP and With Centage Charge @7.5%) | 54,29,594 (Without CP and With Centage Charge @7.5%) | 27,14,797 1491/ 14.09.2018 (2% ഇൻകം ടാക്സ് ഉൾപ്പെടെ) | 10,85,919 | 16,28,878 |
| നീലേശ്വരം ക്യാമ്പസിലെ സൗന്ദര്യ വൽക്കരണ പ്രവൃത്തി | Pl.D/C3/76/ Ren/ PKRMC/18 | 86,34,377 (Without CP and With Centage Charge @7.5%) | 86,34,377 (Without CP and With Centage Charge @7.5%) | 43,17,000 1396/ 03.09.2018 (2% ഇൻകം ടാക്സ് ഉൾപ്പെടെ) | 17,26,875 | 25,90,125 |
| ആകെ | | | | | | 1,62,48,392 |

അനുവദനീയമായ പരിധിയിൽ കവിഞ്ഞ് അക്രഡിറ്റഡ് ഏജൻസിക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേകം അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 6/05.11.2019, 8/08.11.2019) സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ, ഫണ്ട് ചെലവഴിച്ചില്ലെങ്കിൽ അടുത്ത ഗഡു അനുവദിക്കില്ലെന്നതിനാലാണ് കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ V11 ക്ലോസ് (vii) പ്രകാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായ വിവേചനാധികാരം ഉപയോഗിച്ച് മൊബിലൈസേഷൻ അഡ്വാൻസ് അധികമായി അനുവദിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.സർക്കാർ ഉത്തരവിന് വിരുദ്ധമായി

അക്രഡിറ്റഡ് ഏജൻസിയായ ULCCS ക്ക് എസ്റ്റിമേറ്റ് തുകയുടെ 50% മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചത് ക്രമപ്രകാരമല്ലെന്ന വസ്തുത സർവ്വകലാശാല അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ബി) മത്സരാധിഷ്ഠിത ബിഡ്ഡിങ്ങ് നടപടികൾ സ്വീകരിക്കാതെ ULCCS യെ നേരിട്ട് പ്രവർത്തി നിർവ്വഹണം ഏൽപ്പിച്ചത് ക്രമപ്രകാരമല്ല

25/07/2017 ലെ G.O.(P) No. 95/2017/Fin.നം. സർക്കാർ ഉത്തരവു പ്രകാരം നീതിപൂർവ്വകമായ മത്സാരാധിഷ്ഠിത ബിഡ്ഡിങ്ങ് നടപടികളിലൂടെ മാത്രമേ അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏൽപ്പിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ സർവ്വകലാശാലയിലെ ക്യാമ്പസുകളിൽ നടന്ന താഴെ പറയുന്ന നിർമ്മാണ പ്രവൃത്തികളിൽ മത്സാരാധിഷ്ഠിത ബിഡ്ഡിങ്ങ് നടപടികൾ സ്വീകരിച്ചില്ല. മത്സരാധിഷ്ഠിത ബിഡ്ഡിങ്ങ് നടപടികൾ സ്വീകരിക്കാതെയാണ് ഈ പ്രവൃത്തികളെല്ലാം തന്നെ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുള്ളത്. ആയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഫയൽ നം | വൗച്ചർ നം./ തീയതി | എസ്റ്റിമേറ്റ് തുക | എഗ്രിമെന്റ് തുക |
|---|---|---|---|---|
| വിവിധ കാമ്പസുകളിലെ ടോയിലറ്റ് നവീകരണ പ്രവൃത്തി | Pl.D/C3/ 75/RUSA/ Ren/TEC/18 | 1)1135/ 06.08.2018 (4,95,000) 2)1278/ 18.08.2018 (7,43,000/-) | 34,03,496 | 24,76,258 |
| വിവിധ ക്യാമ്പസുകളിലെ സൗന്ദര്യവൽക്കരണ പ്രവൃത്തി | Pl.D/C3/16213/ RUSA/Beauty/ Tly&Tkra/18 | 1417/ 07.09.2018 (42,79,000) | 90,00,000 | 85,58,315 |
| വിവിധ കാമ്പസുകളിലെ റാമ്പ് നിർമ്മാണം | Pl.D/C3/16157/ RUSA/RAM/18 | 1416/ 07.09.2018 (4,28,500) | 9,00,000 | 8,57,122 |
| മാങ്ങാട്ടു പറമ്പ ക്യാമ്പസിലെ ഹോസ്റ്റൽ (Gents& Ladies) റിപ്പയർ പ്രവൃത്തി | PLD/E1/184/RUSA-REN of L&G Hostels/Mgba/ 2018 | 1397/ 05.09.2018 | 15,91,367 | 15,91,367 |
| സയൻസ് പഠന വകുപ്പിലെ ലാബറട്ടറി നവീകരണ പ്രവൃത്തി | Pl.D/C3/16223 /RUSA/ Ren.Lab/18 | 1490/ 15.09.2018 | 84,00,000 | 48,05,604 |
| വിവിധ ക്യാമ്പസുകളിലെ ടോയിലറ്റ് (20എണ്ണം) നവീകരണ പ്രവൃത്തി | Pl.D/C3/21/ Toilets/Pwd/RUSA | 1)367/ 28.05.2018 2)1277/ 18.08.2018 | 8,97,011 | 8,97,011 |
| വിവിധ ക്യാമ്പസുകളിലെ എലിവേറ്റർ നിർമ്മാണം | Pl.D/C3/16158 /RUSA/ELE/2018 | 1418/ 07.09.2018 | 1,70,00,000 | 1,69,36,084 |
| കാർ ഷെഡ് & ഡ്രൈവർ റെസ്റ്റ് റൂം നിർമ്മാണം | PLD/C1/18405/ RUSA/ CSR&DRR/ Tkra/18 | 1493/ 15.09.2018 | 42,00,000 | 40,41,221 |

| | | | | |
|---|---|---|---|---|
| മാങ്ങാട്ടുപറമ്പ ക്യാമ്പസ് പുനരുദ്ധാരണ പ്രവൃത്തി | Pl.D/E3/ 17097/2018 | 1491/ 14.09.2018 | 65,00,000 | 54,29,594 |
| നീലേശ്വരം ക്യാമ്പസിലെ സൗന്ദര്യ വൽക്കരണ പ്രവൃത്തി | Pl.D/C3/76/ Ren/ PKRMC/18 | 1396/ 03.09.2018 | 86,34,377 | 86,34,377 |
| ആകെ | | | | 5,42,26,953 |

സി) <u>മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം</u>

സർവ്വകലാശാലയിലെ ക്യാമ്പസുകളിൽ നടന്ന താഴെ പറയുന്ന നിർമ്മാണ പ്രവർത്തികൾ നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഫൈനൽ ബിൽ എന്നിവ ഇതുവരെയും സമർപ്പിച്ചിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവർത്തി യുടെ പേര് | ഫയൽ നം | വൗച്ചർ നം/ തീയതി | എസ്റ്റിമേറ്റ് തുക | എഗ്രിമെന്റ് വിവരങ്ങൾ | | | |
|---|---|---|---|---|---|---|---|
| | | | | നം/ തീയതി | തുക | എഗ്രിമെന്റ് പ്രകാരം പ്രവർത്തി ആരംഭിച്ച തീയതി | കരാർ പ്രകാരം പ്രവർത്തി പൂർത്തീ കരിക്കേണ്ട അവസാന തീയതി |
| വിവിധ കാമ്പസു കളിലെ ടോയിലറ്റ് നവീകരണ പ്രവർത്തി | Pl.D/C3/ 75/RUSA/ Ren/ TEC/18 | 1) 1135/ 06.08.2018 (4,95,000)<br>2) 1278/ 18.08.2018 (7,43,000/-) | 34,03,496 | 91/2018 തീയതി: 22.06.2018 | 24,76,258 | 22.06.2018 | 21.10.2018 |
| വിവിധ ക്യാമ്പസു കളിലെ സൗന്ദര്യ വൽക്കരണ പ്രവർത്തി | Pl.D/C3/ 16213/ RUSA/ Beauty/ Tly& Tkra/18 | 1417/ 07.09.2018<br>(42,79,000) | 90,00,000 | 101/2018 തീയതി: 29.08.2018 | 85,58,315 | 29.08.2018 | 28.06.2019 |
| വിവിധ കാമ്പസു കളിലെ റാമ്പ് നിർമ്മാണം | Pl.D/C3/ 16157/ RUSA/ RAM/18 | 1416/ 07.09.2018<br>(4,28,500) | 9,00,000 | 100/2018 തീയതി: 29.08.2018 | 8,57,122 | 29.08.2018 | 25.04.2019<br>(പ്രവൃത്തി പൂർത്തി യാക്കു |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | നതിന് സർവ്വ കലാശാല വൈസ് ചാൻസിലർ 25.04.2019 വരെ അധിക സമയം അനുവദിച്ചു). (നോട്ട് ഫയൽ ക്രമ നം 70). |
| വിവിധ ക്യാമ്പസു കളിലെ ടോയിലറ്റ് (20എണ്ണം) നവീകരണ പ്രവൃത്തി | Pl.D/C3/21/ Toilets/Pwd/ RUSA | 1)367/ 28.05.2018 2)1277/ 18.08.2018 | 8,97,011 | 90/2018 | 8,97,011 | 21.03.2018 | 20.07.2018 |
| വിവിധ ക്യാമ്പസു കളിലെ എലിവേറ്റർ നിർമ്മാണം | Pl.D/C3 /16158 /RUSA/ ELE/2018 | 1418/ 07.09.2018 | 1,70,00,000 | 99/2018 | 1,69,36,084 | 29.08.2018 | 28.01.2019 |
| കാർ ഷെഡ് & ഡ്രൈവർ റെസ്റ്റ് റൂം നിർമ്മാണം | PLD/C1 /18405 /RUSA/ CSR&DRR/ Tkra/18 | 1493/ 15.09.2018 | 42,00,000 | 105/2018 തീയതി: 14.09.2018 | 40,41,221 | 14.09.2018 | 13.03.2019 |
| മാങ്ങാട്ടു പറമ്പ ക്യാമ്പസ് പുനരു | Pl.D/E /17097/ 2018 | 1491/ 14.09.2018 | 65,00,000 | 104/2018 തീയതി: 12.09.2018 | 54,29,594 | 12.09.2018 | 11.01.2019 |

| | | | | | | | |
|---|---|---|---|---|---|---|---|
| ദ്ധാരണ പ്രവർത്തി | | | | | | | |
| നീലേശ്വരം ക്യാമ്പ സിലെ സൗന്ദര്യ വൽക്കരണ പ്രവർത്തി | Pl.D/C3 /76/Ren/ PKRMC/18 | 1396/ 03.09.2018 | 86,34,377 | 98/2018 തീയതി: 18.08.2018 | 86,34,377 | 18.08.2018 | 17.02.2019 |

മരാമത്ത് പ്രവർത്തി നിർവ്വഹണത്തിലെ കാല താമസം ഒഴിവാക്കുന്നതിന്ന് സർവ്വകലാശാല സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 8/08.11.2019) ലഭ്യമാക്കിയ മറുപടിയിൽ വിവിധ പ്രവൃത്തികൾ ഒരേ സമയം ഒറ്റ ഏജൻസിയെ തന്നെ ഏൽപ്പിച്ചതും മറ്റുമാണ് നിർമ്മാണം യഥാ സമയം പൂർത്തിയാക്കുന്നതിന്ന് കാല താമസം നേരിടാനുള്ള കാരണമെന്നും പ്രവൃത്തിയുടെ ഗുണനിലവാരം പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നുമാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. മരാമത്ത് പ്രവർത്തികൾ കരാർ പ്രകാരം അനുവദിച്ച സമയത്തിനുള്ളിൽ പൂർത്തിയാക്കാത്ത പക്ഷം കരാറുകാരനിൽ നിന്നും കേരള പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2116.1 പ്രകാരമുള്ള നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്. മേൽ പ്രവർത്തികളുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

ഡി) മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചപ്പോൾ കരാറുകാരനിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയില്ല.

ഇൻകം ടാക്സ് ആക്റ്റ് 1961, സെക്ഷൻ 194 സി പ്രകാരം ഒരു പ്രവർത്തി നിർവ്വഹിക്കുന്നതിനായി കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ തുകയുടെ 2% വരുന്ന തുക ആദായ നികുതി ഇനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കണ്ണൂർ സർവ്വകലാശാലയിലെ വിവിധ കാമ്പസുകളിലെ ടോയിലറ്റ് നവീകരണ പ്രവർത്തിക്കായി 03.08.2018 ലെ Pl.D/C3/75/RUSA/Ren/TEC/18 നം. ഉത്തരവ് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റേഴ്സ് കോപ്പറേറ്റീവ് സൊസേറ്റി ലിമിറ്റഡിന് 4,95,000/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചപ്പോൾ (വൗച്ചർ നം. - 1135/06.08.2018) ആദായ നികുതി കുറവ് ചെയ്തിട്ടില്ലെന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 8/08.11.2019) ലഭ്യമാക്കിയ മറുപടിയിൽ ഇൻകം ടാക്സ് അടുത്ത പാർട്ട് ബിൽ/ഫൈനൽ ബില്ലിൽ നിന്നും റിക്കവറി ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിന് ഒടുക്കിയ വിവരം അറിയിക്കേണ്ടതാണ്.

ഇ) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല - റിവൈസ്ഡ് എസ്റ്റിമേറ്റ് സർവ്വകലാശാല അംഗീകരിക്കാതെ കരാർ ഏജൻസി പ്രവർത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചത് ചട്ടവിരുദ്ധം

മാങ്ങാട്ടുപറമ്പ ക്യാമ്പസിലെ ഹോസ്റ്റൽ (Gents& Ladies) റിപ്പയർ പ്രവർത്തിക്കു വേണ്ടി 15,91,367/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി പൂർത്തിയാക്കുന്നതിന് ULCCS എന്ന

അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ചിരുന്നു. തുടർന്ന പ്രവർത്തി പൂർത്തിയാക്കി 23,13,442/ രൂപയുടെ 1st & ഫൈനൽ ബിൽ, ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോപ്പറേറ്റീവ് സൊസേറ്റി ലിമിറ്റഡ് 11.01.2019 ലെ ULCCS/Engg/7384/2018-19 നം. കത്ത് പ്രകാരം സർവ്വകലാശാലയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.എന്നാൽ മേൽ പ്രവർത്തിക്കായി 15,91,367 രൂപയുടെ എസ്റ്റിമേറ്റാണ് സർവ്വകലാശാല അംഗീകരിച്ചതും 28.07.2018 ലെ 94/2018 നം. കരാറിൽ ഉൾപ്പെടുത്തിയതായും കാണുന്നത്. അംഗീകരിച്ച എസ്റ്റിമേറ്റിൽ കൂട്ടിചേർക്കലോ/മാറ്റമോ/ഒഴിവാക്കലോ ഉള്ള പക്ഷം കേരള പിഡബ്ല്യൂഡി മാന്വൽ സെക്ഷൻ 1601.1.6. അനുശാസിക്കുന്ന പ്രകാരമുള്ള പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സർവ്വകലാശാലയുടെ അംഗീകാരം വാങ്ങിക്കാതെ, 23,13,442/- രൂപയുടെ പ്രവർത്തി പൂർത്തിയാക്കി ULCCS Ltd. ബിൽ സമർപ്പിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ (ഓഡിറ്റ് ഒബ്ജക്ഷൻ നം 6/05.11.2019) മറുപടിയിൽ 11.01.2019ന്ന് Data for Extra Item സമർപ്പിച്ചത് 05.12.2019 ലെ 2019.730 നം. സിൻഡിക്കേറ്റ് തീരുമാന പ്രകാരം അംഗീകരിച്ചു എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. കേരള പി.ഡബ്ല്യ. ഡി. മാന്വൽ സെക്ഷൻ 2111 പ്രകാരം അധികാരമുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയില്ലാതെ അധിക പ്രവർത്തി നിർവ്വഹിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള പിഡബ്ല്യൂഡി മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയുള്ള മരാമത്ത് പ്രവർത്തിയുടെ നിർവ്വഹണം ക്രമ വിരുദ്ധമാണ്. ഇത് സംബന്ധിച്ച തുടർ നടപടികൾക്കായി പ്രസ്തുത വിഷയം സർവ്വകലാശാല അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3-11 കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് സ്ഥാപിച്ച പേപ്പർ വേസ്റ്റ് ഡിസ്പോസർ-മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിച്ചില്ല,കമ്മീഷനിങ്ങ് മുമ്പായി കരാറുകാരന് തുക അനുവദിച്ചു,നിലവിൽ ഡിസ്പോസർ പ്രവർത്തിപ്പിക്കുന്നില്ല.

ഫയൽ നം. : Pl.D/E3/EOI/Waste Disposal/2017
വൗച്ചർ നം. : 3923/30.03.2019
എസ്റ്റിമേറ്റ് തുക : 4,90,000/-
എഗ്രിമെന്റ് തുക : 4,80,000/-(5,66,400/- Including Tax)
ഇൻ വോയിസ് നം. : STCS-C061/21.01.2019(5,66,400/-)

കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി Paper Waste Disposer (INCINERATOR – NOWASTE) സ്ഥാപിക്കുന്നതിനായി 4,90,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തിരുന്നു. തുടർന്ന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്റ്റീൽ ടെക്ക് കോർട്ട് സൊല്യൂഷൻ പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ടെൻഡർ അനുവദിക്കുകയും വൗച്ചർ നം. - 3923/30.03.2019 പ്രകാരം ടാക്സ് കിഴിച്ച് 4,91,693/-രൂപ ടി സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു. എന്നാൽ എസ്റ്റിമേറ്റ്/ ടെൻഡർ ഷെഡ്യൂളിലെ നാലാം ഇനമായ സോക്ക് പിറ്റ് നിർമ്മാണം പൂർത്തിയായിട്ടില്ല. കൂടാതെ ടെസ്റ്റിങ്ങ്, ഡെമോൺസ്ട്രേഷൻ, കമ്മീഷനിങ്ങ് എന്നിവയും പൂർത്തിയായിട്ടില്ല (നോട്ട് ഫയൽ പേജ് നം - 40). അഞ്ച് ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിർമ്മിച്ച പേപ്പർ വേസ്റ്റ് ഡിസ്പോസർ നിലവിൽ പ്രവർത്തിപ്പിക്കാതെ കാട്ടുമൂടി കിടക്കുകയും, അതിന് സമീപത്തായി സർവ്വകലാശാല കോമ്പൗണ്ടിനുള്ളിൽ തുറസ്സായ സ്ഥലത്ത് പേപ്പർ വേസ്റ്റ് കൂട്ടിയിട്ട് കത്തിക്കുകയുമാണ് ചെയ്യുന്നത്.

Paper Waste Disposer സ്ഥാപിക്കുന്നതിന് മുൻപായി സാധ്യത പഠനം നടത്തുകയോ, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള രേഖാമൂലമുള്ള അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. ജില്ലാ പൊല്യൂഷൻ

കൺട്രോൾ ബോർഡ് കമ്മീഷണറുമായി പ്രസ്തുത കാര്യം ചർച്ച ചെയ്തപ്പോൾ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് അനുമതിയില്ലെന്നും പേപ്പർ ബർണർ മാത്രമെ സ്ഥാപിക്കാൻ പാടുള്ളുവെന്നും ആയത് വാസസ്ഥലത്തു നിന്നും അകലെ ആയി സ്ഥാപിക്കണമെന്നും അറിയിച്ചതായി സർവ്വകലാശാലയുടെ കറസ്പോൺഡൻസ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (കറസ്പോൺഡൻസ് ഫയൽ പേജ് നം. - 66 മുതൽ 70 വരെ). എന്നാൽ സ്റ്റീൽ ടെക്ക് കോർട്ട് സൊല്യൂഷൻ പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച ഇൻ വോയിസിൽ (ഇൻ വോയിസ് നം. - STCS-C061/21.01.2019 ) ഇൻസിനറേറ്റർ എന്നാണ് രേഖപ്പെടുത്തിയതായി കാണുന്നത്.

സർവ്വകലാശാല പുതുതായി സ്ഥാപിച്ച ഇൻസിനറേറ്റർ/പേപ്പർ വേസ്റ്റ് ഡിസ്പോസർ പ്രവർത്തിപ്പിച്ചാൽ സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന കണ്ണൂർ കോർപ്പറേഷൻ കൗൺസിലറുടെ അഭിപ്രായത്തെ തുടർന്ന് ആയത് മാറ്റി സ്ഥാപിക്കുന്നതിന് സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെയായി മാറ്റി സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്തിട്ടില്ല. മതിയായ സാധ്യതാ പഠനം നടത്താതെ ഇൻസിനറേറ്റർ/പേപ്പർ വേസ്റ്റ് ഡിസ്പോസർ സ്ഥാപിച്ചതാണ് ഇത്തരത്തിൽ പരാതിക്ക് ഹേതുവായതെന്നും ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാൻ പറ്റാത്ത സാഹചര്യമുണ്ടായതെന്നും ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ ഇൻസിനറേറ്റർ മാറ്റി സ്ഥാപിക്കുമ്പോൾ ആയത് മാറ്റി സ്ഥാപിക്കുന്നതിനുള്ള മുഴുവൻ ചെലവും സർവ്വകലാശാല വഹിക്കേണ്ടതുമുണ്ട്. ഇത് സർവ്വകലാശാലയ്ക്ക് അധിക ബാദ്ധ്യതയ്ക്കും കാരണമായേക്കാം (19.022019.ലെ PLD/E3/EOI/WASTE നം. കത്ത്).

എസ്റ്റിമേറ്റ്/ടെൻഡർ ഷെഡ്യൂൾ പ്രകാരമുള്ള മുഴുവൻ പ്രവർത്തിയും പൂർത്തിയാക്കാതെയും, സ്റ്റീൽ ടെക്ക് കോർട്ട് സൊല്യൂഷൻ പ്രൈ.ലിമിറ്റഡ് അധികൃതരുമായി സർവ്വകലാശാല ചമച്ച 108/2018 തീയതി:26.11.2018 നം. കരാർ പ്രകാരമുള്ള ടെസ്റ്റിങ്ങ്, കമ്മീഷനിങ്ങ് എന്നിവയും പൂർത്തിയാക്കാതെയും, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിക്കാതെയും ടി സ്ഥാപനത്തിന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. മേൽ കാര്യം ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 11/19.11.2019) ലഭ്യമാക്കിയ മറുപടിയിൽ സർവ്വകലാശാലയിൽ സ്ഥാപിച്ച ഇൻസിനറേറ്ററിനെ കെമിക്കൽ ഫാക്ടറിയുടെ പുകക്കുഴലിനെപോലെ കാണരുതെന്ന നിരുത്തരവാദപരമായ മറുപടിയാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകങ്ങൾക്കൊന്നും തന്നെ വസ്തുതാപരമായി മറുപടി ലഭ്യമാക്കിയിട്ടുമില്ല.

മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ചെലവഴിച്ച 4,91,693/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നടപടി ക്രമങ്ങൾ പാലിച്ച് മാത്രം ഇത്തരം പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 കണ്ണൂർ സർവകലാശാല സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ടെലിഫോൺ കാബ്ലിങ്ങ് പ്രവൃത്തി നിർവ്വഹണത്തിലെ വിവിധ അപാകങ്ങൾ

ഫയൽ നം. : Pl.D/B3/EPABX/2011
വൗച്ചർ നം. : 3541/16.03.2019
എസ്റ്റിമേറ്റ് തുക : 2,80,147/-
ബിൽ നം. : K8500005/21.01.2019(ITI LIMITED)

കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസിൽ പ്രവർത്തിക്കുന്ന സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ടെലിഫോൺ കാബ്ലിങ്ങ് പ്രവൃത്തിക്കായി ഐ.ടി.ഐ. ലിമിറ്റഡ്, കൊച്ചി സമർപ്പിച്ച 2,80,147/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം. 3541/16.03.2019 പ്രകാരം 2,70,651/- രൂപ പ്രസ്തുത സ്ഥാപനത്തിന്

ടാക്സ് കിഴിച്ച് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ). സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പാലിച്ചില്ല.

30.10.2018 ലെ നോട്ട് ഫയൽ (ഡി.ഡി.എഫ്.എസ്.) ഖണ്ഡിക നം.26 പ്രകാരം മേൽ പ്രവൃത്തിക്കായി 2,80,147/- രൂപയുടെ എസ്റ്റിമേറ്റ് സർവ്വകലാശാല വൈസ്ചാൻസലർ അംഗീകരിക്കുകയും, ഐ.ടി.ഐ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു (30.10.2018ലെ PLD/B3/EPABX/2011 നം. കത്ത്). 1998 ലെ കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 2, 5B(3) പ്രകാരം 2,50,000/- വരെയുള്ള പ്രവൃത്തി/റിപ്പയർ പ്രവൃത്തി മാത്രമേ വൈസ്ചാൻസലർ അംഗീകാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളൂ. എന്നാൽ മേൽ ഉത്തരവു പ്രകാരം 2,80,147/- രൂപയുടെ പ്രവൃത്തിക്കാണ് വൈസ്ചാൻസലർ അനുമതി നൽകിയിരിക്കുന്നത് .പ്രസ്തുത പ്രവർത്തിക്ക് സിൻഡിക്കേറ്റിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ബി) പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരമുള്ള കരാർ ചമച്ചില്ല.

30.10.2018 ലെ PLD/B3/EPABX/2011 നം. കത്ത് പ്രകാരം സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ടെലഫോൺ കാബ്ലിങ്ങ് പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഐ.ടി.ഐ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിരുന്നു. പ്രസ്തുത കത്തിൽ കരാർ ചമയ്ക്കുന്നതിനായി നടപടികൾ ഉടൻ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ഇത്തരത്തിൽ ഒരു കരാർ ചമച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഐ.ടി.ഐ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയ ശേഷം പി.ഡബ്ല്യു.ഡി. മാന്വൽ 2012, സെക്ഷൻ 2010 പ്രകാരമുള്ള കരാർ ചമയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 13/25.11.2019) സർവ്വകലാശാല ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.കരാറുകാരനുമായി കരാർ ചമയ്ക്കാതെ പ്രവർത്തി നിർവ്വഹിക്കാൻ അനുമതി നൽകുന്നത് കരാർ പ്രവർത്തിയിൽ സംഭവിച്ചേക്കാവുന്ന വീഴ്ചകളിന്മേൽ കരാറുകാരൻ ഉത്തരവാദിയല്ലാത്ത സാഹചര്യമുണ്ടാവുകയും സർവ്വകലാശാലയ്ക്ക് അധിക സാമ്പത്തീക ബാദ്ധ്യതയ്ക്ക് കാരണമാവുകയും ചെയ്യുന്നു. മരാമത്ത് ചട്ടങ്ങൾ പാലിച്ചുമാത്രം മരാമത്ത് പ്രവർത്തികൾ നിർവ്വഹിക്കുന്നതിന്ന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

സി) ഡിസൈൻ & ഡ്രോയിങ്ങ് തയ്യാറാക്കിയില്ല

സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ടെലഫോൺ കാബ്ലിങ്ങ് പ്രവൃത്തിയുടെ ഡിസൈൻ & ഡ്രോയിങ്ങ് ഐ.ടി.ഐ. ലിമിറ്റഡ് എന്ന സ്ഥാപനം സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയോ, ആയത് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകാരം നൽകിയതായോ കാണുന്നില്ല. ഡിസൈൻ & ഡ്രോയിങ്ങ് സമർപ്പിക്കാതെ ടെലഫോൺ കാബ്ലിങ്ങ് പ്രവൃത്തിക്കായി ഐ.ടി.ഐ. ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച എസ്റ്റിമേറ്റ് (27.09.2018 ലെ ITI/ROBG/AOK/EPABX/Cabling നം. കത്ത് പ്രകാരം ഐ.ടി.ഐ. ലിമിറ്റഡ് സമർപ്പിച്ച എസ്റ്റിമേറ്റ്) അംഗീകരിച്ച് ടി സ്ഥാപനത്തിനെ പ്രവർത്തി ഏൽപ്പിച്ചത് മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.(പി.ഡബ്ല്യു.ഡി മാന്വൽ 2012, സെക്ഷൻ 2102.2)

ഡി) ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പ്രവൃത്തിയുടെ അളവ് നിർണ്ണയിക്കാതെ കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

സെൻട്രൽ ലൈബ്രറി കെട്ടിടത്തിൽ 25 ഓളം പുതിയ ടെലിഫോൺ കണക്ഷനുകൾ നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന്നായി ഐ.ടി.ഐ. ലിമിറ്റഡ് എന്ന

സ്ഥാപനത്തിന് കത്തയക്കണമെന്ന ടെലിഫോൺ ഓപ്പറേറ്ററുടെ അപേക്ഷയെ തുടർന്ന് (നോട്ട് ഫയൽ ഖണ്ഡിക നം. 231 to 235) പ്രസ്തുത സ്ഥാപനത്തിന് കത്തയക്കുകയും ഇതിനെ തുടർന്ന് 30 ടെലിഫോൺ കണക്ഷനുകൾ സ്ഥാപിക്കുന്നതിനുള്ള കേബ്ലിങ്ങ് പ്രവൃത്തിയുടെയും 30 ടെലിഫോൺ സെറ്റിന്റെയും (Push Button telephone, Panasonic, Model : KX-TS400SX) വില ഉൾപ്പെടെയുമുള്ള എസ്റ്റിമേറ്റ് ടി സ്ഥാപനം ലഭ്യമാക്കുകയും ആയത് സർവ്വകലാശാല അംഗീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് 30 ടെലിഫോൺ കണക്ഷനുകൾ സ്ഥാപിച്ചതിന്റെ ബിൽ (30 ടെലിഫോൺ സെറ്റ് ഉൾപ്പെടെ) സമർപ്പിക്കുകയും വൗച്ചർ നം. 3541/16.03.2019 പ്രകാരം 2,70,651/- രൂപ (ടാക്സ് കിഴിച്ച്) പ്രസ്തുത സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു.

ഐ. ടി. ഐ. ലിമിറ്റഡിൽ നിന്നും ലഭ്യമായ ടെലിഫോൺ സെറ്റിൽ 14 എണ്ണം മാത്രമേ (4 എണ്ണം റിസർച്ച് ഡയരക്ടറേറ്റിൽ സ്ഥാപിച്ചത് ഉൾപ്പെടെ) സെൻട്രൽ ലൈബ്രറി കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ളു എന്ന് ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട് (ഡിഡിഎഫ്എസ് നോട്ട് ഫയൽ ഖണ്ഡിക നം. 39).കൂടാതെ 30 ടെലിഫോൺ കണക്ഷനായുള്ള പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് ഓഡിറ്റ് മുമ്പാകെ വ്യക്തമാക്കാൻ ടെലിഫോൺ ഓപ്പറേറ്റർക്കു സാധിച്ചിട്ടുമില്ല. എന്നാൽ 30 ടെലിഫോൺ കണക്ഷൻ (ടെലിഫോൺ സെറ്റ് ഉൾപ്പെടെ) സ്ഥാപിക്കുന്നതിനുള്ള കാബ്ലിങ്ങ് പ്രവൃത്തിയുടെ തുക (supply of materials + labour charge) യാണ് സർവ്വകലാശാല ടി സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നത്. ടെലിഫോൺ കാബ്ലിങ്ങ് പ്രവൃത്തിയുടെ അളവ് നിർണ്ണയം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നിർവ്വഹിക്കാത്തതിനാൽ സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ടെലിഫോൺ കാബ്ലിങ്ങ് പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.

മേൽ കാര്യത്തിൽ സർവ്വകാലാശാല അധികൃതരുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 13/25.11.2019) സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ സെൻട്രൽ ലൈബ്രറി കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള 14ടെലിഫോൺ സെറ്റ് കഴിച്ച് ബാക്കിയുള്ളത് സർവ്വകലാശാല ഭരണ വിഭാഗത്തിൽ ഉപയോഗിക്കുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്.

പി.ഡബ്ല്യു.ഡി. മാന്വൽ 2012, സെക്ഷൻ 2109 പ്രകാരം ഓവർസീയർ/എഞ്ചിനീയർ മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് നിർവ്വഹിച്ചതിന് ശേഷം മാത്രമെ കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഐ. ടി. ഐ. ലിമിറ്റഡ് സമർപ്പിച്ച 2,80,147/- രൂപയുടെ ബിൽ (ബിൽ നം. K8500005 Dtd 21.01.2019), സർവ്വകലാശാല ഡെവലപ്പ്മെന്റ് ഓഫീസർ ബില്ലിൽ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത്. മരാമത്ത് നിയമങ്ങൾക്ക് വിരുദ്ധമായി ഇത്തരത്തിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല.

മുപ്പത് ടെലഫോൺ കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള വയറിങ്ങ് സംവിധാനം ഉൾപ്പെടെ എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ പ്രവർത്തിയും സെൻട്രൽ ലൈബ്രറി കെട്ടിടത്തിൽ പൂർത്തിയായിട്ടുണ്ട് എന്നത് ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് പരിശോധിപ്പിച്ച് ഉറപ്പുവരുത്തുന്നതിന്ന് സർവ്വകലാശാലാ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 കണ്ണൂർ സർവ്വകലാശാല അക്കാദമിക് സ്റ്റാഫ് കോളജിൽ സ്ഥാപിച്ച പാസ്സഞ്ചർ എലിവേറ്റർ ലൈസൻസില്ലാതെ പ്രവർത്തിപ്പിക്കുന്നത് ഗുരുതരമായ കൃത്യ വിലോപം

ഫയൽ നം.- Pl.D/E2/ASC/GH/Lift (vol ii)

വൗച്ചർ നം. 1) 2447/15.12.2018(1,23,900/-)

2) 3906/30.03.2019(1,32,573)

ഇൻ വോയിസ് നം. 1) KL 1036002291/17.07.2018(1,23,900)
2) KL 1036003871/20.03.2019(1,32,573)

കണ്ണൂർ സർവ്വകലാശാല ഇരുപത് ലക്ഷത്തിലധികം രൂപ ചെലവഴിച്ച് 2015 വർഷം മുതൽ അക്കാദമിക് സ്റ്റാഫ് കോളജിൽ പ്രവർത്തിപ്പിച്ച് വരുന്ന പാസ്സഞ്ചർ എലിവേറ്ററിന്റെ ആന്വൽ മെയിന്റനൻസ് നിർവ്വഹിക്കുന്നതിന് വേണ്ടി, തൈസൺക്രൂപ്പ് എലിവേറ്റർ (ഇന്ത്യ) ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ തിരഞ്ഞെടുക്കുകയും 2018 വർഷത്തിലെ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റിനായി 1,21,800 രൂപയും(ടാക്സ് കിഴിച്ച്), 2019 വർഷത്തിലെ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റിനായി 1,30,326 രൂപയും(ടാക്സ് കിഴിച്ച്) ഉൾപ്പെടെ ആകെ 2,52,126/- രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനത്തിന് അനുവദിച്ചിരുന്നു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ) ലൈസൻസില്ലാതെ പാസ്സഞ്ചർ എലവേറ്റർ പ്രവർത്തിപ്പിക്കുന്നു.

പാസ്സഞ്ചർ എലിവേറ്റർ /ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള കേരള ലിഫ്റ്റ് & എസ്കലേറ്റേർസ് റൂൾ 2012 ലെ റൂൾ 4 പ്രകാരമുള്ള ലൈസൻസ് സർവ്വകലാശായ്ക്ക് ഇതുവരെ ലഭിച്ചതായി കാണുന്നില്ല. കേരള ലിഫ്റ്റ് & എസ്കലേറ്റേർസ് റൂൾ 2012 ലെ റൂൾ 3 പ്രകാരം, ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റ്, ലിഫ്റ്റ് സ്ഥാപിക്കുന്നതിന് മാത്രമായാണ് ഒരു വർഷ കാലത്തേക്കുള്ള അനുമതി സർവ്വകലാശാലയ്ക്ക് നൽകിയത്.(Permission for Erection of one number passenger elevator lift). ലൈസൻസ് ലഭ്യമാക്കാതെ ലിഫ്റ്റ് പ്രവർത്തിപ്പിക്കരുതെന്ന്, ലിഫ്റ്റ് സ്ഥാപിക്കുന്നതിനു അനുമതി നൽകിയ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 12.10.2015 ലെ B2-2374/2015/EIN നം. കത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ലൈസൻസില്ലാതെയാണ് 2016 മുതൽ ലിഫ്റ്റ് പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും പ്രവർത്തന അനുമതി വാങ്ങാതെ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നത് സർവ്വകലാശാല അധികൃതരുടെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ബി) പ്രവർത്തനാനുമതിയില്ലാത്ത പാസ്സഞ്ചർ എലവേറ്ററിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് ഇനത്തിൽ തുക ചെലവഴിച്ചത്.

കണ്ണൂർ സർവ്വകലാശാല അക്കാദമിക് സ്റ്റാഫ് കോളജിൽ സ്ഥാപിച്ച പാസ്സഞ്ചർ എലിവേറ്റർ/ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് മേൽ കാണിച്ച പ്രകാരം ഇതുവരെ ലഭിച്ചിട്ടില്ല.എന്നാൽ പ്രവർത്തനാനുമതിയില്ലാത്ത പാസ്സഞ്ചർ എലിവേറ്റർ/ലിഫ്റ്റ് ന് എ.എം.സി ഇനത്തിൽ 2018-19 സാമ്പത്തീക വർഷത്തിൽ 2,56,473/- രൂപ (ടാക്സ് ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തിപ്പിക്കാൻ അനുമതിയില്ലാത്ത ലിഫ്റ്റിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് ഇനത്തിൽ തുക ചെലവഴിച്ചത് ക്രമ പ്രകാരമല്ല.

സി) മുൻകാല പ്രാബല്യത്തിൽ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റിലേർപ്പെട്ടതിന്റെ ചെലവ് അംഗീകരിക്കുന്നില്ല.

അക്കാദമിക് സ്റ്റാഫ് കോളജിൽ സ്ഥാപിച്ച പാസ്സഞ്ചർ എലവേറ്ററിന്റെ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റിനു (എ.എം.സി) വേണ്ടി തൈസൺക്രുപ്പ് എലവേറ്റർ (ഇന്ത്യ) ലിമിറ്റഡ് എന്ന സ്ഥാപനവുമായി സർവ്വകലാശാല ചമച്ച കരാർ19.10.2017 തീയതിയിൽ അവസാനിച്ചിരുന്നു.2018 മെയ് മാസത്തിൽ ലിഫ്റ്റ് പ്രവർത്തനക്ഷമമല്ലാതായപ്പോൾ റിപ്പയറിനായി കമ്പനിയെ സമീപിച്ചപ്പോഴാണ് എഗ്രിമെന്റ് പുതുക്കിയില്ല എന്ന കാര്യം കമ്പനി വ്യക്തമാക്കിയതും സർവ്വകലാശാലയ്ക്ക് ബോദ്ധ്യപ്പെട്ടതും. പ്രസ്തുത റിപ്പയർ പ്രവർത്തിക്ക് ആവശ്യമായ ചെലവ് തുകയുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. തുടർന്ന് 16.11.2018 തീയതി വരെ എ.എം.സി. പുതുക്കാതെ 01.01.2018 മുതൽ മുൻകാല പ്രാബല്യം നൽകി 2018 വർഷത്തിലെ എ.എം.സി.ക്കായി (01.01.2018 മുതൽ 31.12.2018 വരെ യുള്ള കാലത്തേക്ക്), തൈസൺക്രുപ്പ് എലിവേറ്റർ (ഇന്ത്യ) ലിമിറ്റഡ് എന്ന സ്ഥാപനവുമായി 16.11.2018 തീയതിയിൽ കരാർ ചമക്കുകയും വൗച്ചർ നം- 2447/15.12.2018 പ്രകാരം 1,21,800 രൂപ (നികുതി കിഴിച്ച്) എ.എം.സി. ചാർജ് ഇനത്തിൽ പ്രസ്തുത സ്ഥാപനത്തിന് അനുവദിക്കുകയുമാണ് ചെയ്തത്. 2018 വർഷത്തിൽ കമ്പനി നിർവ്വഹിച്ച റിപ്പയർ പ്രവർത്തിയുടെ വിവരങ്ങൾ (സർവ്വീസ് റിപ്പോർട്ട്) ഫയലിൽ ലഭ്യമല്ല. 16.11.2018 തീയ്യതിയിൽ സർവ്വകലാശാല വൈസ് ചാൻസിലർ കരാറിലേർപ്പെടുന്നതിന് അന്തിമ അനുമതി നൽകിയതിന് ശേഷം മാത്രമാണ് മേൽ കരാർ ഔദ്യോഗികമായി പ്രാബല്യത്തിൽ വരുന്നത്. മേൽ കമ്പനിയുമായി എ.എം.സി. യിലേർപ്പെട്ടത് 16.11.2018 തീയതിയിൽ മാത്രമായതിനാൽ 16.11.2018 മുതൽ 31.12.2018 വരെയുള്ള കാലയളവിൽ മാത്രമേ സർവ്വകലാശാലയ്ക്ക് നിയമാനുസൃതമായി മേൽ സ്ഥാപനത്തിന്റെ സേവനം ലഭിക്കുകയുള്ളൂ. രണ്ടു മാസത്തിൽ കുറഞ്ഞ കാലയളവിൽ മാത്രം (16.11.2018 മുതൽ 31.12.2018 വരെ) ലഭ്യമാകുന്ന സൗജന്യ ലിഫ്റ്റ് പരിപാലനം/കേടുപാടു തീർക്കലിന് മുൻകാല പ്രാബല്യത്തിൽ ഒരു വർഷത്തേക്കുള്ള (01.01.2018 മുതൽ 31.12.2018 വരെ) ആന്വൽ മെയിന്റനൻസ് കരാറിലേർപ്പെട്ടത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ പ്രവർത്തി സർവ്വകലാശാലയ്ക്ക് അടുത്ത ഒരു വർഷത്തേക്കു (01.01.2019 മുതൽ 31.12.2019 വരെ) വീണ്ടും കരാർ ചമയ്ക്കുന്നതിനും തുക ചെലവഴിക്കുന്നതിനും സാഹചര്യമുണ്ടാക്കി. പ്രസ്തുത കരാറിലെ അപാകം സർവ്വകലാശാല ഫിനാൻസ് വിഭാഗം ചൂണ്ടിക്കാട്ടിയിട്ടും (നോട്ട് ഫയൽ സീ.നം. 254 തീയതി 10.10.2018) സർവ്വകലാശാല ഭരണ വിഭാഗം കരാറുമായി മുന്നോട്ടു പോവുകയും മുൻകാല പ്രാബല്യത്തിൽ കരാർ ചമയ്ക്കുകയുമാണ് ചെയ്തത്.

മേൽ കാര്യങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 12/22.11.2019) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മുൻകാല പ്രാബല്യത്തിൽ ഒരു വർഷത്തേക്കുള്ള (01.01.2018 മുതൽ 31.12.2018 വരെ) ആന്വൽ മെയിന്റനൻസ് കരാറിലേർപ്പെട്ടത് ക്രമ പ്രകാരമല്ലാത്തതിനാൽ എ.എം.സി. ഇനത്തിൽ ചെലവഴിച്ച 1,03,250/- രൂപ (10മാസത്തേക്കുള്ള തുകകണക്കാക്കിയത്) നിരാകരിക്കുന്നു. പ്രവർത്തിപ്പിക്കാൻ അനുമതിയില്ലാത്ത ലിഫ്റ്റിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് ഇനത്തിൽ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ 2018-2019 വർഷത്തിലേക്കുള്ള എ.എം.സി. ഇനത്തിൽ ചെലവഴിച്ച 1,53,223 രൂപ തടസ്സപ്പെടുത്തുന്നു. വ്യവസ്ഥകൾ പാലിച്ചു മാത്രം കരാർ നടപടികൾ നിർവ്വഹിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 കിഫ്ബിയുടെ വിശദ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടൻസി ഫീസ് നിർണ്ണയിച്ചതിന് ആധികാരികതയില്ല,സർക്കാർ അനുമതിയില്ലാതെ പദ്ധതി വിഹിതത്തിൽ നിന്നും 19,50,000/- രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല.

ഫയൽ നം-Pl.D/C1/KIFB/2017

വൗച്ചർ നം./ഡിഡിനം.-1)ഡിഡിനം. 391837/01.11.2017 (10,00,000)

2)വൗച്ചർ നം. 701/03.07.2018(19,50,000)

എഗ്രിമെന്റ് തുക -25,00,000 + GST

ചെലവഴിച്ച തുക - 25,00,000 + 4,50,000 =29,50,000/-

ഇൻവോയിസ് നം-652/2017-18 തീ 31.03.2018

കിഫ്ബിയുടെ കീഴിൽ കണ്ണൂർ സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റായി 12.05.2017 ലെ Pl.D/C1/KIIFB/2017 നമ്പർ ഉത്തരവു പ്രകാരം കിറ്റ്കോയെ (Kerala Industrial & Technical Consultancy Organisation) നിയമിച്ചിരുന്നു. തുടർന്ന് വിശദ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി KITCO Ltd. മായി സർവ്വകലാശാല കരാറിലേർപ്പെട്ടിരുന്നു. പ്രസ്തുത കരാർ പ്രകാരം വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 25,00,000 + GST കിറ്റ്കോയ്ക്ക് അനുവദിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. 03.04.2018 ലെ 041:DP-902:RE:2018 നമ്പർ കത്ത് പ്രകാരം വിശദ പദ്ധതി റിപ്പോർട്ട് കിറ്റ്കോ സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇൻകം ടാക്സ് കിഴിച്ച് 27,00,000/- രൂപ കിറ്റ്കോയ്ക്ക് അനുവദിക്കുകയും ചെയ്തു (Pl.D/C1/KIFB/2017 തീയതി: 05.06.2018 നം. ഉത്തരവ്)

കിറ്റ്കോയെ പ്രൊജക്റ്റ് കൺസൾട്ടന്റായി നിയമിച്ച 06.07.2017 ലെ ജി.ഒ.(ആർ.ടി) 1278/2017/ ഹ.എഡ്യൂ. നമ്പർ ഉത്തരവിൽ ജി.ഒ.(പി.) 61/2017 തീ 09.05.2017, ജി.ഒ. (എം.എസ്.) 315/2016 ഫിൻ തീയതി:08.08.2016 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ജി.ഒ.(പി.) 61/2017 തീ 09.05.2017 നമ്പർ ഉത്തരവിൽ സെന്റേജ് ചാർജ് അനുവദിക്കേണ്ട നിരക്ക് സംബന്ധിച്ച് പ്രവർത്തിയുടെ തരമനുസരിച്ച് (Building, Land Development etc.) ഇനം തിരിച്ച് (100cr-250cr യുള്ള പ്രവർത്തികൾക്ക് 0.75% മുതൽ 3.5% വരെ) വ്യക്തമാക്കിയിട്ടുണ്ട്. ഈ നിരക്ക് അനുവദിക്കേണ്ടത് പ്ലാനിങ്ങ്, ഡിസൈനിങ്ങ്, ടെൻഡറിങ്ങ്, സൂപ്പർ വൈസിങ്ങ് &ഹാൻഡിങ്ങ് ഓവർ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തികൾക്കാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കിറ്റ്കോയ്ക്ക് വിശദ പദ്ധതി റിപ്പോർട്ട് (DPR)തയ്യാറാക്കുന്നതിനു മാത്രമായി കൺസൾട്ടൻസി ഫീസ് അനുവദിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. കൂടാതെ 12-05-2017 ലെ PLD/C1/KIIFB/2017 നമ്പർ സർവകലാശാല ഉത്തരവിൽ 250 കോടിയുടെ വികസന പദ്ധതിയാണ് കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവകലാശാലയിൽ നടപ്പിലാക്കാൻ സിൻഡിക്കേറ്റ് അംഗീകാരം നൽകിയതായി വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ 17.01.2019 ലെ G.O.(M.S.) No.7/2019/HEDN നമ്പർ കത്തിൽ കിറ്റ്കോ സമർപ്പിച്ച കണ്ണൂർ സർവകലാശാലയുടെ 207.82 കോടിയുടെ വികസന പദ്ധതിക്കുവേണ്ടി 150 കോടി അനുവദിക്കുന്നതായാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ കൺസൾട്ടൻസി ഫീസ് നിശ്ചയിച്ചത് ഏത് എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

16.06.2017 ലെ ജി.ഒ.(എം.എസ്) 1131/2017/H.Edn. നം. സർക്കാർ ഉത്തരവിൽ മാസ്റ്റർ പ്ലാൻ & ഡി.പി.ആർ. തയ്യാറാക്കുന്നതിന്നായി ഒരു കോളജിന് 4 ലക്ഷം രൂപ നിരക്കിൽ അനുവദിക്കാമെന്ന്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സർവ്വകലാശാലയുടെ കാര്യത്തിൽ ഡിപിആർ തയ്യാറാക്കുന്നതിന്നായി അനുവദിക്കാവുന്ന തുക സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ കൺസൾട്ടൻസി ഫീസ് നിശ്ചയിച്ചതിന്റെ ആധികാരികത വ്യക്തമാക്കപ്പെട്ടില്ല.

2018-19 വർഷത്തിലെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുമാണ്(MH-31-431-714) കൺസൾട്ടൻസി ഫീസിനത്തിലെ 19,50,000/- രൂപയുടെ ചെലവ് സർവ്വകലാശാല നിർവ്വഹിച്ചിരിക്കുന്നത്. എന്നാൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ഈയിനത്തിൽ തുക ചെലവഴിക്കുന്നതിന്ന് സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. 2018-19 വർഷത്തിലെ ബജറ്റിൽ, കൺസൾട്ടൻസി ഫീസ് ചെലവിനുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും 2018-19 വർഷത്തിലെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും നിന്ന് കൺസൾട്ടൻസി ഫീസ് അനുവദിക്കുന്നതിന് സർക്കാരിൽ നിന്ന അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 18/30.12.2019) ലഭ്യമാക്കിയ മറുപടിയിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും തത്കാലം ചെലവഴിച്ച് സർക്കാരിന്റെ അനുമതിക്ക് വിധേയമായി പിന്നീട് വകമാറ്റി എടുക്കാമെന്ന സിൻഡിക്കേറ്റ് തീരുമാനിച്ചതിന്റെ (Syndicate Resolution 2017.511) അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ തുക ചെലവഴിച്ചുട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാരിന്റെ അനുമതിയില്ലാതെ 2018-19 ലെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിച്ച സർവ്വകലാശാലയുടെ നടപടി ക്രമപ്രകാരമല്ല. പ്രസ്തുത കാര്യത്തിൽ സർക്കാരിന്റെ അനുമതി ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കിഫ്ബിയിൽ നിന്നും സർവകലാശാലയ്ക്ക് ഇതുവരെയായി അനുവദിച്ച ഫണ്ടിന്റെയും കിഫ്ബി ഫണ്ട് വിനിയോഗിച്ച് സർവകലാശാല നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 18/30.12.2019) ലഭ്യമാക്കിയ മറുപടിയിൽ കിഫ്ബി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ എന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത് . കിഫ്ബി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിലെ കാലതാമസം, പദ്ധതി പ്രകാരം സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫണ്ട് സർക്കാർ അനുവദിക്കുന്നതിന്ന് തടസ്സമാകാതിരിക്കാൻ സർവ്വകലാശാല അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

കൺസൾട്ടൻസി ഫീസായി കിറ്റ്കോയ്ക്ക് അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതി/ ഉത്തരവുകളുടെ അഭാവത്തിലും,ഇത് സംബന്ധിച്ച് വസ്തുനിഷ്ഠമായ മറുപടി സർവ്വകലാശാല ലഭ്യമാക്കാത്തതിനാലും കൺസൾട്ടൻസി ഫീസിനത്തിൽ 2018-19 വർഷത്തിൽ ചെലവഴിച്ച 19,50,000/- രൂപ തടസ്സത്തിൽ വെക്കുന്നു. മേൽ കാണിച്ച അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഹിസ്റ്ററി മ്യൂസിയം അലുമിനിയം പാർട്ടീഷൻ പ്രവൃത്തി - വിവിധ അപാകങ്ങൾ

ഫയൽ നം. : Pl.D/E2/6492/Dept.of History & Heritage studies/2016
വൗച്ചർ നം. : 1049/28.07.2018
എസ്റ്റിമേറ്റ് തുക : 7,61,642/-
എഗ്രിമെന്റ് തുക : 7,61,642/

മാങ്ങാട്ടുപറമ്പ കാമ്പസിലെ ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ് മ്യൂസിയത്തിന്റെ അലുമിനിയം പാർട്ടീഷൻ പ്രവർത്തിക്കായി 19.04.2016 ലെ ASBU/4.02(43)/2016-17/17 നം. കത്തു പ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK, അഴീക്കൽ) സമർപ്പിച്ച 7,61,642/- രൂപ യുടെ എസ്റ്റിമേറ്റിന്

16.06.2016 ലെ PLD/E2/6492/Dept/Hist Heritage Studies/2016നം. ഉത്തരവു പ്രകാരം സർവ്വകലാശാല ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 24.06.2016 തീയതിയിൽ SILK അധികൃതരുമായി സർവ്വകലാശാല കരാർ ചമയ്ക്കുകയും 12.07.2016 ലെ PLD/E2 /6492/Dept/Hist Heritage Studies/2016 നം. സർവ്വകലാശാല ഉത്തരവു പ്രകാരം 3,80,821/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി SILK ന്ന് അനുവദിക്കുകയും ചെയ്തു.

04.04.2017 ലെ ASBU/4.02(43)/2017-18/02നം. കത്തു പ്രകാരം 8,11,007/- രൂപയുടെ (7,61,642(പ്രവൃത്തി മൂല്യം) +49,365(ടാക്സ്)) പ്രവർത്തി ബിൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് സർവ്വകലാശാലയ്ക്ക് സമർപ്പിച്ചു. തുടർന്ന് SILK അധികൃതർ സർവ്വകലാശാലയ്ക്ക് അയച്ച 08.11.2017 ലെ ASBU/4.02(43)/2017-18/209 നം. കത്തിൽ പാർട്ടീഷൻ പ്രവർത്തിയോടനുബന്ധിച്ച് 1,83,048/- രൂപയുടെ അധിക പ്രവർത്തി ചെയ്തിട്ടുണ്ടെന്നും ആയതിന് വർക്ക് ഓർഡർ അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. സർവ്വകലാശാല സിൻഡിക്കേറ്റിന്റെ 09.02.2018 ലെ 2018.099 നം തീരുമാന പ്രകാരം സർവ്വകലാശാലയുടെ അനുമതിയില്ലാതെ നടത്തിയ 1,83,048/- രൂപയുടെ അധിക പ്രവൃത്തിക്ക് അംഗീകാരം നൽകുകയുണ്ടായി. 08.12.2017 ലെ ASBU/4.02(43)/2017-18/02 നം. കത്ത് പ്രകാരം അധിക പ്രവൃത്തി ഉൾപ്പെടുത്തി 9,44,690/- രൂപയുടെ പ്രവർത്തി ബിൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് സർവ്വകലാശാലയ്ക്ക് സമർപ്പിച്ചു. കണ്ണൂർ സർവ്വകലാശാലയുടെ 05.07.2018 ലെ PLD/E2/6492/Dept/Hist Heritage Studies/2016 നം ഉത്തരവു പ്രകാരം, SILK സമർപ്പിച്ച 9,44,690/- രൂപയുടെ പ്രവൃത്തി ബിൽ സർവ്വകലാശാല അംഗീകരിക്കുകയും മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 3,80,821/- രൂപ കിഴിച്ച് പ്രവർത്തി പൂർത്തിയാക്കാൻ വൈകിയതിനുള്ള 5,000 രൂപ പിഴയും IT, VAT, LWF ഇനത്തിൽ 58,512/- രൂപയും ഈടാക്കിയതിനുശേഷം വൗച്ചർ നം. - 1049/28.07.2018 പ്രകാരം 5,00,357/- രൂപ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ SILK ന് അനുവദിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

എ). <u>അംഗീകരിച്ച എസ്റ്റിമേറ്റിലെ തുകയേക്കാൾ കൂടുതൽ തുക കരാറുകാരന് അനുവദിച്ചു</u>

സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK,അഴീക്കൽ) സമർപ്പിച്ച 7,61,642/-രൂപ യുടെ എസ്റ്റിമേറ്റ് സർവ്വകലാശാല അംഗീകരിച്ച് ഭരണാനുമതി നൽകിയതിന് ശേഷം പ്രവൃത്തി പൂർത്തീകരിച്ച് 7,61,642/-രൂപ യുടെ പ്രവൃത്തി ബിൽ (ടാക്സ് ഒഴികെ)സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കണ്ണൂർ സർവ്വകലാശാലയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്തതും സർവ്വകലാശാല ഭരണാനുമതി നൽകാത്തതുമായ 1,83,048/- രൂപയുടെ അധിക പ്രവൃത്തിയുടെ ബിൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, കണ്ണൂർ സർവ്വകലാശാലയ്ക്ക് പിന്നീട് സമർപ്പിക്കുകയും, സർവ്വകലാശാല സിൻഡിക്കേറ്റിന്റെ 09.02.2018 ലെ 2018.099 നം. തീരുമാന പ്രകാരം സർവ്വകലാശാലയുടെ അനുമതിയില്ലാതെ നടത്തിയ 1,83,048/- രൂപയുടെ അധിക പ്രവൃത്തിക്ക് അംഗീകാരം നൽകുകയും ടാക്സ് കിഴിച്ച് ആകെ 8,81,178/-രൂപ (3,80,821+5,00,357) അനുവദിക്കുകയും ചെയ്തു. എന്നാൽ 24.06.2016 തീയതിയിൽ SILK അധികൃതരുമായി സർവ്വകലാശാല ചമച്ച കരാറിൽ സർവ്വകലാശാല അംഗീകരിച്ച എസറ്റിമേറ്റ് തുക മാത്രമേ അനുവദിക്കു എന്ന് വ്യക്തമാക്കിയിട്ടുണ്ട് (Serial no. 3 of agreement). കൂടാതെ അനുവദിക്കുന്ന തുകയിൽ നിന്നും നിയമാനുസൃതമായ കിഴിവുകൾ കഴിച്ച് മാത്രമേ തുക അനുവദിക്കു എന്നും വ്യക്തമാക്കിയിട്ടുണ്ട് (Serial no. 9 of agreement). ആയതു പ്രകാരം സർവ്വകലാശാല SILKന്ന് അനുവദിക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം :7,05,223.64

| | |
|---|---|
| സെന്റേജ് ചാർജ് @ 8% | : 56,417.891 |
| ആകെ | : 7,61,641.53 (rounded to 7,61,642) |
| (-) IT @ 2 % | : 15,232.84 (2% of 7,61,642) |
| (-) VAT @ 4 % | : 28,208.94 (4 % of 7,05,223.64) |
| (-) LWF @ 1% | : 7,052.23 (1 % of 7,05,223.64) |
| ആകെ അനുവദിക്കാവുന്ന തുക | : 7,11,147.99 |
| | : |

എന്നാൽ 7,11,147.99/- രൂപ അനുവദിക്കുന്നതിന് പകരം അധിക പ്രവർത്തിയുടെ ചെലവ് (1,83,048) കൂടി കണക്കിലെടുത്ത് 8,81,178/-രൂപ യാണ് SILK ന് അനുവദിച്ചിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാതെയും സർവകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെയും അധിക പ്രവൃത്തി നടത്തുകയും മേൽ കാണിച്ച പ്രകാരം കരാർ തുകയേക്കാൾ അധികമായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK, അഴീക്കൽ) ന് തുക അനുവദിച്ചത് കേരള പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2111ലെ വ്യവസ്ഥകളുടെ ലംഘനമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 9/18.11.2019) ലഭ്യമാക്കിയ മറുപടിയിൽ വൈസ് ചാൻസലറുടെ നിർദ്ദേശ പ്രകാരം ചില പ്രവൃത്തികൾ ഈ ഏജൻസി വഴി നേരിട്ട് നിർവ്വഹിച്ചതിനാൽ അതു കൂടി ഉൾപ്പെടുത്തി ബിൽ സമർപ്പിച്ചതിനാലാണ് ഇത്തരത്തിൽ സംഭവിച്ചത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത് പ്രസ്തുത മറുപടി തൃപ്തികരമല്ല.സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ നടത്തിയ 1,83,048/- രൂപയുടെ അധിക പ്രവർത്തിക്ക് സർവ്വകലാശാല ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

ബി). മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ പ്രവർത്തി മൂല്യത്തേക്കാൾ കൂടുതൽ തുക അനുവദിച്ച

ഐറ്റം നം. 10

Providing and fixing glass boxes 4 mm thick എന്ന പ്രവർത്തി, മെഷർമെന്റ് ബുക്ക് പ്രകാരം (എം. ബുക്ക് പേജ് നം. 42 മുതൽ 46 വരെ) ആകെ അളവ് 20.3362 M2 ആണ്. എന്നാൽ ബില്ലിൽ 218.614M2 ആണ് അളവ് രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നത്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽ പ്രകാരം | | | മെഷർമെന്റ് ബുക്ക് പ്രകാരം | | | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| ആകെ അളവ് | നിരക്ക്/ മീ$^2$ | ആകെ തുക | ആകെ അളവ് | നിരക്ക്/ മീ$^2$ | ആകെ തുക | |
| 218.614M2 | 65 | 14,209.91 | 20.3362M2 | 65 | 1,321.853 | 12,888.057 |

മേൽ കാണിച്ച പ്രകാരം അധികമായി തുക അനുവദിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 9/18.11.2019), 65 രൂപ സ്ക്വയർ ഫീറ്റ് നിരക്കാണെന്നും, 65 രൂപ /സ്ക്വയർ മീറ്റർ എന്നത് ക്ലറിക്കൽ എറർ ആണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റിൽ 65 രൂപ /സ്ക്വയർ മീറ്റർ റേറ്റ് അംഗീകരിച്ചതിന് ശേഷം ബില്ലിൽ 65 രൂപ/ സ്ക്വയർ ഫീറ്റ് നിരക്കിൽ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല. പ്രസ്തുത ഐറ്റത്തിന്റെ (ഐറ്റം നം. 10) ഡാറ്റ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. എസ്റ്റിമേറ്റ് വ്യക്തമായി പരിശോധിച്ച് അംഗീകൃത നിരക്കിലാണ് തുക രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

കേരള പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2109 പ്രകാരം, ഓവർസിയർ/ എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ മേലുദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പുവച്ചതിന് ശേഷം മാത്രമേ തുക അനുവദിക്കാവൂ എന്നും, ഓവർസിയർ/ എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ അസി.എഞ്ചിനീയർ റാങ്കിൽ കുറയാത മേലുദ്യോഗസ്ഥൻ ചെക്ക് മെഷർമെന്റ് ചെയ്യണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ സർവ്വകലാശാല എഞ്ചിനീയറിങ്ങ് വിങ്ങ് പ്രവർത്തിയുടെ മെഷർമെന്റ് / ചെക്ക് മെഷർമെന്റ് നിർവ്വഹിച്ചിട്ടില്ല. മെഷർമെന്റ് ബുക്കിലെ പ്രവർത്തിയുടെ അളവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെയും ചെക്ക് മെഷർമെന്റ് നടത്താതെയും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK, അഴീക്കൽ) ന്ന് തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. ഇക്കാര്യം തുടർനടപടികൾക്കായി സർവ്വകലാശാല സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സി) <u>പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് പിഴ ഈടാക്കിയതിൽ കുറവ്</u>

മാങ്ങാട്ടുപറമ്പ കാമ്പസിലെ ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ് മ്യൂസിയത്തിന്റെ അലൂമിനിയം പാർട്ടീഷൻ പ്രവർത്തിക്കായി, 24.06.2016 തീയതിയിൽ SILK അധികൃതരുമായി സർവ്വകലാശാല ചമച്ച കരാർ പ്രകാരം കരാർ ചമച്ച തീയതി മുതൽ/ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച തീയതി (latest date) മുതൽ 2 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട് (Serial no 6 of agreement ആയതു പ്രകാരം 11.09.2016 നകം പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 04.04.2017 നാണ് പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നത് (നോട്ട് ഫയൽ പേജ് നം -19). പ്രവർത്തി പൂർത്തിയാക്കിയാൻ വൈകിയതിന് 5,000/- രൂപ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് ൽ നിന്നും സർവ്വകലാശാല ഈടാക്കിയിട്ടുണ്ട്. എന്നാൽ കേരള പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2,116.1 പ്രകാരം കരാറുകാരൻ കരാർ തീയതിക്കകം പ്രവർത്തി പൂർത്തിയാക്കാത സാഹചര്യത്തിൽ പ്രവർത്തി പൂർത്തിയാക്കാൻ വൈകുന്ന ഓരോ ആഴ്ചയിലും കരാർ തുകയുടെ 0.1 % വരുന്ന തുക (Maximum 10% of PAC) കരാറുകാരനിൽ നിന്നും ഈടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതു പ്രകാരം കരാറുകാരനിൽ(SILK) നിന്നും ഈടാക്കേണ്ട തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയതി | : 12.07.2016 |
| കരാർ പ്രകാരം പൂർത്തിയാക്കേണ്ട തീയതി | : 11.09.2016 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | : 04.04.2017 |
| പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയ കാലയളവ് (ആഴ്ചയിൽ) | : 29 ആഴ്ച |
| ഈടാക്കേണ്ട പിഴ | : 2.9 % of 7,61,642 |
| | := 22,087.618 |

കരാറുകാരനിൽ നിന്നും 22,088/- ഈടാക്കേണ്ടതിനു പകരം 5,000/- രൂപ മാത്രം ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 9/18.11.2019) ലഭ്യമാക്കിയ മറുപടിയിൽ SILK എന്ന സ്ഥാപനം കേരള സർക്കാരിന് കീഴിലുള്ള PMC ആണെന്നും അവർക്ക് ടെൻഡറിലൂടെ പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുവാനുള്ള അധികാരമുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.എന്നാൽ പ്രസ്തുത പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കാതെ SILK നേരിട്ടാണ് (As Non PMC) നിർവ്വഹിച്ചിട്ടുള്ളത്. കൂടാതെ പ്രവൃത്തി നിർദിഷ്ട സമയത്തിനകം പൂർത്തിയാക്കാത പക്ഷം PWD നിയമ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണെന്ന് കരാറിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ സർവ്വകലാശാലയുടെ മറുപടി

ഓഡിറ്റ് അംഗീകരിക്കുന്നില്ല. പിഴ ഈടാക്കുന്നതിൽ കുറവ് വന്ന 17,088/- രൂപ (22,088-5,000=17,088)കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ നടത്തിയ 1,83,048/- രൂപയുടെ അധിക പ്രവൃത്തിക്ക് സർവ്വകലാശാല ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതും, സർവ്വകലാശാല എഞ്ചിനീയറിങ്ങ് വിങ്ങ് പ്രവർത്തിയുടെ മെഷർമെന്റ് / ചെക്ക് മെഷർമെന്റ് നിർവ്വഹിക്കാതെ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK, അഴീക്കൽ) ന്ന് തുക അനുവദിച്ചതും ക്രമപ്രകാരമല്ല. ആയതിനാൽ ഹിസ്റ്ററി മ്യൂസിയം അലൂമിനിയം പാർട്ടീഷൻ പ്രവൃത്തിക്കായി ചെലവഴിച്ച 9,44,690/- രൂപ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ മരാമത്ത് ചട്ടങ്ങൾ പാലിച്ചുമാത്രം മരാമത്ത് പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് സർവ്വകലാശാല അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 പാലയാട് ക്യാമ്പസിലെ ചുറ്റുമതിൽ പുനർ നിർമാണവും പാർക്കിങ്ങ് സ്ഥല സജ്ജീകരണവും – അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ നിരക്കിൽ തുക അനുവദിച്ചു,മരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല

ഫയൽ നം. - Pl.D/E2/NAAC ACCREDITATION/2015(ii)

വൗച്ചർ നം. - 3957/30.03.2019

എസ്റ്റിമേറ്റ് തുക – 31,50,000/-

എഗ്രിമെന്റ് തുക – 31,50,000/-

കണ്ണൂർ സർവ്വകലാശാല പാലയാട് ക്യാമ്പസിലെ കോമ്പൗണ്ട് വാൾ പുനർ നിർമാണവും പാർക്കിങ്ങ് സ്ഥല സജ്ജീകരണവും എന്ന പ്രവർത്തിക്കായി 04.12.2015 ലെ KNK/1598/2015 നമ്പർ കത്തു പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്ര, കണ്ണൂർ സമർപ്പിച്ച 31,50,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും (നോട്ട് ഫയൽ ഖണ്ഡിക നം. 172) ആറ് മാസത്തിനകം പ്രവർത്തി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ 05.01.2016 തീയതിയിൽ ടി സ്ഥാപനവുമായി കരാർ ചമയ്ക്കുകയും ചെയ്തിരുന്നു.പ്രസ്തുത പ്രവർത്തിക്കായി 05.01.2016 ലെ Pl.D/E2/NAAC ACCREDITATION/2015(ii) നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി 6,17,400/- രൂപയും(ടാക്സ് ഉൾപ്പെടെ 6,30,000/-) 13.12.2016 ലെ Pl.D/E2/NAAC ACCREDITATION/2015(ii) നം. ഉത്തരവു പ്രകാരം 2nd അഡ്വാൻസായി 5,49,036 രൂപയും(ടാക്സ് ഉൾപ്പെടെ 6,24,232/-) ജില്ലാ നിർമ്മിതി കേന്ദ്ര, കണ്ണൂർ ന് അനുവദിച്ചിട്ടുണ്ട്. തുടർന്ന് 09.03.2018 ലെ KNK/1598/2015നം കത്തു പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്ര, കണ്ണൂർ സമർപ്പിച്ച 17,14,000/- രൂപയുടെ ഫൈനൽ ബിൽ 05.08.2018 ലെ Pl.D/E2/NAAC ACCREDITATION/2015 നം. സർവ്വകലാശാല ഉത്തരവു പ്രകാരം അംഗീകരിക്കുകയും ടി സ്ഥാപനത്തിന് മുൻപ് അനുവദിച്ച അഡ്വാൻസ്, ടാക്സ് എന്നിവ കിഴിച്ച് 27.03.2019 ലെ Pl.D/E2/NAAC ACCREDITATION/2015 നം ഉത്തരവ് പ്രകാരം 4,36,780/- രൂപ അനുവദിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ)ഡി.എസ്.ആർ. 2014 നിരക്കിനേക്കാൾ കൂടുതൽ നിരക്കിൽ തുക അനുവദിച്ചു.

09.03.2018 ലെ KNK/1598/2015 നമ്പർ കത്തു പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്ര, കണ്ണൂർ സമർപ്പിച്ച 17,14,000/- രൂപയുടെ ഫൈനൽ ബില്ലിലെ E5 സീരിയൽ നം. പ്രകാരമുള്ള Reinforced cement concrete work in beams, suspended floors etc upto floor level എന്ന ഇനത്തിന്റെ

യൂണിറ്റ് നിരക്ക് 7372.39 + 37.14 % ആയാണ് രേഖപ്പെടുത്തിയിരിക്കുന്നതും ആ നിരക്കിലാണ് സർവ്വകലാശാല തുക അനുവദിച്ചതായും കാണുന്നത്. എന്നാൽ ഡി.എസ്.ആർ. 2014 പ്രകാരം പ്രസ്തുത ഇനത്തിന്റെ യൂണിറ്റ് നിരക്ക് 6,778.20 (37.14% കോസ്റ്റ് ഓഫ് ഇൻഡക്സ് ഉൾപ്പെടാതെ) ആണ്. ഇപ്രകാരം അധികമായി അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഐറ്റം കോഡ് | ഫൈനൽ ബിൽ പ്രകാരം | | | ഡി.എസ്.ആർ. 2014 പ്രകാരം | | | അധികം അനുവദിച്ച തുക | അധികം അനുവദിച്ച തുക (5.6 % സർവ്വീസ് ടാക്സ് ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|
| | ആകെ അളവ് | നിരക്ക്/ ക്യു.മീ | ആകെ തുക | ആകെ അളവ് | നിരക്ക്/ ക്യു.മീ | ആകെ തുക | | |
| 5.3 | 12.34 | 7,372.39 + 37.14 % of 7372.39 | 1,24,763.52 | 12.34 | 6,778.20 + 37.14 % of 6,778.20 | 1,14,708 | 10,056 (1,24,764 -1,14,708) | 10,619 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 16/30.11.2019) ലഭ്യമാക്കിയ മറുപടിയിൽ ഡി.എസ്.ആർ. 2014 ലെ 5.3 ഐറ്റം പ്രകാരമുള്ള 1:2:4 റേഷ്യവിലുള്ള കോൺക്രീറ്റ് മിശ്രിതത്തിന്നു പകരം 1:11/2:3 റേഷ്യവിലുള്ള കോൺക്രീറ്റ് മിശ്രിതമാണ് പ്രസ്തുത പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെന്നും ആയതിനാൽ പുതക്കിയ observed data പ്രകാരമാണ് ബിൽ തയ്യാറാക്കിയിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഡി.എസ്.ആർ. 2014 ൽ Reinforced cement concrete work in beams, suspended floors etc upto floor level (ഐറ്റം കോഡ് 5.3) എന്ന ഡാറ്റ ഉൾപ്പെട്ടതിനാൽ observed data തയ്യാറാക്കി പ്രവർത്തി നിർവ്വഹിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.ആയതിനാൽ അധികമായി അനുവദിച്ച 10,619/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ബി) അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു

09.03.2018 ലെ KNK/1598/2015നം. കത്തു പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്ര,കണ്ണൂർ സമർപ്പിച്ച 17,14,000/- രൂപയുടെ ഫൈനൽ ബില്ലിൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത/ അംഗീകരിച്ച എസ്റ്റിമേറ്റിൽ കൂടുതലായുള്ള താഴെ പറയുന്ന ഇനങ്ങൾക്ക് തുക അനുവദിച്ചതായി കാണുന്നു.
എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ

| l No. | Item Code | Brief description of the item | Quantity of work | Total Amount |
|---|---|---|---|---|
| E1 | 15.9 | Demolishing stone rubble masonary | 32.71m3 | 40,365.92 |
| E2 | 7.1 | Random rubble masonary with hard stone | 30.67m3 | 1,09,285 |
| E3 | 50.60.7.1 | Laterite masonary using neatly dressed best quality stone | 17.62m3 | 35,760.50 |
| E4 | 5.9 | Centering and shuttering | 66.43m2 | 30,259.57 |

| | | | | |
|---|---|---|---|---|
| E5 | 5.3 | Reinforced cement concrete work in beams, suspended floors etc | 12.34m3 | 1,24,763.52 |
| E6 | 13.43 | Applying one coat of water thinnable cement primer | 479.12m2 | 23,555.79 |
| E7 | 13.60 | Wall painting with acylic emulsion | 479.12m2 | 52,893.75 |
| ആകെ | | | | 4,16,884.05 |
| 6% സർവ്വീസ് ടാക്സ് ഉൾപ്പെടെ ആകെ | | | | 4,41,897 |

അംഗീകരിച്ച എസ്റ്റിമേറ്റിൽ കൂടുതൽ അളവിൽ പ്രവർത്തി നിർവ്വഹിച്ചതിന്റെ വിവരങ്ങൾ

| Si No | Item Code | Brief description of the item | Quantity of work as per esimate | Total Amount as per esimate | Quantity of work as per final bill | Total Amount as per final bill | Excess amount |
|---|---|---|---|---|---|---|---|
| 17 | 5.22 | Steel reinforcement for RCC work | 462Kg | 43,147 | 757.01 | 70,698.66 | 27,551.66 |

പി.ഡബ്ല്യ.ഡി. മാന്വൽ 2012, സെക്ഷൻ 2111 പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടാത Extra items മരാമത്ത് പ്രവർത്തിയിൽ ഉൾപ്പെടുന്ന സാഹചര്യത്തിലും, കരാർ പ്രകാരം അംഗീകരിച്ച ഒരു പ്രവർത്തി ഇനത്തിൽ 25% അധികമായി വരുന്ന സാഹചര്യത്തിലും, ആയത് കരാർ ചമച്ച അധികാരിയുടെ അനുമതിയോടുകൂടി മാത്രമേ നിർവ്വഹിക്കാവൂ എന്നും ആയതിന്റെ നിരക്ക് കരാർ ചമച്ച അധികാരി നിശ്ചയിച്ചതിന് ശേഷമേ അനുവദിക്കാവൂ എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ മേൽ കാണിച്ച അധിക പ്രവർത്തിക്ക് സർവ്വകലാശാലയുടെ അനുമതി വാങ്ങിച്ചതിന്റെയോ/ അനുമതി നൽകിയതിന്റെയോ/ നിരക്ക് നിശ്ചയിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.പ്രസ്തുത കാര്യത്തിൽ സർവ്വകലാശാല ഉചിതമായ നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. ഭാവിയിൽ മരാമത്ത് ചട്ടങ്ങൾ പാലിച്ചുമാത്രം മരാമത്ത് പ്രവർത്തികൾ നിർവഹിക്കുന്നത് സർവ്വകലാശാല അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

സി) <u>പ്രവ്യത്തി പൂർത്തിയാക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല.</u>

കണ്ണൂർ സർവ്വകലാശാല പാലയാട് ക്യാമ്പസിലെ കോമ്പൗണ്ട് വാൾ പുനർ നിർമാണവും & പാർക്കിങ്ങ് സ്ഥല സജ്ജീകരണവും എന്ന പ്രവ്യത്തിക്കായി ജില്ലാ നിർമ്മിതി കേന്ദ്ര, കണ്ണൂർ എന്ന സ്ഥാപനവുമായി ചമച്ച കരാർ പ്രകാരം കരാർ ചമച്ച തീയതി മുതൽ/ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച തീയതി മുതൽ (Later date) ആറ് മാസത്തിനകം പ്രവ്യത്തി പൂർത്തിയാക്കണമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. ആയത് പ്രകാരം 09.07.2016 തീയ്യതിക്കകം പ്രവ്യത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവ്യത്തി പൂർത്തിയാക്കിയ തീയതി 30.03.2017 എന്നാണ് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് (നോട്ട് ഫയൽ ഖണ്ഡിക നം. 390) മെഷർമെന്റ് ബുക്ക് ഹാജരാക്കാത്തതിനാൽ പ്രവ്യത്തി പൂർത്തീകരിച്ചതിന്റെ ആധീകാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പി.ഡബ്ല്യ.ഡി. മാന്വൽ 2012, സെക്ഷൻ 2112 പ്രകാരം, കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യത്തിൽ കരാർ തീയതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാർ തീയ്യതിക്കകം തന്നെ കരാറുകാരൻ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കരാറുകാരൻ കരാർ തീയതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകാത്ത സാഹചര്യത്തിൽ പി.ഡബ്ല്യ.ഡി മാന്വൽ 2012, സെക്ഷൻ 2116.1 പ്രകാരമുള്ള പിഴ ഈടാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കരാറുകാരൻ കരാർ തീയതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നിശ്ചിത തീയ്യതിക്കകം സമർപ്പിച്ചതിന്റെയോ, സർവ്വകലാശാല പിഴ ഈടാക്കിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഡി) മെഷർമെന്റ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

മെഷർമെന്റ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പ്രവർത്തിയുടെ അളവ്/തുക നിശ്ചയിച്ചതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ആയതിനാൽ പ്രവർത്തിക്കായി ചെലവഴിച്ച 17,03,381/- രൂപ(നിരാകരിച്ച 10,619/- രൂപ കിഴിച്ച്) തടസ്സപ്പെടുത്തുന്നു.

## 3-17 കണ്ണൂർ സർവ്വകലാശാല മഞ്ചേശ്വരം ക്യാമ്പസ്-കുഴൽ കിണർ നിർമ്മാണ പ്രവൃത്തി ഉപേക്ഷിച്ചു-കുഴൽ കിണർ നിർമ്മാണ പ്രവൃത്തിക്കായി ഭൂജല വകുപ്പിന് കൈമാറിയ 92450/- രൂപ തിരികെ ഈടാക്കിയില്ല.

ഫയൽ നം. : Pl.D/E1/8388/IIL Civil works/MANJ/CAMPUS/2012
വൗച്ചർ നം. : 557/19.06.2018
തുക : 92,450

കണ്ണൂർ സർവ്വകലാശാല മഞ്ചേശ്വരം ക്യാമ്പസിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല സർവ്വെ നടത്തുന്നതിനായി 2016 വർഷത്തിൽ 1,750/- രൂപ ഭൂജല വകുപ്പിന് ഒടുക്കുകയും (ടി.ആർ. 5 രശീതി നം. - 0558004/21.03.2016) ആയതു പ്രകാരം ഭൂജല വകുപ്പ് കാസറഗോഡ് ജില്ലാ ഓഫീസറുടെ 06.06.2016 ലെ GWK/293/2016 നം. കത്തു പ്രകാരം പ്രസ്തുത സ്ഥലം കുഴൽ കിണർ നിർമ്മിക്കുന്നതിന് സാധ്യമാണെന്ന സാങ്കേതിക സാധ്യതാ പഠന റിപ്പോർട്ടും, നിർമ്മാണ പ്രവൃത്തിക്കുവേണ്ടി 92,450/- രൂപയുടെ എസ്റ്റിമേറ്റും സമർപ്പിച്ചിരുന്നു. മേൽ എസ്റ്റിമേറ്റ് കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസിലർ അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ആയതിനാൽ കരാർ ചമച്ച് പ്രവൃത്തി ഉടൻ ആരംഭിക്കണമെന്നും കാണിച്ച് 21.07.2016 ലെ Pl.D/E1/8388/IIL Civil works/Manj/Campus/2012 നം. കത്ത് പ്രകാരം സർവ്വകലാശാല, ഭൂജല വകുപ്പ് കാസറഗോഡ് ജില്ലാ ഓഫീസർക്ക് കത്തു നൽകുകയും ചെയ്തിരുന്നു. തുടർന്ന് ഈ ആവശ്യത്തിലേക്കായി 01.06.2018 ലെ PLD/E1/8388/IIL Civil Works/ Manj/Campus/2012 നം ഉത്തരവു പ്രകാരം 92,450/- രൂപ ഭൂജല വകുപ്പ് കാസറഗോഡിന്, സർവ്വകലാശാല അനുവദിക്കുകയും ചെയ്തു.

എന്നാൽ പ്രസ്തുത പ്രവൃത്തിക്കായി കരാർ ചമയ്ക്കുകയോ ആയത് പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികളോ സർവ്വകലാശാല സ്വീകരിച്ചിരുന്നില്ല. കുടിവെള്ളം കിട്ടാനുള്ള സാധ്യത കുറവായതിനാൽ കുഴൽ കിണർ നിർമ്മാണ പ്രവർത്തിക്ക് പകരം തുറന്ന കിണർ കുഴിക്കുന്നതിന് സർവ്വകലാശാല തീരുമാനിച്ചതായും ആയതിന് സംയുക്ത പരിശോധന നടത്തുന്നതിന് സൗകര്യപ്രദമായ തീയതി അറിയിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് PLD/E1/14808/2019(1) തീയതി 16.08.2019 നമ്പർ കത്തു പ്രകാരം കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ, കാസറഗോഡ് ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് പിന്നീട് കത്തയച്ചിരുന്നു.

കുഴൽ കിണർ നിർമ്മാണ പ്രവർത്തി സർവ്വകലാശാല ഉപേക്ഷിച്ചിട്ടും ഭൂജല വകുപ്പ് കാസറഗോഡിന് 01.06.2018 ലെ PLD/E1/8388/IIL Civil Works/ Manj/Campus/2012 നം. ഉത്തരവു പ്രകാരം

അനുവദിച്ച 92,450/- രൂപ റീഫണ്ട് ചെയ്യുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ പണം അനുവദിച്ച് ഒന്നരവർഷം കഴിഞ്ഞിട്ടും സർവ്വകലാശാല അധികൃതർ സ്വീകരിച്ചിരുന്നില്ല.
മേൽ കാര്യത്തിൽ സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള മറുപടി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് ഒബ്ജക്ഷൻ നം. 17/12.12.2019), 92,450/- രൂപ റീഫണ്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത്. 92,450/- രൂപ ഇതുവരെയായി സർവ്വകലാശാല ഫണ്ടിലേയ്ക്ക് തിരികെ ലഭിക്കാത്തതിനാൽ കുഴൽ കിണർ നിർമ്മിക്കുന്നതിന്നായി ഭൂജല വകുപ്പ് കാസറഗോഡിന് കൈമാറിയ 92,450/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. 92,450/- രൂപ ഭൂജല വകുപ്പിൽ നിന്നും റീഫണ്ട് ചെയ്യുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോ സയൻസ് (ഐ.യു.സി.ബി)- പ്രവർത്തനങ്ങളിലെ അപാകങ്ങൾ

(എ) 2018-19 വർഷത്തിൽ സർക്കാർ വിഹിതമായി ലഭിച്ച 25 ലക്ഷം രൂപ വിനിയോഗിച്ചിട്ടില്ല.

ഫയൽ നം. RD/C4/13138/09 വോള്യം III

കേരള ഹയർ എഡ്യൂക്കേഷൻ ഡിപാർട്ടുമെന്റിന്റെ 24/03/2010 ലെ ജി.ഒ.ആർ.ടി. നമ്പർ 610/10 /എച്ച്/എഡ്യൂക്കേഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിലും കണ്ണൂർ സർവകലാശാല തീരുമാനം നംപർ 2010.215 പ്രകാരവും, യു.ഒ.നം.അക്കാദമിക് ബി3-13/38/09(1) തീയ്യതി: 13/12/2010 പ്രകാരവും പ്ലാൻഫണ്ട് തുക 4കോടി രൂപ അനുവദിച്ച് കണ്ണൂർ സർവകലാശാല യുടെ പാലയാട് കാമ്പസിൽ 2010 ൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോസയൻസസ് (IUCB)രൂപീകരിക്കുകയുണ്ടായി. 2018-19 വർഷത്തിൽ വകുപ്പിന്റെ ചുമതലയുള്ള ഡയരക്ടർ ശ്രീ.എം.ഹരിദാസ് ആണ്.
ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോസയൻസസ് (IUCB) ന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ കാണിച്ചവയാണ്.

1. To provide excellent research and teaching to persons of outstanding abilities
2. To develop a new model for fruitful research & education
3. To provide continuing education programmes for faculty/scholars
4. To organise conferences, seminars, workshops and such other activities
5. To take all steps to exploit the knowledge generated in the institution for the benefit of the society.

2018-19 വർഷത്തിൽ ഹയർ എഡ്യൂക്കേഷൻ ഡിപാർട്ട്മെന്റിന്റെ 28/6/2018 ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി)നം. 1279/2018/എച്ച്ഇഡിഎൻ പ്രകാരം 25 ലക്ഷം രൂപ യുടെ അനുമതി ലഭ്യമായിട്ടുണ്ട്. ആയത് സംബന്ധിച്ച എസ്റ്റിമേറ്റ് താഴെ കാണിച്ച വിധമാണ്.

| പ്രൊപോസൽ | എസ്റ്റിമേറ്റ് |
|---|---|
| റിപയർ & മെയിന്റനൻസ് | 17 ലക്ഷം |
| ഡയറക്ടറുടെ ഹോണറേറിയം | 2.4 ലക്ഷം |
| വിസിറ്റിങ് സയന്റിസ്റ്റ് | 50,000 |
| കെമിക്കൽ, കൺസ്യൂമബിൾ എക്സ്പെൻസസ് | 6ലക്ഷം |
| ആകെ തുക | 25.9ലക്ഷം |
| അംഗീകരിച്ച തുക | 25ലക്ഷം |

പ്രസ്തുത തുകയായ 25 ലക്ഷംരൂപ 21.12.2018 ന് സർവകലാശാല ഫണ്ടായ PSTSB Account ലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുക വിനിയോഗിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാനായി റിസർച്ച് ഡയറക്ടറേറ്റ്, ആസൂത്രണ വികസന വിഭാഗം എന്നിവയ്ക്ക് 01.01.2019 ന് ധനകാര്യ വിഭാഗത്തിൽ നിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ മേൽതുക തുക IUCB ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയോ 2018-19 വർഷം പദ്ധതി ആസൂത്രണം ചെയ്ത് തുക വിനിയോഗിക്കുകയോ ചെയ്തിട്ടില്ല.

വകുപ്പ് തയ്യാറാക്കിയ പഞ്ച വത്സര ബജററ് എസ്റ്റിമേറ്റ് (five year plan estimate-2017-22) പ്രകാരം 2018-19 വർഷത്തിൽ ആകെ 53,00,000/-രൂപയുടെ പ്രതീക്ഷിത ചെലവ് ആണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ കണ്ണൂർ സർവകലാശാലയുടെ 2018-19 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 10 കോടി രൂപയാണ് IUCBയുടെ പ്രതീക്ഷിത ചെലവ്. പാലയാട് ക്യാമ്പസിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോസയൻസസ് (IUCB) വകുപ്പിന്റെ എസ്. ബി. ഐ. ബാങ്ക് അക്കൗണ്ട് നംപർ 67111080359 ൽ 2018-19 വർഷത്തിൽ 8,41,940/- രൂപ മുന്നിരിപ്പ് തുകയുണ്ട്. പലിശ ഇനത്തിലെ 1,479 രൂപ മാത്രമാണ് വരവ്. ആകെ ഒരു റിസർച്ച് സ്കോളർക്ക് ഫെല്ലോഷിപ്പ് ഇനത്തിൽ അനുവദിച്ച 8,35,200/- രൂപയും, ആനിമൽ ഹസ്ബന്ററി വേതനമിനത്തിൽ അനുവദിച്ച 4,500/-രൂപയുമടക്കം ആകെ 8,39,700/- രൂപ മാത്രമാണ് ചെലവായ തുക. വകുപ്പിലെ പാസ്ബുക്ക്/ കാഷ്ബുക്ക പ്രകാരമുള്ള സാമ്പത്തിക നില ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8,41,940 |
| വരവ് | 1,479 |
| ആകെ | 8,43,419 |
| ചെലവ് | 8,39,700 |
| നീക്കിയിരിപ്പ് | 3,719 |

2018-19വർഷത്തെ പ്രതീക്ഷിത ചെലവിന്റെ 10% പോലും ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി 27/9/2019ന് പുറപ്പെടുവിച്ച കെ.എസ്.എ/കെ.എൻ.യു/യു.4/213 /2019(38) നമ്പർ ഓഡിറ്റ് നോട്ടിൽ ആവശ്യപ്പെട്ടിരുന്നതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല .

2018-19 വർഷത്തെ സർക്കാർ വിഹിതമായ 25 ലക്ഷം രൂപ 21/12/2018 ന് തന്നെ സർവകലാശാലയക്ക് തുക ലഭ്യമായിട്ടും വകുപ്പിന് കൈമാറുകയോ തുക യഥാവിധി ചെലവഴിക്കുകയോ ചെയ്യാത്തത് ക്രമപ്രകാരമല്ല. സർക്കാർ വിഹിതം ലഭ്യമാകുന്ന സാഹചര്യത്തിൽ ബജറ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി തുക ചെലവഴിക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

<u>(ബി) സ്പെക്ട്രോമീറ്റർ പർച്ചേസ്- ഡെമറേജ് ചാർജ് അനുവദിച്ചത് ക്രമപ്രകാരമല്ല</u>

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോസയൻസ്, തലശ്ശേരി ക്യാമ്പസിലേക്ക് മാസ് സ്പെക്ട്രോമീറ്റർ പർച്ചേസ് ചെയ്യുതുമായി ബന്ധപ്പെട്ട് ₹98,725 രൂപ ഐ.യു.സി.ബി ഡയറക്ടർ ഡെമറേജ് ചാർജ് ഒടുക്കിയിരുന്നു. ഈയിനത്തിലെ ചെലവ് തുക സിൻഡിക്കേറ്റ് അംഗീകരിച്ച് സർവ്വകലാശാല ഉത്തരവു പുറപ്പെടുവിക്കുകകയും ചെയ്തു. (24.06.2019 ലെ RD/C4/13138/09 Vol.IIIനം ഉത്തരവ്). എന്നാൽ ഫയലുകൾ (നം. RD/C4/13138/09 Vol. II & Vol.III) പരിശോധിച്ചതിൽ പെയ്മെന്റ് നൽകുന്നതിലുണ്ടായ കാലതാമസമാണ് ഡെമറേജ് ചാർജ് ഒടുക്കുവാനും അധിക ചെലവ് ഉണ്ടാകുന്നതിനും പ്രധാന കാരണമായതെന്ന് കാണുന്നു. പെയ്മെന്റ് നടത്തുവാൻ കാലതാമസം വരുത്തിയതിന് ഉത്തരവാദികളായവരിൽ നിന്നാണ് ഡെമറേജ് ചാർജ്

ഈടാക്കേണ്ടിയിരുന്നത്. ഇതിനു പകരം സർവ്വകലാശാല ഫണ്ടിൽ നിന്നും ഡെമറേജ് ചാർജ് അടവാക്കിയത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരത്തിലുള്ള പിഴവുകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-19 സിംഗിൾ വിൻഡോ അഡ്മിഷൻ -സോഫ്റ്റ്‌വെയർ രൂപകൽപ്പനയുമായി ബന്ധപ്പെട്ട വിവിധ അപാകങ്ങൾ

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളജുകളിൽ UG, PG കോഴ്സുകളിലേക്ക് പ്രവേശനത്തിനുവേണ്ടി 2015 മുതൽ സിംഗിൾ വിൻഡൊ (ഓൺലൈൻ) അഡ്മിഷൻ ആരംഭിച്ചിരുന്നു. ഇതിനാവശ്യമായ സോഫ്റ്റ് വെയർ കണ്ണൂർ സർവ്വകലാശാല സ്വന്തമായി രൂപകൽപ്പന ചെയ്തിട്ടില്ലാത്തതിനാൽ 2015-2016 മുതൽ 2017-2018 വരെയുള്ള കാലയളവിൽ അഡ്മിഷൻ പ്രവർത്തിക്കു കേരള സർവ്വകലാശാലയുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കുകയും കൺസൾട്ടൻസി ചാർജായി കേരള സർവ്വകലാശാലയ്ക്ക് നൽകുന്നതിന്നായി താഴെ പറയും പ്രകാരം ഒരു കോടിയിലധികം രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു.

| വർഷം | തുക |
|---|---:|
| 2015-16 | 25,42,317 |
| 2016-17 | 27,22,546 |
| 2017-18 | 53,17,191 |
| ആകെ | 1,05,82,054 |

മേൽ ആവശ്യത്തിലേക്കായി സ്വന്തമായി സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനായി കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിക്കുകയും (09.06.2017ലെ 2017/392 നം. തീരുമാനം) 23,45,000/- രൂപയുടെ എസ്റ്റിമേറ്റ് വൈസ് ചാൻസലർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ 40,000 രൂപ പ്രതിമാസ വേതനത്തിൽ 11.01.2018 തീയതിയിൽ ഒരു സിസ്റ്റം അനലിസ്റ്റിനേയും 11.01.2018, 01.02.2018 എന്നീ തീയതികളിലായി 30,000/- രൂപ പ്രതിമാസ വേതനത്തിൽ രണ്ടു അസി.പ്രോഗ്രാമറേയും, 15,200/- പ്രതിമാസ വേതനത്തിൽ 16.01.2018, 17.01.2018 എന്നീ തീയതികളിലായി രണ്ടു ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേയും നിയമിക്കുകയും ചെയ്തു. 24.12.18 ലെ Pld/B1/SWA/18012/2015 നം ഉത്തരവു പ്രകാരം പ്രസ്തുത ജീവനക്കാരുടെ നിയമനം 2019 മാർച്ച് മാസം വരെ ദീർഘിപ്പിച്ച് നൽകി. തുടർന്ന് സോഫ്റ്റ് വെയർ നിർമ്മിക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 2018-19 വർഷത്തെ UG, PG കോഴ്സുകളിലേക്ക് പ്രവേശനം പൂർത്തിയാക്കുകയും ചെയ്തിരുന്നു. ഈയിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 17,75,382/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

എ) <u>സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തിയായിട്ടും കരാർ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാരെ പിരിച്ചുവിട്ടില്ല. എട്ട് ലക്ഷത്തിൽപരം രൂപ ക്രമപ്രകാരമല്ലാതെ ചെലവഴിച്ചു</u>

കണ്ണൂർ സർവ്വകലാശാല സ്വന്തമായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 2018 വർഷത്തെ UG അഡ്മിഷൻ 08.08.2018 തീയതിയിലും PG അഡ്മിഷൻ 07.09.2018തീയതിയിലും പൂർത്തിയാക്കിയിരുന്നു. എന്നാൽ കരാർ ജീവനക്കാരെ 2019 മാർച്ച് മാസം വരെ ജോലിയിൽ തുടരാൻ അനുവദിക്കുകയും 2018 സപ്തംബർ മുതൽ 2019 മാർച്ച് വരെയുള്ള ശമ്പളം, യാത്രാ ബത്ത ഇനത്തിൽ എട്ട് ലക്ഷത്തിൽ പരം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| കാലയളവ് | അനുവദിച്ച തുക | സർവ്വകലാശാല ഉത്തരവ് നം/ തീയതി |
|---|---|---|
| സപ്തംബർ 2018 മുതൽ ഒക്ടോബർ 2018 വരെ | 2,90,800 | PlD/B1/SWA/18012/2015 dtd 11.12.2018 |
| നവംബർ 2018 മുതൽ ഡിസംബർ 2018 വരെ | 2,69,564 | PlD/B1/SWA/18012/2015 dtd 22.01.2019 |
| ജനുവരി 2019 | 1,18,787 | PlD/B1/SWA/18012/2015 dtd 23.03.2019 |
| ഫിബ്രുവരി 2019 | 1,00,400 | PlD/B1/SWA/18012/2015 dtd 30.04.2019 |
| മാർച്ച് 2019 | 52,980 | PlD/B1/SWA/18012/2015 dtd 06.06.2019 |
| ആകെ | 8,32,531 | |

26.02.2016 ലെ ജി.ഒ.(പി) 27/2016/Fin. നം. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം Sanctioned Strength ലേക്ക് മാത്രമേ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കാവൂ എന്നും,Terms & Conditions വ്യക്തമാക്കികൊണ്ട് കരാർ ഉടമ്പടി ചമയ്ക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി കരാർ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാരുടെ കരാർ വ്യവസ്ഥകൾ സംബന്ധിച്ചും കരാർ കാലയളവിൽ പൂർത്തിയാക്കേണ്ട പ്രവർത്തി സംബന്ധിച്ചും സർവ്വകലാശാല ഉടമ്പടി തയ്യാറാക്കിയിട്ടില്ല.

UG അഡ്മിഷൻ 08.08.2018 തീയതിയിലും PG അഡ്മിഷൻ 07.09.2018തീയതിയിലും പൂർത്തിയാക്കിയിട്ടും കരാർ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാരെ പിരിച്ച് വിടാതെ തുടരാൻ അനുവദിച്ചതും ശമ്പളയിനത്തിൽ എട്ട് ലക്ഷത്തിൽപരം രൂപ ചെലവഴിച്ചതും ക്രമ പ്രകാരമല്ല.

ബി) സോഫ്റ്റ്‌വെയർ നിർമ്മാണ പ്രവർത്തി പുരോഗമിക്കുമ്പോൾ അസിസ്റ്റന്റിനെ നിയമിച്ച് ശമ്പളയിനത്തിൽ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

സിംഗിൾ വിൻഡോ ആവശ്യത്തിലേക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി പി.എൽ.ഡി.ബി. 1/എസ്.ഡബ്ല്യു.എ./18012/2015 തീയതി:13.09.2017 കത്ത് (അനൗദ്യോഗിക കുറിപ്പ്) പ്രകാരം ഒരു സിസ്റ്റം അനലിസ്റ്റ്, രണ്ടു അസി.പ്രോഗ്രാമർ, രണ്ടു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുൾപ്പെടെ അഞ്ചുപേരെയാണ് നിയമിച്ചിരുന്നത്. എന്നാൽ മേൽ കാണിച്ച നിയമിത ലിസ്റ്റിൽ ഉൾപ്പടാത്ത രണ്ടു അസിസ്റ്റന്റുമാരെ (Non Technical) നിയമിക്കുകയും അവർക്ക് ഒരു മാസത്തെ ശമ്പളം അനുവദിക്കുകയും ചെയ്തിട്ടുണ്ട് (വൗച്ചർ നം. 2427/13.12.2018). ആയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് | അനുവദിച്ച തുക |
|---|---|---|
| Geethu P, Asst. (Daily Wages) | 17.07.2018 to 16.08.2018 | 15,000 |
| Rekha K. V. Asst. (Daily Wages) | 18.07.2018 to 17.08.2018 | 15,000 |
| | ആകെ | 30,000 |

സോഫ്റ്റ്‌വെയർ നിർമ്മാണ പ്രവർത്തിക്കു അംഗീകൃത നിയമിത ലിസ്റ്റിൽ ഉൾപ്പെടാത്ത രണ്ടു അസിസ്റ്റന്റുമാരെ (Non Technical) നിയമിച്ച് ശമ്പളം നൽകിയ സർവ്വകലാശാലയുടെ നടപടി ക്രമപ്രകാരമല്ല.ആയതിനാൽ ശമ്പളയിനത്തിൽ ചെലവഴിച്ച 30,000/- രൂപ തടസ്സപ്പെടുത്തുന്നു.

സി) സോഫ്റ്റ്‌വെയർ നിർമ്മാണ പ്രവർത്തിക്കായി താത്കാലിക അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ സർവ്വകലാശാലയിലെ ഇതര പ്രവർത്തികൾക്ക് നിയോഗിച്ചു

സിംഗിൾ വിൻഡോ ആവശ്യത്തിലേക്കായുള്ള സോഫ്റ്റ് വെയർ നിർമ്മാണത്തിനായി നിയോഗിച്ച സിസ്റ്റം അനലിസ്റ്റ്, അസി.കമ്പ്യൂട്ടർ പ്രോഗ്രാമർ, രണ്ടു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ കരാർ കാലാവധിയിലെ പ്രവർത്തന റിപ്പോർട്ട്,(നം,തീയതി രേഖപ്പെടുത്തിയില്ല) സിംഗിൾ വിൻഡോ ഡയരക്ടർ സർവ്വകലാശാലയ്ക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവർത്തന റിപ്പോർട്ടിൽ ബയോ മെട്രിക് അറ്റൻഡൻസ് ജോലികൾ, റൂസയുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി ജോലികൾ, IQAC വെബ്സൈറ്റ് ജോലികൾ, ഇന്റേണൽ മാർക്ക് പോർട്ടൽ തയ്യാറാക്കൽ തുടങ്ങിയ സിംഗിൾ വിൻഡോ സോഫ്റ്റ്‌വെയർ നിർമ്മാണത്തിന്റെ ഭാഗമല്ലാത്ത നിരവധി ജോലികൾ പ്രസ്തുത ജീവനക്കാർ നിർവ്വഹിച്ചു എന്നു വ്യക്തമാക്കിയിട്ടുണ്ട്. Sanctioned Strength ൽ ഉൾപ്പെടാത്ത സോഫ്റ്റ്‌വെയർ നിർമ്മാണത്തിനു മാത്രമായി പ്രൊജക്റ്റ് അടിസ്ഥാനത്തിൽ നിയോഗിച്ച മേൽ ജീവനക്കാരെ ഇത്തരത്തിൽ സർവ്വകലാശാലയിലെ മറ്റു പ്രവർത്തികൾക്ക് നിയോഗിച്ചതിനാൽ യഥാർത്ഥ പ്രവർത്തി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിനു സാഹചര്യമുണ്ടായി. സർവ്വകലാശാല പ്രത്യേക ഉദ്ധേശ്യ ലക്ഷ്യത്തിനായി നീക്കിവച്ച സിംഗിൾ വിൻഡോ ചെലവ് ഹെഡ്ഡിൽ നിന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തികൾ നിർവ്വഹിക്കുന്നതിനു മാത്രമാണ് തുക ചെലവഴിക്കേണ്ടിയിരുന്നത്.എന്നാൽ ഇതുമായി ബന്ധമില്ലാത്ത മറ്റു പ്രവർത്തികൾക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതും ശമ്പളയിനത്തിൽ തുക ചെലവഴിക്കുന്നതും സർവ്വകാലാശാല ഫണ്ട് വക മാറ്റി ചെലവഴിക്കുന്നതിന് തുല്യമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. സർവ്വകാലാശാല ഫണ്ട് വക മാറ്റി ചെലവഴിക്കുന്നതു സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയായിരിക്കണമെന്നത് 1996 ലെ സർവ്വകലാശാല നിയമത്തിലെ സെക്ഷൻ 52 ൽ വ്യക്തമാക്കിയിട്ടുണ്ടെന്നുള്ള കാര്യം സർവ്വകലാശാല അധികൃതരെ ഓർമ്മിപ്പിക്കുന്നു.

പ്രത്യേക ഉദ്ദേശ്യ ലക്ഷ്യത്തിനായി കരാർ അടിസ്ഥാനത്തിൽ താത്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം വിദഗ്ദമായി ഉപയോഗപ്പെടുത്തി, സാധ്യമായ കുറഞ്ഞ ചെലവിലിൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സർവ്വകലാശാല അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 വിദൂര വിദ്യാഭ്യാസ കേന്ദ്രം-മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ്‌വേർ-ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല - ചെലവ് തുക 1,23,008/- തടസപ്പെടുത്തുന്നു.

വൗച്ചർ നംപർ 3207/21.2.2019 തുക 1,23,008/-

കണ്ണൂർ സർവകലാശാലയിൽ 2002 വർഷം ആരംഭിച്ച വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിലവിൽ ഏകദേശം 17 തരം കോഴ്സുകളിലായി 35,000 ത്തോളം വിദ്യാർത്ഥികൾ പഠനം തുടരുന്നുണ്ട്. വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് മികച്ച സേവനം ലഭ്യമാക്കുവാനുമായി യു.ജി.സി. യുടെ ഡിസ്റ്റന്റ് എഡ്യുക്കേഷൻ ബ്യൂറോയുടെ നിർദേശ പ്രകാരം മൊബൈൽ ആപ്ലിക്കേഷൻ പ്രാവർത്തികമാക്കാനായി 2016 ൽ യൂണിവേഴ്സിറ്റി നടപടികൾ ആരംഭിക്കുകയുണ്ടായി. 08/09/2016ൽ നടന്ന സിൻഡിക്കേറ്റ് മീറ്റിംങ് തീരുമാനം 2016-361 പ്രകാരം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ് വേർ ഇംപ്ലിമെന്റ് ചെയ്യാൻ തീരുമാനിച്ചു. ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ബോധി ഇൻഫോ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ്‌വേർ വികസിപ്പിച്ചെടുക്കാനായി തെരഞ്ഞെടുത്തത്. പദ്ധതിക്കായി ആകെ 1,23,008/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻപ് ആരംഭിച്ച വെബ് സൈറ്റ് (സ്മാർട്ട് വെബ്)പ്രവർത്തനരഹിതമായ

സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് കോഴ്സുകളുടെ വിവരം, അക്കാഡമിക് കലണ്ടർ, സിലബസ്, ഫീസ് വിവരം, മെമോസ്, പ്രസ് വാർത്തകൾ വിവിധ നോട്ടിഫിക്കേഷൻസ് (എക്സാം, റിസൾട്ട്, കോൺടാക്ട് ക്ലാസ് ഷെഡ്യൂൾ, പുതിയ അഡ്മിഷൻ സംബന്ധിച്ചത്) ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ എന്നിവ ലഭ്യമാകുന്നത് കൂടാതെ സ്റ്റഡി മെറ്റീരിയൽ ഡൗൺലോഡു ചെയ്യുവാനും സാധ്യമാകുന്ന തരത്തിൽ മൊബൈൽ ആപ്ലിക്കേഷൻ പ്രാവർത്തികമാക്കുക എന്നതാണ് ലക്ഷ്യം. ആയത് സൗണ്ട് സപ്പോർട്ട് ചെയ്യുന്നതും 99 മെസേജസ് സ്റ്റോർ ചെയ്യാനാവുന്നതും ആയിരിക്കണം. എന്നാൽ ഇതു സംബന്ധിച്ച ഫയൽ പരിശോധനയിലും മൊബൈൽ ആപ് സംബന്ധിച്ച ഭൗതിക പരിശോധനയിലും, മൊബൈൽ ആപ് സംബന്ധിച്ച ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

എ) മൊബൈൽ ആപ് സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽ ബോധവത്കരണം നടത്തിയിട്ടില്ല

2018 ജനവരിയിൽ മൊബൈൽ ആപ്ലികേഷൻ സബ്മിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആകെയുള്ള 35,000 ത്തോളം വിദ്യാർത്ഥികളിൽ 72 വിദ്യാർത്ഥികൾ മാത്രമേ നിലവിൽ രജിസ്റ്റർ ചെയ്തതായി കാണുന്നുള്ളൂ. ആയതിനാൽ മേൽ 72 വിദ്യാർത്ഥികളുമായുള്ള കമ്മ്യൂണിക്കേഷൻ മാത്രമേ നിലവിൽ നടക്കുന്നുള്ളൂ. ഇതിൽ നിന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്.

ബി) ഫീസ് വിവരം, അക്കാദമിക് കലണ്ടർ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൊബൈൽ ആപിൽ ലഭ്യമല്ല

കോഴ്സുകളുടെ ഫീസ് വിവരം,അക്കാഡമിക് കലൻഡർ എന്നിവ നിലവിൽ ലഭ്യമല്ല എന്ന്ഇത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

സി) സ്റ്റഡി മെറ്റീരിയൽ ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നില്ല.

വിദ്യാർത്ഥികൾക്ക് ഏറ്റവും കൂടുതൽ സഹായകമാകാവുന്ന മേൽ സ്പെസിഫിക്കേഷൻ ലഭ്യമായിട്ടില്ല.

ഡി) സൗണ്ട് സപ്പോർട്ട് ലഭ്യമല്ല

അന്ധരായ വിദ്യാർത്ഥികൾക്ക് സഹായകമാകേണ്ടുന്ന സൗണ്ട്സപ്പോർട്ട് നിലവിൽ ലഭ്യമല്ല. അപാകങ്ങൾ തുടർനടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

മൊബൈൽ ആപ് സോഫ്റ്റ്‌വെയർ പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കേണ്ടതും കോഴ്സ് രജിസ്ട്രേഷനും പരീക്ഷാ ആപ്ലിക്കേഷനും ഉൾപ്പെടെ മുഴുവൻ പ്രവർത്തനങ്ങളും ഓൺലൈൻ മുഖേന നിർവഹിക്കേണ്ടതുമാണ്. ന്യൂനതകൾ പരിഹരിച്ച് മൊബൈൽ ആപ് വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക 1,23,008/- രൂപ തടസപ്പെടുത്തുന്നു.

## 3-21 ഇന്റർകാമ്പസ് കണക്ടിവിറ്റി - അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെ ബി എസ് എൻ എല്ലിന് 46,94,483/- രൂപ മുൻകൂറായി നൽകി. പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാഴ്ചെലവായി . ചെലവ് ₹46,94,483/-തടസ്സപ്പെടുത്തുന്നു.

സർവകലാശാല ആസ്ഥാനത്തും വിവിധ കാമ്പസുകളിലും ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം (DDFS) പ്രാവർത്തികമാക്കുന്നതിനും സർവകലാശാല ആസ്ഥാനത്തെ വിവിധ കാമ്പസുകളുമായി ബന്ധിപ്പിച്ച് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനും നാഷണൽ നോളജ് നെറ്റ് വർക്കിന്റെ ഭാഗമായി കണ്ണൂർ സർവകലാശാല സെൻട്രൽ ലൈബ്രറിയെ വിവിധ കാമ്പസ് ലൈബ്രറികളുമായി ഓൺലൈനായി ബന്ധിപ്പിച്ച് വിവരങ്ങൾ കൈമാറുന്നതിനുമായി നടപ്പിലാക്കിയ

പദ്ധതിയാണ് ഇന്റർകാമ്പസ് കണക്ടിവിറ്റി. കണ്ണൂർ സർവകലാശാല താവക്കര കാമ്പസിൽ നിന്നും മാനന്തവാടി, ധർമ്മശാല, കാസർഗോഡ്, നീലേശ്വരം, പയ്യന്നൂർ കാമ്പസുകളിലേക്ക് 3 വർഷത്തേക്ക് 10 Mbps പോയന്റ് ടു പോയന്റ് ലീസ്ഡ് ലൈൻ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി സർവകലാശാല 46,94,483 രൂപ അക്കൗണ്ട്സ് ഓഫീസർ, ബി.എസ്.എൻ.എൽ, കണ്ണൂരിന് അനുവദിക്കുകയുണ്ടായി (ഫയൽ നം. PLD/B1/5086/INTERNET-OFC/2018 തീയതി 31-08-2018, വൗച്ചർ നം. 1398/06-09-2018, ചെക്ക് നം.3662367/06-09-2018). പ്രസ്തുത പ്രവൃത്തിയുടെ നിർവഹണത്തിനായി ബി.എസ്.എൻ.എല്ലുമായി 10-08-2018 തീയതിയിൽ കരാറിൽ ഏർപ്പെടുകയുമുണ്ടായി. സർവകലാശാലയുടെ 31-08-2018 തീയതിയിലെ PLD/B1/5086/ NTERNET-OFC/2018 നമ്പർ ഉത്തരവ് പ്രകാരം 46,94,483 രൂപ ബി.എസ്.എൻ.എല്ലിന് അനുവദിച്ചതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | തുക | |
|---|---|---|
| OFCസ്ഥാപിക്കൽ ചെലവ് (ഒറ്റത്തവണ) | 2,52,100 | ആദ്യവർഷത്തെ ചെലവ്- 17,63,147 രൂപ |
| ഒന്നാം വർഷത്തെ ബാന്റ് വിഡ്ത് ചാർജ് | 12,42,091 | |
| ജി. എസ്. ടി. (18%) | 2,68,956 | |
| രണ്ട്, മൂന്ന് വർഷങ്ങളിലെ ബാന്റ് വിഡ്ത് ചാർജ് | 24,84,182 | രണ്ട്, മൂന്ന് വർഷങ്ങളിലെ ചെലവ്- 29,31,336 രൂപ |
| ജി. എസ്. ടി. (18%) | 4,47,154 | |
| ആകെ ചെലവ് | 46,94,483 | |

ഇന്റർ കാമ്പസ് ലീസ്ഡ് ലൈൻ കണക്ടിവിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

എ) LAN കേബിളിംഗ് പ്രവൃത്തി നടത്താതെ ബി.എസ്.എൻ.എല്ലിന് തുക അനുവദിച്ചു.കണക്ടിവിറ്റി സ്ഥാപിക്കൽ ലക്ഷ്യം കൈവരിക്കാതെ കിടക്കുന്നു.

സർവകലാശാല കാമ്പസുകളിൽ LAN കേബിളിംഗ് പ്രവൃത്തി പൂർത്തീകരിക്കലാണ് ഇന്റർകാമ്പസ് ലീസ്ഡ് ലൈൻ കണക്ടിവിറ്റി സ്ഥാപിക്കലുമായി ബന്ധപ്പെട്ട് പ്രാഥമികമായി ചെയ്യേണ്ട ജോലി. സർവകലാശാല കാമ്പസുകളിലൊന്നും തന്നെ LAN കേബിളിംഗ് പ്രവൃത്തി നടത്താതെയാണ് ബി.എസ്.എൻ.എല്ലിന് തുക അനുവദിച്ചതെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. (നോട്ട് ഫയൽ പേജ്-22 കാണുക). പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാതെ ബി. എസ് .എൻ. എല്ലുമായി കരാറിലേർപ്പെടുകയും 3 വർഷത്തേക്കുള്ള 46,94,483 രൂപ മുൻകൂറായി അനുവദിക്കുകയും ചെയ്തത് ക്രമപ്രകാരമല്ല.

ബി) OFC സ്ഥാപിക്കൽ ജോലികൾ BSNL പൂർത്തീകരിച്ചുവെങ്കിലും LAN കേബിളിംഗ് പ്രവൃത്തി സർവകലാശാല നടത്താത്തതിനാൽ കണക്ടിവിറ്റി യാഥാർത്ഥ്യമായില്ല.

കണക്ടിവിറ്റി സ്ഥാപിക്കൽ പ്രവൃത്തിയുടെ നിർവഹണത്തിനാവശ്യമായ എല്ലാ സഹായങ്ങളും ബി.എസ്.എൻ. എല്ലിന് നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 22-09-2018 തീയതിയിൽ കാമ്പസ് ഡയരക്ടർമാർക്ക് രജിസ്ട്രാർ കത്തയക്കുകയുണ്ടായി (കത്ത് നം.PLD/B1/5086/INTERNET-

OFC/2018 തീയതി 22-09-2018).രജിസ്ട്രാറുടെ കത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് കാമ്പസിലെ ഇന്റർകാമ്പസ് കണക്ടിവിറ്റി സംബന്ധിച്ച് ബി.എസ്.എൻ.എല്ലിന്റെ ഭാഗത്തുനിന്നുള്ള പ്രവൃത്തികൾ 01-10-2018 തീയതിക്കുള്ളിൽ പൂർത്തീകരിച്ചതായി കാമ്പസ് ഡയരക്ടർ സർവകലാശാലയെ അറയിച്ചിരുന്നു. എന്നാൽ കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച് നടത്തേണ്ട LAN കേബിളിംഗ് ചെയ്യുന്നതിനുള്ള നടപടി സർവകലാശാല സ്വീകരിച്ചിട്ടില്ല. ആയതിനാൽ ബി.എസ്. എൻ.എല്ലിന്റെ ഭാഗത്തുനിന്നുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് ഒരു വർഷം പിന്നിട്ടിട്ടും കാസർഗോഡ് കാമ്പസിൽ ഇന്റർകാമ്പസ് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള കാമ്പസുകളിലും ഇതേ സ്ഥിതിയാണ് നിലവിലുള്ളതെന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്.LAN കേബിളിംഗ് ചെയ്യാതെ ബി.എസ്.എൻ. എല്ലിന് തുക അനുവദിച്ചത് സർവകലാശാലയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

സി) കരാർ കാലാവധിയിൽ ആദ്യവർഷം പൂർത്തീയായി.ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പകുതിയിലധികവും ബി.എസ്.എൻ.എൽ. ഈടാക്കി.24,37,705 രൂപയുടെ ചെലവ് പാഴ്ചെലവായി മാറി.

പ്രവൃത്തിയുടെ നിർവഹണത്തിനായി ബി.എസ്.എൻ.എല്ലുമായി 10-08-2018 തീയതിയിലാണ് കരാറിൽ ഏർപ്പെട്ടത്. 2018 ഒക്ടോബർ മാസത്തിനുള്ളിൽ തന്നെ ബി.എസ്.എൻ.എല്ലിന്റെ ഭാഗത്ത് നിന്നുള്ള പ്രവൃത്തി പൂർത്തികരിച്ചതായാണ് വ്യക്തമാവുന്നത്. എന്നാൽ സർവകലാശാലയുടെ ഭാഗത്ത് നിന്ന് ചെയ്യേണ്ട പ്രാഥമിക പ്രവൃത്തിയായ LAN കേബിളിംഗ് നടക്കാത്തതിനാൽ കണക്ടിവിറ്റി യാഥാർത്ഥ്യമാകാതെ വന്നിരിക്കുകയാണ്.

മൂന്ന് വർഷത്തേക്കുള്ള കരാർ ആരംഭിക്കുന്നത് കരാർ തീയതി മുതലാണോ,LAN കേബിളിംഗ് പ്രവൃത്തി പൂർത്തീകരിച്ച് കണക്ഷൻ പ്രാവർത്തികമാക്കിയതിന് ശേഷമാണോയെന്നത് സംബന്ധിച്ച് സർവകലാശാലയിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. ബി.എസ്.എൻ.എല്ലിന്റെ 12-07-2018 തീയതിയിലെ ഡിമാന്റ് നോട്ടിന്റെ അടിസ്ഥാനത്തിലാണ് ആദ്യവർഷത്തെയും രണ്ടും മൂന്നും വർഷങ്ങളിലെയും തുക അഡ്വാൻസായി അനുവദിച്ചിരിക്കുന്നത്.

ബി.എസ്.എൻ. എല്ലിന്റെ 03-02-2019 തീയതിയിലെ ബില്ലുകൾ പ്രകാരം 01-04-2019 തീയതി മുതൽ 31-03-2020 തീയതിവരെയുള്ള വാടകയും മറ്റ് ചാർജുകളും കുറവ് ചെയ്ത ശേഷം ബി. എസ്. എൻ. എല്ലിന് അനുവദിച്ച 46,94,483/- രൂപയിൽ 22,56,778രൂപ മാത്രമാണ് നീക്കിയിരിപ്പ് ഉള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കാമ്പസ് | അടവാക്കിയ തുക | ടെലഫോൺ ബിൽ നം.തീയതി | നീക്കിയിരിപ്പ് തുക |
|---|---|---|---|
| കാസർഗോഡ് | 13,22,023 | NDCKL0000069718/03-02-2019 | 6,46,783 |
| നീലേശ്വരം | 12,23,916 | NDCKL0000069514/03-02-2019 | 6,09,621 |
| പയ്യന്നൂർ | 5,45,793 | NDCKL0000069766/03-02-2019 | 2,57,182 |
| ധർമ്മശാല | 2,81,381 | NDCKL0000069460/03-02-2019 | 1,27,388 |
| മാനന്തവാടി | 13,21,370 | NDCKL0000069434/03-02-2019 | 6,15,804 |
| ആകെ | 46,94,483 | | 22,56,778 |

മേൽ സൂചിപ്പിച്ച പ്രകാരമുള്ള ബി. എസ്. എൻ. എല്ലിന്റെ കണക്കുകൾ പ്രകാരം ഡെപ്പോസിറ്റ് ചെയ്ത 46,94,483/- രൂപയിൽ 31-03-2020 വരെയുള്ള കാലയളവിലേക്ക് 24,37,705 രൂപ ബി.എസ്.എൻ.എൽ. ഈടാക്കി കഴിഞ്ഞതായി വ്യക്തമാവുന്നു. 46,94,483/- രൂപ ചെലവഴിച്ചിട്ടും

കാമ്പസ് കണക്റ്റിവിറ്റി യാഥാർത്ഥ്യമാകാതിരിക്കുകയും ബി എസ് എൻ എല്ലിന് വെറുതെ തുക നൽകുകയും ചെയ്യുന്ന സാഹചര്യമായതിനാൽ 24,37,705 രൂപ പാഴായിപ്പോകുന്നതിനിടയാക്കി.

ഡി) ബാന്റ് വിഡ്ത് യൂസേജ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഇന്റർകാമ്പസ് കണക്റ്റിവിറ്റിയുടെ ഭാഗമായി സർവകലാശാല കാമ്പസുകളിൽ ഉപയോഗിച്ച ബാന്റ് വിഡ്ത് യൂസേജ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സർവകലാശാല കാമ്പസുകളിൽ ഇന്റർകാമ്പസ് കണക്റ്റിവിറ്റി വിനിയോഗിച്ചത് പരിശോധിക്കുന്നതിനായി ബി. എസ്. എൻ. എല്ലിൽ നിന്നുള്ള ബാന്റ് വിഡ്ത് യൂസേജ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഇന്റർകാമ്പസ് കണക്റ്റിവിറ്റി യാഥാർത്ഥ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതും ഈയിനത്തിൽ പാഴ്ചെലവ് ഉണ്ടാകുവാനിടയായ സാഹചര്യം വിലയിരുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇന്റർകാമ്പസ് കണക്റ്റിവിറ്റി യാഥാർത്ഥ്യമാകാത്തതിനാലും പാഴ്ചെലവ് ഉണ്ടായതിനാലും 46,94,483/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സർവകലാശാലയുടെ കാമ്പസുകളിലെ വിവിധ പഠനവകുപ്പുകളിലും സെന്ററുകളിലും ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുള്ള തുക നിലവിൽ പ്രത്യേകമായി ബി. എസ്. എൻ. എല്ലിന് നൽകിവരുന്നുണ്ട്. ഇന്റർകാമ്പസ് കണക്റ്റിവിറ്റി യാഥാർത്ഥ്യമായാൽ പ്രസ്തുത കണക്ഷനുകൾ വിച്ഛേദിച്ച് ഈയിനത്തിലുണ്ടാകുന്ന ചെലവ് ഒഴിവാക്കാവുന്നതുമാണ്. ഇന്റർകാമ്പസ് കണക്റ്റിവിറ്റിക്ക് വേണ്ടി 46,94,483/- രൂപ ബി.എസ്.എൻ. എല്ലിന് മുൻകൂറായി നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും കണക്റ്റിവിറ്റി യാഥാർത്ഥ്യമാകാത്തതിനാൽ കണക്റ്റിവിറ്റിക്ക് വേണ്ടി ചെലവഴിച്ച തുക പാഴാകുന്നതിനോടൊപ്പം കാമ്പസുകളിലെ വിവിധ പഠനവകുപ്പുകളിലും സെന്ററുകളിലും പ്രത്യേകമുള്ള ഇന്റർനെറ്റ് കണക്ഷന് വേണ്ടി സർവകലാശാല തുക ചെലവഴിക്കുന്ന സാഹചര്യം സംജാതമാകുകയും ഈയിനത്തിൽ സർവകലാശാലക്ക് അധികചെലവുണ്ടാകുന്നതിനിടയാക്കിയതായും കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഒബ്ജക്ഷൻ നം. 1/25-10-2019 ) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-22 മാങ്ങാട്ട്പറമ്പ്,പാലയാട് കാമ്പസുകളിലെ ഇന്റർകാമ്പസ് കണക്റ്റിവിറ്റി ലക്ഷ്യം കൈവരിച്ചിട്ടില്ല.2,73,879/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സർവകലാശാല ആസ്ഥാനത്തെ മാങ്ങാട്ട്പറമ്പ്, പാലയാട് കാമ്പസുകളുമായി ബന്ധിപ്പിച്ച് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനും നാഷണൽ നോളജ് നെറ്റ്വർക്കിന്റെ ഭാഗമായി കണ്ണൂർ സർവകലാശാല സെൻട്രൽ ലൈബ്രറിയെ മാങ്ങാട്ട്പറമ്പ്, പാലയാട് കാമ്പസ് ലൈബ്രറികളുമായി ഓൺലൈനായി ബന്ധിപ്പിച്ച് വിവരങ്ങൾ കൈമാറുന്നതിനുമായാണ് പദ്ധതി നടപ്പിലാക്കിയത്. ഇന്റർകാമ്പസ് കണക്റ്റിവിറ്റി. നാഷണൽ നോളജ് നെറ്റ് വർക്ക് (NKN)ഭാഗമായി താവക്കര കാമ്പസിൽ നിന്നും മാങ്ങാട്ട്പറമ്പ്, പാലയാട് കാമ്പസുകളിലേക്ക് മാത്രമായി ഇന്റർകാമ്പസ് കണക്റ്റിവിറ്റിക്കായി 2016 വർഷം മുതൽ താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുന്നുണ്ട്.

| വർഷം | തുക | സർവകലാശാല ഉത്തരവ് നം./തീയതി | കാലയളവ് |
|---|---|---|---|
| 2016 | 2,78,869 | PLD/B2/10756/Intercampus Networking /2015 തീയതി 15-03-2016 | 01-04-2016 മുതൽ 31-03-2017 |

| | | | |
|---|---|---|---|
| 2017 | 2,66,917 | PLD/B2/10756/Intercampus Networking /2015 തീയതി 25-03-2017 | 01-04-2017 മുതൽ 31-03-2018 |
| 2018 | 2,73,879 | PLD/B2/10756/Intercampus Networking /2015 തീയതി 22-03-2018 | 01-04-2018 മുതൽ 31-03-2019 |
| 2019 | 2,73,879 | PLD/PLD-B2/4447/2019 തീയതി 18-03-2019 (വൗച്ചർ നം.3618 തീയതി 21-03-2019, ചെക്ക് നം.56241111 തീയതി 21-03-2019) | 01-04-2019 മുതൽ 31-03-2020 |

എന്നാൽ മാങ്ങാട്ട്പറമ്പ്, പാലയാട് കാമ്പസുകളിലെ ലൈബ്രറികളിൽ മാത്രമാണ് നിലവിൽ ഇന്റർകാമ്പസ് കണക്റ്റിവിറ്റിയുടെ പ്രയോജനം ലഭിക്കുന്നത്. കാമ്പസുകളിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് പ്രസ്തുത കണക്ഷൻ വഴി യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. കണക്റ്റിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്രാഥമികമായ നടത്തേണ്ട LAN കേബിളിംഗ് ചെയ്യുന്നതിനുള്ള നടപടി സർവകലാശാല സ്വീകരിച്ചിട്ടില്ല. LAN കേബിളിംഗ് ചെയ്യാതെ ബി. എസ്. എൻ. എല്ലിന് തുക അനുവദിച്ചത് സർവകലാശാലയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. മേൽ സൂചിപ്പിച്ച പ്രകാരം പ്രതിവർഷം ലക്ഷക്കണക്കിന് രൂപ ഈയിനത്തിൽ ചെലവഴിക്കുന്നുണ്ടെങ്കിലും കാമ്പസുകളിലെ ഡിപ്പാർട്ട്മെന്റുകൾക്ക് പ്രയോജനം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈബ്രറികൾ ഇന്റർകാമ്പസ് കണക്റ്റിവിറ്റി പ്രയോജനപ്പെടുത്തിയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നടപ്പിലാക്കിയ മാങ്ങാട്ട്പറമ്പ്, പാലയാട് കാമ്പസുകളിലെ ഇന്റർകാമ്പസ് കണക്റ്റിവിറ്റി കേവലം ലൈബ്രറി കണക്റ്റിവിറ്റി മാത്രമായി മാറുകയും വകുപ്പുകൾക്കും സെന്ററുകൾക്കും പ്രയോജനം ലഭിക്കാതെ മേൽ സൂചിപ്പിച്ച പ്രകാരം ലക്ഷക്കണക്കിന് രൂപ ഓരോ വർഷവും പാഴ്ചെലവായി മാറി.

ഇന്റർകാമ്പസ് കണക്റ്റിവിറ്റിയുടെ ഭാഗമായി സർവകലാശാല കാമ്പസുകളിൽ ഉപയോഗിച്ച ബാന്റ് വിഡ്ത് യുസേജ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സർവകലാശാല കാമ്പസുകളിൽ ഇന്റർകാമ്പസ് കണക്റ്റിവിറ്റി വിനിയോഗിച്ചത് പരിശോധിക്കുന്നതിനായി ബി.എസ്.എൻ. എല്ലിൽ നിന്നുള്ള ബാന്റ് വിഡ്ത് യുസേജ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഇന്റർകാമ്പസ് കണക്റ്റിവിറ്റി യാഥാർത്ഥ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതും ഈയിനത്തിൽ പാഴ്ചെലവ് ഉണ്ടാകുവാനിടയായ സാഹചര്യം വിലയിരുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. 2018-2019 വർഷത്തിൽ ഈയിനത്തിലെ 2,73,879/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-23 സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചില്ല. 1.38 കോടി രൂപ ചെലവഴിച്ച് 2016 വർഷത്തിൽ നിർമ്മിച്ച ലിഫ്റ്റ് പ്രവർത്തന രഹിതമായി കിടക്കുന്നു - പാഴ്ച്ചെലവ്.

കണ്ണൂർ സർവകലാശാല സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ 13 പാസഞ്ചർ കപ്പാസിററിയുള്ള 2 ലിഫ്റ്റ്, 10 പാസഞ്ചർ കപ്പാസിററിയുള്ള 2 ലിഫ്റ്റ് എന്നിവ ₹1.38കോടി ചെലവഴിച്ച് നിർമ്മാണം പൂർത്തീയാക്കിയെങ്കിലും കരാർ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന കമ്പനിക്ക് ലിഫ്റ്റ് കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാക്കുവാൻ ഇതുവരെയും സാധിച്ചിട്ടില്ല. 2016 സെപ്തംബറിൽ താൽക്കാലികമായി സിസ്റ്റം എനർജൈസ് ചെയ്ത് സർവകലാശാല അധികാരികളുടെ സാന്നിധ്യത്തിൽ

ടെസ്റ്റ് റൺ നടത്തി പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയതായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് രജിസ്ട്രാർക്കയച്ച 21-12-2016 തീയതിയിലെ HPL/K/AGM/2016-17/271/487 നമ്പർ കത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറേറ്റിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിലെയും തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്ന് കെട്ടിടത്തിന്റെ നിർമ്മാണം അംഗീകരിച്ച് ലഭിക്കുന്നതിലെയും കാലതാമസമാണ് ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കാതെ വന്നത്. കണ്ണൂർ സർവകലാശാലയുടെ 23-02-2017 തീയതിയിലെ PLD/E3/3806/2015 Vol 2(1) ഉത്തരവ് പ്രകാരം ലിഫ്റ്റ് നിർമ്മാണത്തിനുള്ള ഫൈനൽ ബിൽ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന കമ്പനിക്ക് അനുവദിക്കുകയുണ്ടായി. പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച് രണ്ടര വർഷത്തോളമായിട്ടും സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ ക്രമവൽക്കരിച്ച് കോർപ്പറേഷൻ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പോലും പൂർത്തീകരിക്കുവാൻ സർവകലാശാലക്ക് സാധിച്ചിട്ടില്ല. കോർപ്പറേഷൻ അനുമതി ലഭിക്കാതെയുള്ള സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസം കാരണം ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ വൈദ്യുതകണക്ഷന് വേണ്ടി ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറേറ്റിൽ നിന്നുള്ള അനുമതി സർവകലാശാലക്ക് ഇതുവരെ ലഭിച്ചില്ല. ആയതിനാൽ തന്നെ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അനുമതിയും ലഭിച്ചിട്ടില്ല. 2016 സെപ്റ്റംബറിൽ നിർമ്മാണം പൂർത്തിയാക്കിയ സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കാത്തതിനാൽ ₹1.38കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ആസ്തി നിഷ്ക്രിയമായി കിടക്കുകയും നാശത്തിലേക്ക് നീങ്ങുകയുമാണ്.

## 3-24 251 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങൽ - കെൽട്രോണിൽ നിന്ന് വാങ്ങണമെന്ന സർക്കാർ ഉത്തരവ് മറികടന്ന് സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങി. 95,38,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഫയൽ നംപർ- PicOA1/3462/2016

സർവകലാശാലയിലെ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം(ഡി.ഡി.എഫ്.എസ്.) ആവശ്യത്തിലേക്കായി 111 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും വിവിധ പഠന വകുപ്പുകളിലേക്കായി 140 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും ഉൾപ്പെടെ ആകെ 251 ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾ പർച്ചേസ് കമ്മിറ്റിയുടെ 29.08.2018 ലെ നിർദേശം കണക്കിലെടുത്ത് സിണ്ടിക്കേറ്റിന്റെ 19.09.2018 ലെ 2018.737, 26.10.2018 ലെ 2018.837 നമ്പർ തീരുമാനങ്ങൾ പ്രകാരം വാങ്ങിക്കുകയുണ്ടായി. ടെണ്ടർ നടപടിക്രമങ്ങളിലൂടെ 251 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ നിക്ഷാൻ ഇലക്ട്രോണിക്സ്, കണ്ണൂർ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും 95,38,000/-രൂപ (വൗച്ചർ നം.3797/28.03.2019 പ്രകാരം) ചെലവഴിച്ചാണ് പർച്ചേസ് നടത്തിയത്.

പ്രസ്തുത വാങ്ങലുകൾ സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ജി.ഒ.(എം.എസ്.) നം. 18/2017/ഐ.ടി.ഡി. തീയതി:23.07.2017പ്രകാരം സർവകലാശാല കളിൽ 20 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കലുള്ള ഐ.ടി. ഇനീഷ്യേറ്റീവ് പ്രൊജക്ടുകൾക്ക് ഐ.ടി. വകുപ്പിൽ നിന്നുള്ള അനുമതി ആവശ്യമാണ്. 251 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഐ.ടി. വകുപ്പിന്റെ അനുമതി (11/10/2018 ലെ പി.ഐ.സി.ഒ.എ.1/ 3462/16 നമ്പർ കത്ത്) ലഭിക്കുന്നതിനായി ഐ.ടി.വകുപ്പ് സെക്രട്ടറിക്ക് സർവകലാശാല കത്ത് നൽകുകയുണ്ടായി. എന്നാൽ ഐ.ടി. വകുപ്പ് സെക്രട്ടറിയുമായി രജിസ്ട്രാർ നേരിട്ട് നടത്തിയ കൂടിക്കാഴ്ചയിൽ crps.kerala.gov.in എന്ന വെബ്സൈറ്റ് വഴി വാങ്ങാവുന്നതാണെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്.

Cprcs(Centralised Procurement and Rate Contract System) വഴി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ 01.02.2018ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.)നം. 25/2018 ഐ.ടി.ഡി. -യിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ വകുപ്പിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും, സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ആവശ്യമുള്ള ഡെസ്ക്ടോപ്, ലാപ്ടോപ്പ്, സ്കാനർ തുടങ്ങിയവ Cprcs പോർട്ടൽ വഴി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി സർവീസ് പ്രൊവൈഡറായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ആവശ്യമുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള കമ്പ്യൂട്ടറുകൾ തിരഞ്ഞെടുക്കുകയും ആയത് പ്രകാരമുള്ള ഇൻവോയിസ് തയ്യാറാക്കുകയും മുഴുവൻ തുകയും മുൻകൂറായി കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ ഒടുക്കുകയും വേണം.

ഐ.ടി. ഉപകരണങ്ങൾ (251 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ) വാങ്ങുന്നതിന്റെ ഭാഗമായി സർവകലാശാല Cprcs ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഡി.ഡി.എഫ്.എസ്. ആവശ്യത്തിനായുള്ള111 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 26.10.2018 നം പഠന വകുപ്പിലേക്കുള്ള 140 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 19.11.18 നം Cprcs-ൽ രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ തുടർന്ന് കെൽട്രോണിൽ നിന്നും ലഭിക്കേണ്ട അപ്രൂവൽ ലഭിച്ചിട്ടില്ല.

ഓൺലൈൻ പോർട്ടലിൽ രജിസ്ട്രേഷൻ നടത്തി 16 ദിവസം കഴിഞ്ഞിട്ടും അപ്രൂവൽ ലഭിക്കാത്ത വിവരം ഐ.ടി. വകുപ്പിനെ അറിയിക്കാതെ രജിസ്ട്രേഷൻ അപേക്ഷയിൽ തീരുമാനമുണ്ടാകാൻ അനിയന്ത്രിതമായ കാലതാമസം നേരിടുന്നുവെന്ന് ചൂണ്ടിക്കാട്ടി 05.12.2018 ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി ഇ-ടെണ്ടർ വഴി കമ്പ്യൂട്ടറുകൾ പർച്ചേസ് ചെയ്യുവാൻ തീരുമാനിക്കുകയായിരുന്നു.

Cprcs-ൽ രജിസ്റ്റർ ചെയ്തതിന് ശേഷമുള്ള തുടർനടപടികളിലുണ്ടായ കാലതാമസം ഐ.ടി. വകുപ്പിനെ അറിയിച്ച് പരിഹാര നടപടികൾ സ്വീകരിക്കാതെയും ഐ.ടി. വകുപ്പിന്റെ അനുമതിയില്ലാതെ ഇ-ടെണ്ടർ ചെയ്ത് സ്വകാര്യസ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങിയത് ക്രമവിരുദ്ധമാണ്.

കമ്പ്യൂട്ടർ വാങ്ങലിലെ അപാകങ്ങൾ സംബന്ധിച്ച് ഈ ഓഫീസിൽ നിന്ന് നൽകിയ കെ.എസ്.എ./കെ.എൻ.യു/3/149/19നമ്പർ കത്തിന്, 20.09.2019 ലെ PICO/SO/Pice A/6081/ 2019 നമ്പറായി നൽകിയ മറുപടിയിൽ ഓൺലൈൻ പോർട്ടലിൽ സമർപ്പിച്ച അപേക്ഷയിൻമേൽ അനിയന്ത്രിതമായ കാലതാമസം വന്നതിനാലാണ് ഇ-ടെണ്ടർ മുഖേന കമ്പ്യൂട്ടറുകൾ വാങ്ങുവാൻ സർവകലാശാല തീരുമാനിച്ചത് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ Cprcs -ൽ അവസാനം രജിസ്റ്റർ ചെയ്ത തീയതിയായ 19.11.2018 ന് ശേഷം 16 ദിവസത്തിനുള്ളിൽ തന്നെ കാലതാമസം നേരിട്ടതായുള്ള കാരണം ചൂണ്ടിക്കാട്ടി 05.12.2018 ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ തന്നെ പ്രത്യേക സ്പെസിഫിക്കേഷനോടുകൂടിയ 35,000/- രൂപ മാത്രം നിരക്കിലുള്ള കമ്പ്യൂട്ടർ വാങ്ങാനായി ഇ-ടെണ്ടർക്ഷണിക്കുന്നതിന് തീരുമാനിക്കുകയും, 11.12.2018 ന് ഇ-ടെണ്ടർ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്ത ശേഷം നടപടിക്രമങ്ങൾ പാലിക്കാതെ 16 ദിവസങ്ങൾക്കുള്ളിൽ തന്നെ ടെണ്ടർ വഴി പർച്ചേസ് നടത്തുവാൻ തീരുമാനിച്ചത് ശരിയായ നടപടിയല്ല.

നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ചെലവ് തുക 95,38,000/- രൂപ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ നടപടിക്രമങ്ങൾ പാലിച്ചുമാത്രം വാങ്ങലുകൾ നടത്തുന്നതിന് സർവകലാശാല അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-25 പരസ്യചാർജ് - സർക്കാർ ഉത്തരവു പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല.3,50,699/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സർക്കാറിന്റെ 20.11.2015ലെ സ.ഉ.(ആർ. ടി.)നം.551/15ഐ. &പി.ആർ.ഡി. ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾ സർവ്വകലാശാലകൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ മുതലായവ മാതൃഭൂമി, മനോരമ എന്നീ പത്രങ്ങളിൽ പരസ്യം നൽകുമ്പോൾ പരസ്യ ചാർജിനത്തിൽ നൽകാവുന്ന തുകയെ കുറിച്ചും അനുവദനീയമായ ഡിസ്കൗണ്ടുകളെ കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം മാതൃഭൂമി പത്രങ്ങൾക്ക് കണ്ണൂർ എഡിഷനിൽ 1 സ്ക്വയർ സെന്റിമീറ്ററിന് 91.75 രൂപയും മനോരമ പത്രങ്ങൾക്ക് 65.18 രൂപയുമാണ് അനുവദനീയമായ നിരക്ക്. ഇതിന് പുറമെ 15 ശതമാനം ഡിസ്കൗണ്ടും ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ സർവകലാശാല മാതൃഭൂമി, മലയാള മനോരമ എന്നീ പത്രങ്ങളിൽ നൽകിയ പത്ര പരസ്യങ്ങൾക്ക് മേൽപറഞ്ഞ ആനുകൂല്യം ലഭ്യമായിട്ടില്ല. വിശദ വിവരം അനുബന്ധം-5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

പരസ്യം നൽകുന്നത് സംബന്ധിച്ച് സർക്കാറിന്റെ വ്യക്തമായ ഉത്തരവ് നിലനിൽക്കെ ഈയിനത്തിൽ അധിക തുക 3,50,699/- രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ പരസ്യയിനത്തിൽ ചെലവഴിച്ച 3,50,699/- രൂപ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ പരസ്യ ചാർജിനത്തിൽ അധിക തുക അനുവദിക്കാതിരിക്കാൻ ബന്ധപ്പെട്ട അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-26 വൈദ്യുതി ചാർജിനൊപ്പം പവർ ഫാക്ടർ പെനാൾട്ടി ഒടുക്കിയത് - സർവകലാശാലയ്ക്ക് 23511 രൂപ നഷ്ടം.

2018-19 വർഷത്തിൽ സർവകലാശാല സെന്ററുകളിലെ ചില വൈദ്യുതി ബില്ലുകളിൽ യൂസേഴ്സ് ചാർജിനൊപ്പം "പവർ ഫാക്ടർ പെനാൾട്ടി" കൂടി ഒടുക്കിയിട്ടുണ്ട്. ഹൈടെൻഷൻ ഉപഭോക്താക്കൾ അവർ ഉപയോഗിക്കുന്ന മോട്ടോർ/ട്രാൻസ്ഫോമർ റേറ്റിങ്ങിന് ആനുപാതികമായി വൈദ്യുതി വിതരണ ശൃംഖലയിൽ കപ്പാസിറ്റർ സർക്യൂട്ട് (KVAR Rating) ഘടിപ്പിച്ച് പവർ ഫാക്ടർ 0.90 യോ അതിന് മുകളിലായോ നിലനിർത്തണമെന്ന് കേരള വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്നുണ്ട്. ഇങ്ങനെ പവർ ഫാക്ടർ 0.90 ന് മുകളിൽ നിർത്തുമ്പോൾ അതിന് മുകളിൽ വരുന്ന ഓരോ 0.01 യൂണിറ്റിനും ആകെ എനർജി തുകയുടെ 0.25% ഇൻസന്റീവ് ലഭിക്കും. അതേ സമയം 0.90 ന് താഴെയാണെങ്കിൽ ഓരോ 0.01 യൂണിറ്റിനും ആകെ എനർജി തുകയുടെ 1% പവർ ഫാക്ടർ പെനാൾട്ടി ഒടുക്കേണ്ടതായി വരും. ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധക്കുറവ് കാരണം സർവകലാശാലയിൽ താഴെ പറയുന്ന ബില്ലുകളിൽ പവർ ഫാക്ടർ പെനാൾട്ടി ഇനത്തിൽ തുക ഒടുക്കേണ്ടതായി വന്നിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./ തീയതി | കണക്ഷൻ വിവരം | വൈദ്യുതി ചാർജ് | പവർ ഫാക്ടർ പെനാൾട്ടി | ഫയൽ നം. |
|---|---|---|---|---|---|
| 1 | 881/ 13-07-18 | LCN:28/5413 | 1,22,555 | 10,601.96 | എ.ഡി.സി3/5128/2017 |
| 2 | 1181/ 10-08-18 | LCN:28/5413 | 1,33,928 | 3,202.74 | എ.ഡി.സി3/5128/2017 |

| | | | | | |
|---|---|---|---|---|---|
| 3 | 1488/ 15-09-18 | LCN:28/5413 | 1,20,917 | 2,082.02 | എ.ഡി.സി3/5128/2017 |
| 4 | 1476/ 14-09-18 | LCN:31/5311 | 50,723 | 7,624.23 | Admin/AD-C3/17267/2018 |
| | | ആകെ | | 23,511 | |

ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഒബ്ജക്ഷൻ നം.19/01-01-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും [ഖ: 3-3 (2015-16 ഓഡിറ്റ് റിപ്പോർട്ട്), ഖ:3-1-12 (2016-17 ഓഡിറ്റ് റിപ്പോർട്ട്)] സമാന പരാമർശം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിക്കുകയോ ആവർത്തന ചെലവുകൾ ഒഴിവാക്കുന്നതിനാവശ്യമായ ജാഗ്രത കാണിക്കുകയോ ചെയ്തിട്ടില്ല. പവർ ഫാക്ടർ പെനാൾട്ടി ഇനത്തിൽ അധികമായി നൽകിയ 23,511 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് ശ്രദ്ധയിൽ പെടുത്തിയിട്ടും ആവർത്തന സ്വഭാവമുള്ള പാഴ്ചെലവ് ഒഴവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതിനാൽ സർവകലാശാല ഫണ്ടിനുണ്ടായ ധനനഷ്ടം 23,511/- രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-27 ബയോമെട്രിക് ഹാജർ സിസ്റ്റം സാലറിയുമായി ലിങ്ക് ചെയ്യൽ - സിണ്ടിക്കേറ്റ് തീരുമാനം നടപ്പായില്ല.

ഫയൽ നം.PLD-B2/Biometric Attn/2018

കണ്ണൂർ സർവകലാശാലയിൽ 2016 ഏപ്രിൽ 20 മുതലാണ് ബയോമെട്രിക് ഹാജർ സിസ്റ്റം നിലവിൽ വന്നത്. കണ്ണൂർ സർവകലാശാലയും കെൽട്രോൺ, തിരുവനന്തപുരവും തമ്മിൽ 01.08.2015 ന് കരാറിൽ ഏർപ്പെടുകയും 21,00,590/- രൂപ എസ്റ്റിമേറ്റ് നിശ്ചയിക്കുകയും ചെയ്തു. ഇൻസ്റ്റാൾ ചെയ്ത് ഒരു വർഷം വരെയാണ് വാറണ്ടി കാലയളവ്. വാറണ്ടി കാലാവധി അവസാനിക്കുന്നതിന് മൂന്ന മാസത്തിനു മുൻപെങ്കിലും AMC ക്കുള്ള പ്രൊപ്പോസൽ പ്രത്യേകം സമർപ്പിക്കേണ്ടതാണെന്നും MOU വിൽ (നിബന്ധന 11) പറയുന്നുണ്ട്.

ഇൻസ്റ്റാൾ ചെയ്ത ഉടനെ (പർച്ചേസ് ഓർഡറോടൊപ്പം) 50%- തുകയും ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ഇൻസ്റ്റാലേഷന ശേഷം അടുത്ത 40% തുകയും പ്രൊജക്ട് കമ്മീഷൻ ചെയ്ത ശേഷം 6 മാസം കഴിഞ്ഞ് അവസാന 10% വും നൽകാനാണ് കരാർ (കരാർ നിബന്ധന-3). ആദ്യ ഗഡുവായ 10,50,295/- രൂപ 2015 ൽ നൽകിയെങ്കിലും തുടർച്ചയായ സാങ്കേതിക തകരാറുകൾ ഉണ്ടായതായി പരാതികൾ ലഭിച്ചതിനാൽ രണ്ടാം ഗഡു തുക വൈകുന്നതിന് കാരണമായി (03.11.2016 ന് കമ്പ്യൂട്ടർ പ്രോഗ്രാമർ നൽകിയ റിപ്പോർട്ടിൽ 6 അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29.09.2018 ന് നൽകിയ റിപ്പോർട്ടിൽ പല ക്യാമ്പസുകളിലും ഫങ്ഷൻ ചെയ്യുന്നില്ല എന്നും പറയുന്നുണ്ട്). മുഴുവൻ തുകയും നൽകാത്തതിനാൽ കെൽട്രോണുമായുള്ള AMC നടപ്പായില്ല. തുടർന്ന് 29.09.2018 ന്റെ കമ്പ്യൂട്ടർ പ്രോഗ്രാമറുടെ ബയോമെട്രിക് പഞ്ചിംഗ് മെഷീൻ ഫങ്ഷനിംഗ് ആണെന്ന റിപ്പോർട്ടിനെ തുടർന്ന് രണ്ടാം ഗഡുവായി 7,62,784 രൂപ കെൽട്രോണിന് അനുവദിച്ചു (Vr. No.1666/04.10.2018 762784)

തുടർന്ന് വിവിധ ക്യാമ്പസുകളിൽ മെഷീൻ തകരാർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കെൽട്രോണിന് റിപ്പയർ ചെയ്യാൻ നൽകുകയും ആയതിന് 1,01,842/- രൂപ 2018 നവംബറിൽ ചെലവഴിക്കുകയും ചെയ്തു. കരാറിൽ പറഞ്ഞ പ്രകാരം AMC നൽകാത്തതിനാൽ ഹാജർ സിസ്റ്റത്തിന്റെ സുഗമമായ

പ്രവർത്തനം പലപ്പോഴും സാധ്യമാവുന്നില്ല. തകരാറുകൾ ഉണ്ടാവുമ്പോൾ അവ പരിഹരിക്കുന്നതിന് കൂടുതൽ സമയമെടുക്കുന്നതിനും അതു വഴി സിസ്റ്റം സ്ഥാപിച്ചതിന്റെ ഉദ്ദേശം നടക്കാതെ പോവുകയും ചെയ്യുന്നു. കെൽട്രോണുമായുള്ള കരാർ കാലാവധി അവസാനിച്ചതിനാലും അവസാന ഗഡുവായ പദ്ധതി തുകയുടെ 10% നൽകാത്തതിനാലും കെൽട്രോണുമായി AMC പുതുക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും സിസ്റ്റത്തിന്റെ സുഗമമായ പ്രവർത്തനം സാധ്യമാവുന്നതിനും സർവകലാശാല കെൽട്രോണുമായി എ.എം.സി. യിൽ ഏർപ്പെടേണ്ടത് അനിവാര്യമാണ്.

തുടർന്ന് മേൽ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം പൂർണ്ണമാക്കുന്നതിനായി 15-08-2018 നകം അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം ബയോമെട്രിക് പഞ്ചിംഗ് മെഷീനുമായി ലിങ്ക് ചെയ്യുന്നതിന് 13-07-2018 ലെ സിണ്ടിക്കേറ്റ് യോഗം തീരുമാനമെടുക്കുകയും (തീരുമാനം നം.2018.560) ഇതിനായി വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ തുടർനടപടികൾ കൈക്കൊള്ളുകയോ തീരുമാനം നടപ്പിൽ വരുത്തുകയോ ചെയ്തിട്ടില്ല. ഇതിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (റിക്വസിഷൻ നം.19/03-01-2020) മറുപടിയായി സർവകലാശാലയിൽ സ്പാർക്ക് നടപ്പിലാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ, നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ലെന്ന് അറിയിച്ചു. എന്നാൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ കെൽട്രോണിനെ ഏൽപ്പിച്ചതിനാൽ വീണ്ടും സ്പാർക്ക് വഴി ചെയ്യുമ്പോഴുള്ള അധിക ചെലവ്, സർവകലാശാലയിൽ സ്പാർക്ക് വഴിയുള്ള സംവിധാനം പ്രാവർത്തികമാണോ തുടങ്ങിയ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

13.07.2018 ലെ സിൻഡിക്കേറ്റ് തീരുമാനം (15.08.2018 നകം നടപ്പാക്കേണ്ടത്) ഇതുവരെയും നടപ്പാക്കിയിട്ടില്ല എന്നത് അംഗീകരിക്കാവുന്നതല്ല. പഞ്ചിങ് ആരംഭിച്ച് 5 വർഷമായിട്ടും സാലറി സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്യാത്തതിനാൽ വൻ തുക ചെലവഴിച്ച് നടപ്പിലാക്കിയ ബോയോമെട്രിക് പഞ്ചിങ് സിസ്റ്റം ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ല. ബയോമെട്രിക് പഞ്ചിംഗ് മെഷീൻ ശരിയായ രീതിയിൽ ഫങ്ഷൻ ചെയ്യുന്നതിനും സാലറിയുമായി ലിങ്ക് ചെയ്യുന്നതിനുമുള്ള സിണ്ടിക്കേറ്റ് തീരുമാനം നടപ്പാക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-28 സർവകലാശാലയിൽ ഓഡിറ്റ് വിഭാഗമുണ്ടായിരിക്കെ എൻ.എസ്.എസ് ന്റെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ ചാർട്ടേഡ് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

ഭാരത സർക്കാരിന്റെ യുവജനകാര്യ മന്ത്രാലയത്തിന്റെ 2006 ലെ എൻ.എസ്.എസ്. മാനുവൽ (റിവൈസ്ഡ്) പ്രകാരം എൻ.എസ്.എസ്. അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യേണ്ടത് അക്കൗണ്ടന്റ് ജനറൽ/ ലോക്കൽ ഫണ്ട് ഓഡിറ്റ് അല്ലെങ്കിൽ ചാർട്ടേഡ് അക്കൗണ്ടന്റ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് [പാർട്ട്-VIII, ചാപ്റ്റർ -4, ക്രമ നം.5(b)]. എൻ.എസ്.എസ്. ന്റെ 2017-2018 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി ചാർട്ടേഡ് അക്കൗണ്ടന്റിനെ ഏൽപ്പിക്കുയും വൗച്ചർ നം.3789/ 28-03-2019 (ചെക്ക് നം.413616/ 28-03-2019) പ്രകാരം ₹7,080 ഈയിനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (U.O.No:DSS/A2/NSS/1146/Accounts/2017, തീയതി:24.11.2018). സർവ്വകലാശാല കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന എൻ.എസ്.എസ്. അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യാമെന്നിരിക്കെ എൻ.എസ്.എസ്-ന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ ചാർട്ടേഡ് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയതും തുക ചെലവഴിക്കുകയും ചെയ്ത സർവ്വകലാശാലയുടെ നടപടി ക്രമപ്രകാരമല്ല. മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16.12.2019 ലെ റിക്വസിഷൻ നം.11) 19.02.2020 ലെ എൻ.എസ്.എസ്./A2/52/2020 നമ്പർ കത്ത് പ്രകാരം

വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ചാർട്ടേഡ് അക്കൗണ്ടന്റിനെ ഏൽപ്പിച്ച് എൻ.എസ്.എസ്. ന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാനായി ചെലവഴിച്ച 7080/- രൂപ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള പിഴവുകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 3-29 ജി.എസ്.ടി റിട്ടേൺസ് ഫയൽ ചെയ്യൽ - സ്വകാര്യ സ്ഥാപനത്തിന് സർവീസ് ചാർജ് നൽകിയത് - അംഗീകരിക്കുന്നില്ല.

ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിനായി സർവീസ് ചാർജിനത്തിൽ 2018-19 വർഷം സർവകലാശാല ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കാലയളവ് | തുക | വൗച്ചർ നം./ തീയതി |
|---|---|---|---|
| 1 | 2018 ജൂലൈ മുതൽ ഒക്ടോബർ വരെ | 8,260 | 2811/21-01-2019 |
| 2 | 2018 ഡിസംബർ | 5,900 | 3163/16-02-2019 |
| ആകെ തുക | | 14,160 | |

കൂടാതെ 2019-20 സാമ്പത്തിക വർഷത്തിലും ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിന് സർവീസ് ചാർജിനത്തിൽ സർവകലാശാല ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്യാനുള്ള സൗകര്യം സർവകലാശാലയിൽ ലഭ്യമായിരിക്കെ ഇതിനായി മറ്റ് ഏജൻസികളെ ആശ്രയിക്കുകയും സർവീസ് ചാർജ് ഒടുക്കുകയും ചെയ്തത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. സർവീസ് ചാർജ് ഇനത്തിൽ ചെലവഴിച്ച 14,160/- രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-30 സർവകലാശാലയിലേക്കുള്ള കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ - അധിക തുക ജി.എസ്.ടി ഈടാക്കി - സർവകലാശാല ഫണ്ടിന് നഷ്ടം.

കേന്ദ്ര സർക്കാരിന്റെ 14-11-2017 ലെ 45/2017 Central Tax (Rate), 25-01-2018 ലെ 9/2018 Central Tax (Rate) നോട്ടിഫിക്കേഷൻസ് പ്രകാരം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Department of Scientific and Industrial Research എന്ന സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തതിനാൽ കണ്ണൂർ സർവകലാശാലയ്ക്ക് സയന്റിഫിക് ആന്റ് ടെക്നിക്കൽ ഇൻസ്ട്രുമെന്റ്സ് അപ്പാരറ്റസ്, എക്വിപ്മെന്റ്സ്, കൺസ്യൂമബിൾസ്, കമ്പ്യൂട്ടേഴ്സ്, സോഫ്റ്റ്‌വെയേഴ്സ് എന്നിവയ്ക്ക് 5% ജി.എസ്.ടി. മാത്രമേ നൽകേണ്ടതുള്ളൂ. എന്നാൽ കണ്ണൂർ സർവകലാശാലയുടെ ആവശ്യത്തിലേക്കായി വാങ്ങിയ മേൽ പറഞ്ഞ ഇനങ്ങളുടെ പർച്ചേസുകൾക്ക് 18% ജി.എസ്.ടി. നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | സപ്ലൈ ചെയ്ത സ്ഥാപനം | ബിൽ നം./ തീയതി | തുക | സാധന ങ്ങളുടെ വിവരം | ജി.എസ്.ടി. | ഫയൽ നം. |
|---|---|---|---|---|---|---|---|
| 1 | 2471/ 17-12-2018 | സൊല്യൂഷൻസ് കമ്പ്യൂട്ടർ സിസ്റ്റം, മഹാരാഷ്ട്ര | SCS-547-18-19/ 19.09.18 | 7,81,650 | 27 ലാപ് ടോപ്പുകൾ | 1,19,234.75 | PICO.A1/ 21534/2018 |
| 2 | 3797/ 28-03-2019 | നിക്ഷാൻ ഇലക്ട്രോണിക്സ്, കണ്ണൂർ. | B/40080/18-19/ 26.03.19 | 95,38,000 | 251 കമ്പ്യൂട്ടറുകൾ | 14,54,949.16 | PICO.A1/ 3462/2016 |

(ബി) റൂസ ഫണ്ട് ഉപയോഗിച്ച് സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ കെമിക്കലുകൾ അധിക നിരക്കിൽ ജി.എസ്.ടി. ഒടുക്കി വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പഠന വകുപ്പ് | കെമിക്കലുകൾ സപ്ലൈ ചെയ്ത സ്ഥാപനം | ഇൻവോയിസ് നം./ തീയതി | ജി.എസ.ടി. നിരക്ക് |
|---|---|---|---|---|
| 1 | സുവോളജി പഠന വകുപ്പ്, മാനന്തവാടി ക്യാമ്പസ് | ബ്രെയിൻ ഇൻഫോ സിസ്റ്റം & കൺട്രോൾസ് പ്രൈവറ്റ് ലിമി. കോഴിക്കോട് | DPL 892/18-19 dt.01.12.2018 | 18% |
| | | ഫ്യൂറ്റ്യൂറ ഇന്നൊവേഷൻസ്, കോഴിക്കോട് | FC 52 dt.23.11.2018 | 28% |

മേൽ വാങ്ങലുകൾക്ക് അധിക നിരക്കിൽ ജി.എസ്.ടി. ഒടുക്കിയതിന്റെ കാരണം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഒബ്ജക്ഷൻ നം.20/03-01-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ അധിക നിരക്കിൽ ജി.എസ്.ടി. ഒടുക്കിയതിനാൽ അധികമായി നൽകേണ്ടിവന്ന തുക തിരികെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-31 കണ്ണൂർ സർവകലാശാല യൂണിയൻ കലോത്സവം നടത്തിപ്പ് – രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കണ്ണൂർ സർവകലാശാല കലോത്സവ നിയമാവലി പ്രകാരം കേരള സർക്കാറിന്റെ ധനകാര്യ നിയമങ്ങൾ മുഴുവൻ പാലിച്ചുകൊണ്ടായിരിക്കണം കലോത്സവ ചെലവുകൾ നടത്തേണ്ടതും കണക്കുകൾ സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട് (നിയമാവലി 4.8). കൂടാതെ കലോത്സവത്തിന് അനുവദിച്ച കിട്ടുന്ന പണം സംഘാടക സമിതിയുടെ പ്രോഗ്രാം കമ്മറ്റി ചെയർമാന്റെയും സർവകലാശാല യൂണിയൻ സെക്രട്ടറിയുടെയും (കലോത്സവത്തിന്റെ ജനറൽ കൺവീനർ) സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കണമെന്നും അക്കൗണ്ട് പാസ് ബുക്കും ക്യാഷ് ബുക്കും കണക്കുകളോടൊപ്പം സമർപ്പിക്കണമെന്നും നിയമാവലിയിൽ (നിയമാവലി 4.9) പറയുന്നുണ്ട്. കലോത്സവ ആവശ്യത്തിലേക്കായി 2018-19 വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവിന്റെ ആധികാരികത പരിശോധിക്കുന്നതിനായി നിയമാവലി അനുശാസിക്കുന്ന വിധത്തിലുള്ള കാഷ് ബുക്കും, പാസ് ബുക്കും സർവ്വകലാശാല സൂക്ഷിച്ചതായി കാണുന്നില്ല. കൂടാതെ 2017-18 വർഷത്തെ യൂണിയൻ കലോത്സവം ചെലവുകൾ എല്ലാം തന്നെ പണമായിട്ടാണ് നൽകിയിട്ടുള്ളതെന്നാണ് വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നത്. ചെലവുകൾ ചെക്ക്/ഡി.ഡി./ഓൺലൈൻ പേയ്മെന്റ് വഴി നടത്താതെ പണമായി നൽകിയത് ധനവിനിയോഗ ചട്ടങ്ങൾ പാലിക്കാതെയാണ്. ഇത് സംബന്ധിച്ച് നൽകിയ 27.12.2019 ലെ കെ.എസ്.എ./കെ.എൻ.യു./യു.3/605/2019 നമ്പർ കത്തിന് മറുപടിയായി 2017-18, 2018-19 കാലയളവിലെ പാസ്ബുക്കുകൾ സർവകലാശാല ഓഡിറ്റിന് സമർപ്പിക്കാത്തത് മാപ്പാക്കുവാനും 2019-20 ലെ പാസ് ബുക്കും ക്യാഷ് ബുക്കും കൃത്യമായി സൂക്ഷിക്കുവാനും ആവശ്യം വരുന്ന മുറയ്ക്ക് ലഭ്യമാക്കുവാനും യൂണിയൻ ഭാരവാഹികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കേരള സർക്കാറിന്റെ ധനകാര്യ നിയമങ്ങൾ പാലിക്കാതെ യൂണിയൻ കലോത്സവത്തിന്റെ ചെലവുകൾ നിർവ്വഹിച്ച സർവ്വകലാശാലയുടെ നടപടി ക്രമപ്രകാരമല്ല. ഭാവിയിൽ യൂണിയൻ കലോത്സവത്തിന്റെ ചെലവുകൾ ധനവിനിയോഗ ചട്ടങ്ങൾ പാലിച്ച് നടത്തുവാനും ചെലവുകളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കുവാനും സർവകലാശാല അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-32 സിവിൽ സർവീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം - നിയമാവലി ഉണ്ടാക്കിയിട്ടില്ല.

കണ്ണൂർ സർവകലാശാലയുടെ കീഴിൽ പാലയാട് ക്യാമ്പസിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കണ്ണൂർ സർവകലാശാല സിവിൽ സർവീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്. സ്ഥാപനം 2018 ജൂൺ 30 ന് നിലവിൽ വന്നു (സിണ്ടിക്കേറ്റ് തീരുമാനം 2017.659 തീയതി: 22.09.2017). 2018-19 ബാച്ചിൽ 42 വിദ്യാർത്ഥികളും 2019-20 ബാച്ചിൽ 32 വിദ്യാർത്ഥികളും പരിശീലനത്തിൽ പങ്കെടുത്തു. മലബാറിലെ പിന്നാക്ക ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികളെ സിവിൽ സർവീസ് ലക്ഷ്യം സഫലീകരിക്കുന്നതിന് സഹായിക്കുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. സ്ഥാപനത്തിലേക്ക് ഒരു പൊതു പ്രവേശന പരീക്ഷ വഴിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. അവരിൽ നിന്നും ഈടാക്കുന്ന ഫീസ് വഴിയാണ് സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾ നടത്തുന്നത്. സിവിൽ സർവീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി 2018-19 ൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ഫയൽ നം.PICO.A2/4871/2018

| ക്രമ നം. | തുക | വാങ്ങിയ സാധനങ്ങളുടെ വിവരം |
|---|---|---|
| 1 | 1,08,951 | പുസ്തകങ്ങൾ വാങ്ങിയത് |
| 2 | 1,56,450 | എയർ കണ്ടീഷണർ - 3 എണ്ണം. |
| 3 | 5,52,662 | ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയത് |
| 4 | 6,11,276 | ഫർണിച്ചർ വാങ്ങിയത് |
| ആകെ | 14,29,339 | |

സിവിൽ സർവീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച് കൃത്യമായ ഒരു നിയമാവലി ഇതുവരെയായും രൂപപ്പെടുത്തിയിട്ടില്ല (ഓഡിറ്റ് റിക്വസിഷൻ 20/04-01-2020 ന് നൽകിയ മറുപടി). ആയതിന്റെ അഭാവത്തിൽ ഇവിടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ യോഗ്യതകൾ, മത്സര പരീക്ഷ, അദ്ധ്യാപകരുടെ നിയമനം, പ്രവർത്തന സമയം തുടങ്ങി സ്ഥാപനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ആധികാരികമായി ലഭ്യമാക്കിയിട്ടില്ല. കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഫയൽ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ (Audit Requisition Number: 10/03-02-2020) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. സ്ഥാപനത്തിന്റെ വരവ്-ചെലവ് വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റ് പരിശോധനക്ക് സമർപ്പിക്കേണ്ടതാണ്.

സർവകലാശാല സാമ്പത്തിക സഹായം നൽകി നടത്തുന്ന പ്രസ്തുത പ്രവർത്തനത്തിന് കൃത്യമായ ഒരു നിയമാവലി രൂപപ്പെടുത്തേണ്ടതും ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-33 സർവകലാശാല വാഹനങ്ങളുടെ ഇൻഷുറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്.

സർവകലാശാലകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും എല്ലാ ജനറൽ ഇൻഷുറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് സർക്കാരിന്റെ 1.10.2014 ലെ സ.ഉ.(പി)നം.428/2014 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർവകലാശാല വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തിയതായി കാണുന്നില്ല. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാഹന രജിസ്ട്രേഷൻ നമ്പർ | ഒടുക്കിയ ഇൻഷ്വറൻസ് പ്രീമിയം തുക | കാലയളവ് | കമ്പനിയുടെ പേര് |
|---|---|---|---|---|
| 1 | KL-13-AF-5307 | 12774 (PICO/B1 /15461/2018 14.11.2018 ഉത്തരവ് പ്രകാരം) | 18.11.2018 മുതൽ 17.11.2019 വരെ | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, കണ്ണൂർ |
| 2 | KL-13-U-220 | 5124 (PICO/B1 /15461/2018(1) 14.11.2018 ഉത്തരവ് പ്രകാരം) | 20.11.2018 മുതൽ 19.11.2019 വരെ | ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, എസ്.എൻ.പാർക്ക് റോഡ്, കണ്ണൂർ |

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന തന്നെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടവാക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ (2016-17 ഖണ്ഡിക 3-1-27) പരാമർശിച്ചിട്ടും മേൽ സർക്കാർ ഉത്തരവ് നാളിതുവരെ സർവകലാശാലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. ഭാവിയിൽ സർവകലാശാലയിലെ എല്ലാ ജനറൽ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്.

## 3-34 സർവകലാശാല വാഹനങ്ങളുടെ ഇന്ധന ഉപയോഗത്തിലെ അധിക ചെലവ് - മറ്റ് അപാകങ്ങൾ

സർവകലാശാലയുടെ ഉടമസ്ഥതയിൽ ആകെ 7 വാഹനങ്ങളാണുള്ളത്. ഇവയുടെ ഇന്ധന ഉപയോഗത്തിനായി 2018-19 വർഷത്തിൽ ആകെ 9,06,117/- രൂപ ചെലവഴിച്ചിട്ടുണ്ട് (29 വൗച്ചറുകൾ). ഇവയുടെ ലോഗ് ബുക്കുകളും വൗച്ചറുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

<u>ആവശ്യമായതിലും കൂടുതൽ ഇന്ധനം ഉപയോഗിച്ചു.</u>

താഴെ പറയുന്ന വാഹനങ്ങളിൽ മൈലേജ് സർട്ടിഫിക്കറ്റ് പ്രകാരം പരമാവധി ആവശ്യമായതിലും അധികം ഇന്ധനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | വാഹനത്തിന്റെ വിവരങ്ങൾ | ആകെ യാത്ര ചെയ്ത ദൂരം | മൈലേജ് സർട്ടിഫിക്കറ്റ് പ്രകാരം | | ഉപയോഗിച്ചതായി രേഖപ്പെടുത്തിയ ഇന്ധനം (ലിറ്ററിൽ) | അധിക ഉപയോഗം (ലിറ്ററിൽ) |
|---|---|---|---|---|---|---|
| | | | ലഭ്യമായ മൈലേജ് | ആവശ്യമായ ഇന്ധനം(ലിറ്ററിൽ) | | |
| 1 | ടാറ്റ ഇൻഡിക്ക കെ.എൽ-13 യു 220 | 3071 | 14 &12 ശരാശരി-13 | 236 | 321 | 85 |
| 2 | മാരുതി സിയാസ് കെ.എൽ-13 എ.എഫ്.5307 | 5715 | 15.5 &14.5 ശരാശരി-15 | 381 | 396.37 | 15.37 |

മൈലേജ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നത് ലഭ്യമാവുന്ന ഏറ്റവും കുറഞ്ഞ മൈലേജാണ്. അതായത് ഇത്രയും ദൂരം യാത്രചെയ്യുന്നതിന് പരമാവധി ആവശ്യമായ ഇന്ധനത്തിന്റെ അളവ്, ഇതിൽ കൂടുതൽ ഇന്ധനം ഉപയോഗിക്കുന്നതിനും അതുവഴി അധിക ചെലവ് ഉണ്ടായതിനുമുള്ള സാഹചര്യം വിശദീകരിക്കേണ്ടതാണ്.

യാത്രചെയ്യുന്ന ഓഫീസറുടെ വിവരം രേഖപ്പെടുത്തുന്നില്ല.

കെ.എൽ-13 എ.ഡി. 7565 ബോലേറോയിൽ മിക്ക യാത്രകളിലും യാത്ര ചെയ്യുന്ന ഓഫീസറുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇത് കാരണം രേഖപ്പെടുത്തിയ യാത്രകളുടെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല. ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ യാത്രകളുടെ സാധുത ഉറപ്പുവരുത്തുന്നതിന് യാത്രചെയ്ത ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും ഒപ്പും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

മൈലേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന വാഹനങ്ങളുടെ മൈലേജ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വാഹനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | KL-13 AD 7565, മഹീന്ദ്ര ബൊലേറോ |
| 2 | KL-13 AB 7919 നിസാൻ സണ്ണി |

ഓരോ ആറ് മാസത്തിലും വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. മൈലേജ് സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ വാഹനത്തിൽ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ് അധികമാണോ എന്ന് പരിശോധിക്കാനായിട്ടില്ല.

വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, വാഹനങ്ങളെ സംബന്ധിക്കുന്ന രജിസ്റ്ററുകളുടെ ശരിയായ പരിപാലനം എന്നിവ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-35 ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂർ തുക 12,79,96,502/- രൂപ സമയബന്ധിതമായി ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സർവകലാശാലയിലെ മുൻകൂർ രജിസ്റ്റർ പ്രകാരം 1998-99 വർഷം മുതൽ വിവിധ ആവശ്യങ്ങൾക്ക് അധ്യാപകർക്ക്/ ജീവനക്കാർക്ക് അനുവദിച്ച മുൻകൂറുകൾ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കുന്നതിന് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദേശിച്ചിട്ടുണ്ടെങ്കിലും സർവകലാശാല ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി തൃപ്തികരമല്ല. 31-03-2019 വരെ ഈ ഇനത്തിൽ 12,79,96,502/- രൂപ ക്രമീകരിക്കാൻ ബാക്കിയുണ്ട്.

ജി.ഒ.(പി)419/2011/ഫിൻ തീയതി:04.10.2011, ജി.ഒ.(പി)390/2012/ഫിൻ തീയതി:10-07-2012 എന്നീ ഉത്തരവുകൾ പ്രകാരം മുൻകൂർ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കുന്ന മുൻകൂറുകളിൽ ചെലവാക്കാതെ തിരിച്ചടക്കുന്ന തുകയ്ക്ക് 18% നിരക്കിൽ മുൻകൂർ കൈപ്പറ്റിയ തീയതി മുതൽ വാർഷിക പലിശ കണക്കാക്കി ഈടാക്കേണ്ടതാണ്. മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത മുൻകൂർ തുക മൊത്തമായി 18% വാർഷിക പലിശ സഹിതം ഈടാക്കേണ്ടതാണ്. 1998-99 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിശദവിവരം അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്. മുൻകൂറുകളുടെ സംഗ്രഹം ചുവടെ കൊടുക്കുന്നു.

<u>മുൻകൂറുകളുടെ സംക്ഷിപ്തം</u>

| അനുവദിച്ച വർഷം | ക്രമീകരിക്കാൻ ബാക്കിയുള്ള തുക |
|---|---|
| 1998-1999 | 3,44,000 |
| 1999-2000 | 1,67,500 |
| 2002-2003 | 17,500 |
| 2003-2004 | 10,55,315 |
| 2004-2005 | 21,340 |
| 2005-2006 | 9,92,095 |
| 2006-2007 | 18,68,074 |
| 2007-2008 | 17,53,500 |
| 2008-2009 | 5,47,500 |
| 2009-2010 | 8,92,600 |
| 2010-2011 | 10,50,584 |
| 2011-2012 | 2,72,250 |
| 2012-2013 | 6,62,449 |
| 2013-2014 | 18,78,416 |
| 2014-2015 | 2,45,12,451 |
| 2015-2016 | 2,07,99,458 |
| 2016-2017 | 3,62,13,878 |
| 2017-18 | 1,85,95,278 |
| 2018-19 | 1,59,34,539 |
| 2011-12 മുതൽ 2018-19 വരെ ക്രഡിറ്റ്/ സെമസ്റ്റർ, വിവിധ പ്രവേശന പരീക്ഷ എന്നിവയ്ക്കായി വിവിധ വകുപ്പുകളിൽ നിന്നും അനുവദിച്ച മുൻകൂർ | 4,17,775 |
| ആകെ | 12,79,96,502 |

മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. നാളിതുവരെ ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂറുകളുടെ കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിക്കാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

### 3-36 പഠന വകുപ്പുകൾക്ക് അനുവദിച്ച മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. 15,79,174/- രൂപ തടസ്സപ്പെടുത്തുന്നു.

പഠന വകുപ്പുകളിലെ അധ്യാപകർക്ക്/വകുപ്പ് തലവൻമാർക്ക് വിവിധ പ്രൊജക്റ്റിന്റെ ഭാഗമായും പഠന വകുപ്പുകളുടെ മറ്റ് ആവശ്യങ്ങൾക്കും 2018-19 വർഷത്തിൽ ആകെ 15,79,174/- രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. പ്രൊവിഷണൽ പേയ്മെന്റ് രജിസ്റ്റർ (PPR) പ്രകാരം ഈ മുൻകൂർ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മുൻകൂറുകൾ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കാൻ നിർദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ജി.ഒ,(പി)419/2011/ഫിൻ. തീയതി: 04.10.2011, ജി.ഒ.(പി)390/2012/ഫിൻ തീയതി: 10.07.2012 എന്നിവ സർവകലാശാല പാലിച്ചിട്ടില്ല. സമയബന്ധിതമായി ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശ ചുമത്തി മൂന്നു മാസ കാലാവധിക്കുശേഷം മൊത്തം തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന മുൻകൂറുകളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| 2018-19 | | | | |
|---|---|---|---|---|
| ക്രമ നം. | PPR ക്രമ നം./ തീയ്യതി | തുക | മുൻകൂർ കൈപ്പറ്റിയ വ്യക്തി/ സ്ഥാനപ്പേര്/ സ്ഥാപനം | മുൻകൂർ അനുവദിച്ചതിന്റെ ഉദ്ദേശ്യം |
| 1 | 5001/13-11-2018 | 85,924 | ഡോ. കെ.ആർ. ഹരിദാസ്., പ്രൊഫസർ, രസതന്ത്ര പഠന വകുപ്പ് | KSCSTE -WSD "ബാക് ടു ലാബ്" പ്രൊജക്റ്റ് നടത്തിപ്പ് |
| 2 | 5015/16-11-2018 | 1,05,000 | ഡോ. പി.കെ. പ്രസാദൻ., കേമ്പസ് ഡയറക്ടർ, മാനന്തവാടി കേമ്പസ് | "ഹരിത കേരളം" പ്രൊജക്റ്റ് നടത്തിപ്പ് |
| 3 | 5017/19-11-2018 | 9,000 | ഡോ. കെ.എം. നിസാമുദ്ദീൻ, ഫിസിക്സ് പഠന വകുപ്പ് | KSCSTE -Student Community project നടത്തിപ്പ്. |
| 4 | 5018/19-11-2018 | 9,00 | ഡോ. കെ.എം. നിസാമുദ്ദീൻ, ഫിസിക്സ് പഠന വകുപ്പ് | KSCSTE -Student Community project നടത്തിപ്പ്. |
| 5 | 5093/01-02-2019 | 75,000 | ഡോ. കെ. ഗംഗാധരൻ, സാമ്പത്തിക ശാസ്ത്ര പഠന വകുപ്പ് | 3 ദിവസത്തെ അന്താരാഷ്ട്ര കോൺഫറൻസ് നടത്തിപ്പ്. |
| 6 | 5083/29-01-2019 | 7,72,500 | ഡോ. എസ്. വിനോദ് കുമാർ, ബിഹേവിയറൽ സയൻസ് പഠന വകുപ്പ് തലവൻ | കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ |

| | | | | |
|---|---|---|---|---|
| 7 | 5137/29-03-2019 | 2,57,500 | ഡോ. എസ്. വിനോദ്കുമാർ, വകുപ്പ് തലവൻ<br>ബിഹേവിയറൽ സയൻസസ് പഠന വകുപ്പ്. | കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ |
| 8 | 5111/26-02-2019 | 215,250 | ഡോ. സൂരജ് എം. ബഷീർ, മോളിക്യുലർ ബയോളജി വകുപ്പ് തലവൻ | സ്കോളർ ഇൻ റസിഡൻസ് പ്രോഗ്രാം നടത്തിപ്പ്. |
| 9 | 5141/29-03-2019 | 50,000 | ഡോ. സുരേഷ് കുട്ടി, വകുപ്പ് തലവൻ<br>ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ്. | സിന്തറ്റിക് ട്രാക്ക് നനയ്ക്കുന്നതിന് പമ്പ്സെറ്റ് വാങ്ങൽ |
| ആകെ | | 15,79,174 | | |

മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ പ്രകാരം മുൻകൂറുകൾ പലിശ സഹിതം ഈടാക്കുന്നതിന് സർവകലാശാല നടപടി കൈക്കൊള്ളാത്തതിനാൽ മുൻകൂർ ഇനത്തിലെ മേൽ വിവരിച്ച ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക, കൈപ്പറ്റിയ ജീവനക്കാരിൽ നിന്ന് നിയമാനുസൃത പലിശ സഹിതം ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 03.03.2020 ലെ കെ.എസ്.എ/കെ.എൻ.യു/യു6/120/2020 നമ്പർ കത്ത് മുഖേന ആരാഞ്ഞതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-37 സർവകലാശാല ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് (KUEPF)- വാർഷിക ക്രഡിറ്റ് സ്ലിപ് വിതരണം ചെയ്തിട്ടില്ല.

2011 ലെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) നിയമം സർവകലാശാലകൾക്കും ബാധകമാക്കിയിട്ടുണ്ട്. ഇത് പ്രകാരം അംഗങ്ങൾക്ക് കാലാകാലങ്ങളിൽ ബാധകമായ പലിശ ഓരോ വർഷവും ഒന്നാമത്തെ ദിവസം ജീവനക്കാരുടെ അക്കൗണ്ടിൽ വകയിരുത്തേണ്ടതാണ്.

കണ്ണൂർ സർവകലാശാല ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് വാർഷിക ക്രഡിറ്റ് സ്ലിപ്പുകൾ 2016-17 വർഷം മുതൽ വിതരണം ചെയ്തിട്ടില്ല. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് തുക ജില്ല ട്രഷറിയിലെ TPA 71901200001453 നമ്പർ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. 31.03.2019 ന് ആകെ 454 ജീവനക്കാർ പി.എഫിൽ വരിക്കാരായുണ്ട്. ജീവനക്കാർക്ക് അവസാനമായി ക്രഡിറ്റ് സ്ലിപ് വിതരണം ചെയ്തിട്ടുള്ളത് 2015-16 വർഷമാണ്. 2016-17 മുതലുള്ള പലിശ വരവിലുണ്ടായ കാലതാമസം മൂലമാണ് തുടർന്നുള്ള ക്രഡിറ്റ് സ്ലിപ് വിതരണം ചെയ്യാതിരുന്നത് എന്ന് വിശദീകരിക്കുകയുണ്ടായി. വാർഷിക ക്രഡിറ്റ് സ്ലിപ്പുകൾ യഥാസമയം വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ട്രഷറി പാസ് ബുക്ക് പ്രകാരം പ്രൊവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ 31-03-2019 ന് 25,80,47,195/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 22,83,90,092 |
| സബ്സ്ക്രിപ്ഷൻ | 4,65,36,157 |
| വായ്പ തിരിച്ചടവ് | 54,23,620 |
| പലിശ വരവ് | 1,02,52,670 (2017-18) |
| പലിശ വരവ് | 1,69,12,231 (2016-17) |
| ആകെ | 30,75,14,770 |
| ലോൺ അനുവദിച്ചത് | 2,48,96,565 |
| പി.എഫ് ക്ലോഷർ തുക | 2,45,71,010 |
| നീക്കിയിരിപ്പ് | 25,80,47,195 |

എ) ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്: യഥാസമയം പലിശ ലഭിക്കുന്നില്ല - ജീവനക്കാർക്ക് പലിശയിനത്തിൽ നഷ്ടം.

ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് തുക ട്രഷറിയിലെ TPA71901200001453 നമ്പർ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ ജനറൽ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ അനുവദിക്കുന്ന പലിശ നിരക്ക് ട്രഷറിയിൽ നിന്നും നിക്ഷേപങ്ങൾക്ക് ലഭിക്കുന്നുണ്ട്. 2016 മാർച്ച് 31 വരെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ യഥാസമയം പലിശ വരവ് വന്നിട്ടുണ്ട്. എന്നാൽ 2016-17 മുതൽ അക്കൗണ്ടിൽ പലിശ വരവ് വയ്ക്കുന്നതിൽ കാലതാമസം നേരിട്ടു. 01-04-2017 ന് ലഭിക്കേണ്ട 2016-17ലെ പലിശ തുക 1,69,12,231 രൂപ 08.11.2018 തീയതിയിൽ മാത്രമാണ് വരവ് വന്നിട്ടുള്ളത്. അതുപോലെ തന്നെ 01.04.2018 ന് ലഭിക്കേണ്ട 2017-18 ലെ പലിശ തുക 1,90,23,381 രൂപയിൽ 1,02,52,670 രൂപ 01.04.2018 തീയതിയിൽ തന്നെ വരവ് വന്നു. യഥാസമയം പലിശ തുക അക്കൗണ്ടിൽ വരവ് വയ്ക്കാത്തതിനാൽ പലിശയിനത്തിൽ ജീവനക്കാർക്ക് 2016-17 വർഷം മുതൽ 2018-19 വർഷം വരെ താഴെ വിവരിച്ച പ്രകാരം 14,39,823 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ലഭിക്കേണ്ട പലിശ തുക | ലഭിച്ച തുക | ലഭിച്ച തീയതി | നിരക്ക് | കുറവ് തുക |
|---|---|---|---|---|---|
| 2016-17 | 1,69,12,231 | 1,69,12,231 | 08.11.2018 | - | - |
| 2017-18 | 1,90,23,381 | 1,02,52,670 | 01.04.2018 | 4.5% | 87,70,711 |
| 2018-19 | 1,22,60,705 +87,70,711 (2017-18 വർഷത്തെ പലിശയിൽ ലഭിക്കാൻ ബാക്കിയുള്ള തുക) | 1,04,37,825 | 01.04.2019 | 4.5% | 1,05,93,591 |
| 2018-19 | 1,05,93,591 | 91,53,768 | 20.01.2020 | - | 14,39,823 |

വരവിൽ കുറവു വന്ന പലിശ തുക 14,39,823 രൂപ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-38 എ.കെ.ജി റിസർച്ച് സെന്റർ ഫോർ കോ-ഓപ്പറേറ്റീവ് എൻറർപ്രൈസസ് ആന്റ് ട്രാൻസ്ഫോർമേറ്റീവ് പൊളിറ്റിക്സ് - ഗവേഷണ വിവരങ്ങൾ ലഭ്യമല്ല.

ഫയൽ നം.RDC4/AKG/RC/2018

28/12/2017 ലെ സിൻഡിക്കേറ്റ് തീരുമാനം 2017.934 പ്രകാരം ട്രാൻസ്ഫോർമാറ്റീവ് പൊളിറ്റിക്സ് ആന്റ് കോ-ഓപറേറ്റീവ് എന്റർപ്രൈസസ് എന്ന വിഷയത്തിൽ സഖാവ് എ കെ ഗോപാലന്റെ പേരിൽ ഒരു റിസർച്ച് സെന്റർ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹു.വി.സി.യുടെ നിർദേശപ്രകാരം എ.കെ.ജി. റിസർച്ച് സെന്റർ ഫോർ കോ-ഓപറേറ്റീവ് എന്റർ പ്രൈസസ് ആന്റ് ട്രാൻസ്ഫോർമേറ്റീവ് പൊളിറ്റിക്സ് എന്ന പേരിൽ താവക്കര കേമ്പസിൽ റിസർച്ച് സെന്റർ ആരംഭിക്കുകയായിരുന്നു.

31/7/2018 ലെ ജി.ഒ. ആർ.ടി. നം.1475/2018/ഹയർ എഡ്യുക്കേഷൻ വകുപ്പിന്റെ ഉത്തരവ് പ്രകാരം മേൽ വിഷയത്തിൽ ആകെ 14.76 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ട് ചെലവഴിക്കാൻ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.ആയതിൽ പി. എച്ച്. ഡി. ഹോൾഡറായ 2 റിസർച്ച് ഫെല്ലോസിനു 40.000/-രൂപ വീതം 6 മാസത്തേയ്ക്ക് 4.8 ലക്ഷം രൂപ ഫെല്ലോഷിപ്പ് നൽകുവാനും അനുമതി നൽകിയിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു

| സ്ഥാപനം - കണ്ണൂർ യൂണിവേഴ്സിറ്റി<br>ഹെഡ് ഓഫ് അക്കൗണ്ട് - 22021-03-102-92 | | |
|---|---|---|
| ക്രമ നംപർ | പ്രൊപോസൽ | തുക |
| 1 | ഇന്റർ നാഷണൽ കോൺഫറൻസ് | 4.76 ലക്ഷം |
| 2 | ഹോണറേറിയം | 4ലക്ഷം |
| 3 | റിസർച്ച് ഫെല്ലോസിനുള്ള റെമ്യൂണറേഷൻ 4.8ലക്ഷം<br>മറ്റു ചെലവുകൾ 1.2 ലക്ഷം | 6ലക്ഷം |
| | ആകെ തുക | 14.76 ലക്ഷം |

സർവകലാശാലാ വിജ്ഞാപനമോ പ്രത്യേകിച്ച് നിയമന നടപടികളോ കൂടാതെ 1/11/2018 ന് സീനിയർ റിസർച്ച് ഫെല്ലോ ആയി ശ്രീ. പി.കെ. വിജയൻ, റിട്ടയേർഡ് ജ്യോഗ്രഫി പ്രൊഫസർ എന്നിവരേയും 05/11/2018 ന് ശ്രീ.പ്യാരിലാൽ രാഘവൻ എന്നവരേയും നിയമിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ ഫെല്ലോഷിപ്പ് ഇനത്തിൽ താഴെ കാണിച്ചവിധം തുക ചെലവഴിച്ചിരുന്നു.

| പേര് | മാസം | ഫെല്ലോഷിപ്പ് തുക | വൗച്ചർ നംപർ | റിമാർക്സ് |
|---|---|---|---|---|
| പി.കെ വിജയൻ | നവംബർ 2018 | 34,667 | 2394/ 12/12/2018 | |
| പ്യരിലാൽ രാഘവൻ | നവംബർ 2018 | 40,000 | 2395 /01/12/2018 | |
| പി.കെ വിജയൻ | ഡിസംബർ 2018 | 40,000 | 2896 /02/01/2019 | |
| പ്യരിലാൽ രാഘവൻ | ഡിസംബർ 2018 | 40,000 | 2897 /02/01/2019 | |
| പി.കെ വിജയൻ | ജനവരി 2019 | 40,000 | 3181 /19/02/2019 | |

| | | | | |
|---|---|---|---|---|
| പ്യരിലാൽ രാഘവൻ | ജനവരി 2019 | 40,000 | 3182 /19/02/2019 | |
| പി.കെ വിജയൻ | ഫിബ്രവരി 2019 | 40,000 | 390/ 30/03/2019 | |
| പ്യരിലാൽ രാഘവൻ | ഫിബ്രവരി 2019 | 40,000 | 3902 /30/03/2019 | |
| | ആകെ തുക | 3,14,667 | | |

2018-19 വർഷത്തിൽ ആകെ 3,14,667/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2019 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ചെലവഴിച്ച 1,60,000/-രൂപയും (40,000x4) അടക്കം ആകെ 4,74,667/-രൂപ (3,14,667+1,60,000) ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ വിഷയം സംബന്ധിച്ച് ഗവേഷണം നടത്തിയതായോ,റിപ്പോർട്ട് സമർപ്പിച്ചതായോ രേഖകളില്ല.

17/06/2019ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) നം.973/2019/ഹയർ എഡ്യൂക്കേഷൻ പ്രകാരം 10.85 ലക്ഷത്തിന്റെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പിന്നീട് അടുത്ത എട്ടു മാസത്തേയ്ക്ക് ഫെല്ലോഷിപ്പിനായി പുതിയ അപേക്ഷകരെ ക്ഷണിക്കുകയും ആയതു പ്രകാരം ശ്രീ. പ്യാരിലാൽ രാഘവനെ സീനിയർ ഫെല്ലോ ആയി 01/07/2019 മുതൽ 31/03/2020 വരെ പ്രതിമാസം 50,000/-രൂപ ഫെല്ലോഷിപ്പിനു നിയമിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ ശ്രീ. പ്യാരിലാൽ രാഘവൻ നടത്തിയ ഗവേഷണങ്ങൾ സംബന്ധിച്ച ജോലിവിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. 2020 മാർച്ചിനകം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ 2018-19 വർഷത്തിൽ ഫെല്ലോഷിപ്പ് തുക ഇനത്തിൽ 4,74,667/- രൂപ സീനിയർ ഫെല്ലോ തസ്തികയിൽ നിയമിതരായ ശ്രീ.പി.കെ. വിജയൻ, ശ്രീ.പ്യാരിലാൽ എന്നിവർ കൈപ്പറ്റിയിട്ടും ക്രിയാത്മകമായ ഗവേഷണങ്ങൾ ഈ വിഷയത്തിൽ നടത്തിയതായി രേഖകളില്ല. മേൽ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്, സീനിയർ റിസർച്ച് ഫെല്ലോ ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.പി.കെ.വിജയൻ, റിട്ട.ജ്യോഗ്രഫി പ്രൊഫസറുടെ സഹകരണമേഖലയിലെ പ്രാഗത്ഭ്യം, 2018-19 വർഷത്തിൽ എ.കെ.ജി. റിസർച്ച് സെന്റർ ഫോർ കോ-ഓപറേറ്റിവ് എന്റർപ്രൈസസ് ആന്റ് ട്രാൻസ്ഫോർമേറ്റിവ് പൊളിറ്റിക്സ് എന്ന സ്ഥാപനത്തിൽ നടന്ന ദൈനംദിന പ്രവർത്തനങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനായി 11/03/2020 ന് റിക്വിസിഷൻ നംപർ 29 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഗവേഷണ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ സെന്ററിന്റെ പ്രവർത്തനം വിലയിരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. 2018-19 വർഷത്തിൽ സെന്ററിൽ നടത്തിയ ഗവേഷണ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-39 സർവകലാശാല പഠന വകുപ്പുകളിലെയും മറ്റ് അനുബന്ധസ്ഥാപനങ്ങളിലെയും തീർപ്പാക്കാനവശേഷിക്കുന്ന 2018-19 വർഷത്തെ നിരീക്ഷണങ്ങൾ

1)യു.ജി.സി. എച്ച്. ആർ. ഡി. സി, താവക്കര കാമ്പസ്

i) ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ₹14,38,146/- യു. ജി. സി. ക്ക് തിരിച്ചടച്ചു.

2017-2018 കാലയളവിലേക്ക് 60 ലക്ഷം രൂപയാണ് ഗ്രാന്റിനത്തിൽ യു.ജി.സി. അനുവദിച്ചത്. ഇതിൽ ചെലവഴിക്കുവാൻ ബാക്കിയുണ്ടായിരുന്ന ₹14,38,146/-രൂപ ചെക്ക് നം.913307/14-02-2019 പ്രകാരം യു. ജി. സി. യിലേക്ക് തിരിച്ചടക്കുകയുണ്ടായി. 2017-2018 കാലയളവിൽ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരുന്ന 17 പരിശീലന പരിപാടികളിൽ 8 പരിശീലന പരിപാടികൾ നടപ്പിലാക്കുവാൻ

സാധിക്കാതെ വന്നതാണ് ഗ്രാന്റിനത്തിൽ അനുവദിച്ച തുക തിരിച്ചടക്കുവാനിടയാക്കിയത്. സർവകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്ക് ലഭിക്കേണ്ട പരിശീലനത്തിനായി യു.ജി.സി. നീക്കിവെച്ച തുക നഷ്ടപ്പെടുത്തിയ സാഹചര്യം വിലയിരുത്തി ഭാവിയിലെ പരിശീലന പരിപാടികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ii) ബാധ്യത തുക കണക്കാക്കാതെ യു. ജി. സി. ഗ്രാന്റ് തിരിച്ചടച്ചു. മുൻ ഡയരക്ടർക്കുള്ള ശമ്പളകുടിശ്ശിക ₹ 1,95,264 തനത് ഫണ്ടിൽ നിന്ന് നൽകി.

അക്കാദമിക്ക് സ്റ്റാഫ് കോളേജ് മുൻ ഡയരക്ടറുടെ 2012 മാർച്ച്,ഏപ്രിൽ (28-04-2012 വരെയുള്ളത്) മാസത്തെ ശമ്പളമായ ₹1,95,264 ഡയരക്ടറുടെ 15-10-2018 തീയതിയിലെ യു.ജി.സി.-എച്ച്.ആർ.ഡി.സി./ജി.എം./2018നമ്പർ ഉത്തരവ് പ്രകാരം യു.ജി.സി. -എച്ച്.ആർ.ഡി.സി. തനത്ഫണ്ടിൽ നിന്ന് ചെക്ക് നം.244308/16-10-2018 പ്രകാരം അനുവദിക്കുകയുണ്ടായി. അക്കാദമിക്ക് സ്റ്റാഫ് കോളേജ് മുൻ ഡയരക്ടറായിരുന്ന ശ്രീ സി.ബാലന്റെ 2012 മാർച്ച്, ഏപ്രിൽ മാസത്തെ ശമ്പളം യു.ജി.സി. അനുവദിച്ച 2011-2012 വർഷത്തെ ഗ്രാന്റിൽ നിന്നാണ് അനുവദിക്കേണ്ടിയിരുന്നത്. സർവകലാശാല ഫിനാൻസ് വിഭാഗം ശമ്പളം, മറ്റ് ഇനങ്ങളിൽ അക്കാദമിക്ക് സ്റ്റാഫ് കോളേജ്-യു.ജി.സി. ഗ്രാന്റിനത്തിൽ നീക്കിയിരിപ്പുള്ള തുക അക്കാദമിക്ക് സ്റ്റാഫ് കോളേജ് ഡയരക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. എന്നാൽ മുൻ ഡയരക്ടർക്ക് നൽകാനുണ്ടായിരുന്ന ശമ്പളബാധ്യത തിട്ടപ്പെടുത്താതെ പ്രസ്തുത കാലയളവിലെ യു.ജി.സി. ഗ്രാന്റിനത്തിലുള്ള മുഴുവൻ തുകയും തിരിച്ചടക്കുകയാണുണ്ടായത്. വിനിയോഗ സാക്ഷ്യപത്രം നൽകുമ്പോൾ നൽകുവാനുള്ള ശമ്പളചെലവുകളുടെ ബാധ്യത തിട്ടപ്പെടുത്തി കണക്കാക്കി ബാക്കി തുക മാത്രം യു.ജി.സി. ക്ക് നൽകുന്നതിലുണ്ടായ വീഴ്ചമൂലമാണ് ₹1,95,264 തനത് ഫണ്ടിൽ നിന്ന് നൽകേണ്ടി വന്നത്. യു.ജി.സി. മാർഗ്ഗരേഖ പ്രകാരം എച്ച്.ആർ.ഡി.സി തനത്ഫണ്ടിൽനിന്ന് ശമ്പളചെലവുകൾക്ക് തുക ചെലവഴിക്കുവാൻ വ്യവസ്ഥയില്ല. പരിശീലന രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിക്കുന്ന തുകയുൾപ്പെടുന്ന തനത് ഫണ്ട് എച്ച്.ആർ.ഡി.സി.യുടെ ഇൻഫ്രാസ്ട്രക്ചർ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കേണ്ടത്. ശമ്പളം ഇനത്തിലെ ചെലവ് എച്ച്.ആർ.ഡി.സി തനത് ഫണ്ടിൽ നിന്ന് വിനിയോഗിച്ചത് ക്രമപ്രകാരമല്ല.

iii)ആദായനികുതി കുറവ് ചെയ്തില്ല. ആദായനികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

അക്കാദമിക്ക് സ്റ്റാഫ് കോളേജ് മുൻ ഡയരക്ടറായിരുന്ന ശ്രീ. സി. ബാലന്റെ 2012 മാർച്ച്, ഏപ്രിൽ മാസത്തെ ശമ്പളം വൗച്ചർ നം.386/16-10-2018 പ്രകാരം ₹1,95,264 അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല. പ്രസ്തുത വരുമാനം കൂടി കണക്കിലെടുത്ത് ടിയാൻ ആദായനികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്ത പക്ഷം തുക ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

2) വിദൂര വിദ്യാഭ്യാസവിഭാഗം, താവക്കര കാമ്പസ്

i) അഡ്മിഷൻ അനുവദിക്കാത്ത വർഷത്തിൽ വിദ്യാർത്ഥികൾക്ക് സിം നൽകി, അഡ്മിഷൻ നൽകിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കൂടുതൽ സിം വിതരണം ചെയ്തു.

2017-18 വർഷത്തിൽ ആകെ 220 വിദ്യാർത്ഥികൾക്കാണ് B.C.A. ഒന്നാം വർഷം പ്രവേശനം അനുവദിച്ചിരുന്നത്. പ്രസ്തുത വിദ്യാർത്ഥികൾക്ക് സെൽഫ് ഇൻസ്ട്രക്ഷൻ മെറ്റീരിയൽ (SIM) അനുവദിക്കുന്നതിനായി കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ്ങ് & ട്രെയിനിങ്ങ് സബ് സെന്റർ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും സിം പ്രിന്റ് ചെയ്തതിന് താഴെ പറയും പ്രകാരം

തുക ചെലവഴിച്ചിട്ടുണ്ട്.

| പഠന വിഷയം | ഇൻവോയിസ് നം./തീയതി | നിരക്ക് (Per book) | എണ്ണം | സ്റ്റോക്കിലെടുത്ത തീയതി |
|---|---|---|---|---|
| Methodology for computer application | 102/13.11.2017 | 74.63 | 310 | 25.09.2017 |
| Complimentory common mathematics | 104/13.11.2017 | 156.98 | 350 | 15.09.2017 |
| Programming C and $C^{++}$ | 104/13.11.2017 | 86.90 | 350 | 25.09.2017 |

സിം സ്റ്റോക്ക് രജിസ്റ്റർ വോള്യം 2 പ്രകാരമുള്ള വിതരണത്തിന്റെയും, നീക്കിയിരിപ്പിന്റെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പഠന വിഷയം | OB | | വിതരണ വിവരം | | CB | |
|---|---|---|---|---|---|---|
| | എണ്ണം | തീയതി | എണ്ണം | തീയതി | എണ്ണം | തീയതി |
| Methodology for computer application | 310 | 25.09.2017 | 180 | 02.12.2017 | 130 | 02.12.2017 |
| | 130 | 10.09.2018 | 130 | 10.09.2018 | 0 | 10.09.2018 |
| Complimentory common mathematics | 350 | 15.09.2017 | 200 | 02.12.2017 | 150 | 02.12.2017 |
| | 150 | 10.09.2018 | 150 | 10.09.2018 | 0 | 10.09.2018 |
| Programming C and $C^{++}$ | 350 | 25.09.2017 | 200 | 02.12.2017 | 150 | 02.12.2017 |
| | 150 | 10.09.2018 | 150 | 10.09.2018 | 0 | 10.09.2018 |

2017-18 വർഷത്തിൽ അഡ്മിഷൻ നൽകിയത് 220 വിദ്യാർത്ഥികൾക്കാണെങ്കിലും മേൽ കാണിച്ച പ്രകാരം 2017-18,2018-19 കാലയളവിൽ Methodology for computer application എന്ന വിഷയത്തിന് 310 വിദ്യാർത്ഥികൾക്കും Complimentory common mathematics, Programming C and $C^{++}$ എന്നീ വിഷയങ്ങളിൽ 350 വിദ്യാർത്ഥികൾക്കും സിം അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ സിം കൂടുതൽ വിതരണം ചെയ്തതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. കൂടാതെ B.C.A. ഒന്നാം വർഷം പ്രവേശനം നൽകാത്ത 2018-19 വർഷത്തിലും B.C.A. ഒന്നാം വർഷ കോഴ്സിന്റെ സിം വിതരണം ചെയ്തതായി കാണുന്നു. സർവ്വകലാശാല ഭരണ വിഭാഗം ഈ കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തി ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii) കോഴ്സ് നിർത്തലാക്കി - പ്രിന്റ് ചെയ്ത സെൽഫ് ഇൻസ്ട്രക്ഷൻ മെറ്റീരിയൽ (SIM) ഉപയോഗ ശൂന്യമാവുന്നു.

മതിയായ അധ്യാപകരില്ലാത്തതിനാൽ യു.ജി.സി. അംഗീകാരം നഷ്ടപ്പെട്ടതുമൂലം വിദൂര വിദ്യാഭ്യാസ വിഭാഗം വഴി നടത്തിവരുന്ന M.Sc. (Mathematics), M.Com, B.C.A. എന്നീ കോഴ്സുകൾ 2018-19 അദ്ധ്യയന വർഷം മുതൽ നിർത്തലാക്കിയിരുന്നു. ആയതിനാൽ പ്രസ്തുത കോഴ്സുകൾക്കായി തയ്യാറാക്കിയ സെൽഫ് ഇൻസ്ട്രക്ഷൻ മെറ്റീരിയൽ ഉപയോഗ ശൂന്യമായിരിക്കുകയാണ്. ആയതിന്റെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

M.Sc. (Mathematics) 1st Year

| പഠന വിഷയം | അവശേഷിക്കുന്ന ബുക്കുകളുടെ എണ്ണം (As per sim stock register vol 2) | വില | | |
|---|---|---|---|---|
| | | ഇൻവോയിസ് നം./തീയതി | നിരക്ക് | ആകെ തുക |
| Algebra 1 | 55 | 300/27.03.2018 | 57.68 | 3,172.40 |
| Algebra 11 | 65 | 300/27.03.2018 | 59.27 | 3,852.55 |
| Linear algebra | 50 | 300/27.03.2018 | 191.24 | 9,562 |
| Real Analysis 1 | 95 | 300/27.03.2018 | 62.45 | 5,932.75 |
| Real Analysis 11 | 39 | 300/27.03.2018 | 91.07 | 3,551.73 |
| Topology 1 | 35 | 300/27.03.2018 | 54.50 | 1,907.5 |
| Topology 11 | 40 | 300/27.03.2018 | 64.04 | 2,561.6 |
| Diffrential Equation | 63 | 300/27.03.2018 | 126.05 | 7,941.15 |
| Political Diffrential Equation | 42 | 302/27.03.2018 | 124.46 | 5,227.32 |
| Computer Programming in $C^{++}$ | 32 | 302/27.03.2018 | 183.29 | 5,865.28 |
| ആകെ | | | | 49,574.28 |

M.Com. 1 Year

| പഠന വിഷയം | അവശേഷിക്കുന്ന ബുക്കുകളുടെ എണ്ണം (As per sim stock register vol 2) | വില | | |
|---|---|---|---|---|
| | | ഇൻവോയിസ് നം/തീയതി | നിരക്ക് | ആകെ തുക |
| Business Environment | 230 | 219/24.02.2018 | 48.90 | 11,247.00 |
| Quantitative Techniques | 205 | 299/27.03.2018 | 42.24 | 8,659.20 |
| Management Information System | 235 | 133/27.03.2018 | 19.82 | 4,657.70 |
| Management Concepts | 245 | 299/27.03.2018 | 36.18 | 8,864.10 |
| Strategic Management | 170 | 299/27.03.2018 | 31.94 | 5,429.80 |

| | | | | |
|---|---|---|---|---|
| Research Methodology & Statistical templates | 255 | 299/27.03.2018 | 38 | 9,690.00 |
| Costing for managerial decision | 205 | 299/27.03.2018 | 30.72 | 6,297.60 |
| Computer Analysis | 220 | 299/27.03.2018 | 40.42 | 8,892.40 |
| ആകെ | | | | 63,737.80 |

M.Sc. (Mathematics), M.Com, B.C.A. എന്നീ കോഴ്സുകൾ നിർത്തലാക്കിയതുമൂലം ഈ കോഴ്സുകളുടെ രണ്ടാം വർഷത്തെയും മൂന്നാം വർഷത്തെയും ലക്ഷക്കണക്കിനു രൂപ വിലമതിക്കുന്ന പ്രിന്റ് ചെയ്ത പുസ്തകങ്ങൾ ഉപയോഗശൂന്യമായിരിക്കയാണ്. സർവ്വകലാശാല നടത്തിവരുന്ന കോഴ്സുകളുടെ യു.ജി.സി. അംഗീകാരം നിലനിർത്തുന്നതിനും,മേൽ കാണിച്ചതു പ്രകാരം പ്രിന്റ് ചെയ്ത പുസ്തകങ്ങൾ പാഴായി പോകാതിരിക്കാനും ബന്ധപ്പെട്ട അധികാരികൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

iii)സിം (Self Instructional Material) – സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ.

വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ സൂക്ഷിച്ച് വരുന്ന സിം സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിപ്പ് സ്ഥലവും ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. സിം പ്രിന്റ് ചെയ്ത് ലഭിക്കുമ്പോൾ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് രേഖപ്പെടുത്തുകയും പിന്നീട് ഇത് വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിലുള്ള സെക്ഷനുകൾക്കും പഠിതാക്കൾക്കും വിതരണം ചെയ്യുമ്പോൾ ആയതിന്റെ വിവരം രേഖപ്പെടുത്തുകയുമാണ് ചെയ്തുവരുന്നത്. ആകെയുള്ള സ്റ്റോക്കിൽ നിന്നും വിതരണം ചെയ്തതു കുറവു വരുത്തി നീക്കിയിരിപ്പ് കാണിക്കുന്നുണ്ടെങ്കിലും സാമ്പിളായി എടുത്ത ചില ഇനങ്ങളുടെ സ്റ്റോക്കിന്റെ കൃത്യതയോ പ്രസ്തുത ഇനമോ കൃത്യമായി കാണിച്ചു തരാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ആയതിനാൽ സിമ്മിന്റെ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ഒരു കോടിയിൽ പരം വരുന്ന തുക പ്രിന്റിങ്ങിനായി ചെലവഴിച്ച് ലഭ്യമാകുന്ന സിമ്മിന്റെ യഥാർത്ഥ സ്റ്റോക്ക് വിവരങ്ങളും സിമ്മുകളും യഥാവിധിയും തൃപ്തികരമായും സൂക്ഷിക്കാത്തത് ശരിയായ നടപടിയല്ല.

ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1-22 ലും (കെ.എസ്.എ/കെ.എൻ.യു/യു4/533/2017 തീയതി :28.12.2017) 2017-18 ലെ ഓഡിറ്റ് നോട്ടിലെ (കെ.എസ്.എ./കെ.എൻ.യു./യു4/308/2018(51) തീയതി : 24.11.2018) ഖണ്ഡിക 3-1 ലും പ്രതിപാദിച്ചിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ യഥാർഥ സ്റ്റോക്കിന്റെ പരിശോധന ഏതു സമയത്തു നടത്തിയാലും കൃത്യത ഉറപ്പുവരുത്താനുതകുന്ന രീതിയിൽ സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കൽ ഇതുമായി ബന്ധപ്പെട്ട ജീവനക്കാരന്റെ ഉത്തരവാദിത്തമാണെന്ന് കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 149 ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 149, 150 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.പ്രിന്റ് ചെയ്തുവരുന്ന സിമ്മുകൾ മെയിൻ സ്റ്റോക്കിലെടുത്ത് ആയത് ബന്ധപ്പെട്ട സെക്ഷനു വിതരണം ചെയ്യുമ്പോൾ സെക്ഷൻ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും സെക്ഷനിൽ ലഭ്യമായ സിമ്മുകളുടെ വിവരം, വിദ്യാർത്ഥികൾക്ക് വിതരണം നടത്തുന്ന പുസ്തകത്തിന്റെ പേര്, ആകെ എണ്ണം, നീക്കി ബാക്കി എന്നിവ പ്രസ്തുത സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും

നിലവിലുള്ള സ്റ്റോക്കിൽ വ്യക്തത വരുത്തേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്ററിന്റെ അടിസ്ഥാനത്തിലുള്ള എണ്ണത്തിനനുസൃതമായി സിമ്മുകൾ ഭൗതികമായി ക്രമീകരിക്കേണ്ടതുമാണ്.

## 3 പരീക്ഷാ വിഭാഗം,താവക്കര കാമ്പസ്

i)കോൺഫിഡൻഷ്യൽ/സീക്രട്ട് ചെലവുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

പരീക്ഷാ നടത്തിപ്പ് ഇനത്തിൽ ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കുന്നവർക്കുള്ള പ്രതിഫലം, ക്വസ്റ്റ്യൻ പേപ്പർ പ്രിന്റിംഗ് തുടങ്ങിയവയ്ക്കായി സർവകലാശാലയ്ക്ക് കോൺഫിഡൻഷ്യൽ/ സീക്രട്ട് ചെലവുകൾ ചെയ്യേണ്ടി വരുന്നുണ്ട്. രഹസ്യാത്മകത നിലനിർത്തേണ്ടതിനാൽ ഇത്തരം ചെലവുകളുടെ വൗച്ചറുകൾ ഓഡിറ്റിൽ സമർപ്പിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പരീക്ഷാ നടത്തിപ്പ് ഇനത്തിലുള്ള കോൺഫിഡൻഷ്യൽ/ സീക്രട്ട് വരവ്-ചെലവുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. 2018-19 വർഷത്തെ ഇതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 30/12/2019 ലെ ഓഡിറ്റ് റിക്വിസിഷന് (നമ്പർ-1) മറുപടി ലഭ്യമാക്കിയിട്ടില്ല. കോൺഫിഡൻഷ്യൽ/സീക്രട്ട് ചെലവുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ii) യാത്രബത്ത ബില്ലുകൾ കാലഹരണപ്പെടുന്നതിന്റെ കാലപരിധി കണക്കാക്കാതെ ബില്ലുകൾ മാറി നൽകുന്നു

യാത്രാബത്ത ബില്ലുകൾ ക്ലെയിം ഡ്യൂ ആയതിനു ശേഷം രണ്ട് വർഷത്തിനകം ബില്ല് മാറി നൽകേണ്ടതാണ്. അല്ലെങ്കിൽ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ് (കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 ആർട്ടിക്കിൾ 56ബി). എന്നാൽ സർവ്വകലാശാലയിൽ കാലഹരണപ്പെട്ട യാത്രാബത്ത ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. കാലഹരണപ്പെട്ട യാത്രാബത്ത ബില്ലുകൾ അനുവദിച്ചതിന്റെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| യാത്ര നടത്തിയ മാസം | യാത്രബത്ത ബിൽ അനുവദിച്ച വൗച്ചർ നം. | യാത്രബത്ത ബിൽ അനുവദിച്ച ചെക്ക് നം. | തുക | റിമാർക്സ് |
|---|---|---|---|---|
| നവംബർ 2013 | 280/ 11.05.2018 | 547784 | 95,386 | 2013 നവംബറിൽ നടന്ന പാസ്സ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്ത 272 പേരുടെ യാത്ര ബത്ത |
| നവംബർ 2013 നവംബർ 2014 | 281/ 11.05.2018 | 547785 | 42,961 | 2013നവംബർ, 2014 നവംബർ, പാസ്സ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്ത 109 പേരുടെ യാത്ര ബത്ത |
| 2015 ജനുവരി , ഫെബ്രുവര, മാർച്ച് | 766/ 25.07.2018 | 548285 | 52,968 | 2015 ജനുവരി , ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെ പാസ്സ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്ത 137 പേരുടെ യാത്ര ബത്ത |

| | | | | |
|---|---|---|---|---|
| 2015 നവംബർ ഡിസംബർ | 995/ 03.09.2018 | 548520 | 39,834 | 2015 നവംബർ ഡിസംബർ പാസ്സ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്ത 137 പേരുടെ യാത്ര ബത്ത |
| 2015 ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | 996/ 03.09.2018 | 548521 | 1,00,373 | 2015 ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ എന്നീ മാസങ്ങളിലെ പാസ്സ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്ത 25 പേരുടെ യാത്ര ബത്ത |

മേൽ അപാകം തുടർനടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

iii)സർവീസ് ചാർജ് ഇനത്തിൽ കുറവ് ചെയ്ത തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

കണ്ണൂർ സർവകലാശാലയുടെ പരീക്ഷാ വിഭാഗത്തിന്റെ എസ്. ബി. ഐ. കറന്റ് അക്കൗണ്ട് നംപർ 67398157371 ൽ നിന്നും 2017-18 ൽ 8,416.50 രൂപയും 2018-19 ൽ 4,595.95രൂപയും അടക്കം ആകെ 13,012.45രൂപ സർവീസ് ചാർജ് ഇനത്തിൽ ബാങ്ക് കുറവ് ചെയ്തിട്ടുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിന്നും സർവീസ് ചാർജ് ഈടാക്കാവുന്നതല്ല. ആയതിനാൽ സർവീസ് ചാർജിനത്തിൽ കുറവുചെയ്ത 13,012.45 രൂപ ബാങ്കിൽ നിന്നും തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

iv) അവധി ദിവസങ്ങളിലും സ്പെഷൽ അലവൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല.

പരീക്ഷാജോലിയുമായി ബന്ധപ്പെട്ട ചുമതലയുള്ള ജീവനക്കാർക്ക് അവധി ദിവസങ്ങളിലും സ്പെഷൽ അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് നോട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ 2018-19 വർഷവും ഈ രീതിയിൽ സ്പെഷൽ അലവൻസ് അനുവദിച്ചതായി കാണുന്നു (വൗച്ചർ നം.1118/22.11.2018). EG1.3/Exam Special Cell/2018 തീയതി:04-09-2018 പ്രകാരം പരീക്ഷാ ചുമതലയുള്ള ജീവനക്കാർക്ക് (ഓഫീസ് അറ്റന്റന്റ് ഒഴികെ) പ്രതിദിനം 400 രൂപ വീതവും ഓഫീസ് അറ്റന്റന്റുമാർക്ക് പ്രതിദിനം 320/- രൂപ വീതവും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. പൊതു അവധി ദിവസങ്ങളിൽ സ്പെഷൽ അലവൻസ് അനുവദിക്കുന്നത് അംഗീകരിക്കുന്നില്ല.

4-കാസർഗോഡ് ക്യാമ്പസ്

എ) ടീച്ചർ എഡ്യൂക്കേഷൻ സെന്റർ

i) ലൈബ്രറി -പുസ്തകങ്ങളുടെ ക്ലാസിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കണ്ണൂർ സർവകലാശാല കാസർഗോഡ് കാമ്പസ് ബി.എഡ് സെന്ററിൽ 2017-2018 ൽ റൂസ ഫണ്ട് വിനിയോഗിച്ച് വാങ്ങിയ 99,958/- രൂപ വില മതിക്കുന്ന പുസ്തകങ്ങൾ (തുക നൽകിയത് 2018-2019 വർഷത്തിൽ) ഉൾപ്പെടെ 31-03-2019 ൽ 5441 പുസ്തകങ്ങൾ ഉണ്ട്. ഈ പുസ്തകങ്ങൾ ഒന്നും തന്നെ ക്ലാസിഫിക്കേഷൻ നടത്തുകയോ, ശാസ്ത്രീയമായ രീതിയിൽ പേജുകളിൽ സീൽ വെച്ച് നമ്പറുകൾ രേഖപ്പെടുത്തുകയോ, ഡാറ്റാ എൻട്രി നടത്തുകയോ ചെയ്തിട്ടില്ല. അദ്ധ്യാപകവിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ലൈബ്രറി സേവനം ലഭ്യമാക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ ലൈബ്രറി പുസ്തകങ്ങളുടെ

ക്ലാസിഫിക്കേഷൻ നടത്തി ഡാറ്റാ എൻട്രി ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ സർവകലാശാലയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ബി) കന്നഡ പഠന വകുപ്പ്

i)മിനിമം ബാലൻസ്, അക്കൗണ്ട് കീപ്പിംഗ് ഫീസ് ഇനങ്ങളിൽ കോഴ്സ് ഡയരക്ടരുടെ അക്കൗണ്ടിൽ ബാങ്ക് പിൻവലിച്ച തുക തിരിച്ച് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മിനിമം ബാലൻസ് ഇല്ലാത്തതിനാലും അക്കൗണ്ട് കീപ്പിംഗ് ഫീസ് ഇനത്തിലും കോഴ്സ് ഡയറക്ടരുടെ അക്കൗണ്ടിൽ നിന്നും (നം.57053703678 എസ്.ബി.ഐ. റെയിൽവെസ്റ്റേഷൻ റോഡ്, കാസർഗോഡ്) ബാങ്ക് നേരിട്ട് തുക കുറവ് ചെയ്യുകയുണ്ടായി. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിന്നും മേൽ സൂചിപ്പിച്ച മിനിമം ബാലൻസ്, അക്കൗണ്ട് കീപ്പിംഗ് ഫീസ് ഇനങ്ങളിൽ തുക ചാർജ് ചെയ്യുന്നത് ശരിയല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തീയതി | തുക | തുക കുറവ് ചെയ്തതിന്റെ കാരണം |
|---|---|---|---|
| 1 | 30-06-2018 | 590 | മിനിമം ബാലൻസ് കുറവ് |
| 2 | 30-09-2018 | 590 | മിനിമം ബാലൻസ് കുറവ് |
| 3 | 31-12-2018 | 590 | മിനിമം ബാലൻസ് കുറവ് |
| 4 | 12-03-2019 | 649 | അക്കൗണ്ട് കീപ്പിംഗ് ചാർജ് |
| 5 | 31-03-2019 | 590 | മിനിമം ബാലൻസ് കുറവ് |
| ആകെ | | 3,009 | |

സ്റ്റുഡന്റ്സ് വെൽഫയർ ഫണ്ട്, വിദ്യാർത്ഥികൾക്ക് തിരിച്ച് നൽകേണ്ട കോഷൻ ഡെപ്പോസിറ്റ് എന്നിവ നിക്ഷേപിച്ച അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ് ചെയ്ത മുഴുവൻ തുകയും തിരികെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് ഇത് സംബന്ധിച്ച് സർവകലാശാല നേരിട്ട് കത്തിടപാടുകൾ നടത്തി പ്രശ്നപരിഹാരത്തിനുള്ള യുക്തമായ നടപടികൾക്കായി ഇക്കാര്യം സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ii)ഉപയോഗിക്കാത്ത ഉത്തരക്കടലാസുകൾ തിരിച്ച് നൽകേണ്ടതാണ്.

കന്നട പഠനവകുപ്പിൽ മുൻ വർഷങ്ങളിൽ സർവകലാശാല സപ്ലൈ ചെയ്തതും ഉപയോഗിക്കാത്തതുമായ നിരവധി ഉത്തരക്കടലാസുകൾ സൂക്ഷിച്ചിട്ടുണ്ട്. വിവിധ സീരിയൽ നമ്പറുകളിലുള്ള ഉത്തരക്കടലാസുകളുടെ കണക്കുകൾ (ഇഷ്യൂ ചെയ്തത്, ഉപയോഗിച്ചത്, നീക്കിയിരിപ്പ്) കണക്കുകൾ പഠനവകുപ്പിൽ സൂക്ഷിച്ചിട്ടില്ല. പരീക്ഷക്ക് ശേഷം വിനിയോഗിക്കാത്ത മുഴുവൻ ഉത്തരക്കടലാസുകളും വിനിയോഗവിവരങ്ങളടക്കം സർവകലാശാലക്ക് കൈമാറേണ്ടതായിരുന്നു. എന്നാൽ പരീക്ഷാ പേപ്പറുകളുടെ വിനിയോഗവിവരം സർവകലാശാല ആവശ്യപ്പെടുകയോ കന്നട പഠനവകുപ്പ് അയച്ചു കൊടുക്കുകയോ ചെയ്തിട്ടില്ല. വിനിയോഗവിവരങ്ങൾ സഹിതം ഉപയോഗിക്കാത്ത ഉത്തരക്കടലാസുകൾ സർവകലാശാലക്ക് തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കന്നട പഠനവകുപ്പിൽ മുൻ വർഷങ്ങളിൽ സർവകലാശാല സപ്ലൈ ചെയ്തതും ഉപയോഗിക്കാത്തതുമായ നിരവധി ഉത്തരക്കടലാസുകൾ സൂക്ഷിച്ചിട്ടുണ്ട്. വിവിധ സീരിയൽ നമ്പറുകളിലുള്ള ഉത്തരക്കടലാസുകളുടെ കണക്കുകൾ (ഇഷ്യൂ ചെയ്തത്, ഉപയോഗിച്ചത്, നീക്കിയിരിപ്പ്) കണക്കുകൾ പഠനവകുപ്പിൽ സൂക്ഷിച്ചിട്ടില്ല. പരീക്ഷക്ക് ശേഷം വിനിയോഗിക്കാത്ത മുഴുവൻ ഉത്തരക്കടലാസുകളും വിനിയോഗവിവരങ്ങളടക്കം സർവകലാശാലക്ക് കൈമാറേണ്ടതായിരുന്നു. എന്നാൽ പരീക്ഷാ

പേപ്പറുകളുടെ വിനിയോഗവിവരം സർവകലാശാല ആവശ്യപ്പെടുകയോ കന്നട പഠനവകുപ്പ് അയച്ചു കൊടുക്കുകയോ ചെയ്തിട്ടില്ല. വിനിയോഗവിവരങ്ങൾ സഹിതം ഉപയോഗിക്കാത്ത ഉത്തരക്കടലാസുകൾ സർവകലാശാലക്ക് തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 5-നീലേശ്വരം കാമ്പസ്

### എ)ഐ. ടി. എഡ്യുക്കേഷൻ സെന്റർ

### ലൈബ്രറി പുസ്തകങ്ങൾ നഷ്ടപ്പെട്ടത് - തുടർ നടപടികൾ സ്വീകരിച്ചില്ല

കണ്ണൂർ സർവകലാശാലയുടെ നീലേശ്വരം ക്യാമ്പസിലെ ഐ.ടി. എഡ്യുക്കേഷൻ സെന്ററിലെ ലൈബ്രറി പുസ്തകങ്ങളുടെ കണക്കെടുപ്പ് നടത്തിയതിൽ 34 പുസ്തകങ്ങൾ നഷ്ടപ്പെട്ടതായി അസിസ്റ്റന്റ് ഡയറക്ടറുടെ ചാർജ് വഹിച്ചിരുന്ന ക്യാമ്പസ് ഡയറക്ടർ 28.05.2019 ൽ രജിസ്ട്രാറെ അറിയിച്ചിരുന്നുവെങ്കിലും ഉത്തരവാദികളിൽ നിന്നും പുസ്തകങ്ങളുടെ വില ഈടാക്കുന്നതു സംബന്ധിച്ച നടപടികളൊന്നും തന്നെ സർവ്വകലാശാല സ്വീകരിച്ചു കാണുന്നില്ല. നഷ്ടപ്പെട്ട പുസ്തകങ്ങളുടെ വില ഈടാക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

### ബി)മോളിക്യുലാർ ബയോളജി

### i) ഡി.എസ്.ഐ.ആർ. സർട്ടിഫിക്കറ്റ് പുതുക്കുന്നതിലെ കാലതാമസം-ജി.എസ്.ടി. ഇളവ് പ്രയോജനപ്പെടുത്തുവാൻ സാധിച്ചില്ല.സർവ്വകലാശാലക്ക് അധിക സാമ്പത്തിക ബാധ്യത.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Department of Scientific & Industrial Research (DSIR) എന്ന സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത സർവ്വകലാശാലകൾ Scientific & Technical Instruments, apparatus, Equipments, Consumables, Computers, Computer Softwares മുതലായവ വാങ്ങുമ്പോൾ അടവാക്കേണ്ട GST നിരക്ക് 5% ആയി കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ കണ്ണൂർ സർവ്വകലാശാല ഇത്തരം വാങ്ങലുകളിൻമേൽ 18% നിരക്കിലാണ് GST നൽകിവരുന്നത് എന്നു കാണുന്നു. RUSA ഫണ്ട് ചെലവഴിച്ച് 2018-2019 സാമ്പത്തിക വർഷത്തിൽ ഡിപ്പാർട്ട്മെന്റിൽ താഴെപ്പറയുന്ന സയന്റിഫിക്ക് ഉപകരണങ്ങൾ വാങ്ങിയപ്പോൾ 5% നിരക്കിലും അധികം ജി.എസ്.ടി. നൽകേണ്ടി വന്നിട്ടുണ്ട്. ജി.എസ്.ടി. അധികം നൽകിയ സാഹചര്യം സംബന്ധിച്ച് വകുപ്പ് മേധാവി സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അനുവദിച്ച മുൻകൂർ തുക (8,06810/-രൂപ) ക്രമീകരിച്ചുള്ള സർവകലാശാല ഉത്തരവിൽ (Pl.D/C3/2355/RUSA/PURCH/MB/18 തീയതി 27-06-2019) അധികം നൽകിയ ജി.എസ്.ടി. തിരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ RUSA കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഉപകരണത്തിന്റെ പേര് | സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ പേര് | ചെക്ക് നം. തീയതി | തുക | | | അധികം നൽകിയ ജി. എസ്.ടി | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | വില | ജി. എസ്. ടി. | ആകെ | | |
| വേരിയബിൾ മൈക്രോ പിപ്പറ്റ് (5 സെറ്റ്) | അക്ഷയ അസോസിയേറ്റ്സ്, തലശ്ശേരി | 243456/ 24-09-2018 | 77,550 | 9,306 (12%) | 86,856 | 5,428 | |

| | | | | | | | |
|---|---|---|---|---|---|---|---|
| പി.സി.ആർ. മെഷീൻ (T-100 thermal cycler 1861096) | ക്രസന്റ് ലാബ് എക്വിപ്മെന്റ്സ്, ആലുവ | 243457/ 28-09-2018 | 2,20,000 | 39,600 (18%) | 2,59,600 | 28,600 | |
| BOD ഇൻകുബേറ്റർ | മാട്രിക്സ് ഇക്കോ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി | 535209/ 13-11-2018 | 1,90,000 | 34,200 (18%) | 2,42,200 | 25,700 | |

അധികം നൽകിയ ജി.എസ്.ടി. തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി ഇക്കാര്യം സർവ്വകലാശാലയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ii) 2019 വർഷത്തെ ജേർണലുകൾ ലഭിക്കുവാൻ ബാക്കിയുള്ളത് സംബന്ധിച്ച്.

2019 (ജനവരി-ഡിസംബർ) വർഷത്തെ 7 വ്യത്യസ്ത സയൻസ് ജേർണലുകൾ ലഭ്യമാക്കുന്നതിനായി NISCAIR, ന്യൂഡൽഹി എന്ന സ്ഥാപനത്തിന് ഡി.ഡി. നം.335931/01-01-2019 പ്രകാരം 16,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 7,800 രൂപ വില വരുന്ന 5 ജേർണലുകൾ ലഭ്യമാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ജേർണലുകൾ ലഭ്യമായിട്ടുണ്ടോയെന്ന വിവരം അറിയിക്കേണ്ടതാണ്.

6 - പയ്യന്നൂർ കാമ്പസ്, പയ്യന്നൂർ

എ)ക്യാമ്പസ് ഡയറക്ടർ

i) വിവിധ വകുപ്പുകളുടെ ലൈബ്രറി പൂൾ ചെയ്ത് ലൈബ്രേറിയന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

കേമ്പസിലെ 4 പഠനവകുപ്പുകളിലും പ്രത്യേകം ലൈബ്രറികളാണ് ഉള്ളത്. ഇവയിൽ താഴെ പറയുന്ന പ്രകാരം പുസ്തകങ്ങളുണ്ട്.

| | |
|---|---|
| കെമിക്കൽ സയൻസസ് | 2,431 എണ്ണം |
| ഫിസിക്സ് | 2,794 എണ്ണം |
| മ്യൂസിക് | 1,746 എണ്ണം |
| ജ്യോഗ്രഫി | 3,100 എണ്ണം |
| ആകെ | 10,071 എണ്ണം |

ക്യാമ്പസിലെ ലൈബ്രേറിയന്റെ സേവനം നിലവിൽ കെമിക്കൽ സയൻസ് ലൈബ്രേറിയിൽ മാത്രമാണ് ലഭ്യമാകുന്നത്. ഇന്റർനെറ്റ് സംവിധാനവും കെമിക്കൽ സയൻസിൽ മാത്രമാണ് ഉള്ളത്. ഇവ പൂൾ ചെയ്ത് ഒരു കേമ്പസ് ലൈബ്രറിയാക്കി മാറ്റി ക്ലാസിഫിക്കേഷനും കമ്പ്യൂട്ടറൈസേഷനും പൂർത്തീകരിക്കുകയും ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വിപുലമാക്കുകയും ചെയ്യേണ്ടതാണ്. ലൈബ്രേറിയന്റെ സേവനം എല്ലാ വകുപ്പ് ലൈബ്രറികൾക്കും ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ii) ഗസ്ററ് ഹൗസ് ബിൽഡിംഗ് ഉപയോഗയോഗ്യമാക്കിയിട്ടില്ല.

പയ്യന്നൂർ ക്യാമ്പസിൽ അധ്യാപകർക്കായുള്ള ഗസ്റ്റ്ഹൗസ് കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഗസ്റ്റ് ഹൗസ് പ്രവർത്തനക്ഷമമായിട്ടില്ല. 31/01/2018 ൽ ക്യാമ്പസ് ഡയറക്ടർ കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർക്ക് അയച്ച കെ.യു.എസ്.എ.ടി.സി.-ഡി.ഡി./ജനറൽ/2016 നമ്പർ കത്തിൽ കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടും വൈദ്യുതി/വെള്ളം കണക്ഷൻ ലഭിക്കാത്തതിനാൽ ഗസ്റ്റ് ഹൗസ് ഉപയോഗമില്ലാതെ തുടരുന്ന വിവരം അറിയിച്ചിട്ടുണ്ട്. ഇതിനും തുടർ നടപടികൾ ഉണ്ടായിട്ടില്ല. ലക്ഷങ്ങൾ ചെലവിട്ട് കെട്ടിടം പണി പൂർത്തീകരിച്ചിട്ടും ഗസ്റ്റ് ഹൗസ് നിലവിൽ നിഷ്ക്രിയ ആസ്തിയായി നിലനിൽകുന്നത് ഗൗരവകരമായവിഷയമായി കാണേണ്ടതും ഇത് സംബന്ധിച്ച് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

iii) RUSA ഫണ്ട്-ചെലവ് സംബന്ധിച്ച ബിൽ, പർചേസ് വിവരങ്ങൾ ഹാജരാക്കിയില്ല. 50,55,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കണ്ണൂർ സർവകലാശാലയുടെ ബയോടെക്നോളജി & മൈക്രോബയോളജി പഠനവിഭാഗത്തിന്റെ വകുപ്പ് തലവന്റെ പേരിലുള്ള എസ്. ബി. ഐ. അക്കൗണ്ട് നം.5706593252 ബാങ്ക് പാസ്ബുക്ക് പ്രകാരം 05/10/2018 നും. 12/10/2018 നും യഥാക്രമം 24,30,000/-, രൂപയും 26,25,000/-രൂപയും പിൻവലിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/2019 തീയ്യതി: 27/05/2019 ന് RUSA പർചേസിനു എൽ സി അക്കൗണ്ട് (നം. 38011099868) തുടങ്ങാനായി ബാങ്കിൽ നിക്ഷേപിച്ച തുകയാണിതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പർചേസ് സംബന്ധിച്ച ഫയലോ പർച്ചേസ് ചെയ്തവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളോ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 50,55,000/- തടസ്സപ്പെടുത്തുന്നു.

iv) പർചേസുകളിൽ GST ഉയർന്ന നിരക്ക് നൽകിയത് അധിക ചെലവ്

കേന്ദ്ര സർക്കാറിന്റെ 14-11-2017 ലെ 45/2017 Central Tax (Rate), 25-01-2018 ലെ 9/2018 Central Tax (Rate) എന്നീ നോട്ടിഫിക്കേഷനുകൾ പ്രകാരം കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള Department of Scientific & Industrial Research എന്ന സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത സർവ്വകലാശാലകൾ Scientific & Technical Instruments, apparatus, Equipments, Consumables, Computers, Computer Software മുതലായവ വാങ്ങുമ്പോൾ GST നിരക്ക് 5% ആയി കുറവ് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കണ്ണൂർ സർവകലാശാല വാങ്ങലുകൾ നടത്തുമ്പോൾ 5% GST മാത്രമേ നൽകേണ്ടതുള്ളൂ. എന്നാൽ 2018-19 ൽ നടത്തിയ പർചേസുകൾക്ക് 18% GST നൽകിവരുന്നതായി കാണുന്നു. ഈയിനത്തിൽ സർവകലാശാലയ്ക്ക് അധികചെലവ് വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. ക്രസന്റ് ലാബ് എക്യുപ്മെന്റിൽ നിന്നും 11/8/2018 ന് നടത്തിയ ലാബ് എക്വ്യുപ്മെന്റുകളുടെ 3,85,890/- രൂപയുടെ പർച്ചേസിൽ 18% GST നൽകിയിട്ടുണ്ട്.

2. 19/12/2018ന് ഇതേ സ്ഥാപനത്തിൽ നിന്നും നടത്തിയ 3,89,872/-രൂപയുടെ മൈക്രോ പ്ലേറ്റ് എലിസനീയർ വിത്ത് സോഫ്റ്റ്‌വെയർ പർചേസിനും 18 % GST നൽകിയിട്ടുണ്ട്.

അധിക നിരക്കിൽ GST നൽകിയത് തിരിച്ച് കിട്ടാനായി മേൽ സ്ഥാപനവുമായി കത്തിടപാടുകൾ നടത്തിയിരുന്നെങ്കിലും GST തുക സർക്കാരിലേക്ക് ഒടുക്കിയതിനാൽ തിരികെ നൽകാൻ നിർവ്വാഹമില്ല എന്ന മറുപടിയാണ് സ്ഥാപനം നൽകിയിട്ടുള്ളത്. ഈയിനത്തിൽ വകുപ്പിന് 2018-19

വർഷത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.
GST അധിക നിരക്കിൽ നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

ബി) ജോഗ്രഫി പഠനവകുപ്പ്

അക്കൗണ്ട് കീപ്പിംഗ് ചാർജ് ഇനത്തിൽ ബാങ്ക് ഈടാക്കിയ തുക തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വകുപ്പ് തലവന്റെ പേരിൽ S.B.I. പയ്യന്നൂർ ശാഖയിലെ അക്കൗണ്ട് നംപർ 57068501291 നിന്നും Excess cash deposit charge ഇനത്തിൽ താഴെകാണിച്ച വിധം തുക ബാങ്ക് പിൻവലിച്ചിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| തുക പിൻവലിച്ച തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 06/06/2018 | 472 | (8 x59) |
| 11/06/2018 | 177 | (3 x59) |
| 24/06/2018 | 885 | (15 x59) |
| ആകെ തുക | 1,534/- | |

സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് ചാർജ് ഇനത്തിൽ തുക ഈടാക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ തുക 1,534/- രൂപ തിരിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ഫിസിക്സ് പഠനവകുപ്പ്

ഉപയോഗിക്കാതെ തിരിച്ചടച്ച മുൻകൂർ തുകയ്ക്ക് പിഴപലിശ ഒടുക്കേണ്ടതാണ്.

Rusa fund ൽ നിന്നും ലാബ് എക്യുപ്മെന്റ്സ് പർചേസിനു വേണ്ടി U.O.No. PlD/C3/ 13099/RUSA/18-Vol.II dated 11/09/2018 പ്രകാരം ആകെ 9,43,451-രൂപ ഫിസിക്സ് പഠന വകുപ്പിന് അനുവദിക്കുകയും 15/09/2018 ന് തുക ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ 8,79,492.75 രൂപയുടെ ചെലവ് കഴിച്ച് ബാക്കി തുക 63,958.25/-രൂപ 02/03/2019 ന് ചലാൻ നമ്പർ KLO/ 2454029291819 പ്രകാരം സർവകലാശാലാ ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്.

Pld.c3/799/Rusa/purch/DP/18 നമ്പർ സർവകലാശാല ഓർഡർ പ്രകാരം തുക ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ജി.ഒ.(പി) നം.419/11/ഫിൻ. തീയ്യതി: 04-10-2011 പ്രകാരം മുൻകൂർ തുകകൾ മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതും ഉപയോഗിക്കാതെ തിരിച്ചടക്കുന്ന മുൻകൂർ തുകകൾക്ക് 18% പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ 15-09-2018 ന് ലഭിച്ച തുകയായ 9,43,451/- രൂപയിൽ 8,79,492/- രൂപയുടെ ചെലവ് കഴിഞ്ഞ് ബാക്കി 63,958/- രൂപ 02-03-2019 ന് മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്. തുക മൂന്ന് മാസത്തിനകം ക്രമീകരിക്കാത്തതു സംബന്ധിച്ചും ചെലവഴിക്കാതെ ബാക്കിയായ തുക തിരിച്ചടക്കുന്ന സമയത്ത് പിഴ പലിശ ഒടുക്കാത്തത് സംബന്ധിച്ചും വിശദീകരണം നൽകേണ്ടതാണ്.

ഡി) കെമിസ്ട്രി പഠനവകുപ്പ്

i)അക്കൗണ്ട് കീപ്പിംഗ് ചാർജ് ഇനത്തിൽ ബാങ്ക് ഈടാക്കിയ തുക തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഇ -ഗ്രാന്റ് വിതരണത്തിനായി വകുപ്പ് തലവന്റെ പേരിൽ S.B.I. പയ്യന്നൂർ ശാഖയിൽ 30849269248 കറന്റ് അക്കൗണ്ട് നിലവിലുണ്ട്. ഇതിൽ നിന്നും 12/03/2019 ന് 649/- രൂപ അക്കൗണ്ട് കീപ്പിംഗ് ചാർജ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. സർവകലാശാല ഉപയോഗത്തിനായി അനുമതി പ്രകാരം ആരംഭിച്ച അക്കൗണ്ടിൽ നിന്നും ഇത്തരത്തിൽ ചാർജ് ഈടാക്കുന്നത് ക്രമപ്രകാരമല്ല. മേൽതുക 649/-രൂപ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വകുപ്പ് തലവന്റെ പേരിൽ SBI പയ്യന്നൂർ ശാഖയിലെ അക്കൗണ്ട് നംപർ 57068480338നിന്നും Excess cash deposit charge ഇനത്തിൽ താഴെകാണിച്ച വിധം തുക ബാങ്ക് പിൻവലിച്ചിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 06-06-2018 | 295 | (5 x59) |
| 08-06-2018 | 236 | (4 x59) |
| 07-07-2018 | 59 | (1 x59) |
| 30-07-2018 | 767 | (13 x59) |
| ആകെ തുക | 1357 | |

സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് ചാർജ് ഇനത്തിൽ തുക ഈടാക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ 2006 രൂപ (649+1357) തിരിച്ച് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ii) ജി എസ്.ടി ഉയർന്ന നിരക്കിൽ നൽകിയത്-അധിക ചെലവ്

കേന്ദ്ര സർക്കാറിന്റെ 14-11-2017 ലെ 45/2017 സെൻട്രൽ ടാക്സ്, 25/1/2018 ലെ 9/2018 സെൻട്രൽ ടാക്സ് എന്നീ നോട്ടിഫിക്കേഷൻസ് പ്രകാരം, കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള department of scientific and Industrial Research എന്ന സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത സർവകലാശാലകൾക്കുള്ള പർചേസുകൾക്ക് 18% ജി.എസ്.ടി നിരക്കിനു പകരം 5% ജി.എസ്.ടി നിരക്കു മാത്രമേ ഈടാക്കാവുന്നതുള്ളൂ.

കണ്ണൂർ സർകലാശാലയ്ക്ക് DSIR സർട്ടിഫിക്കറ്റ് ലഭിച്ചതിനാൽ 5% ജി.എസ്.ടി നിരക്ക് മാത്രമാണ് പർചേസുകൾക്ക് നൽകാവുന്നത്. എന്നാൽ കെമിസ്ട്രി പഠനവിഭാഗത്തിൽ നടത്തിയ പർചേസുകളിൽ 18% ജി.എസ്.ടി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പരും തീയ്യതിയും | തുക | ജി. എസ്.ടി. 18% | ആകെ തുക | റിമാർക്സ് |
|---|---|---|---|---|
| Pld/c3/828/ Rusa/Pur/ 10/8/ 2018 | 9,52,350.10 | 1,71,423.02 | 11,23,773.12 | മൈക്രോവേവ് ഹൈഡ്രോളിക് സിന്തറ്റിക് ഓവൻ ലാബിലേയ്ക്ക് വാങ്ങിയത് |

ജി എസ്.ടി. അധിക നിരക്കിൽ ഒടുക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ജി.എസ്.ടി. അധിക നിരക്കിൽ ഒടുക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

7 - മാങ്ങാട്ടു പറമ്പ് കാമ്പസ്

എ) ഡിപ്പാർട്ട്മെന്റ് ഓഫ് ഐ.ടി.

i)സർവ്വകലാശാല ഫണ്ടിൽ ക്രെഡിറ്റായ ഇ-ഗ്രാന്റ്സ് വിദ്യാർത്ഥികൾക്ക് റീ ഇംബേഴ്സ് ചെയ്യുന്നില്ല.

ഐ.ടി. പഠനവകുപ്പിലെ ഇ-ഗ്രാന്റ്സ് ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലാണ് വരവ് വരുന്നത്. 2018-19 സാമ്പത്തിക വർഷം ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ വരവ് വന്ന തുക വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| കോഴ്സ്/വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിദ്യാർത്ഥികൾക്ക് റീഇംബേഴ്സ് ചെയ്യാനവ ശേഷിക്കുന്ന തുക |
|---|---|---|
| 2018 അഡ്മിഷൻ എം.സി.എ ഒന്നാം വർഷം | 17 | 2,40,380 (14,140 x17) |
| 2018 അഡ്മിഷൻ എം.സി.എ. (എൽ.ഇ) ഒന്നാം വർഷം | 18 | 2,54,520 (14,140 x18) |
| ആകെ | | 4,94,900 |

ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/01.07.2019), ഇ-ഗ്രാന്റ്സ് വെബ്സൈറ്റിലെ സാങ്കേതിക മാറ്റങ്ങൾ കാരണം അപ്രൂവൽ നടപടികൾ വൈകുകയും ഫണ്ട് ലഭിക്കുന്നതിന് കാലതാമസം വരികയും ചെയ്തിട്ടുണ്ടെന്നും തുക വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ലഭിക്കാനുള്ള തുക എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

ബി) പെഡഗോഗിക്കൽ സയൻസസ്,ധർമ്മശാല,മാങ്ങാട്ട്പറമ്പ്

i)വിവിധ പ്രൊജക്ടുകൾക്കായി സർവകലാശാല അനുവദിച്ച മുൻകൂറുകൾ മൊത്തമായി പിൻവലിച്ച് കാഷ് ബുക്കിൽ രേഖപ്പെടുത്താതെ ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല.

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന് സർവകലാശാല അനുവദിച്ച വിവിധ പ്രൊജക്ടുകളുടെ നിർവഹണത്തിനായി 2018-2019 സാമ്പത്തികവർഷത്തിൽ അനുവദിച്ച മുൻകൂറുകൾ വകുപ്പ് മേധാവിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും പിന്നീട് മുൻകൂർ തുക മുഴുവനായും പണമായി പിൻവലിക്കുകയും പിൻവലിച്ച തുക കാഷ് ബുക്കിൽ രേഖപ്പെടുത്താതെ കൈവശം വെച്ച് ചെലവഴിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ബാങ്ക് അക്കൗണ്ടിൽ നിന്നും പണമായി പിൻവലിക്കുന്ന എല്ലാ തുകകളും കാഷ് ബുക്കിൽ വരവ് ഭാഗത്ത് രേഖപ്പെടുത്തേണ്ടതും തുക

ചെലവഴിക്കുന്ന മുറക്ക് കാഷ് ബുക്കിൽ ചെലവ് വിവരം വൗച്ചർ നമ്പർ സഹിതം രേഖപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ചെക്ക് വഴി തുക പിൻവലിക്കുന്ന വിവരം മാത്രമാണ് കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | മുൻകൂറായി അനുവദിച്ച തുക | പിൻവലിച്ചതിന്റെ വിവരം |
|---|---|---|---|
| 1 | ജേർണലുകൾ വാങ്ങൽ | 25,000 | 805030/11-12-2018 |
| 2 | ദേശീയ സെമിനാർ | 1,12,500 | 805033/19-01-2019 |
| 3 | ഡിപ്പാർട്ട്മെന്റ് എക്സ്റ്റൻഷൻ ആക്ടിവിറ്റീസ് | 45,000 | 805039/19-02-2019 |
| 4 | ഷോർട്ട് ടേം റിസർച്ച് പ്രൊജക്ട് ഓൺ ലോക്കൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് | 22,500 | 19414/01-03-2019 |

വകുപ്പ് മേധാവിയുടെ അക്കൗണ്ടിലെ മുഴുവൻ ഇടപാടുകളും കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

ii) എം.എഡ്. കോഴ്സിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കോഴ്സിന് അനുവദിച്ച സീറ്റുകളുടെ എണ്ണത്തിലും വളരെ കുറവായിട്ടും പ്രവേശനപരീക്ഷ നടത്തുന്നു.

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ് കോഴ്സിന് സർവകലാശാല അനുവദിച്ച സീറ്റുകൾ 50 എണ്ണമാണ്. സാധാരണഗതിയിൽ അമ്പതിൽ കൂടുതൽ അപേക്ഷ വരുന്ന സാഹചര്യത്തിൽ മാത്രമാണ് ഒരു പ്രവേശനപരീക്ഷ ആവശ്യമായിവരുന്നത്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവേശനത്തിന് അപേക്ഷകരുടെ എണ്ണം വളരെ കുറവാണ്. എം.എഡ്. കോഴ്സിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കോഴ്സിന് അനുവദിച്ച സീറ്റുകളുടെ എണ്ണത്തിലും വളരെ കുറവായിട്ടും സർവകലാശാല പ്രവേശനപരീക്ഷ നടത്തുകയും ആയതിന് തുക ചെലവഴിക്കുകയും ചെയ്യുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാച്ച് | ലഭിച്ച അപേക്ഷകളുടെ എണ്ണം | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം. |
|---|---|---|
| 2016-2018 | 19 | 14 |
| 2017-2019 | 27 | 15 |
| 2018-2020 | 24 | 14 |

2017-2019 ബാച്ചിലെ 15 വിദ്യാർത്ഥികളിൽ 10 പേർ മാത്രമാണ് പ്രവേശനപരീക്ഷയിലൂടെ അഡ്മിഷൻ നേടിയത്. 5 വിദ്യാർത്ഥികൾ പിന്നീട് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടിയവരാണ്. കോഴ്സിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കോഴ്സിന് അനുവദിച്ച സീറ്റുകളുടെ എണ്ണത്തിലും കുറവായതിനാൽ പ്രവേശനപരീക്ഷ നടത്തുന്നതിന്റെ ആവശ്യകത സംബന്ധിച്ച് വകുപ്പ് മേധാവി സർവകലാശാലക്ക് കത്തയക്കുകയുണ്ടായി. എല്ലാ പഠനവകുപ്പുകളും നിർബന്ധമായും പ്രവേശനപരീക്ഷ നടത്തണമെന്ന് പ്രസ്തുത കത്തിന് മറുപടിയായി സർവകലാശാലയിൽ നിന്ന് നിർദ്ദേശം ലഭിച്ചതിനാലാണ് (Ref.No.Acad D1/6692/B.Ed/2017 തീയതി 01-07-2017)പ്രവേശനപരീക്ഷ നടത്തുന്നതെന്ന് വകുപ്പ് മേധാവി അറിയിക്കുകയുണ്ടായി.

പ്രവേശനപരീക്ഷ നടത്തിപ്പിനായി ഫണ്ട് ചെലവഴിക്കുന്നതിന് പുറമെ വലിയ മനുഷ്യാധ്വാനം കൂടി ആവശ്യമായി വരുന്നുണ്ട്. കോഴ്സിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കോഴ്സിന് അനുവദിച്ച സീറ്റുകളുടെ എണ്ണത്തിലും കുറവായ സാഹചര്യങ്ങളിൽ പ്രവേശനപരീക്ഷ നടത്തുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സർവകലാശാല പുനർവിചിന്തനം നടത്തേണ്ടതാണ്.

8 - പാലയാട് കാമ്പസ്,പാലയാട് ,തലശ്ശേരി

എ)ക്യാമ്പസ് ലൈബ്രറി

i) സ്റ്റോക്ക് പരിശോധന നടത്തുന്നില്ല.

ക്യാമ്പസ് ലൈബ്രറി യിൽ 2018-19 വർഷം ആക്സഷൻ റജിസ്റ്റർ പ്രകാരം ആകെ 40,764 എണ്ണം പുസ്തകങ്ങൾ ഉണ്ട്. ക്യാമ്പസ് ലൈബ്രറിയിലെ സ്റ്റോക്ക് പരിശോധന വർഷങ്ങളായി നടത്തിവരുന്നില്ല. എന്നാൽ 2018-19 വർഷം സ്റ്റോക്ക് പരിശോധന നടത്തി റിപ്പോർട്ട്, 15/10/2018 ലെ TCL/stock/2018 1 കത്ത് പ്രകാരം കണ്ണൂർ യൂണിവേഴ്സിറ്റി റജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വകുപ്പ് | ആകെ പുസ്തകങ്ങൾ | മിസ്സിംഗ് | ഡേമേജ് |
|---|---|---|---|
| മേനേജ് മെന്റ് | 7,634 | 90(15+75) | |
| ഇൻഫ.ടെക്നോളജി | 1,507 | 10 | |
| എകണോമിക്സ് | 3,221 | 38 | 1 |
| ലൈഫ് സയൻസ് | 1,510 | 28 | 1 |
| ഹെൽത്ത് സയൻസ് | 1,799 | 57 | |
| ഇംഗ്ലീഷ് | 16,251 | 1,402 (795+391+216) | 612 |
| ആൻന്ത്രോപോളജി | 3,430 | 509 | 19 |
| ക്യാമ്പസ് ലൈബ്രറി | 3,304 | 79 | |
| ആകെ | 38,656 | 2213 | 633 |

എന്നാൽ കാണാതായത്/ ഡേമേജ് സംബന്ധിച്ച് തുടർ നടപടികൾ ഉണ്ടായിട്ടില്ല.

ലൈബ്രറിയിലെ പുസ്തകങ്ങൾ എല്ലാ വർഷവും സ്റ്റോക്ക് പരിശോധന നടത്തി കൃത്യത സാക്ഷ്യപ്പെട്ടുത്തി വെക്കേണ്ടതാണ്. ജനറൽ ഫിനാൻഷ്യൽ റൂൾ 2017 ലെ റൂൾ-215 പ്രകാരം 20000-ൽ കുറവ് പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധന പ്രതിവർഷവും 20000-ൽ അധികം പുസ്തകങ്ങൾ ഉണ്ടെങ്കിൽ 3 വർഷത്തിലൊരിക്കൽ പൂർണ്ണ പരിശോധനയും 50,000/-ലധികം പുസ്തകങ്ങൾ ഉണ്ടെങ്കിൽ 3 വർഷത്തിലൊരിക്കൽ, സാംപിൾ പരിശോധന നടത്തി അപാകതകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ സംപൂർണപരിശോധനയും നടത്തേണ്ടതുമാണ്. ക്യാമ്പസ് ലൈബ്രറി, പാലയാട് നാൽപതിനായിരത്തിലധികം പുസ്തകങ്ങൾ സ്റ്റോക്കിലുള്ള സാഹചര്യത്തിൽ മൂന്നുവർഷത്തിലൊരിക്കൽ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തേണ്ടതും കൃത്യത സാക്ഷ്യപെടുത്തി വെക്കേണ്ടതുമാണ്. പുസ്തകങ്ങളുടെ മിസ്സിംഗ്/ ഡേമേജ് സംബന്ധിച്ച് യുക്തമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ഡിപ്പാർട്ട്മെന്റ് ഓഫ് ലൊ

i) സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

കാമ്പസിലെ പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് റഫറൻസിനുവേണ്ടി പുസ്തകങ്ങളും അലമാരയും

വാങ്ങുവാനായി ബുക്ക് ബാങ്ക് സ്കീം പ്രകാരം, പട്ടികജാതി വികസന വകുപ്പിൽ നിന്നും 49000/- രൂപ മുൻകൂറായി ലഭ്യമായിട്ടുണ്ട്. ആയതുപ്രകാരം 4,000/- രൂപ ചെലവഴിച്ച് വാങ്ങിയ അലമാര നാളിതുവരെയും സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തേണ്ടതാണ്.

സി) മാനേജ്മെന്റ് സ്റ്റഡീസ്

i) GST ഉയർന്ന നിരക്കിൽ നൽകിയത് - അധിക ചെലവ്

കേന്ദ്രസർക്കാറിന്റെ 14-11-2017 ലെ 45/2017 Central Tax(Rate), 25-01-2018 ലെ 9/2018 Central Tax(Rate) എന്നീ നോട്ടിഫിക്കേഷൻ പ്രകാരം കേന്ദ്രസർക്കാറിന്റെ കീഴിലുള്ള Department of Scientific & Industrial Research എന്ന സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത സർവ്വകലാശാലകൾ Scientific And technical Instruments, Computer Software മുതലായവ വാങ്ങുമ്പോൾ GST നിരക്ക് 5% ആയി കുറവ് ചെയ്തിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയ്ക്ക DSIR സർട്ടിഫിക്കറ്റ് ലഭിച്ചതിനാൽ 5% GST മാത്രമാണ് ഈടാക്കാവുന്നത്. എന്നാൽ മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തിൽ നടത്തിയ പർചേസുകളിൽ 18% GST നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) 18/9/2018 ൽ വരവ് വന്ന മുൻകൂർ തുകയായ 11,30,000 രൂപയിൽ 8,99,147/-രൂപ സോഫ്റ്റ്‌വെയർ പർചേസിനു വേണ്ടി ചെലവഴിച്ചിരുന്നു. ആയതിന്റെ ബില്ലിൽ നിന്നും 18% GST ഈടാക്കിയിട്ടുണ്ട്.

2) 18/09/2018 ന് വരവ് വന്ന മുൻകൂർ തുകയായ 17,04,000/-രൂപയുടെ വിവിധ പർചേസുകളിൽബില്ലിൽ നിന്നും 18% GST ഈടാക്കിയിട്ടുണ്ട്.

ജി.എസ്.ടി. അധിക നിരക്കിൽ ഒടുക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. GST അധിക നിരക്കിൽ ഒടുക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

9 - മാനന്തവാടി കാമ്പസ്,മാനന്തവാടി

എ)ഡിപ്പാർട്ട്മെന്റ് ഓഫ് സുവോളജി

i) ജി.എസ്.ടി. ഉയർന്ന നിരക്കിൽ നൽകിയത്-അധിക ചെലവ്

കേന്ദ്ര സർക്കാറിന്റെ 14-11-2017 ലെ 45/2017 സെൻട്രൽ ടാക്സ്, 25/01/2018 ലെ 9/2018 സെൻട്രൽ ടാക്സ് എന്നീ നോട്ടിഫിക്കേഷൻസ് പ്രകാരം, കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള Department of Scientific and Industrial Research എന്ന സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത സർവകലാശാലകൾക്കുള്ള പർചേസുകൾക്ക് 5% ജി.എസ്.ടി. നിരക്കു മാത്രമേ ഈടാക്കേണ്ടതുള്ളൂ.

കണ്ണൂർ സർകലാശാലയ്ക്ക് DSIR സർട്ടിഫിക്കറ്റ് ലഭിച്ചതിനാൽ 5% ജി.എസ്.ടി. നിരക്ക് മാത്രമാണ് ബാധകമാവുന്നത്. എന്നാൽ സുവോളജി പഠനവിഭാഗത്തിൽ നടത്തിയ പർചേസുകളിൽ 18%, 28% എന്നീ നിരക്കുകളിൽ ജി.എസ്.ടി. നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ചെക്ക് നമ്പരും തീയ്യതിയും | തുക (ജി.എസ്.ടി. ഉൾപ്പെടെ) | ജി.എസ്.ടി. % | ഐറ്റം പർച്ചേസ്ഡ് |
|---|---|---|---|
| 200216/01.11.2018 | 4,97,400 | 18 | Microtome |
| 200216/01.11.2018 | 58,410 | 18 | Non refrigenerator centrifuge |

| | | | |
|---|---|---|---|
| 200217/01.11.2018 | 64,782 | 18 | Photo micrography unit |
| 200222/03.12.2018 | 53,990 | 28 | Camcorder |
| 200237/28.02.2019 | 50,500 | 28 | Wall mount LCD Projector |

ജി.എസ്.ടി. അധിക നിരക്കിൽ ഒടുക്കിയത് തിരികെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ടീച്ചർ എഡ്യുക്കേഷൻ സെന്റർ, മാനന്തവാടി

i)അധിക നിക്ഷേപങ്ങൾക്കും മൾട്ടി സിറ്റി ചെക്കിടപാടുകൾക്കും ബാങ്ക് ചാർജ് ഈടാക്കുന്നു.

വകുപ്പ് തലവന്റെ പേരിൽ ഭാരതീയ സ്റ്റേറ്റ് ബാങ്ക് മാനന്തവാടി ടൗൺ ശാഖയിലെ 67219815216 നമ്പർ അക്കൗണ്ടിൽ നിന്നും Excess cash deposit ഇനത്തിലും Multy City Cheque Issued ഇനത്തിലും താഴെകാണിച്ച വിധം ബാങ്ക് ചാർജ് ഈടാക്കിയിട്ടുണ്ട്.

| ചാർജ് ഈടാക്കിയ തീയതി | തുക | | കുറിപ്പ് |
|---|---|---|---|
| | Excess cash deposit ഇനം | Multy City Cheque issued ഇനം | |
| 07.04.2018 | 118 | | 2x59 |
| 07.05.2018 | 177 | | 3x59 |
| 16.05.2018 | | 619.5 | |
| 07.06.2018 | 59 | | 1x59 |
| 07.07.2018 | 59 | | 1x59 |
| 07.08.2018 | 118 | | 2x59 |
| 07.09.2018 | 177 | | 3x59 |
| 07.11.2018 | 236 | | 4x59 |
| 07.12.2018 | 177 | | 3x59 |
| 07.01.2019 | 236 | | 4x59 |
| 07.02.2019 | 59 | | 1x59 |
| 07.03.2019 | 59 | | 1x59 |
| ആകെ | 1,475 | 619.5 | |

സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് ചാർജ് ഇനത്തിൽ തുക ഈടാക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ 2,094.5 (1,475+619.5) രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ധനസ്ഥിതി

| | | | |
|---|---|---|---|
| മുൻ ബാക്കി | | | 108,06,04,077 |
| വരവ് | | | |
| പദ്ധതിയിതര വരവ് | തനത് വരുമാനം | 46,12,06,922 | 80,06,34,922 |
| | പദ്ധതിയിതര ധനസഹായം | 33,94,28,000 | |
| പദ്ധതി ധനസഹായം | | | 23,01,13,006 |
| ഇയർ മാർക്ക്ഡ് ഫണ്ടുകൾ | | | 1,67,11,633 |
| ഋണശീർഷകം | | | 16,28,65,118 |
| ആകെ വരവ് | | | 121,03,24,679 |
| മുൻ ബാക്കി ഉൾപ്പെടെ ആകെ വരവ് | | | 229,09,28,756 |
| ചെലവ് | | | |
| പദ്ധതിയിതരം | | | 66,19,20,414 |
| പദ്ധതി ധനസഹായം | | | 26,83,20,164 |
| ഇയർ മാർക്ക്ഡ് ഫണ്ടുകൾ | | | 1,40,69,126 |
| ഋണശീർഷകം | | | 15,54,13,222 |
| ആകെ ചെലവ് | | | 109,97,22,926 |
| നീക്കിയിരിപ്പ് | | | 119,12,05,830 |

31.03.2019 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

| ക്രമ നം | ബാങ്ക്/ ട്രഷറി | അക്കൗണ്ട് നം. | 31.03.2019 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | ട്രഷറി പി.ഡി അക്കൗണ്ട്, ജില്ലാ ട്രഷറി, കണ്ണൂർ | 799011700000417 | 12,14,92,083 |
| 2 | ജില്ലാ ട്രഷറി, കണ്ണൂർ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് (നോൺ പ്ലാൻ ഗ്രാന്റ്) | 719011400000099 | 5,68,20,738 |
| 3 | ട്രഷറി എസ്.ബി അക്കൗണ്ട്, ജില്ലാ ട്രഷറി, കണ്ണൂർ(പ്ലാൻ ഗ്രാന്റ്) | 799012700000296 | -3,25,00,727 |
| 4 | എസ്.ബി.ഐ, കറണ്ട് അക്കൗണ്ട് (സൗത്ത് ബസാർ ബ്രാഞ്ച്) തനത് ഫണ്ട് | 57015176715 | 7,01,92,374 |
| 5 | എസ്.ബി.ഐ എസ്.ബി അക്കൗണ്ട് (സൗത്ത് ബസാർ ബ്രാഞ്ച്, കണ്ണൂർ) എൻ.എസ്.എസ് | 67041446201 | 26,26,118 |
| 6 | എസ്.ബി.ഐ, കറണ്ട് അക്കൗണ്ട് (എസ്.എം.ഇ ബ്രാഞ്ച്, കണ്ണൂർ) | 30861966719 | 3,97,10,116 |
| 7 | എസ്.ബി.ഐ എസ്.ബി അക്കൗണ്ട് (സൗത്ത് ബസാർ ബ്രാഞ്ച്, കണ്ണൂർ) റൂസ ഫണ്ട് | 36947642356 | 59,70,492 |

| | | | |
|---|---|---|---|
| 8 | ട്രഷറി എസ്.ബി അക്കൗണ്ട്, ജില്ലാ ട്രഷറി, കണ്ണൂർ(പെൻഷൻഫണ്ട് പലിശ) | 799010100143597 | 2,05,85,540 |
| 9 | സ്ഥിരനിക്ഷേപം, ജില്ലാ ട്രഷറി, കണ്ണൂർ (കോർപ്പസ് ഫണ്ട്) | | 20,00,00,000 |
| 10 | സ്ഥിരനിക്ഷേപം, ജില്ലാ ട്രഷറി, കണ്ണൂർ (പെൻഷൻ ഫണ്ട്) | | 57,00,00,000 |
| 11 | എസ്.ബി.ഐ സൗത്ത് ബസാർ ബ്രാഞ്ച്, കണ്ണൂർ. സ്ഥിരനിക്ഷേപം | | 3,63,09,096 |
| 12 | എസ്.ബി.ഐ (എസ്.എം.ഇ ബ്രാഞ്ച്, കണ്ണൂർ), സ്ഥിരനിക്ഷേപം | | 10,00,00,000 |
| | ആകെ | | 119,12,05,830 |

## 4-2 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരാഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 78,13,09,096 |
| തൻവർഷം നിക്ഷേപിച്ച തുക | 12,50,00,000 |
| ആകെ | 90,63,09,096 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 90,63,09,096 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ സംക്ഷിപ്ത വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ട്/ഇനം | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ എണ്ണം | സ്ഥിര നിക്ഷേപത്തിന്റെ മൂല്യം |
|---|---|---|---|
| 1 | പെൻഷൻ ഫണ്ട് | 30 | 57,00,00,000 |
| 2 | കോർപ്പസ് ഫണ്ട് (ജില്ലാ ട്രഷറി, കണ്ണൂർ) | 9 | 20,00,00,000 |
| 3 | നോൺ കോർപ്പസ് ഫണ്ട് (എസ്.എം.ഇ ബ്രാഞ്ച്, കണ്ണൂർ) | 5 | 10,00,00,000 |
| 4 | നോൺ കോർപ്പസ് ഫണ്ട് (സൗത്ത് ബസാർ ബ്രാഞ്ച്) | 6 | 3,50,00,000 |
| ആകെ | | | 90,50,00,000 |

2017-18 വർഷം എസ്.ബി.ഐ സൗത്ത് ബസാർ ബ്രാഞ്ചിലുണ്ടായിരുന്ന 53,27,274/- രൂപയുടെ 4 നിക്ഷേപങ്ങൾ തൻവർഷം 50 ലക്ഷം രൂപയുടെ 4 നിക്ഷേപങ്ങളായി പുതുക്കി നിക്ഷേപിച്ചു. എന്നാൽ 2018-19 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഈ നിക്ഷേപങ്ങൾ അതേപോലെ 53,27,274/- രൂപയുടെ 4 നിക്ഷേപങ്ങളായി തന്നെയാണ് കാണിച്ചിട്ടുള്ളത്. ആയതിനാൽ യഥാർത്ഥത്തിലുള്ള നിക്ഷേപ തുകയേക്കാൾ 13,09,096/- രൂപ വാർഷിക കണക്കിൽ അധികമാണ്. ഈ തുക എസ്.ബി.ഐ സൗത്ത് ബസാർ ബ്രാഞ്ചിലെ അക്കൗണ്ടിൽ (57015176715) 30.12.2019 ന് ക്രഡിറ്റ്

ചെയ്തിട്ടുണ്ട്.

<u>ബേങ്കുകളിലെ സ്ഥിര നിക്ഷേപങ്ങളുടെ പലിശ വരവ് പരിശോധിക്കാൻ കഴിയുന്നില്ല.</u>

ബേങ്കുകളിലെ സ്ഥിര നിക്ഷേപങ്ങളുടെ പലിശ സർവകലാശാലയുടെ വിവിധ ആവശ്യങ്ങൾക്കുള്ള കറന്റ് അക്കൗണ്ടുകളിലാണ് (A/c No.57015176715, 30861966719) വരവ് വരുന്നത്. ഒരു ദിവസം തന്നെ നിരവധി ഇടപാടുകൾ നടക്കുന്ന പ്രധാന ബാങ്ക് അക്കൗണ്ടായ കറന്റ് അക്കൗണ്ടിലുള്ള പലിശ വരവിന്റെ കൃത്യത ഇടപാടുകളുടെ ബാഹുല്യം കാരണം പരിശോധിക്കാൻ സാധിക്കുന്നില്ല. സർവകലാശാല അധികൃതരും ബാങ്ക് നിക്ഷേപങ്ങളുടെ പലിശ വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സർവകലാശാലക്ക് ലഭിക്കേണ്ട ബാങ്ക് നിക്ഷപങ്ങളുടെ പലിശ യഥാവിധി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് പലിശ വരവ് കറന്റ് അക്കൗണ്ടിന് പകരം മറ്റ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നത് പരിഗണിക്കേണ്ടതാണ്. കൂടാതെ പലിശ വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തി ആയത് സ്ഥിരനിക്ഷേപ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും നിർദ്ദേശിക്കുന്നു.

സ്ഥിര നിക്ഷേപത്തിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്.

## 4-3 ഓഡിറ്റ് റിക്കവറി

2018-19 വർഷത്തിലെ വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ ആകെ 1,70,748/ രൂപ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർവ്വകലാശാല സൂക്ഷിക്കുന്ന ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ഇത് സംബന്ധിച്ച് വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭ്യമായ 1,70,748/ രൂപ യുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-4 ഓഡിറ്റ് ചാർജ്

| | |
|---|---|
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് | 121,03,24,679 |
| <u>കുറക്കുക</u> | |
| പ്ലാൻ ഗ്രാന്റ് | (-)23,01,13,006 |
| നോൺ പ്ലാൻ ഗ്രാന്റ് | (-)33,94,28,000 |
| ഇയർ മാർക്ക്ഡ് സ്പെഷൽ ഫണ്ട് | (-)1,67,11,633 |
| ഡെബ്റ്റ്സ്/ഡെപ്പോസിറ്റ്/അഡ്വാൻസ് | (-)16,28,65,118 |
| റിക്കവറീസ് (107-001) | (-)12,23,849 |
| ലീവ് സാലറി/പെൻഷൻ കോൺട്രിബ്യൂഷൻ (107-003) | (-)1,48,486 |
| ഓഡിറ്റ് റിക്കവറി(107-006) | (-)1,70,748 |
| ആകെ കുറക്കുക | (-)75,06,60,840 |

| | |
|---|---|
| ഓഡിറ്റ് ചാർജ് കണക്കാക്കാൻ പരിഗണിക്കുന്ന ആകെ തുക | 45,96,63,839 |
| 2018-19വർഷത്തെ ഓഡിറ്റ് ചാർജ് @1% | 45,96,638 |
| 31.03.2018ൽ ഒടുക്കാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | 19,73,762 |
| ആകെ | 65,70,400 |
| 2018-19 വർഷത്തിൽ ഒടുക്കിയത് | ഇല്ല |
| 31.03.2019 ൽ ഒടുക്കാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | 65,70,400 |
| 2019-20 വർഷത്തിൽ ഒടുക്കിയ (31.03.2018 ൽ കുടിശ്ശികയായിരുന്നത്) ഓഡിറ്റ് ചാർജ് | 19,73,762 |
| *നിലവിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | 45,96,638 |

* 31.03.2018ൽ ഒടുക്കാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജായ 19,73,762/- രൂപ 04.07.2019 ലെ ചലാൻ നം KL 004262355201920m പ്രകാരം സർക്കാരിലേക്ക് ഒടുക്കിയതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.ആയതിനാൽ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന തീയതിയിൽ 45,96,638/- രൂപ മാത്രമേ ഓഡിറ്റ് ചാർജിനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ളൂ.

ഓഡിറ്റ് ചാർജിനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള തുക "0070-60-110-83 ഓഡിറ്റ് ചാർജസ്"എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കി ഒറിജിനൽ ചെലാൻ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

## 4-5 ഓഡിറ്റ് പ്രത്യവലോകനം

(എ) – സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 121,03,24,679 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109,97,22,926 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,40,603 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25,44,577 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,79,76,532 |
| കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം | --ഇല്ല-- |
| സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം | --ഇല്ല-- |
| മറ്റ് സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം | --ഇല്ല-- |

(ബി) സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടം, ഒടുക്കാൻ അവശേഷിക്കുന്ന തുക, നിരാകരിച്ച/തടസപ്പെടുത്തിയ തുക എന്നിവയുടെ വിവരം

| ഖണ്ഡിക നമ്പർ | സർവകലാശാല ഫണ്ടിൽ ഒടുക്കാനവ ശേഷിക്കുന്ന തുക | സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|
| 2-7(5)(സി)(i) | | 17465 | | |
| 2-7(6)സി)(iii) | | 5840 | | |
| 2-7(6)(ഡി)(v) | | 6600 | | |
| 2-7(7)(ബി)(i) | | 37230 | | |
| 2-7(7)ബി)(ii) | | 1,24,875 | | |
| 2-7(8)(ബി)(i) | | 31505 | | |
| 3-1 ബി | | | 20,38,096 | |
| 3-2 | | | | 6,84,255 |
| 3-3 | | | | 3,05,517 |
| 3-7 | | | 22,486 | |
| 3-9 | | | 3,32,455 | |
| 3-11 | | | | 4,91,693 |
| 3-13 | | | 1,03,250 | 1,53,223 |
| 3-14 | | | | 19,50,000 |
| 3-15 | | | | 9,44,690 |
| 3-15 സി | | 17,088 | | |
